ENTRI

1 Crore User Downloads

LDC PREVIOUS YEAR QUESTIONS

HISTORY

1 . ടെന്നീസ് കോർട്ട് പ്രതിജ്ഞ ഏതു വിപ്ലവവുമായി ബന്ധപ്പെട്ടതാണ് ?

A) റഷ്യൻ വിപ്ലവം
B) ഫ്രഞ്ച് വിപ്ലവം
C) ചൈനീസ് വിപ്ലവം
D) ലാറ്റിനമേരിക്കൻ വിപ്ലവം

Answer - B

Solution

- ഫ്രഞ്ച് വിപ്ലവത്തിന് നാന്ദി കുറിച്ചു കൊണ്ട് 1789 ജൂൺ 20-ന് നടന്ന സംഭവം - ടെന്നീസ് കോർട്ട് പ്രതിജ്ഞ
- ഫ്രഞ്ച്വിപ്ലവകാലത്ത് ഫ്രാൻസിലെ ചക്രവർത്തി - ലൂയി പതിനാറാമൻ
- ഫ്രഞ്ചുവിപ്ലവം ലോകത്തിനു നൽകിയ ഏറ്റവും പ്രധാന സംഭാവനയായ മൂന്ന് ആശയങ്ങൾ - സ്വാതന്ത്ര്യം, സമത്വം, സാഹോദര്യം
- ഫ്രഞ്ച്വിപ്ലവത്തിന്റെ പ്രവാചകൻ - റൂസ്സോ

2 . ഗാന്ധിജി ആദ്യമായി കേരളം സന്ദർശിച്ചത് എന്ന് ?

A)1924 B) 1917 C) 1920 D) 1918

Answer - C

Solution

- സ്വാതന്ത്ര്യസമരപോരാട്ട കാലത്ത് അഞ്ചു തവണ കേരളത്തിലെത്തിയ ഗാന്ധിജി, സംസ്ഥാനത്തുടനീളം സഞ്ചരിച്ചിട്ടുണ്ട്.
- 1920 ഓഗസ്റ്റ് 18 ഖിലാഫത്ത്, നിസ്സഹകരണ പ്രസ്ഥാനങ്ങളുടെ പ്രചാരണാർഥമാണ് ഖിലാഫത്ത് നേതാവ് ഷൗക്കത്തലിയോടൊപ്പം ഗാന്ധിജി ആദ്യമായി കേരളത്തിൽ എത്തുന്നത്.
- 1925 മാർച്ച് 8–19 (12 ദിവസം) വൈക്കം

സത്യാഗ്രഹത്തോടനുബന്ധിച്ചായിരുന്നു ഗാന്ധിജിയുടെ രണ്ടാമത് കേരള സന്ദർശനം.

3. ലക്ഷദ്വീപിന്റെ ആസ്ഥാനം ?

A)മിനിക്കോയ് B)സിൽവാസ C)കവരത്തി D)നിക്കോബാർ

Answer - C

Solution

ലക്ഷദ്വീപ്

- ഇന്ത്യയിലെ കേന്ദ്രഭരണ പ്രദേശമായ ലക്ഷദ്വീപിലെ ഒരു ദ്വീപും നഗരവും ആണ് കവരത്തി.
- 32 ചതുരശ്ര കിലോമീറ്റർ മാത്രം വിസ്തൃതിയുള്ള ഈ പ്രദേശം ഇന്ത്യയിലെ കേന്ദ്രഭരണ പ്രദേശങ്ങളിൽ ഏറ്റവും ചെറുതാണ്.
- 1956-ൽ രൂപംകൊണ്ടു 1973-ൽ ലക്ഷദ്വീപെന്ന് നാമകരണം ചെയ്തു.

- പതിനൊന്നു ദ്വീപുകളിലാണ് പ്രധാനമായും ജനവാസമുള്ളത്.
- ഇന്ത്യയുടെ തെക്കു പടിഞ്ഞാറ് ഭാഗത്ത്, കേരളത്തിന് പടിഞ്ഞാറ്, മാലദ്വീപുകൾക്ക് വടക്കായി അറബിക്കടലിലാണ് ഈ ദ്വീപു സമൂഹങ്ങളുടെ സ്ഥാനം.
- കടപ്ലാവ് ആണ് ഔദ്യോഗിക മരം.
- 9 ഡിഗ്രി ചാനൽ മിനിക്കോയി ദ്വീപിനെ മറ്റു ദ്വീപുകളിൽ നിന്നും വേർതിരിക്കുന്നു.

4. ചേരിചേരാ പ്രസ്ഥാനം രൂപവൽക്കരിക്കാൻ തീരുമാനിച്ച സമ്മേളനം?

A)ബെൽഗ്രേഡ് സമ്മേളനം
B)ബന്ദുങ്ങ് സമ്മേളനം
C)വെനെസ്വേല സമ്മേളനം
D)ലാഹോർ സമ്മേളനം

Answer - B

Solution

ഇന്ത്യൻ പ്രധാനമന്ത്രിയായിരുന്ന ജവഹർലാൽ നെഹ്രു, യൂഗോസ്ലാവ്യൻ പ്രസിഡന്റ് മാർഷൽ ടിറ്റോ, ഈജിപ്ഷ്യൻ പ്രസിഡന്റ് ഗമാൽ അബ്ദുന്നാസർ എന്നീ ത്രിമൂർത്തികളുടെ ശ്രമഫലമായാണ് ചേരിചേരാ പ്രസ്ഥാനം രൂപം കൊണ്ടത്.

- 1955 ഏപ്രിൽ മാസത്തിൽ ഇന്തോനേഷ്യയിലെ ബന്ദുങ്ങിൽ ചേർന്ന ആഫ്രോ-ഏഷ്യൻ സമ്മേളനത്തിൽ വച്ചാണ് ചേരിചേരാ പ്രസ്ഥാന രൂപവത്കരണത്തെപ്പറ്റിയുള്ള ചർച്ചകൾ ശക്തിപ്രാപിച്ചത്. ശീതയുദ്ധകാലത്തെ പാശ്ചാത്യ-പൗരസ്ത്യ തർക്കങ്ങളിൽ മധ്യസ്ഥരാകുവാൻ ഇത്തരമൊരു പ്രസ്ഥാനത്തിനു കഴിയുമെന്ന് പല നേതാക്കളും വിശ്വസിച്ചു.
- നെഹ്രു, ടിറ്റോ, നാസർ, സുകർണോ, ക്വാമേ എൻക്രുമ എന്നിവരാണ് ചേരിചേരാ നയം ഒരു രാഷ്ട്രാന്തര പ്രസ്ഥാനമായി രൂപവത്കരിക്കുന്നതിനു മുൻകയ്യെടുത്തത്.

5. 1896 -ൽ ഈഴവ മെമ്മോറിയലിനു നേതൃത്വം നൽകിയത് ?

A)ശ്രീനാരായണഗുരു
B)ഡോ. പൽപ്പു
C)കുമാരനാശാൻ
D)ജി.പി. പിള്ള

Answer - B

Solution

- തങ്ങൾക്ക് നേരെയുള്ള അവഗണന അവസാനിപ്പിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് 13,176 ഈഴവർ ഒപ്പിട്ട ഹർജിയാണ് ഈഴവ മെമ്മോറിയൽ.
- 1896 സെപ്റ്റംബർ 3ന് അന്നത്തെ തിരുവിതാംകൂർ മഹാരാജാവ് ശ്രീമൂലം തിരുനാളിനാണ് ഈ ഭീമൻ ഹർജി സമർപ്പിച്ചത്.
- ധർമ്മ പരിപാലന യോഗത്തിന്റെ (SNDP-1903 മെയ് 15) ആദ്യ ഉപാധ്യക്ഷനായ

ഡോ. പൽപ്പുവിന്റെ നേതൃത്വത്തിലാണ് ഈ മഹാനിവേദനം സമർപ്പിച്ചത്.
•ഈഴവ മെമ്മോറിയലിനെ ഈഴവ മെമ്മോറിയൽ ഹർജി എന്നും റിയപ്പെടുന്നുണ്ട്.

6. ഇന്ത്യൻ നെപ്പോളിയൻ എന്നറിയപ്പെടുന്നത് ആര് ?

A)ചന്ദ്രഗുപ്തൻ
B)സമുദ്രഗുപ്തൻ
C)സ്കന്ദഗുപ്തൻ
D)ഉപഗുപ്തൻ

Answer - B

Solution

•ഗുപ്തസാമ്രാജ്യത്തിലെ ഭരണാധികാരിയും ചന്ദ്രഗുപ്തൻ ഒന്നാമന്റെ പിൻഗാമിയുമാണ് സമുദ്രഗുപ്തൻ.
•ഇന്ത്യൻ ചരിത്രത്തിലെ ഏറ്റവും പ്രഗല്ഭരായ സൈനിക തന്ത്രജ്ഞരിൽ ഒരാളായി കരുതപ്പെടുന്നു.
•'ഇന്ത്യയുടെ നെപ്പോളിയൻ' എന്ന് സമുദ്രഗുപ്തൻ അറിയപ്പെടുന്നു. തന്റെ സൈനിക വിജയങ്ങൾ കാരണമാണ് സമുദ്രഗുപ്തന് ഈ പദവി ലഭിച്ചത്.
•ഒരു പതിറ്റാണ്ടു കാലം (1804- 1814) ഫ്രഞ്ച് ചക്രവർത്തിയും സൈനികമേധാവിയുമായിരുന്ന വ്യക്തിയാണ് നെപ്പോളിയൻ ബോണപ്പാർട്ട്.

7. കേരളത്തിൻറെ "മാഗ്നാകാർട്ട" എന്നറിയപ്പെടുന്ന സംഭവം :

A)മിശ്രഭോജനം
B)ചാന്നാർ ലഹള
C)വൈക്കം സത്യാഗ്രഹം
D)ക്ഷേത്രപ്രവേശന വിളംബരം

Answer - D

Solution

•ശ്രീ ചിത്തിര തിരുനാൾ മഹാരാജാവ് ക്ഷേത്ര പ്രവേശന വിളംബരം പുറപ്പെടുവിച്ചത് - 1936 നവംബർ 12.
•ക്ഷേത്രപ്രവേശന വിളംബരം പുറപ്പെടുവിക്കാൻ ശ്രീ ചിത്തിര തിരുനാളിനെ പ്രേരിപ്പിച്ച വ്യക്തി - സർ സി.പി.രാമസ്വാമി അയ്യർ.
•ക്ഷേത്രപ്രവേശന വിളംബരം എഴുതിത്തയ്യാറാക്കിയത് - ഉള്ളൂർ എസ് പരമേശ്വരയ്യർ
•കേരളത്തിന്റെ മാഗ്നാകാർട്ട' എന്നറിയപ്പെടുന്നത് - ക്ഷേത്രപ്രവേശന വിളംബരം
•'ആധുനിക കാലത്തെ മഹാത്ഭുതം', 'ജനങ്ങളുടെ അദ്ധ്യാത്മ വിമോചനത്തിന്റെ ആധികാരികരേഖയായ സ്മൃതി' എന്നിങ്ങനെ വിളംബരത്തെ വിശേഷിപ്പിച്ചത് - ഗാന്ധിജി
•ഗാന്ധിജി തന്റെ അവസാന കേരളം സന്ദർശനത്തെ "ഒരു തീർത്ഥാടനം" എന്ന് വിശേഷിപ്പിക്കാൻ കാരണം - ക്ഷേത്രപ്രവേശന വിളംബരം.
•1936-ൽ തിരുവിതാംകൂറിൽ പുറപ്പെടുവിച്ച ക്ഷേത്രപ്രവേശന വിളംബരത്തെ ആധുനികകാലത്തെ ഏറ്റവും അഹിംസാത്മകവും രക്തരഹിതവുമായ

വിപ്ലവം എന്ന് വിശേഷിപ്പിച്ചത് - സി. രാജഗോപാലാചാരി.
- ഈ വിളംബരത്തെ തിരുവിതാംകൂറിന്റെ 'സ്പിരിച്വൽ മാഗ്നാകാർട്ട' എന്ന് വിശേഷിപ്പിച്ചത് - ടി.കെ.വേലുപ്പിള്ള
- മലബാറിൽ ക്ഷേത്രപ്രവേശന വിളംബരം നടന്നത് - 1947 ജൂൺ 2.
- കൊച്ചിയിൽ ക്ഷേത്രപ്രവേശന വിളംബരം നടന്നത് - 1947 ഡിസംബർ 20

8. കേരളത്തിലെ ആദ്യത്തെ പത്രം ?

A)ദേശാഭിമാനി
B)സ്വദേശിമിത്രം
C)രാജ്യസമാചാരം
D)യങ് ഇന്ത്യ

Answer - C

Solution

- ഡോ.ഹെർമൻ ഗുണ്ടർട്ട് 1847-ൽ ആരംഭിച്ച മലയാള പ്രസിദ്ധീകരണമാണ് രാജ്യ സമാചാരം. ഇത് മലയാളത്തിൽ പ്രസിദ്ധീകരിച്ച ആദ്യത്തെ ആനുകാലികവും പത്രവുമായി വിലയിരുത്തപ്പെടുന്നു.
- തലശ്ശേരിക്കടുത്ത് ഇല്ലിക്കുന്നിൽ നിന്നാണ് ഇത് പ്രസിദ്ധീകരണം ആരംഭിച്ചത്.
- കേരളത്തിലെ രണ്ടാമത്തെ വർത്തമാനപത്രം - പശ്ചിമോദയം
- മലയാള ഭാഷയിൽ അച്ചടിച്ച ആദ്യ മാഗസിൻ - ജ്ഞാനനിക്ഷേപം
- കേരളത്തിലെ ആദ്യ ഇംഗ്ലീഷ് പത്രം- വെസ്റ്റേൺ സ്റ്റാർ.

9. ലോക വനിതാ ദിനം ?

A)മാർച്ച് 7
B)മാർച്ച് 8
C)ജൂലായ് 7
D)ജൂലായ് 8

Answer - B

Solution

- സ്ത്രീ ശാക്തീകരണത്തിന്റെ ഭാഗമായ ഒരു മികച്ച നാഴികക്കല്ലാണ് അന്താരാഷ്ട്ര വനിതാദിനാചരണം. ആരോഗ്യം, വിദ്യാഭ്യാസം, സാമ്പത്തികം, രാഷ്ട്രീയം, തൊഴിൽ, കുടുംബം തുടങ്ങിയ മേഖലകളിൽ സ്ത്രീ നേടിയ മുന്നേറ്റത്തിന്റെ ഓർമ്മപ്പെടുത്തൽ കൂടിയാണ് ഈ ദിവസം.
- ദേശത്തിന്റെ അതിരുകൾക്കപ്പുറത്ത്, ലോകമെമ്പാടുമുള്ള വനിതകൾക്കായി ഒരു ദിനം എന്ന ചിന്തയിൽ നിന്നാണ് വനിതാ ദിനാചരണം ഉരുത്തിരിഞ്ഞത്.
- അന്താരാഷ്ട്ര വനിതാദിനം (International women's day) എല്ലാ വർഷവും മാർച്ച് 8 ആം തീയതി ആചരിക്കുന്നു

10. കുളച്ചൽ യുദ്ധത്തിൽ മാർത്താണ്ഡവർമ്മയുമായി ഏറ്റുമുട്ടിയ വിദേശ ശക്തി ?

A)ഡച്ചുകാർ
B)ഇംഗ്ലീഷുകാർ
C)പോർച്ചുഗീസുകാർ
D)ഫ്രഞ്ചുകാർ

Answer - A

Solution

- 1741 ഓഗസ്റ്റ് 10 ന് ഡച്ചു സൈന്യവും മാർത്താണ്ഡവർമ്മയുടെ സൈന്യവും തമ്മിൽ കുളച്ചലിൽ വെച്ച് ഏറ്റുമുട്ടി.
- ഡച്ചു സൈന്യം നിശ്ശേഷം പരാജയപ്പെട്ടു.
- ക്യാപ്റ്റൻ ഡിലനോയ് ഉൾപ്പെടെ ധാരാളം ഡച്ചുകാർ തടവുകാരായി പിടിക്കപ്പെട്ടു. അദ്ദേഹം പിന്നീട് മാർത്താണ്ഡവർമ്മയുടെ സൈന്യത്തിലെ 'വലിയ കപ്പിത്താനായി' ത്തീർന്നു.
- കുളച്ചൽ യുദ്ധം ഡച്ചു ശക്തിക്ക് മാരകമായ പ്രഹരമേൽപ്പിച്ചു. അവരുടെ കുതിപ്പിനു അത് തടയിട്ടു. ഒരു വിദേശശക്തിക്ക് ഏഷ്യയുടെ മണ്ണിൽ ഒരു പ്രാദേശിക ഭരണാധികാരിയോട് തോറ്റു പിൻവാങ്ങേണ്ടി വന്ന ആദ്യ യുദ്ധമായിരുന്നു ഇത്.
- തിരുവിതാംകൂറിന്റെ സർവ്വസൈന്യാധിപനായിരുന്ന വിദേശി - ഡിലനോയ്.
- ഡിലനോയുടെ ശവകുടീരം സ്ഥിതിചെയ്യുന്നത് - തമിഴ്നാട്ടിലെ തക്കലയ്ക്കടുത്ത് ഉദയഗിരി കോട്ടയിൽ.

11. ഫ്രഞ്ച് വിപ്ലവം നടന്ന വർഷം ?

A)1789
B)1917
C)1776
D)1783

Answer - A

Solution

- വിപ്ലവങ്ങളുടെ മാതാവ് എന്നറിയപ്പെടുന്ന വിപ്ലവം -ഫ്രഞ്ച് വിപ്ലവം.
- നടന്നത്-1789 .
- സ്വാതന്ത്ര്യം.സമത്വം,സാഹോദര്യം എന്ന മുദ്രാവാക്യങ്ങൾ ലോകത്തിനു സംഭാവന ചെയ്ത വിപ്ലവം.
- യൂറോപ്പിലെ ഫ്യൂഡൽ വ്യവസ്ഥയുടെ അന്ത്യത്തിന് വഴിയൊരുക്കിയ വിപ്ലവം.
- ജനകീയ പരമാധികാരം എന്ന ആശയം മനുഷ്യരാശിക്ക് നൽകിയ വിപ്ലവം.
- ദേശീയതയുടെ ആവിർഭാവത്തിനു വഴിയൊരുക്കിയ വിപ്ലവം.

12. ഇവരിൽ ആരാണ് ഫാസിസത്തിന്റ ഏറ്റവും വലിയ വക്താവ് ?

A)മുസോളിനി
B)ഹിറ്റ്ലർ
C)സൈമൺ ബൊളിവീർ
D)റോബർട്ട് ഓവൻ

Answer - A

Solution

- ദേശീയതയും സൈനികാധിപത്യവും കമ്യൂണിസ്റ്റ് വിരുദ്ധതയും ചേർന്ന ഫാസിസ്റ്റ് ഭരണക്രമം ഇറ്റലിയിൽ രൂപപ്പെടുത്തിയെടുത്തത് - മുസ്സോളിനി
- ജർമ്മനിയിൽ നാസിസത്തിന്റെ ഉപജ്ഞാതാവ് - ഹിറ്റ്ലർ
- മുസോളിനി രൂപകരിച്ച അർദ്ധ സൈനിക വിഭാഗം -

കരിങ്കുപ്പായക്കാർ(Black shirts)
•ഹിറ്റ്ലർ രൂപീകരിച്ച സംഘടന - ബ്രൗൺ ഷർട്ട്സ്
•ഹിറ്റ്ലറുടെ രഹസ്യ പോലീസ് - ഗസ്റ്റപ്പോ *

13. കേരളത്തിലെ നിലവിലെ വനം വകുപ്പ് മന്ത്രി :
A)റോഷി അഗസ്റ്റിൻ
B)എ.കെ.ശശീന്ദ്രൻ
C)കെ.കൃഷ്ണൻകുട്ടി
D)ആന്റണി രാജു

Answer - B
Solution
•റോഷി അഗസ്റ്റിൻ- ജലവിതരണ വകുപ്പ്, ജലസേചനം, ഭൂഗ ജല വകുപ്പ്, കമാൻഡ് ഏരിയ ഡവലപ്മെന്റ്
•കെ.കൃഷ്ണൻകുട്ടി- വൈദ്യുതി, അനർട്ട്
•എ.കെ.ശശീന്ദ്രൻ- വനം, വന്യജീവി സംരക്ഷണം
•ആന്റണി രാജു- റോഡ് ഗതാഗതം, മോട്ടോർ വെഹിക്കിൾ, ജലഗതാഗതം

14. "ജാതി വേണ്ട, മതം വേണ്ട, ദൈവം വേണ്ട മനുഷ്യന് " എന്ന് പറഞ്ഞ നവോത്ഥാനനായകൻ?
A)ശ്രീനാരായണ ഗുരു
B)വൈകുണ്ഠ സ്വാമികൾ
C)കുമാര ഗുരുദേവൻ
D)സഹോദരൻ അയ്യപ്പൻ

Answer - D
Solution
•വിദ്യാപോഷിണി എന്ന സാംസ്കാരിക സംഘടനയ്ക്ക് രൂപം കൊടുത്തത് : സഹോദരൻ അയ്യപ്പൻ
•സഹോദരൻ അയ്യപ്പൻ കൊച്ചിൻ ലെജിസ്ലേറ്റീവ് കൗൺസിലിലേക്ക് തിരഞ്ഞെടുക്കപ്പെട്ട വർഷം : 1928
•സഹോദരൻ അയ്യപ്പൻ സ്ഥാപിച്ച പാർട്ടി : സോഷ്യലിസ്റ്റ് പാർട്ടി
•സഹോദരൻ അയ്യപ്പൻ സോഷ്യലിസ്റ്റ് പാർട്ടി സ്ഥാപിച്ച വർഷം : 1938
•കൊച്ചി മന്ത്രിസഭയിലും തിരുക്കൊച്ചി മന്ത്രിസഭയിലും അംഗമായിരുന്ന സാമൂഹിക പരിഷ്കർത്താവ് : സഹോദരൻ അയ്യപ്പൻ

15. ഭഗത് സിങ്ങിന്റെ സ്മാരകമായ 'ഭഗത് ചൗക് ' സ്ഥിതി ചെയുന്നത് എവിടെ ?
A)ലാഹോർ
B)അഹമ്മദാബാദ്
C)കൊൽക്കൊത്ത
D)ഇസ്ലാമബാദ്

Answer - A
Solution
ഭഗത് സിങ്:
•"രക്തസാക്ഷികളുടെ രാജകുമാരൻ" എന്നറിയപ്പെടുന്നു .

- ബ്രിട്ടീഷ് ഓഫിസർ സാന്റേഴ്സിനെ ലാഹോറിൽ വച്ച് വധിച്ചത് - ഭഗത് സിങ്, സുഖ്ദേവ്, രാജ്ഗുരു.
- പഞ്ചാബ് നൗജഹാൻ ഭാരരതസഭ എന്ന സംഘടന രൂപീകരിച്ചു.
- "ഇൻക്വിലാബ് സിന്ദാബാദ്" എന്ന മുദ്രാവാക്യം ആദ്യമായി മുഴക്കിയ വ്യക്തി .
- 1931 മാർച്ച് 23 നു ഇദ്ദേഹത്തെ തൂക്കിലേറ്റി.
- ഭഗത് സിംഗിന്റെ സ്മാരകം 'ഭാഗത് സിങ് ചൗക്' ലാഹോറിൽ സ്ഥിതി ചെയ്യുന്നു.

16. ബാബർ പാനിപ്പത്ത് യുദ്ധം ജയിച്ച വർഷം ?

A)1526 B)1500
C)1757 D)1857

Answer - A

Solution

- 1526 -ലാണ് ഒന്നാം പാനിപ്പത്ത് യുദ്ധം നടന്നത് . ഇബ്രാഹിം ലോധിയെ പരാജയപ്പെടുത്തി മുഗൾ വംശ സ്ഥാപകനായ ബാബർ ഈ യുദ്ധത്തിൽ വിജയിച്ചു .
- മുഗൾ ചക്രവർത്തിയായ അക്ബറിന്റെ സൈന്യവും ഹെമുവിന്റെ സൈന്യവും തമ്മിൽ 1556 നവംബർ 5-നു നടന്ന യുദ്ധമാണ് രണ്ടാം പാനിപ്പത്ത് യുദ്ധം.
- ഇന്ത്യയിൽ മുഗൾ ഭരണത്തിന് തുടക്കം കുറിച്ചത് ഒന്നാം പാനിപ്പത്ത് യുദ്ധമാണ്.

17. "ഇന്ത്യൻ അസ്വസ്ഥതയുടെ പിതാവ്" എന്ന പുസ്തകം ആരെ കുറിച്ചുള്ളതാണ് ?

A)ബാലഗംഗാധര തിലക് B)സുഭാഷ് ചന്ദ്രബോസ്
C)മഹാത്മാ ഗാന്ധി D)ഗോപാല കൃഷ്ണ ഗോഖലെ

Answer - A

Solution

- 'ഇന്ത്യൻ അസ്വസ്ഥതയുടെ പിതാവ്' എന്ന് ബാലഗംഗാധര തിലകിനെ വിശേഷിപ്പിച്ചതു വാലൻറ്റയിൻ ഷിറോൾ ആണ് .
- സ്വാതന്ത്ര്യസമര സേനാനി, രാഷ്ട്രീയനേതാവ്, പത്രപ്രവർത്തകൻ, സാമൂഹിക പരിഷ്കർത്താവ് എന്നീ നിലകളിൽ പ്രശസ്തനായ ഒരു ഇന്ത്യൻ നേതാവായിരുന്നു ബാൽ ഗംഗാധർ തിലക് .
- ലോകമാന്യ എന്നറിയപ്പെടുന്ന നേതാവ് - ബാലഗംഗാധര തിലക്
- ഹോംറൂൾ പ്രസ്ഥാനവുമായി ബന്ധപ്പെട്ട് "സ്വരാജ്യം എന്റെ ജന്മാവകാശമാണ്, അത് ഞാൻ നേടുക തന്നെ ചെയ്യും" എന്ന മുദ്രാവാക്യം മുഴക്കിയത് - ബാലഗംഗാധര തിലക്

18. "വിദ്യ സമ്പന്നർ മാറ്റത്തിന്റെ വക്താക്കളാണ് " ഇത് ആരുടെ വാക്കുകളാണ് ?

A)രാജാറാം മോഹൻ റോയ്
B)വീരേശലിംഗം
C)കേശബ് ചന്ദ്ര സെൻ
D)ശ്രീ നാരായണ ഗുരു

Answer - B

Solution

- ആന്ധ്രാപ്രദേശിലെ നവോഥാന പ്രസ്ഥാനത്തിന് തുടക്കം കുറിച്ച വ്യക്തിയായിരുന്നു വീരേശലിംഗം .
- ആധുനിക ആന്ധ്രയുടെ പിതാവ് എന്നറിയപ്പെടുന്നത് - വീരേശലിംഗം പന്തുലു
- 1874 -ൽ വീരേശ ലിംഗം ആരംഭിച്ച മാസികയാണ് വിവേക വർദ്ധിനി.
- അദ്ദേഹം ആരംഭിച്ച സംഘടന ആണ് ഹിതകാരിണി സമാജം .

19. "വരിക വരിക സഹജരേ, സഹന സമര സമയമായി "-ഇന്ത്യൻ ദേശീയ പ്രസ്ഥാനത്തിന് ശക്തി പകർന്ന ഈ വരികൾ ആരാണ് രചിച്ചത് ?

A)വള്ളത്തോൾ
B) ഉള്ളൂർ
C) കുമാരനാശാൻ
D)അംശി നാരായണ പിള്ള

Answer - D

Solution

- കേരളത്തിലെ അറിയപ്പെടുന്ന കവിയും പത്ര പ്രവർത്തകനും സ്വാതന്ത്ര്യ സമര സേനാനിയുമായിരുന്നു അംശി നാരായണ പിള്ള .
- സ്വാതന്ത്ര്യ സമരകാലത്ത് കേരള ജനത ആവേശപൂർവ്വം പാടിനടന്ന ദേശഭക്തിഗാനമായ "വരിക വരിക സഹജരേ,സഹന സമര സമയമായി, കരളുറച്ചു കൈകൾ കോർത്ത്, കാൽ നടയ്ക്കു പോക നാം ." എഴുതിയത് അംശി നാരായണ പിള്ളയാണ്.
- കോഴിക്കോട് വടകരയിൽ നിന്നും പയ്യന്നൂർ വരെ ഉപ്പ് സത്യഗ്രഹത്തിന്റെ ഭാഗമായി നടന്ന ജാഥയ്ക്ക് വേണ്ടിയാണ് അംശി ഈ ഗാനം രചിച്ചത്.
- ” ഞങ്ങളുടെ കുട്ടികളെ സ്കൂളിൽ പഠിപ്പിച്ചില്ലെങ്കിൽ ഈ കാണായ പാടത്തെല്ലാം മുട്ടിപ്പുല്ല് മുളപ്പിക്കും ‘ എന്ന് പറഞ്ഞത് - അയ്യങ്കാളി

20. ആദ്യമായി മംഗോളിയ സന്ദർശിച്ച ഇന്ത്യൻ പ്രധാനമന്ത്രി ?

A)മൻമോഹൻ സിംഗ്
B)നരേന്ദ്ര മോദി
C)അടൽ ബിഹാരി വാജ്പേയി
D)മൊറാർജി ദേശായി

Answer - B

Solution

- ഇന്ത്യയുടെ പതിനാലാമത്തെ പ്രധാനമന്ത്രിയും, ബി.ജെ.പിയുടെ ഇന്ത്യയിലെ പ്രധാന രാഷ്ട്രീയനേതാവുമാണ് നരേന്ദ്ര ദാമോദർദാസ് മോദി

എന്ന നരേന്ദ്ര മോദി .മംഗോളിയ സന്ദര്ശിച്ച ആദ്യ ഇന്ത്യൻ പ്രധാനമന്ത്രിയാണ് അദ്ദേഹം.

21. ഏതു രാജ്യത്തിന്റെ പതാകയിലാണ് 50 നക്ഷത്രങ്ങൾ ഉള്ളത് ?

A)ബ്രിട്ടൺ
B)യു എസ്
C)ചൈന
D)ഈജിപ്ത്

Answer - B

Solution

- ഓൾഡ് ഗ്ലോറി എന്ന പേരിൽ അറിയപ്പെടുന്നത് - അമേരിക്ക പതാക
- യു എസ് പതാകയിലെ 50 നക്ഷത്രങ്ങൾ അമേരിക്കൻ ഐക്യനാടുകളിലെ 50 സംസ്ഥാനങ്ങളെ പ്രതിനിധീകരിക്കുന്നു,
- കൂടാതെ 13 സ്ട്രൈപ്പുകൾ ബ്രിട്ടനിൽ നിന്നും സ്വാതന്ത്ര്യം പ്രഖ്യാപിച്ച പതിമൂന്നു ബ്രിട്ടീഷ് കോളനികളെ പ്രതിനിധീകരിക്കുന്നു.
- പതാകകളെ കുറിച്ചുള്ള പഠനം ഏത് പേരിൽ അറിയപ്പെടുന്നു - വെക്സില്ലോളജി

22. ഇന്ത്യയിലെ ഏറ്റവും ഉയർന്ന സിവിലിയൻ പുരസ്കാരം ?

A)ഭാരതര്ത്തന
B)കീർത്തിചക്ര
C)പത്മശ്രീ
D)പരം വീർചക്ര

Answer - A

Solution

- ഭാരതത്തിലെ ഏറ്റവും ഉയർന്ന സിവിലിയൻ ബഹുമതിയാണ് ഭാരതരത്നം.
- കല, സാഹിത്യം, ശാസ്ത്രം, പൊതുജനസേവനം, കായികം എന്നീ മേഖലകളിലെ സ്തുത്യർഹമായ സേവനം നിർവ്വഹിച്ചവർക്കാണ് ഈ ബഹുമതി നൽകുന്നത്.
- ആലിലയുടെ ആകൃതിയിലുള്ളതാണ് പുരസ്കാരം.

23. ദ്വിനാമ പദ്ധതി (Binomial Nomenclature) ആവിഷ്കരിച്ചതാരാണ് ?

A)അരിസ്റ്റോട്ടിൽ
B)റോബർട്ട് എച്ച് വിറ്റാക്കർ
C)കാൾ ലിനേയസ്
D)കാൾ വൗസ്

Answer - C

Solution

- അരിസ്റ്റോട്ടിൽ (ഗ്രീസ്) - ജീവശാസ്ത്രത്തിന്റെ പിതാവ് , ജീവികളെ ചുവന്ന രക്തമുള്ളവ ,അല്ലാത്തവ എന്നിങ്ങനെ തരംതിരിച്ചു .
- കാൾ ലിനേയസ് (സ്വീഡൻ)- ആധുനിക വർഗ്ഗീകരണശാസ്ത്രത്തിന്റെ പിതാവ് ,ജീവികൾക് ശാസ്ത്രീയനാമം നൽകുന്ന ദ്വിനാമ പദ്ധതി ആവിഷ്കരിച്ചു .
- റോബർട്ട് എച്ച് വിറ്റാക്കർ ജീവികളെ അഞ്ചു കിങ്ഡങ്ങളായി തരംതിരിച്ചു .

•ആറു കിങ്ഡം വർഗ്ഗീകരണപദ്ധതി ആവിഷ്കരിച്ചത് കാൾ വൗസ് (Carl Woese) ആണ് .

24. തിരുവതാംകൂറിൽ അലോപ്പതി ചികിത്സാ സമ്പ്രദായം ആരംഭിച്ച ഭരണാധികാരി?

A)സ്വാതിതിരുനാൾ
B)ഗൗരി ലക്ഷ്മിബായി
C)ഗൗരി പാർവ്വതിബായി
D)ധർമ്മരാജ

Answer - B

Solution

•തിരുവിതാംകൂറിൽ വാക്സിനേഷനും അലോപ്പതി ചികിത്സാ രീതിയും നടപ്പിലാക്കിയ ഭരണാധികാരി - റാണി ഗൗരി ലക്ഷ്മിഭായ്
•ആധുനിക തിരുവിതാംകൂറിലെ ആദ്യത്തെ വനിതാ ഭരണാധികാരിയായിരുന്നു റാണി ഗൗരി ലക്ഷ്മി ഭായി.
•തിരുവിതാംകൂറിൽ അടിമക്കച്ചവടം നിരോധിച്ച ഭരണാധികാരിയായിരുന്നു അവർ.

25. 'നയൻകാര','അയ്യഗാർ' എന്നീ ഭരണരീതികൾ പിന്തുടർന്നിരുന്ന സാമ്രാജ്യം ?

A)മറാത്ത സാമ്രാജ്യം
B)വിജയനഗര സാമ്രാജ്യം
C)ബാമിനി സാമ്രാജ്യം
D)മുഗൾ സാമ്രാജ്യം

Answer - B

Solution

വിജയനഗര സാമ്രാജ്യം
•തെക്കേ ഇന്ത്യയിലെ ഡെക്കാൻ പ്രദേശത്ത് പതിനാല്, പതിനഞ്ച് പതിനാറ് ശതകങ്ങളിലായി നിലനിന്നിരുന്ന ഒരു സാമ്രാജ്യമായിരുന്നു വിജയനഗര സാമ്രാജ്യം
•വിജയനഗരം എന്നത് തലസ്ഥാനനഗരിയുടേയും സാമ്രാജ്യത്തിന്റേയും പേരായിരുന്നു. ഇന്നത്തെ കർണ്ണാടകത്തിലെ ഹംപിയാണ് ആ തലസ്ഥാന നഗരി.
•ഹംപി ഇന്ന് യുണെസ്കോയുടെ ലോക പൈതൃകകേന്ദ്രങ്ങളിൽ ഒന്നാണ്.
•1336-ൽ ഹരിഹരൻ I, സഹോദരനായ ബുക്കരായൻ I എന്നിവരാണ് വിജയനഗരസാമ്രാജ്യം സ്ഥാപിച്ചത്.

26. ജാതിവ്യവസ്ഥക്കും തൊട്ടുകൂടായ്മക്കും എതിരെ പരാമർശമുള്ള ആദ്യ കൃതി ?

A)ജാതി ലക്ഷണം
B)ജാതിക്കുമ്മി
C)ഈശ്വര വിചാരം
D)ജാതിമീമാംസ

Answer - B

Solution

•അധഃസ്ഥിത സമുദായങ്ങളെ ഒന്നിപ്പിക്കുക എന്ന ലക്ഷ്യത്തോടെ പണ്ഡിറ്റ് കറുപ്പൻ രചിച്ച ഒരു കാവ്യ ശിൽപ്പമാണ് ജാതിക്കുമ്മി.
•1905ലാണ് 'ജാതിക്കുമ്മി' രചിക്കപ്പെട്ടതെങ്കിലും ആദ്യമായി അച്ചടിച്ചത് 1912ലാണ്.
•ശങ്കരാചാര്യാരുടെ മനീഷാപഞ്ചകത്തിന്റെ സ്വതന്ത്രവും വ്യാഖ്യാനാത്മകവുമായ പരിഭാഷയാണിത്.
•ജാതി വ്യത്യാസത്തിന്റെ അർത്ഥശൂന്യതയെ വ്യക്തമാക്കുന്ന സൃഷ്ടിയായി ഇതു വിലയിരുത്തപ്പെടുന്നു.

27. ബ്രിട്ടീഷ് രേഖകളിൽ കെട്ട്യോട്ട് രാജ എന്നറിയപ്പെടുന്ന ഭരണാധികാരി ?

A)വേലുത്തമ്പി ദളവ
B)പഴശ്ശി രാജ
C)മാർത്താണ്ഡ വർമ്മ
D)പാലിയത്തച്ചൻ

Answer - B

Solution

വേലുത്തമ്പി ദളവയുടെ യഥാർത്ഥ നാമം - വേലായുധൻ ചെമ്പകരാമൻ തമ്പി .
•വേലുത്തമ്പി ദളവ മ്യൂസിയം - മണ്ണടി , പത്തനംതിട്ട .
•കേരളം സിംഹം , ശക്തൻ രാജ , വീരപഴശ്ശി എന്നൊക്കെ അറിയപ്പെടുന്നത് - പഴശ്ശി രാജ .
•ആധുനിക അശോകൻ എന്നറിയപ്പെടുന്ന തിരുവിതാംകൂർ രാജാവ് - അനിഴം തിരുനാൾ മാർത്താണ്ഡവർമ്മ .

28. WTO (ലോക വ്യാപാര സംഘടന) സ്ഥാപിതമായ വർഷം?

A)1944
B)1948
C)1995
D)1998

Answer - C

Solution

•രാഷ്ട്രാന്തര വ്യാപാരനയങ്ങൾ രൂപവത്കരിക്കുന്നതിനായുള്ള ഒരു അന്താരാഷ്ട്ര സംഘടനയാണ് ലോക വ്യാപാര സംഘടന.
•1948 ജനുവരി 1-ന് രൂപവത്കരിച്ച ഗാട്ട് കരാറാണ് 1995 ജനുവരി 1-ന് ലോക വ്യാപാര സംഘടന (World Trade Organisation, ചുരുക്കം: ഡബ്ലിയു.ടി.ഒ.) ആയി മാറിയത്.
•ജനീവയാണ് ഇതിന്റെ ആസ്ഥാനം.
•1994 ഏപ്രിൽ 15-ന് മൊറോക്കോയിലെ മാരക്കേഷിൽ വച്ച് നടന്ന ഉച്ചകോടിയാണ് ഈ സംഘടനക്കു രൂപം കൊടുത്തത്.
•ഡങ്കൽ വ്യവസ്ഥയാണ് ഈ സംഘടനയുടെ അടിസ്ഥാനശില.

29. ത്രികക്ഷി സൗഹാർദത്തിൽ ഉൾപ്പെട്ടിരുന്ന രാജ്യങ്ങൾ?

1.ജർമ്മനി, ആസ്ട്രിയ, ഹംഗറി, ഇറ്റലി
2.ഇംഗ്ലണ്ട്, ഫ്രാൻസ്, റഷ്യ
3.ജർമ്മനി, ഇറ്റലി , ജപ്പാൻ
4.ഇംഗ്ലണ്ട്, ഫ്രാൻസ്, ചൈന

A)1,2 B)2,3
C)2 D)3,4

Answer - C

Solution

- ഒന്നാം ലോകമഹായുദ്ധത്തിലെ രണ്ട് പ്രധാന സൈനിക ചേരികൾ : ത്രികക്ഷി സഖ്യം, ത്രികക്ഷി സൗഹാർദ്ദം
- ത്രികക്ഷി സൗഹാർദത്തിൽ ഉൾപ്പെട്ടിരുന്ന രാജ്യങ്ങൾ : ഇംഗ്ലണ്ട്,ഫ്രാൻസ്,റഷ്യ
- ത്രികക്ഷി സഖ്യത്തിൽ ഉൾപ്പെട്ടിരുന്ന അംഗങ്ങൾ : ആസ്ട്രിയ, ജർമ്മനി,ഇറ്റലി
- ഒന്നാം ലോകമഹായുദ്ധത്തിന്റെ അവസാനം ഹോളണ്ടിലേക്ക് പലായനം ചെയ്ത ജർമനിയുടെ ചക്രവർത്തി - കൈസർ വില്യം രണ്ടാമൻ
- ഒന്നാം ലോകമഹായുദ്ധത്തിനുശേഷം പ്രബല ശക്തിയായി മാറിയ രാജ്യം - യു.എസ്.എ

30. നിബന്ധമാല എന്ന ദേശാഭിമാന ബോധം തുളുമ്പുന്ന കൃതി ഏതു ഭാഷയിൽ രചിക്കപ്പെട്ടതാണ്?

A)ഉർദു B)മറാത്തി
C)ബംഗാളി D)ഹിന്ദി

Answer - B

Solution

- വിഷ്ണു കൃഷ്ണ ചിപ്ലൂങ്കർ എഴുതിയ മാസികയാണ് നിബന്ധമാല.
- വിഷ്ണു കൃഷ്ണ ചിപ്ലൂങ്കർ ഒരു മറാത്തി എഴുത്തുകാരനായിരുന്നു.
- ഈ പുസ്തകം സാമൂഹികവും സാംസ്കാരികവുമായ വിഷയങ്ങളിൽ അഭിപ്രായം രേഖപ്പെടുത്തി.
- 1874-നിലാണ് അദ്ദേഹം നിബന്ധമാല ആരംഭിച്ചത്.

31. നിസ്സഹകരണ സമരത്തിന്റെ പ്രഖ്യാപിത ആശയങ്ങളിൽ ഉൾപ്പെടാത്തത്?

A)നികുതി നല്കാതിരിക്കുക B)തിരഞ്ഞെടുപ്പുകൾ ബഹിഷ്കരിക്കുക
C)കൃഷിയിടങ്ങൾ തരിശിടുക D)ബ്രിട്ടീഷ് പുരസ്കാരങ്ങൾ തിരികെ നൽകുക

Answer - C

Solution

- ഇന്ത്യൻ സ്വാതന്ത്ര്യ സമരത്തിലെ പ്രധാന സമരമാർഗ്ഗമായിരുന്നു നിസ്സഹകരണ പ്രസ്ഥാനം.
- അഹിംസ മാർഗ്ഗത്തിൽ ബ്രിട്ടീഷ് നിയമങ്ങൾക്കെതിരെ സമരം ചെയ്യുകയായിരുന്നു ഇതിന്റെ ലക്ഷ്യം.
- 1920 ൽ തുടങ്ങി 1922 വരെ നീണ്ടു നിന്ന ഈ പ്രസ്ഥാനം നയിച്ചത് ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിന്റെ പിന്തുണയോടെ മഹാത്മാ ഗാന്ധിയാണ്.
- 1922 ലെ ചൗരി ചൗരാ സംഭവത്തെ തുടർന്ന് ഗാന്ധിജി നിസ്സഹകരണ പ്രസ്ഥാനം പിൻവലിച്ചു.

32. മലബാർ കലാപത്തിന്റെ ഭാഗമായി നടന്ന പ്രധാന സംഭവം ?

1.പൂക്കോട്ടൂർ യുദ്ധം
2.കുളച്ചൽ യുദ്ധം
3.കുറിച്യർ യുദ്ധം
4.ചാന്നാർ ലഹള

A)1, 2 B)2, 3
C)3, 4 D)1

Answer - D

Solution

- മലബാർ ലഹളയുടെ കാലത്ത് ആദ്യത്തെ സുസംഘടിതവും പ്രത്യക്ഷവുമായ ആക്രമണം പൊട്ടിപ്പുറപ്പെട്ടത് പൂക്കോട്ടൂരാണ്.
- 1921 ഓഗസ്റ്റിൽ നടന്ന ഈ ആക്രമണത്തിൽ 3000 കലാപകാരികൾ പങ്കെടുത്തു.
- പൂക്കോട്ടൂർ എന്ന സ്ഥലത്തെ ഖിലാഫത്ത് കമ്മിറ്റി സെക്രട്ടറിയായ മുഹമ്മദിനെ ഒരു മോഷണക്കുറ്റം ചുമത്തി അറസ്റ്റു ചെയ്യാൻ പോലീസ് വന്നതോടെയാണ് ഏറ്റുമുട്ടൽ ആരംഭിച്ചത്. കലാപം ചുരുങ്ങിയ സമയത്തിനുള്ളതിൽ കത്തിപ്പടർന്നു.
- ജില്ലാ മജിസ്ട്രേറ്റായ തോമസ് കലാപത്തെ അമർച്ച ചെയ്യുന്നതിന് സൈന്യത്തിന്റെ സഹായം തേടി.
- കോമൂസ് എന്ന യുദ്ധകപ്പൽ കോഴിക്കോട് തുറമുഖത്തെത്തിക്കാനുള്ള ഒരുക്കങ്ങളും നടത്തി.
- യുദ്ധക്കപ്പൽ പ്രത്യക്ഷപ്പെടുമ്പോൾ കലാപകാരികളുടെ ആത്മവീര്യം തകരുമെന്നായിരുന്നു കണക്കുകൂട്ടൽ. എന്നാൽ പൂക്കോട്ടൂർ ഏറ്റുമുട്ടലിൽ നൂറുകണക്കിനു പേർ കൊല്ലപ്പെടുകയുണ്ടായി.

33. പൊയ്കയിൽ ശ്രീകുമാര ഗുരുദേവനുമായി യോജിക്കാത്ത പ്രസ്താവന ഏത്?

1.പത്തനംതിട്ട ജില്ലയിലെ ഇരവിപേരൂരിൽ ജനനം
2.പ്രത്യക്ഷരക്ഷാ ദൈവസഭ സ്ഥാപിച്ചു

3.യോഗക്ഷേമ സഭയുമായി ചേർന്നു പ്രവർത്തിച്ചു
4.ശ്രീമൂലം പ്രജാസഭയിൽ 1921 ലും 1931 ലും അംഗമായി

A)1 മാത്രം B)3 മാത്രം
C)3, 4 D)1, 3, 4

Answer - B

Solution

പൊയ്കയിൽ ശ്രീകുമാരഗുരുദേവൻ

- പൊയ്കയിൽ ശ്രീകുമാര ഗുരുദേവൻ പൊയ്കയിൽ അപ്പച്ചൻ അല്ലെങ്കിൽ പൊയ്കയിൽ യോഹന്നാൻ എന്നും അറിയപ്പെടുന്നു.
- പൊയ്കയിൽ യോഹന്നാൻ ശ്രീമൂലം പ്രജാസഭയിൽ അംഗമായ വർഷം- 1921, 1931
- വാകത്താനത്ത് വെച്ച് ബൈബിൾ കത്തിച്ച് പ്രതിഷേധിച്ച സാമൂഹ്യപരിഷ്കർത്താവ്.
- ദളിതർക്കായി ഒരു ഇംഗ്ലീഷ് മീഡിയം സ്കൂൾ സ്ഥാപിച്ച ആദ്യ വ്യക്തി.

34. ശരിയായ ജോഡി കണ്ടെത്തുക :

1.മൂഷകവംശ കാവ്യം - അതുലൻ
2.തുഹ്ഫത്തുൽ മുജാഹിദ്ദീൻ - മക്തി തങ്ങൾ
3.കേരളപ്പഴമ - ഹെർമൻ ഗുണ്ടർട്ട്
4.കേരള സിംഹം - സി വി രാമൻ പിള്ള

A)1, 2 B)2, 3, 4
C)2, 4 D)1, 3

Answer - D

Solution

- കേരള ചരിത്രത്തെ അടിസ്ഥാനമാക്കിയുള്ള ആദ്യ മലയാള ഗ്രന്ഥമാണ് ഹെർമ്മൻ ഗുണ്ടർട്ട് രചിച്ച കേരളപ്പഴമ.
- 1868 ൽ പശ്ചിമോദയം മാസികയിലാണ് ഇത് ആദ്യമായി പ്രസിദ്ധപ്പെടുത്തിയത്.
- സൈനുദ്ദീൻ മഖ്ദൂം രണ്ടാമൻ രചിച്ച പ്രശസ്തമായ ഒരു സമര ചരിത്ര കൃതിയാണ് തുഹ്ഫതുൽ മുജാഹിദീൻ.
- കേരളത്തിലെ ആദ്യ ചരിത്ര കൃതിയായി ഇതിനെ കണക്കാക്കുന്നു.
- കേരളവർമ്മ പഴശ്ശിരാജയെയാണ് കേരള സിംഹം എന്നു വിശേഷിപ്പിക്കുന്നത്.
- സർദാർ കെ. എം. പണിക്കർ ആണ് പഴശ്ശി രാജയെ കേരള സിംഹം എന്നു വിശേഷിപ്പിച്ചത്.

35. ഇന്ത്യൻ നാഷണൽ കോൺഗ്രസ്സ് സംഘടനയുമായി യോജിക്കാത്ത പ്രസ്താവന ഏത്?

1.ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിന്റെ ആദ്യത്തെ സെക്രട്ടറി W C ബാനർജി ആയിരുന്നു.
2.INC ന്റെ ആദ്യ സമ്മേളനം നടത്താൻ തീരുമാനിച്ചത് പൂനയിൽ ആയിരുന്നു.
3.INC ന്റെ ആദ്യ സമ്മേളനത്തിൽ പങ്കെടുത്തത് 72 പേരായിരുന്നു.
4.INC രണ്ടാം സമ്മേളനം നടന്നത് മദ്രാസിൽ ആയിരുന്നു.

A)1, 2 B)1, 2, 3
C)3, 4 D)1, 4

Answer - D

Solution

- ലോകത്തിലെ ഏറ്റവും പഴയതും വലിയതുമായ ജനാധിപത്യ രാഷ്ട്രീയ പാർട്ടികളിൽ ഒന്നാണ് ഇന്ത്യൻ നാഷണൽ കോൺഗ്രസ്സ്.
- ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിന്റെ ആദ്യത്തെ സെക്രട്ടറി അലൻ ഒക്ടേവിയൻ ഹ്യൂം ആയിരുന്നു.
- ഇന്ത്യൻ നാഷണൽ കോൺഗ്രസ്സ്ൻറെ ആദ്യ പ്രസിഡൻറ് W.C.ബാനർജി ആയിരുന്നു.
- INC രണ്ടാം സമ്മേളനം 1886-ൽ കൊൽക്കത്തയിൽ ആയിരുന്നു.
- INC മൂന്നാം സമ്മേളനം 1887-ൽ മദ്രാസിൽ നടന്നു.

36. ഫ്രഞ്ച് വിപ്ലവവുമായി യോജിക്കാത്ത പ്രസ്താവന കണ്ടെത്തുക

1.ഫ്രഞ്ച് വിപ്ലവത്തിന്റെ സമയത്ത് ഫ്രാൻസിലെ ചക്രവർത്തി ലൂയിസ് XIV ആയിരുന്നു.
2.ടെന്നീസ് കോർട്ടിലെ പ്രതിജ്ഞ ഫ്രഞ്ച് വിപ്ലവവുമായി ബന്ധപ്പെട്ടതാണ്.
3.പ്രാതിനിധ്യം ഇല്ലാത്ത നികുതിയില്ല എന്നത് ഫ്രഞ്ച് വിപ്ലവത്തിന്റെ പ്രധാന മുദ്രാവാക്യമാണ്.
4.മൊണ്ടേസ്ക്യു, റൂസോ, ജോൺ ലോക്ക്, തുടങ്ങിയവർ ഫ്രഞ്ച് വിപ്ലവത്തെ സ്വാധീനിച്ച ചിന്തകരായിരുന്നു.

A)2, 4 B)1, 3
C)1, 2, 3, 4 D)2, 3, 4

Answer - B

- Solution
- വിപ്ലവങ്ങളുടെ മാതാവ് എന്നറിയപ്പെടുന്ന വിപ്ലവം - ഫ്രഞ്ച് വിപ്ലവം
- ഫ്രഞ്ച് വിപ്ലവം നടന്ന വർഷം - 1789.
- "ഞാനാണ് രാഷ്ട്രം" എന്ന് പ്രഖ്യാപിച്ച ഫ്രഞ്ച് ചക്രവർത്തി - ലൂയിസ് XIV.
- "എനിക്ക് ശേഷം പ്രളയം" എന്ന് പ്രഖ്യാപിച്ച ഫ്രഞ്ച് ചക്രവർത്തി - ലൂയി XV.
- ഫ്രഞ്ച് വിപ്ലവം ലോകത്തിന് സംഭാവന ചെയ്ത ആശയങ്ങൾ - സ്വാതന്ത്ര്യം, സമത്വം, സാഹോദര്യം .
- ഫ്രഞ്ച് വിപ്ലവത്തെ സ്വാധീനിച്ച ചിന്തകന്മാർ - റൂസോ, വോൾട്ടയർ, മൊണ്ടേസ്ക്യു.

37. ഭാഷ അടിസ്ഥാനത്തിലുള്ള സംസ്ഥാന പുനഃസംഘടനയുമായി ബന്ധപ്പെട്ട ശരിയായ പ്രസ്താവന കണ്ടെത്തുക :

1.1953 ഒക്ടോബർ ഒന്നിന് ആന്ധ്രാ സംസ്ഥാനം നിലവിൽ വന്നു
2.1956 ൽ 14 സംസ്ഥാനങ്ങളും 6 കേന്ദ്ര ഭരണ പ്രദേശങ്ങളും ഭാഷ അടിസ്ഥാനത്തിൽ രൂപീകരിക്കപ്പെട്ടു
3.1953 നിലവിൽ വന്ന ഭാഷ അടിസ്ഥാനത്തിലുള്ള സംസ്ഥാന പുനഃസംഘടന കമ്മീഷനിൽ ഫസൽ അലി, എസ് കെ ധർ, പട്ടാഭി സീതാരാമയ്യ എന്നിവർ അംഗങ്ങളായിരുന്നു
4.ആന്ധ്രാ സംസ്ഥാന രൂപീകരണത്തിന് വേണ്ടി പോറ്റി ശ്രീരാമലു മരണം വരെ നിരാഹാരം അനുഷ്ഠിച്ചു

A)2, 3 B)3, 4
C)1, 2, 4 D)1, 2, 3, 4

Answer - C

Solution

- സംസ്ഥാന അതിർത്തികളുടെ പുനഃസംഘടന ശുപാർശ ചെയ്യുന്നതിനായി 1953 ഡിസംബറിൽ കേന്ദ്ര സർക്കാർ രൂപീകരിച്ചതാണ് സംസ്ഥാന പുനഃസംഘടനാ കമ്മീഷൻ.
- 1953 നിലവിൽ വന്ന ഭാഷ അടിസ്ഥാനത്തിലുള്ള സംസ്ഥാന പുനഃസംഘടന കമ്മീഷനിൽ ജസ്റ്റിസ് ഫസൽ അലി , കെ എം പണിക്കർ , എച്ച് എൻ കുൻസ്രു എന്നിവർ അംഗങ്ങളായിരുന്നു.
- 1953നു പ്രധാന മന്ത്രി ജവാഹർലാൽ നെഹ്റുവാണ് സംസ്ഥാന പുനഃസംഘടന കമ്മീഷനെ നിയമിച്ചത്.
- ഇന്ത്യയിൽ ഭാഷാ അടിസ്ഥാനത്തിൽ രൂപീകൃതമായ ആദ്യ സംസ്ഥാനം - ആന്ധ്രാ

38. ഐക്യരാഷ്ട്ര സഭയുമായി ബന്ധപ്പെട്ട ശരിയായ പ്രസ്താവന കണ്ടെത്തുക :

1.യു എൻ കാലാവസ്ഥ വ്യതിയാന സമ്മേളനം (COP 27) 2022 -നവംബറിൽ ഈജിപ്തിലാണ് നടന്നത്
2.ഐക്യരാഷ്ട്ര സഭയുടെ ഇപ്പോഴത്തെ സെക്രട്ടറി ജനറൽ അന്റോണിയോ ഗൂട്ടറാസാണ്
3.2022 ലെ മനുഷ്യാവകാശ മുദ്രാവാക്യം “എല്ലാവർക്കും അന്തസ്സും സ്വാതന്ത്ര്യവും നീതിയും” എന്നുള്ളതാണ്
4.മനുഷ്യാവകാശങ്ങളുടെ സാർവ്വത്രിക പ്രഖ്യാപനത്തിന്റെ 75-ാം വാർഷികം ഐക്യരാഷ്ട്ര സഭ 2022 ഡിസംബർ 10 ന് ആഘോഷിച്ചു

A) 1,2,3 B)2,3,4
C)1,2,3,4 D)3,4

Answer - A

Solution

- 2022 ലെ ഐക്യരാഷ്ട്രസഭയുടെ കാലാവസ്ഥാ വ്യതിയാന കോൺഫറൻസ് COP27 എന്നറിയപ്പെടുന്നു.
- 2016 ന് ശേഷമുള്ള ആദ്യത്തേയും ആഫ്രിക്കയിൽ നടക്കുന്ന അഞ്ചാമത്തെയും കാലാവസ്ഥാ ഉച്ചകോടിയായിരുന്നു ഇത്.
- 1948 ഡിസംബർ 10 ന് യു എൻ ജനറൽ അസംബ്ലി അംഗീകരിച്ച സാർവത്രിക മനുഷ്യാവകാശ പ്രഖ്യാപനം രണ്ടാം ലോക മഹായുദ്ധത്തിന്റെ അനുഭവത്തിന്റെ ഫലമാണ്.
- ഐക്യരാഷ്ട്രസഭയുടെ ആഹ്വാനപ്രകാരം എല്ലാ വർഷവും ഡിസംബർ 10 മനുഷ്യാവകാശദിനമായി ആചരിക്കുന്നു.
- 1993 സെപ്റ്റംബർ 28ന് ഇന്ത്യൻ പാർലമെന്റ് മനുഷ്യാവകാശ സംരക്ഷ നിയമം പാസ്സാക്കി.

39. 'വരിക വരിക സഹജരെ' എന്നു തുടങ്ങുന്ന ദേശഭക്തി ഗാനത്തിന്റെ രചയിതാവ് ആര് ?

A)സഹോദരൻ അയ്യപ്പൻ
B)അംശി നാരായണപിള്ള
C)കുമാരനാശാൻ
D)എ കെ ഗോപാലൻ

Answer - B

Solution

- കേരളത്തിൽ ഉപ്പുസത്യാഗ്രഹത്തിൽ ഉടനീളം ആലപിച്ച ഗാനം - വരിക വരിക സഹജരേ.
- വരിക വരിക സഹജരേ എന്ന ഗാനം രചിച്ചത് -അംശി നാരായണപിള്ള.
- കേരളത്തിൽ ഉപ്പുസത്യാഗ്രഹം ആരംഭിച്ചത് 1930 ഏപ്രിൽ 13-നാണ്.
- കേരളത്തിലെ ഉപ്പുസത്യാഗ്രഹത്തിൻറെ കേന്ദ്രം-പയ്യന്നൂരിലെ ഉളിയത്ത് കടവ്.

GEOGRAPHY

1. ഇന്ത്യയിലെ ആദ്യത്തെ കാർബൺ ന്യൂട്രൽ ഫാം (സീഡ് ഫാം) എവിടെ സ്ഥിതിചെയ്യുന്നു?

A)പറവൂർ താലൂക്കിലെ പല്ലം തുരുത്ത്
B)ചെറുതുരുത്ത്
C)ഗോതുരുത്ത്
D)ആലുവ താലൂക്കിലെ തുരുത്ത്

Answer - D

Solution

- ഇന്ത്യയിലെ ആദ്യത്തെ കാർബൺ ന്യൂട്രൽ ഫാം (സീഡ് ഫാം) -ആലുവ .
- കാർബൺ വികിരണത്തിലുണ്ടായ ഗണ്യമായ കുറവാണ് ആലുവയിലെ സംസ്ഥാന വിത്തുൽപ്പാദന കേന്ദ്രത്തെ ന്യൂട്രൽ പദവിയിലെത്തിച്ചത്.
- കഴിഞ്ഞ ഒരു വർഷത്തിനിടെ ഫാമിൽ നിന്നുള്ള മൊത്തം കാർബൺ പുറന്തള്ളൽ 43 ടൺ ആയിരുന്നു, എന്നാൽ അതിന്റെ മൊത്തം സംഭരണം 213 ടൺ ആയിരുന്നു.
- ആലുവയിലെ മാതൃക പ്രകാരം സംസ്ഥാനത്തെ 140 നിയോജക മണ്ഡലങ്ങളിലും കാർബൺ ന്യൂട്രൽ കൃഷിത്തോട്ടങ്ങളും ഹരിത പോഷക ഗ്രാമങ്ങളും സൃഷ്ടിക്കും.

2. 2011 ലെ സെൻസസ് പ്രകാരം കേരളത്തിൽ സ്ത്രീ-പുരുഷാനുപാതം ഏറ്റവും കൂടുതലുള്ള ജില്ല ഏത്?

A)കണ്ണൂർ
B)കോട്ടയം
C)പത്തനംതിട്ട
D)എറണാകുളം

Answer - A

Solution

- കണ്ണൂർ ജില്ലയാണ് 2011 ലെ സെൻസസ് പ്രകാരം കേരളത്തിൽ സ്ത്രീ-പുരുഷാനുപാതം ഏറ്റവും കൂടുതൽ ഉള്ള ജില്ല.
- അവിടെ 1136-ണ് സ്ത്രീ-പുരുഷാനുപാതം.
- 2011 ലെ സെൻസസ് പ്രകാരം കേരളത്തിൽ സ്ത്രീ-പുരുഷാനുപാതം ഏറ്റവും കുറഞ്ഞ ജില്ല - ഇടുക്കി.
- ഇന്ത്യയിൽ ഇപ്രകാരം സ്ത്രീകൾ പുരുഷന്മാരേക്കാൾ മുന്നിട്ടു നിൽക്കുന്ന ഏക സംസ്ഥാനമാണ് കേരളം.

3. കേരളത്തിലെ ഏറ്റവും നീളം കൂടിയ നദിയേത് ?

A)ഭാരതപ്പുഴ
B)പമ്പ
C)ചന്ദ്രഗിരി
D)പെരിയാർ

Answer - D

Solution

- കേരളത്തിലെ ഏറ്റവും നീളം കൂടിയ നദി പെരിയാറാണ്.
- ആകെ നീളം : 244 കിലോമീറ്റർ
- ചൂർണി എന്നും ഈ നദിക്ക് പേരുണ്ട്.
- പെരിയാറിലാണ് ഏറ്റവും കൂടുതൽ അണക്കെട്ടുകളുള്ളത്. 10 എണ്ണം.
- പ്രധാനപ്പെട്ട ജലവൈദ്യുതി പദ്ധതികളും ഈ നദിയുമായി ബന്ധപ്പെട്ടാണ് കിടക്കുന്നത്.

4. ഇന്ത്യയിലെ ഏറ്റവും വലിയ പരുത്തി ഉല്പാദന കേന്ദ്രം?

A)ഡൽഹി
B)മുംബൈ
C)ചെന്നൈ
D)കൊൽക്കത്ത

Answer - B

Solution

- ഇന്ത്യയിലെ ഏറ്റവും വലിയ പരുത്തിത്തുണി ഉൽപ്പാദനകേന്ദ്രം - മുംബൈ (ഇന്ത്യയിലെ കോട്ടണോപോളിസ്)
- ഇന്ത്യയിൽ ഏറ്റവും കൂടുതൽ പരുത്തി കയറ്റുമതി ചെയ്യുന്ന തുറമുഖം - മുംബൈ
- ഇന്ത്യയിലെ ഏറ്റവും വലിയ കാർഷിക വ്യവസായം - പരുത്തി
- ഇന്ത്യയിൽ ഏറ്റവും കൂടുതൽ പരുത്തി ഉൽപ്പാദിപ്പിക്കുന്ന സംസ്ഥാനം - ഗുജറാത്ത്
- ഇന്ത്യയിൽ ഏറ്റവും കൂടുതൽ കോട്ടൺ മില്ലുകൾ ഉള്ള സംസ്ഥാനം - മഹാരാഷ്ട്ര

5. ഇരവികുളം ദേശീയ പാർക്കിൽ സംരക്ഷിക്കപ്പെടുന്ന മൃഗം ?

A)വരയാട്
B)കടുവ
C)ആന
D)കുരങ്ങ്

Answer - A

Solution

- മൂന്നാറിൽ നിന്ന് 17 കിലോമീറ്റർ അകലെയായി വംശനാശം നേരിടുന്ന വരയാടുകളുടെ സംരക്ഷണം പ്രധാന ലക്ഷ്യമാക്കി നിലവിൽ വന്ന ദേശീയോദ്യാനമാണ് ഇരവികുളം ദേശീയോദ്യാനം.
- വംശനാശം നേരിടുന്നതും ഇന്ത്യൻ വന്യജീവി സംരക്ഷണ നിയമത്തിൽ ഒന്നാം പട്ടികയിൽ ഉൾപ്പെടുത്തിയിരിക്കുന്നതുമാണ് വരയാട്.
- വരയാടിന്റെ ശാസ്ത്രനാമം - നീലഗിരി ട്രാഗസ് ഹൈലോക്രിയസ്
സൈലന്റ് വാലിയിലെ സംരക്ഷിത മൃഗം - സിംഹവാലൻ കുരങ്ങ്

6. ബൊക്കാറോ ഇരുമ്പുരുക്കുശാല ഏതു രാജ്യത്തിന്റെ സഹായത്തോടെയാണ് ഇന്ത്യയിൽ ആരംഭിച്ചത് ?

A)ബ്രിട്ടൻ
B)ജർമ്മനി
C)ജപ്പാൻ
D)സോവിയറ്റ് യൂണിയൻ

Answer - D

Solution

- ജർമ്മൻ സാങ്കേതികവിദ്യയുടെ സഹായത്തോടെ നിർമ്മിച്ച ഇരുമ്പുരുക്ക് നിർമ്മാണശാല - റൂർക്കല, ഒഡീഷ.
- റഷ്യയുടെ സഹായത്തോടെ നിർമ്മിച്ച ഇരുമ്പുരുക്ക് നിർമ്മാണശാലകൾ - ഭിലായ്, വിശാഖപട്ടണം.
- ബ്രിട്ടന്റെ സഹായത്തോടെ നിർമ്മിച്ച ഇരുമ്പുരുക്ക് നിർമ്മാണശാല - ദുർഗാപ്പൂർ, പശ്ചിമബംഗാൾ.
- റഷ്യയുടെ സഹായത്തോടെ മൂന്നാം പഞ്ചവത്സര പദ്ധതിക്കാലത്ത് നിർമ്മിച്ച ഇരുമ്പുരുക്ക് നിർമ്മാണശാല - ബൊക്കാറോ, ജാർഖണ്ഡ്.

7. ഇന്ത്യയിലെ ഏറ്റവും വലിയ വിവിധോദ്ദേശ്യ നദീതട പദ്ധതി ?

A)ഭക്രാനംഗൽ
B)കോസി പദ്ധതി
C)രാജസ്ഥാൻ കനാൽ
D)നാഗാർജുന സാഗർ

Answer - A

Solution

- സിന്ധുനദിയുടെ പോഷകനദികളിൽ ഒന്നായ സത്‌ലജ് നദിയിൽ ഹരിയാനയിലെ ഭക്ര എന്ന സ്ഥലത്ത് നിർമിച്ചിരിക്കുന്ന അണക്കെട്ടാണ് ഇതിന്റെ മുഖ്യഭാഗം.
- ഇൻഡ്യയിലെ ഏറ്റവും വലിയ വിവിധോദ്യേശ പദ്ധതിയായ ഭക്രാനംഗൽ അണക്കെട്ടിന്റെ ഉയരം 226മീറ്റർ ആണ്.
- ഭക്രാ ഡാമിന്റെ റിസർവോയർ -ഗോവിന്ദ് സാഗർ (ഹിമാചൽ പ്രദേശ്).
- ഫിറോസ്പൂരിൽ നിന്ന് ഫസിൽക്ക വരെ ഏകദേശം 120 കിലോമീറ്റർ ദൂരം ഭക്രാനംഗൽ പാക്കിസ്ഥാനെയും ഇന്ത്യയുടെയും അതിർത്തിയായി നിലകൊള്ളുന്നു

8. കേരളത്തിൽ ആനകൾക്കായുള്ള മ്യൂസിയം സ്ഥിതി ചെയുന്നത് ?

A)വയനാട്
B)കൊല്ലം
C)കോട്ടയം
D)പത്തനംതിട്ട

Answer - D

Solution

- കേരളത്തിന്റെ ഗജദിനം - ഒക്ടോബർ 4
- രാജ്യത്തെ ആദ്യ ആന പുനരധിവാസകേന്ദ്രം - കോട്ടൂർ (തിരുവനന്തപുരം)
- കേരളത്തിലെ ആന പിടുത്ത കേന്ദ്രം - കോടനാട്
- ആനയെ ദേശീയ പൈതൃക മൃഗമായി പ്രഖ്യാപിച്ച വർഷം - 2010
- കേരളത്തിലെ കോന്നിയിൽ സ്ഥിതി ചെയ്യുന്ന കോന്നി ആനക്കൂട്, ആനകളുടെ അറിയപ്പെടുന്ന പരിശീലന കേന്ദ്രമാണ്.

9. ചാമ്പൽ മലയണ്ണാനും നക്ഷത്ര ആമയും കാണപ്പെടുന്ന

കേരളത്തിലെ ഏക വന്യജീവി സങ്കേതം ?

A)നെയ്യാർ B)ചിന്നാർ
C)വയനാട് D)പേപ്പാറ

Answer - B

Solution

- കേരളത്തിലെ ഇടുക്കി ജില്ലയിലെ ദേവികുളം താലൂക്കിൽ പെടുന്ന മറയൂരിനടുത്ത് സ്ഥിതി ചെയ്യുന്ന വന്യമൃഗസംരക്ഷണകേന്ദ്രമാണ് ചിന്നാർ വന്യമൃഗസംരക്ഷണകേന്ദ്രം.
- നക്ഷത്ര ആമകൾക്ക് സ്വാഭാവിക ആവാസവ്യവസ്ഥയുള്ള സ്ഥലമാണ് ചിന്നാർ.
- ചിന്നാർ വന്യജീവി സങ്കേതം സ്ഥാപിച്ച വർഷം - 1984
- കേരളത്തിന്റെ ഭാഗമായുള്ള പശ്ചിമ ഘട്ടത്തിലെ മഴനിഴൽ പ്രദേശം : ചിന്നാർ

10. കുറുവ ദ്വീപ് ഏത് നദിയിൽ ആണ് ?

A)ഭവാനി B)കുന്തിപ്പുഴ
C)ഭാരതപ്പുഴ D)കബനി

Answer - D

Solution

- കബനി നദി

കബിനി അഥവാ കപില എന്നും അറിയപ്പെടുന്നു (കബനി എന്നും പറയുന്നു).

- ഈ നദി കാവേരി നദിയുടെ പോഷക നദിയാണ്.
- കേരളം, കർണാടകം എന്നീ രണ്ട് സംസ്ഥാനങ്ങളിൽ കൂടി ഒഴുകുന്നു.
- കേരളത്തിൽ കിഴക്കോട്ടൊഴുകുന്ന മൂന്ന് നദികളിൽ ഏറ്റവും വടക്കേയറ്റത്തുള്ളത് കബിനിയാണ്.
- കുറുവ ദ്വീപ് വയനാട് ജില്ലയിലാണ്.

11. താഴെ കൊടുത്തിരിക്കുന്നവയിൽ പടിഞ്ഞാറൻ തീരസമതലത്തിന്റെ ഭാഗമായി വരുന്ന പ്രദേശം ഏത് ?

A)സുന്ദര വനപ്രദേശം B)കോറമണ്ഡൽ തീരപ്രദേശം
C)വടക്കൻ സിക്കാർസ് തീരപ്രദേശം D)കൊങ്കൺ തീരസമതലം

Answer - D

Solution

- ഇന്ത്യയുടെ പടിഞ്ഞാറൻ തീരപ്രദേശത്തിലെ മലകളുള്ള ഒരു പ്രദേശമാണ് കൊങ്കൺ, കൊങ്കൺ തീരം എന്നീ പേരുകളിൽ അറിയപ്പെടുന്നത്.
- 760കിലോമീറ്റർ തീരമാണ് ഈ പ്രദേശത്തുള്ളത്. മഹാരാഷ്ട്രയുടെയും, ഗോവയുടെയും തീരദേശജില്ലകൾ ഈ പ്രദേശത്തിന്റെ ഭാഗമാണ്.

- കർണാടകത്തിന്റെ തെക്കൻ തീരവും കേരള തീരപ്രദേശവും ഉൾപ്പെടുന്നത് - മലബാർ തീരം.
- തമിഴ്നാട് തീരവും ആന്ധ്രാപ്രദേശിന്റെ തെക്കൻ തീരപ്രദേശവും ഭാഗമായിട്ടുള്ള ഇന്ത്യയുടെ കിഴക്കൻ തീരസമതലം - കോറമാൻഡൽ തീരം.
- ആന്ധ്രാപ്രദേശിന്റെ വടക്കൻ തീരവും, ഒഡീഷയുടെയും പശ്ചിമബംഗാളിന്റെയും തീരപ്രദേശവും ചേരുന്ന ഇന്ത്യയുടെ കിഴക്കൻ തീരസമതലം - വടക്കൻ സിർക്കാർസ്.

12. ധരാതലീയ ഭൂപടങ്ങളിലെ നോർത്തിങ്സ് ഏത് ദിശയിൽ വരച്ചിരിക്കുന്ന രേഖകളാണ് ?

A)കിഴക്ക് പടിഞ്ഞാറ്
B)തെക്ക് പടിഞ്ഞാറ്
C)വടക്ക് കിഴക്ക്
D)തെക്ക് വടക്ക്

Answer - A

Solution

- ചില ധരാതലീയ ഭൂപടങ്ങളിൽ കിഴക്ക്- പടിഞ്ഞാറ് ദിശയിലും, വടക്ക്-തെക്ക് ദിശയിലും ചുവന്ന രേഖകൾ ഉൾപ്പെടുത്തിയിട്ടുണ്ടാകും.
- വലിയ തോതിൽ നിർമിക്കപ്പെട്ട ധരാതലീയ ഭൂപടങ്ങളിലെ ചെറിയ ഭൂസവിശേഷതകളുടെ സ്ഥാനിർണയം കൃത്യമായി നടത്താൻ വേണ്ടിയാണിത്.
- നോർത്തിങ്സ് (Northings) എന്ന് കിഴക്ക് പടിഞ്ഞാറ് ദിശയിലുള്ള വരകളും ഈസ്റ്റിങ്സ് (Eastings) എന്ന് വടക്ക്-തെക്ക് ദിശയിലെ വരകളും അറിയപ്പെടുന്നു.

13. ഇടുക്കി ഡാമിന്റെ പരമാവധി ജലസംഭരണശേഷി എത്ര അടിയാണ് ?

A)2304 അടി
B)2430 അടി
C)2403 അടി
D)2340 അടി

Answer - C

Solution

- കേരളത്തിലെ ഇടുക്കി ജില്ലയിൽ പെരിയാർ നദിയിൽ നിർമ്മിച്ചിരിക്കുന്ന അണക്കെട്ടാണ് ഇടുക്കി അണക്കെട്ട്.
- വാഴത്തോപ്പ് ഗ്രാമപഞ്ചായത്തിലെ ചെറുതോണിയിലാണ് അണക്കെട്ട് സ്ഥിതി ചെയ്യുന്നത്.
- കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡിനാണ് വൈദ്യുതോല്പാദനത്തിനായി നിർമ്മിച്ചിരിക്കുന്ന അണക്കെട്ടിന്റെ ഉടമസ്ഥാവകാശം.
- ഏഷ്യയിലെ ആദ്യത്തെ കമാന അണക്കെട്ടാണിത്. 1976 ഫെബ്രുവരി 12 ന് അന്നത്തെ ഇന്ത്യൻ പ്രധാനമന്ത്രി ഇന്ദിരാഗാന്ധി ഇടുക്കി ജലവൈദ്യുത പദ്ധതി ഉദ്ഘാടനം ചെയ്തു.

14. ഭൂമിയുടെ ഉൾഭാഗത്തുള്ള അകക്കാമ്പ് ഏത് അവസ്ഥയിലാണ് സ്ഥിതി ചെയ്യുന്നത് ?

A)ഖരം
B)ദ്രാവകം
C)വാതകം
D)പ്ലാസ്മ

Answer - A

Solution

- ഭൂമിയുടെ ഏറ്റവും ഉള്ളിലുള്ള പാളിയെയാണ് അകക്കാമ്പ് എന്നു വിളിക്കുന്നത്.
- ഇതിന്റെ ഒരു ഭാഗം ഇരുമ്പ് പരലുകളാണെന്നു കരുതപ്പെടുന്നു.
- അകക്കാമ്പിന്റെ ചൂട് സൗരോപരിതലത്തിലെ ചൂടിനോടടുത്ത് 6000 ഡിഗ്രി സെന്റിഗ്രേഡ് ആണെന്നും കരുതപ്പെടുന്നു.
- ഇവിടത്തെ ഉയർന്ന മർദ്ദം കാരണം അകക്കാമ്പ് ഖരാവസ്ഥയിൽ കാണപ്പെടുന്നു.

15. വടക്കേ അമേരിക്കയിലെ റോക്കി പർവ്വതനിരയുടെ കിഴക്കൻ ചെരിവിലൂടെ വീശുന്ന ഉഷ്ണക്കാറ്റ് ഏത്?

A)ചിനൂക്ക്
B)ഫൊൻ
C)ലൂ
D)ഹർമാറ്റൻ

Answer - A

Solution

- വടക്കേ അമേരിക്കയിലെ റോക്കി പർവ്വതനിരയുടെ കിഴക്കൻ ചെരിവിലൂടെ വീശുന്ന ഉഷ്ണക്കാറ്റാണ് ചിനൂക്ക്.
- കേരളത്തിലും കർണാടകയുടെ തീരങ്ങളിലും വേനൽകാലത്ത് ഇടിയോടു കൂടിയ മഴക്ക് കാരണമാവുന്ന മേഘങ്ങൾ - മാംഗോ ഷവർ
- പടിഞ്ഞാറൻ ആഫ്രിക്കയിൽ വീശുന്ന വരണ്ട കാറ്റ് - ഹർമാറ്റൻ
- യൂറോപ്യൻ ചിനൂക്ക് എന്നറിയപ്പെടുന്നത് - ഫൊൻ

16. ഇന്ത്യയിലെ ഏറ്റവും വലിയ ധാതു അധിഷ്ഠിത വ്യവസായം ?

A)മാംഗനീസ് വ്യവസായം
B)ഇരുമ്പുരുക്ക് വ്യവസായം
C)ചെമ്പ് വ്യവസായം
D)ബോക്സൈറ് വ്യവസായം

Answer - B

Solution

- ഇന്ത്യയിലെ ആധുനിക വ്യവസായത്തിന്റെ പിതാവ് എന്നറിയപ്പെടുന്നത് - ജാംഷെഡ് ജി ടാറ്റ.
- 1991-ലാണ് ഇന്ത്യയിൽ പുതിയ വ്യവസായനയം പ്രഖ്യാപിച്ചത്.
- റൂർക്കേല സ്റ്റീൽ പ്ലാന്റ് ഒറീസ്സയിൽ ജർമൻ സഹകരണത്തോടെയാണ് സ്ഥാപിച്ചത്.
- ഇന്ത്യയിലെ ആദ്യത്തെ വൻകിട ഇരുമ്പുരുക്കു ശാലയാണ് 1907-ൽ,

ജാർഖണ്ഡിലെ ജംഷെഡ്പൂരിൽ സ്ഥാപിതമായ ടാറ്റ സ്റ്റീൽ പ്ലാന്റ്.

17. സിക്കിമിനെയും ടിബറ്റിനെയും തമ്മിൽ ബന്ധിപ്പിക്കുന്ന ചുരം?

A)ബോംഡില ചുരം
B)ബനിഹാൽ
C)ഷിപ്കില ചുരം
D)നാഥുലാ ചുരം

Answer - D

Solution

- നാഥുലാ ചുരം സ്ഥിതിചെയ്യുന്ന സംസ്ഥാനം - സിക്കിം
- സിക്കിമിനെയും ടിബറ്റിനെയും തമ്മിൽ ബന്ധിപ്പിക്കുന്ന ചുരം - നാഥുലാ ചുരം
- നാഥുലാ ചുരം ആദ്യമായി അടച്ച വർഷം - 1962
- നാഥുലാ ചുരം ആദ്യമായി അടയ്ക്കാനുള്ള കാരണം - ഇന്ത്യ ചൈന യുദ്ധം

18. ലോകത്തിലെ മൂന്നാമത്തെ വലിയ വജ്രം ഖനനം ചെയ്തെടുത്തത് എവിടെ നിന്നാണ്?

A)കിംബർലി
B)സൈബീരിയ
C)പ്രിട്ടോറിയ
D)ബോട്സ്വാന

Answer - D

Solution

- ലോകത്തെ മൂന്നാമത്തെ വലിയ വജ്രം ആഫ്രിക്കൻ രാജ്യമായ ബോട്സ്വാനയിൽനിന്നു കണ്ടെത്തി.
- 1098 കാരറ്റുള്ള മൂന്ന് ഇഞ്ച് നീളമുള്ള വജ്രമാണ് കണ്ടെത്തിയത്.
- വജ്രങ്ങളാൽ ഏറ്റവും സമ്പന്നമായ ജ്വാനെംഗ് ഖനിയിൽ നിന്ന് ഡെബ്സ്വാന ഡയമണ്ട് കമ്പനിയാണ് മൂന്നാമത്തെ വലിയ വജ്രം കുഴിച്ചെടുത്തത്.
- 1905 -ൽ ദക്ഷിണാഫ്രിക്കയിൽ നിന്ന് കണ്ടെത്തിയ 3,106 കാരറ്റ് കുള്ളിനൻ വജ്രമാണ് ഇതുവരെ കണ്ടെത്തിയതിൽ ഏറ്റവും വലിയ വജ്രം.
- രണ്ടാമത്തെ ഏറ്റവും വലിയ വജ്രം 1,109 കാരറ്റുള്ള ലെസെഡി ലാ റോണയാണ്.
- ആഫ്രിക്കൻ രാജ്യങ്ങളിൽ ഏറ്റവും കൂടുതൽ വജ്രം കുഴിച്ചെടുക്കുന്ന രാജ്യമാണ് ബോട്സ്വാന.

19. കേരളത്തിലെ നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം നിലവിൽ വന്നത് ?

A)2008 ഓഗസ്റ്റ് 11
B)2011 ഓഗസ്റ്റ് 11
C)2018 ഓഗസ്റ്റ് 15
D)2011 ഓഗസ്റ്റ് 15

Answer - A

Solution

- കേരള നെൽവയൽ തണ്ണീർത്തട നിയമം പാസ്സാക്കിയത് - 2008

•നെൽവയൽ തണ്ണീർത്തട ചട്ടം നിലവിൽ വന്നപ്പോൾ കേരള മുഖ്യമന്ത്രി - വി എസ് അച്യുതനാനന്ദൻ
•കേരള നെൽവയൽ തണ്ണീർത്തട നിയമം ഭേദഗതി ചെയ്തത് - 2018 ഡിസംബർ 15

20. ഇന്ത്യയിലെ ആദ്യത്തെ ദേശീയ ജലപാത ?
A)അലഹബാദ്-ഹാൽഡിയ
B)സാദിയ-ദുബ്രി
C)കാക്കിനട-പുതുച്ചേരി
D)കൊല്ലം-കോഴിക്കോട്

Answer - A
Solution
•ഇന്ത്യയിലെ ഉൾനാടൻ ജലഗതാഗത അതോറിറ്റി രൂപീകൃതമായ വർഷം - 1986 ഒക്ടോബർ 2.
•എൻ ഡബ്ല്യു 1 : അലഹബാദ്-ഹാൽഡിയ.
•എൻ ഡബ്ല്യു 2 : സാദിയ-ദുബ്രി.
•എൻ ഡബ്ല്യു 3 : കൊല്ലം-കോഴിക്കോട്.
•എൻ ഡബ്ല്യു 4 : കാക്കിനട-പുതുച്ചേരി.

21. കേരള കൃഷിവകുപ്പിൻറെ സേവനങ്ങൾ ടെക്നോളജിയുടെ സഹായത്തോടെ കർഷകരിൽ എത്തിക്കാൻ ആവിഷ്കരിച്ച പദ്ധതിയായ ' A I M S' ന്റെ പൂർണരൂപം ?
A)അഗ്രിക്കൾച്ചർ ഇൻഫ്രാസ്ട്രെച്ചർ മാനേജ്മെൻറ് സിസ്റ്റം
B)അഗ്രിക്കൾച്ചർ ഇൻഫോർമേഷൻ മാനേജ്മെൻറ് സൊലൂഷൻ
C)അഗ്രിക്കൾച്ചർ ഇൻഫോർമേഷൻ മാനേജ്മെൻറ് സിസ്റ്റം
D)അഗ്രിക്കൾച്ചർ ഇൻഫ്രാസ്ട്രെച്ചർ മാനേജ്മെൻറ് സൊലൂഷൻ

Answer - C
Solution
•AIMS- ന്റെ പ്രധാന ഘടകമാണ് സ്മാർട്ട്(SMART).
•ഇത് കർഷകരുടെ അപേക്ഷകൾ പ്രോസസ്സ് ചെയ്യുന്നതിന് വർക്ക് ഫ്ലോ അടിസ്ഥാനമാക്കിയുള്ള ക്ലെയിം പ്രോസസ്സിംഗ് സ്യൂട്ട് നൽകുന്നു .
•ഒറ്റ തവണ രജിസ്ട്രേഷനിലൂടെ കിട്ടുന്ന തിരിച്ചറിയൽ രേഖയിലൂടെ ഭാവിയിൽ കൃഷി അനുകൂല്യങ്ങൾ കർഷകർക്ക് ലഭ്യമാകും.

22. ഇന്ത്യൻ മഹാസമുദ്രത്തിന്റെ ആകെ വിസ്തൃതി ?
A)165.2 ലക്ഷം ച. കി .മി
B)73.4 ലക്ഷം ച. കി .മി
C)82.4 ലക്ഷം ച. കി .മി
D)14.09 ലക്ഷം ച. കി .മി

Answer - B
Solution
•വലുപ്പത്തിൽ മൂന്നാം സ്ഥാനത്താണ് ഇന്ത്യൻ മഹാസമുദ്രം .

- പ്രാചീന കാലത്തു രത്നാകര എന്നറിയപ്പെട്ടിരുന്നു.
- ഏറ്റവും ചെറിയ സമുദ്രം - ആർട്ടിക് സമുദ്രം .
- ഏറ്റവും വലിയ മഹാസമുദ്രം - പസഫിക് സമുദ്രം .

23. കേരളത്തിന്റെ ഭാഗം അല്ലാത്ത ഭൂപ്രകൃതി വിഭാഗം ?

A)മലനാട്
B)ഇടനാട്
C)മരുപ്രദേശം
D)തീരപ്രദേശം

Answer - C

Solution

- മലനാട്, ഇടനാട്, തീരപ്രദേശം എന്നിവയാണ് കേരളത്തിനെ ഭൂപ്രകൃതി വിഭാഗങ്ങൾ .
- കേരളത്തിൽ ആകെ ഭൂപ്രകൃതിയുടെ 48 ശതമാനം ആണ് മലനാട്.
- കേരളത്തിൽ ആകെ ഭൂപ്രകൃതിയുടെ 42 ശതമാനം ആണ് ഇടനാട്.
- കേരളത്തിൽ ആകെ ഭൂപ്രകൃതിയുടെ 10 ശതമാനം ആണ് തീരപ്രദേശം.

24. കേരള ദുരന്ത നിവാരണ അതോറിറ്റിയുമായി ബന്ധപ്പെട്ട തെറ്റായ പ്രസ്താവന / പ്രസ്താവനകൾ ഏവ ?

- 2005-ലെ ദുരന്ത നിവാരണ നിയമപ്രകാരം സ്ഥാപിച്ചു.
- 'സുരക്ഷായനം' എന്നതാണ് ആപ്തവാക്യം.
- ദുരന്ത നിവാരണ അതോറിറ്റിയുടെ ചെയർമാൻ മുഖ്യമന്ത്രിയാണ്.
- 2008 മെയ് 4 നാണ് കേരളത്തിലെ ആദ്യ ദുരന്ത നിവാരണ അതോറിറ്റി നിലവിൽ വന്നത്.

A)നാല് മാത്രം
B)മൂന്ന് മാത്രം
C)ഒന്നും നാലും
D)രണ്ടും നാലും

Answer - A

Solution

- നാലാമത്തെ പ്രസ്താവന തെറ്റാണ് കാരണം, 2007 മെയ് 4 നാണ് കേരളത്തിലെ ആദ്യ ദുരന്ത നിവാരണ അതോറിറ്റി നിലവിൽ വന്നത്.
- ദേശീയ ദുരന്ത നിവാരണ നിയമം-2005 അനുസരിച്ച് സംസ്ഥാനത്ത് രൂപീകൃതമായ ഏജൻസിയാണ് സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി.
- 2007-ൽ നിലവിൽ വന്നു.
- മുഖ്യമന്ത്രി ചെയർമാനും സംസ്ഥാന റവന്യുമന്ത്രി വൈസ്ചെയർമാനുമായ ഒരു സ്റ്റേറ്റ് എക്സിക്യൂട്ടീവ് കമ്മിറ്റിയാണ് ദുരന്തനിവാരണ അതോറിറ്റിയുടെ ഭരണ നിർവഹണസമിതി.
- സംസ്ഥാനത്തിന് ഒരു ദുരന്തനിവാരണനയം രൂപീകരിക്കുക, പ്രകൃതി ദുരന്ത സാധ്യതയുള്ള മേഖലകൾ നിർണയിക്കുക, വിവിധ വകുപ്പുകളെ ഉൾപ്പെടുത്തി ദുരന്തനിവാരണ പദ്ധതികൾ ആസൂത്രണം ചെയ്യുക തുടങ്ങിയവയാണ് അതോറിറ്റിയുടെ ലക്ഷ്യങ്ങൾ.

25. താഴെ തന്നിരിക്കുന്നതിൽ ശരിയായ ജോഡി ഏതാണ് ?
1.ഭിലായ് - ഒഡീഷ
2.റൂർക്കേല - ഛത്തീസ്ഗഡ്
3.ദുർഗാപുർ - പശ്ചിമബംഗാൾ
4.ബൊക്കാറോ - ജാർഖണ്ഡ്
A)1,3 B)2,3
C)3,4 D)1,4

Answer - C
Solution
- ഭിലായ് ഇരുമ്പുരുക്ക് ശാല - ഛത്തീസ്ഗഡ് , സഹായിച്ചത് - റഷ്യ
- ബൊക്കാറോ ഉരുക്ക് നിർമാണ ശാല - ജാർഖണ്ഡ് , സഹായിച്ചത് - റഷ്യ
- റൂർക്കേല ഇരുമ്പുരുക്ക് ശാല - ഒഡീഷ , സഹായിച്ചത് - ജർമ്മനി
- ദുർഗാപൂർ ഇരുമ്പുരുക്ക് ശാല - പശ്ചിമബംഗാൾ , സഹായിച്ചത് - ബ്രിട്ടൻ

26. താഴെ തന്നിരിക്കുന്ന പ്രസ്താവനകൾ നിരീക്ഷിക്കുക:
1.ഇന്ത്യയിലെ മുഖ്യ താപോർജ്ജ സ്രോതസ്സാണ് കൽക്കരി.
2.പ്രധാന വ്യാവസായിക ഇന്ധനമാണ് കൽക്കരി.
3.ബിറ്റുമിനസ് വിഭാഗത്തിൽ പെട്ട കൽക്കരി ആണ് കൂടുതലായും കാണപ്പെടുന്നത്.
4.മഹാരാഷ്ട്രയിലെ മുംബൈ - ഹൈ ആണ് ഇന്ത്യയിലെ ഏറ്റവും വലിയ കൽക്കരി പാടം.
ഇവയിൽ ശരിയായവ ഏതൊക്കെ ?
A)1,2 B)1,2,3
C)2,3,4 D)2,4

Answer - B
Solution
- ഏറ്റവും കൂടുതൽ ആയി കാണപ്പെടുന്ന ഫോസിൽ ഇന്ധനം - കൽക്കരി.
- കൽക്കരി ഉല്പാദിപ്പിക്കുന്ന ഇന്ത്യയിലെ പ്രദേശങ്ങൾ - റാണി ഗാംച്, ജാരിയ , ധൻബാദ് , ബൊക്കാറോ.
- ഇന്ത്യയിലെ പ്രധാന കൽക്കരി ഖനികൾ - ജാരിയ, ബൊക്കാറോ, റാണിഗഞ്ച്, കോർബ, താൽച്ചർ മുതലായവ
- ഇന്ത്യയിലെ ഏറ്റവും വലിയ ഊർജ സ്രോതസ് - താപവൈദ്യുതി നിലയം.
- ഇന്ത്യയുടെ പവർ ഹൗസ് എന്നറിയപ്പെടുന്ന സംസ്ഥാനം - മഹാരാഷ്ട്ര.
80% കാർബൺ അടങ്ങിയ കൽക്കരിയിനം - 'അന്ത്രാസൈറ്റ്
- ഇന്ത്യയിൽ കൽക്കരി നിക്ഷേപത്തിൽ മുന്നിൽ നിൽക്കുന്ന സംസ്ഥാനം ജാർഖണ്ഡ്
- ഇന്ത്യയിൽ ബ്രൗൺ കോൾ എന്നറിയപ്പെടുന്ന കൽക്കരിയിനം ലിഗ്നൈറ്റ് കൂടുതൽ ഉൽപ്പാദിപ്പിക്കുന്ന സംസ്ഥാനം - തമിഴ്നാട്

27. ഇന്ത്യയിൽ ഏറ്റവും കൂടുതൽ ബോക്സൈറ്റ് ഉൽപ്പാദിപ്പിക്കുന്നത് താഴെ പറയുന്നവയിൽ ഏത് സംസ്ഥാനമാണ്?

A)ഒഡീഷ
B)ജാർഖണ്ഡ്
C)ഗുജറാത്ത്
D)ബീഹാർ

Answer - A

Solution

- ബോക്സൈറ്റ് എന്ന അയിരിൽ നിന്നാണ് അലൂമിനിയം പ്രധാനമായും ലഭിക്കുന്നത്. അലൂമിനിയവും അതിന്റെ ലോഹസങ്കരങ്ങളും വ്യാവസായികപ്രാധാന്യമുള്ള വളരെയധികം ഉൽപ്പന്നങ്ങളുടെ നിർമ്മാണത്തിനായി ഉപയോഗിക്കുന്നു. വിമാനങ്ങളുടെ നിർമ്മാണം ഇതിൽ ഒന്നാണ്.
- ഏറ്റവും കൂടുതൽ ഇരുമ്പയിര് ഉത്പാദിപ്പിക്കുന്ന സംസ്ഥാനങ്ങൾ - ഒഡീഷ ഛത്തീസ്ഗഢ്, കർണാടക, ജാർഖണ്ഡ്
- നിക്കലിന്റെ നിക്ഷേപം കൂടുതൽ കാണുന്നത് - ഒഡീഷ
- ഏറ്റവും കൂടുതൽ സ്വർണം ഉത്പാദിപ്പിക്കുന്ന ഇന്ത്യൻ സംസ്ഥാനങ്ങൾ - കർണാടക, ആന്ധ്രാപ്രദേശ്

28. താഴെ പറയുന്നവരിൽ കേരള ദുരന്ത നിവാരണ അതോറിറ്റിയിൽ മെമ്പറല്ലാത്തത്?

1) മുഖ്യമന്ത്രി
2) റവന്യൂവകുപ്പ് മന്ത്രി
3) ആരോഗ്യവകുപ്പ് മന്ത്രി
4) കൃഷിവകുപ്പ് മന്ത്രി

A)രണ്ടും നാലും
B)നാല് മാത്രം
C)മൂന്നും നാലും
D)മൂന്ന് മാത്രം

Answer - D

Solution

- 2005ലെ ഡിസാസ്റ്റർ മാനേജ്മെന്റ് ആക്ട് (2005ലെ സെൻട്രൽ ആക്ട് 53) പ്രകാരം രൂപീകരിച്ചിട്ടുള്ള നിയമപരമായ സ്ഥാപനമാണ് സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി.
- കേരള മുഖ്യമന്ത്രിയുടെ അധ്യക്ഷതയിലാണ് കേരള സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി.
- അപകടങ്ങളിൽ നിന്നുള്ള നഷ്ടം കുറയ്ക്കുകയോ ഒഴിവാക്കുകയോ ചെയ്യുക, ദുരന്തബാധിതർക്ക് യഥാസമയം ഉചിതമായ സഹായം ഉറപ്പാക്കുക, ദ്രുതവും ഫലപ്രദവുമായ വീണ്ടെടുക്കൽ കൈവരിക്കുക എന്നിവയാണ് ദുരന്ത നിവാരണ അതോറിറ്റി ലക്ഷ്യമിടുന്നത്.

29. കേരള കൃഷിവകുപ്പിനു കീഴിലുള്ള സംസ്ഥാന കീടനിരീക്ഷണ കേന്ദ്രം (Kerala Centre for Pest Management)സ്ഥിതി ചെയ്യുന്നത് ഏത്

ജില്ലയിലാണ്?

A)കണ്ണൂർ
B)ആലപ്പുഴ
C)തൃശ്ശൂർ
D)കൊല്ലം

Answer - B

Solution

- കൃഷി വകുപ്പിന് കീഴിലുള്ള കീട നിരീക്ഷണ യൂണിറ്റാണ് കെ.സി.പി.എം.
- കേരളത്തിലെ ആലപ്പുഴ ജില്ലയിലെ മങ്കൊമ്പിൽ സ്ഥിതി ചെയ്യുന്ന കേന്ദ്രം, അവശ്യ സസ്യ സംരക്ഷണ പ്രവർത്തനങ്ങളെക്കുറിച്ച് കർഷകരെ ബോധവാന്മാരാക്കുകയെന്ന ലക്ഷ്യത്തോടെയാണ് പ്രവർത്തിക്കുന്നത്.
- ശാസ്ത്രീയമായ സാങ്കേതിക വിദ്യകൾ അവലംബിച്ചുകൊണ്ട് നെൽവയലുകളെ കീട-രോഗ നിരീക്ഷണ കേന്ദ്രം ഏറ്റെടുത്തു.

30. ധരാതലീയ ഭൂപടങ്ങളുടെ ഡിഗ്രിഷീറ്റുകളുടെ അക്ഷാംശ രേഖാംശ വ്യാപ്തി എത്ര?

A)4 ഡിഗ്രി അക്ഷാംശ-രേഖാംശ വ്യാപ്തി
B)1 ഡിഗ്രി അക്ഷാംശ-രേഖാംശ വ്യാപ്തി
C)15 ഡിഗ്രി അക്ഷാംശ-രേഖാംശ വ്യാപ്തി
D)10 ഡിഗ്രി അക്ഷാംശ-രേഖാംശ വ്യാപ്തി

Answer - B

Solution

- ലോകമെമ്പാടുമുള്ള 360 ഡിഗ്രി മുഴുവൻ കടന്നുപോകാൻ സൂര്യൻ 24 മണിക്കൂർ സമയമെടുക്കും.
- അതിനാൽ 15 ഡിഗ്രി രേഖാംശത്തിനും വിശ്രമത്തിനും തുല്യമായ ഒരു മണിക്കൂർ സമയം കണ്ടെത്താനാകും.
- ഭൂമധ്യരേഖയിൽ, 1° രേഖാംശവും 1° അക്ഷാംശവും ഉള്ള ഒരു ഗ്രിഡ് ഏകദേശം 3,600 ചതുരശ്ര മൈൽ ഉൾക്കൊള്ളുന്നു.

31. ഇന്ത്യയിലെ ആദ്യത്തെ ധാന്യ എ.ടി.എം. പ്രവർത്തിച്ചു തുടങ്ങിയത് എവിടെ?

A)മുംബൈ
B)ബംഗാൾ
C)ഗുരുഗ്രാം
D)തിരുവനന്തപുരം

Answer - C

Solution

- രാജ്യത്തെ ആദ്യത്തെ ഭക്ഷ്യധാന്യ എ.ടി.എം 'അന്നപൂർതി' ഹരിയാനയിലെ ഗുരുഗ്രാം ജില്ലയിലാണ്.
- ഹരിയാന സർക്കാർ ഗുരുഗ്രാമിലെ ഫറൂഖ്നഗറിൽ ഭക്ഷ്യധാന്യങ്ങൾ വിതരണം ചെയ്യുന്നതിനായി ആദ്യത്തെ എ.ടി.എം മെഷീൻ സ്ഥാപിച്ചു, അത് ഗോതമ്പ്, അരി, തിന എന്നിവ മൂന്ന് തരം ധാന്യങ്ങൾ നൽകും.

•ഈ എടിഎമ്മിന്റെ ഉദ്ദേശ്യം സർക്കാർ നടത്തുന്ന റേഷൻ കടകളിൽ ധാന്യങ്ങളുടെ വിതരണം എളുപ്പമാക്കുക എന്നതാണ്.

32. പടിഞ്ഞാറോട്ടൊഴുകുന്ന ഉപദ്വീപീയ നദികൾ ഏതെല്ലാം ?

A)മഹാനദി,ഗോദാവരി
B)കൃഷ്ണ, കാവേരി
C)നർമദ, താപ്തി
D)സോൺ, ചമ്പൽ

Answer - C

Solution

•6 പ്രധാനപ്പെട്ട ഉപദ്വീപീയ നദികളുണ്ട്.
•4 നദികൾ കിഴക്കോട്ടും, 2 നദികൾ പടിഞ്ഞാറോട്ടും ഒഴുകുന്നു.
•കിഴക്കോട്ട് ഒഴുകുന്നവ : ഗോദാവരി, കാവേരി, കൃഷ്ണ, മഹാനദി.
•പടിഞ്ഞാറോട്ട് ഒഴുകുന്നവ : നർമ്മദ, താപ്തി.

33. ഇന്ത്യയുടെ ആദ്യത്തെ അന്റാർട്ടിക് ഗവേഷണ കേന്ദ്രം?

A)മൈത്രി
B)ഭാരതി
C)ഹിമാദ്രി
D)ദക്ഷിണ ഗംഗോത്രി

Answer - D

Solution

•മൈത്രി ഇന്ത്യയുടെ അന്റാർട്ടിക്കയിലുള്ള രണ്ടാമത്തെ ഗവേഷണകേന്ദ്രമാണ്. 1989-ൽ ആണ് നിർമ്മാണം പൂർത്തിയായത്.
•ഇന്ത്യയുടെ ആദ്യത്തെ കേന്ദ്രമായ ദക്ഷിണ ഗംഗോത്രി മഞ്ഞു മൂടി ഉപേക്ഷിക്കേണ്ട വന്ന സാഹചര്യത്തിലാണ് ഇത് നിർമ്മിച്ചത്.
•മൈത്രി, ഷിർമാക്കർ മരുപ്പച്ച എന്ന പാറക്കുന്നുകൾ നിറഞ്ഞ പ്രദേശത്താണ് സ്ഥിതി ചെയ്യുന്നത്. മഞ്ഞുകാലത്ത് 25 ആളുകളെ വരെ ഉൾക്കൊള്ളാൻ ഈ കേന്ദ്രത്തിനു കഴിയും.
•പ്രിയദർശിനി തടാകം എന്ന് നാമകരണം ചെയ്യപ്പെട്ട, ഗവേഷണ കേന്ദ്രത്തിനു മുൻപിലുള്ള തടാകത്തിൽ നിന്നാണ് കേന്ദ്രത്തിനാവശ്യമായ ശുദ്ധജലം ലഭിക്കുന്നത്.

34. സമുദ്രനിരപ്പിൽ നിന്ന് ഏകദേശം 75 മീറ്റർ കൂടുതൽ ഉയരമുള്ള കേരളത്തിന്റെ ഭൂപ്രദേശം?

A)ഇടനാട്
B)മലനാട്
C)തീരപ്രദേശം
D)സമതലം

Answer - B

Solution

•മലനാട് - കേരളത്തിന്റെ കിഴക്ക് ഭാഗത്ത് സ്ഥിതി ചെയ്യുന്നു.
•സമുദ്രനിരപ്പിൽ നിന്ന് 75മീറ്ററിൽ കൂടുതൽ ഉയരമുള്ള പ്രദേശങ്ങൾ. 18653 ച.കി.മീറ്റർ വിസ്തൃതിയുള്ള കേരളത്തിന്റെ 48 ശതമാനവും മലനാടാണ്.

മലനാട് പ്രദേശത്ത് കൃഷി ചെയ്യുന്ന പ്രധാന കാർഷിക വിളകൾ - തേയില , കാപ്പി, ഏലയ്ക്ക .

35. ശരിയായ ജോഡി കണ്ടെത്തുക :
1'.പോങ് ഡാം - ചമ്പൽ
2.മേട്ടൂർ ഡാം - കാവേരി
3.തെഹരി ഡാം - ഭഗീരഥി നദി
4.ജവഹർ സാഗർ ഡാം - ബിയാസ്
A)1,4 B)2,3
C)3,4 D)1,2

Answer - B
Solution
- പോങ് ഡാം സ്ഥിതിചെയ്യുന്നത് ഹിമാചൽ പ്രദേശിലെ ബിയാസ് നദിയിൽ ആണ്.
- മേട്ടൂർ ഡാം കാവേരി നദിക്ക് കുറുകെ തമിഴ്നാട്ടിൽ സ്ഥിതി ചെയ്യുന്നു.
- ഉത്തർഖണ്ഡിലെ ഭാഗീരഥി നദിക്കു കുറുകെയാണ് തെഹരി ഡാം.
- ജവഹർ സാഗർ ഡാം ചമ്പൽ നദിയിൽ ആണ് സ്ഥിതി ചെയ്യുന്നത്.

36. പശ്ചിമഘട്ടത്തിൽ ഉൾപ്പെടാത്ത സംസ്ഥാനമേത്?
A)കർണ്ണാടക B)രാജസ്ഥാൻ
C)ഗുജറാത്ത് D)തമിഴ്നാട്

Answer - B
Solution
- ഡക്കാൻ പീഠഭൂമിയുടെ പടിഞ്ഞാറേ അതിരിലൂടെ അറബിക്കടലിനു സമാന്തരമായി സ്ഥിതി ചെയ്യുന്ന പർവ്വത നിരയാണ് പശ്ചിമഘട്ടം.
- സഹ്യാദ്രി, സഹ്യപർവ്വതം എന്നിങ്ങനെയും അറിയപ്പെടുന്ന ഈ പർവ്വത നിരകൾ ഇന്ത്യയിലെ ഗുജറാത്ത്, മഹാരാഷ്ട്ര, ഗോവ, കർണാടക, കേരളം, തമിഴ്നാട് എന്നീ സംസ്ഥാനങ്ങളിലായി വ്യാപിച്ചു കിടക്കുന്നു.

പശ്ചിമ ഘട്ടത്തിലെ ഏറ്റവും ഉയർന്ന ഭാഗം ആനമുടി. ഇന്ത്യയിലെ ഏറ്റവും പ്രധാനപ്പെട്ട ചെങ്കുത്തായ മലനിര. ഇടതൂർന്ന നിത്യഹരിതവനങ്ങൾ കൊണ്ട് പശ്ചിമഘട്ടം ആവരണം ചെയ്യപ്പെട്ടിരിക്കുന്നു.

37. ധാതുക്കളുടെ ശേഖരമുള്ള സ്ഥലം ലിസ്റ്റ് 1 ലും അവിടെ ഏറ്റവും കൂടുതൽ കാണപ്പെടുന്ന ധാതുക്കൾ ലിസ്റ്റ് 2 ലും നൽകിയിരിക്കുന്നു. ശരിയായ ജോഡികൾ കണ്ടെത്തി ഉത്തരം നൽകുക :

ലിസ്റ്റ് 1	**ലിസ്റ്റ് 2**
(I) മയൂർഭഞ്ജ്	(a) കൽക്കരി

(II)കോലാർ	(b) ചെമ്പ്
(III) റാണിഗഞ്ച്	(c) സ്വർണ്ണം
(IV)മലഞ്ച്ഖണ്ഡ്	(d) ഇരുമ്പ്

A)I(a), II(c), III(b), IV(d)
B)I(b), II(d), III(c), IV(a)
C)I(d), II(c), III(a), IV(b)
D)I(d), II(c), III(b), IV(a)

Answer - C

Solution

ലിസ്റ്റ് 1	**ലിസ്റ്റ് 2**
(I) മയൂർഭഞ്ജ്	(d) ഇരുമ്പ്
(II)കോലാർ	(c) സ്വർണ്ണം
(III) റാണിഗഞ്ച്	(a) കൽക്കരി
(IV)മലഞ്ച്ഖണ്ഡ്	(b) ചെമ്പ്

38. ഭൂമിയുടെ ആന്തരിക ഘടനയുമായി ബന്ധപ്പെട്ട ശരിയായ പ്രസ്താവന ഏത്?

1.ഭൂവൽക്കത്തിലെ ഭൂഖണ്ഡങ്ങളുടെ ഭാഗം SIAL എന്നും സിയാലിന് താഴെ കടൽത്തറ ഭാഗം സിമ എന്നും അറിയപ്പെടുന്നു
2.ഭൂവൽക്കവും മാന്റിലും തമ്മിൽ വേർതിരിക്കുന്ന വരമ്പാണ് ഗുട്ടൻബർഗ് വിച്ഛിന്നത
3.ഭൂവൽക്കവും പുറക്കാമ്പും ചേരുന്നതാണ് ലിത്തോസ്ഫിയർ
4.മാന്റിലിന്റെ ദുർബലമായ മുകൾ ഭാഗത്തെ അസ്തനോസ്ഫിയർ എന്ന് വിളിക്കുന്നു

A)1,4 B)3,4
C)2,3 D)2,4

Answer - A

Solution

- സിലിക്കൺ, അലുമിനിയം എന്നീ മൂലകങ്ങൾ പ്രധാനമായും അടങ്ങിയിരിക്കുന്ന ഭൂവൽക്കത്തിലെ കര ഭാഗത്തെ സിയാൽ എന്നറിയപ്പെടുന്നു.
- സിലിക്കൺ, മഗ്നീഷ്യം എന്നീ മൂലകങ്ങൾ കൂടുതലായും കാണപ്പെടുന്ന കടൽത്തറ ഭാഗം സിമ എന്നറിയപ്പെടുന്നു.
- ഭൂമിയുടെ പുറംതോടും ഭൂമിയുടെ പുറം ആവരണവും ചേരുന്നതാണ് ലിത്തോസ്ഫിയർ.
- ഭൂവൽക്കത്തിൽ ഏറ്റവും കൂടുതലായി കാണപ്പെടുന്ന ലോഹം -

അലുമിനിയം.
• ഭൂവൽക്കത്തിന്റെ അതിർവരമ്പ് അറിയപ്പെടുന്നത് - മൊഹാറോ വിസിക് വിച്ഛിന്നത.
• മാന്റലിന്റെ അതിർവരമ്പ് അറിയപ്പെടുന്നത് - ഗുട്ടൻബർഗ് വിച്ഛിന്നത.
• ഇരുമ്പിന്റെയും നിക്കലിന്റെയും മിശ്രിതമായ അകക്കാമ്പ് അറിയപ്പെടുന്നത് - നിഫെ.

39. താഴെ പറയുന്നവയിൽ ശരിയായ ജോഡിയേത്?
1.ട്രോപോസ്ഫിയർ - കാലാവസ്ഥ പ്രതിഭാസങ്ങൾ
2.അയണോസ്ഫിയർ - റേഡിയോ തരംഗങ്ങൾ
3.സ്ട്രാറ്റോസ്ഫിയർ - അറോറ
4.മിസോസ്ഫിയർ - ഓസോൺ പാളി
A)2,3 B)1,2
C)3,4 D)1,4

Answer - B
Solution
അന്തരീക്ഷത്തിൽ പ്രവേശിക്കുമ്പോൾ ഉൽക്കകൾ കത്തുന്ന പാളി - മീസോസ്ഫിയർ.
• ദീർഘദൂര റേഡിയോ പ്രക്ഷേപണം സാധ്യമാക്കുന്ന അന്തരീക്ഷപാളി - അയണോസ്ഫിയർ.
• ഓസോൺ പാളി സ്ഥിതി ചെയ്യുന്ന അന്തരീക്ഷ പാളി - സ്ട്രാറ്റോസ്ഫിയർ.
• അറോറ പ്രതിഭാസം കാണപ്പെടുന്ന അന്തരീക്ഷ പാളി - അയണോസ്ഫിയർ.

40. ശരിയായ ജോഡി കണ്ടെത്തുക :

1.ഹിമാലയം - മടക്കു പർവ്വതം
2.വിന്ധ്യ സത്പുര - അവശിഷ്ട പർവ്വതം
3.ആരവല്ലി - ഖണ്ഡ പർവ്വതം
4.ബാരൻ ദ്വീപുകൾ - അഗ്നിപർവ്വതം
A)1,3 B)1,4
C)2,3 D)3,4

Answer - B
Solution
• പർവ്വതങ്ങളെ പ്രധാനമായും മടക്ക് പർവ്വതങ്ങൾ, ഖണ്ഡ പർവ്വതങ്ങൾ, അവശിഷ്ട പർവ്വതങ്ങൾ, അഗ്നി പർവ്വതങ്ങൾ എന്നിങ്ങനെ തരം തിരിച്ചിരിക്കുന്നു.
• രണ്ട് ഫലകങ്ങൾ കൂട്ടിമുട്ടുന്നതിന്റെ ഫലമായി ഉണ്ടാകുന്ന പർവ്വതങ്ങൾ- മടക്ക് പർവ്വതങ്ങൾ.
• രണ്ട് ഫലകങ്ങൾ പരസ്പരം അകന്നു പോകുന്നതിന്റെ ഫലമായി

ഉണ്ടാകുന്ന പർവ്വതങ്ങൾ- ഖണ്ഡ പർവ്വതങ്ങൾ.
- പ്രകൃതി ശക്തികളുടെ പ്രവർത്തനം മൂലം ചുറ്റുപാടുള്ള ഭാഗങ്ങൾക്ക് നാശം സംഭവിച്ച് അവശേഷിക്കുന്ന പർവ്വതങ്ങളാണ്- അവശിഷ്ട പർവ്വതങ്ങൾ.
- ലോകത്തിലെ തന്നെ ഏറ്റവും പഴക്കമേറിയ അവശിഷ്ട പർവ്വതം - ആരവല്ലി.
- ലോകത്തിലെ ഏറ്റവും പ്രായം കുറഞ്ഞ പർവ്വതങ്ങൾ- മടക്ക് പർവ്വതങ്ങൾ.
- ഏറ്റവും പ്രായം കുറഞ്ഞ മടക്കു പർവ്വതം - ഹിമാലയം.

41. താഴെ പറയുന്നവയിൽ ശരിയായ പ്രസ്താവന കണ്ടെത്തുക :
1.അർത്ഥശാസ്ത്രത്തിൽ ചൂർണ്ണി എന്ന് പരാമർശിച്ചിരിക്കുന്നത് പെരിയാർ നദിയെയാണ്.
2.ചാലക്കുടി പുഴ ആനമലയിൽ നിന്ന് ഉത്ഭവിക്കുന്നു
3.പമ്പാ നദി അഷ്ടമുടി കായലിൽ ചേരുന്നു.
4.കബനി നദി കാവേരി നദിയിൽ ചേരുന്നു.

A)3,4 B)2,4
C)1,2,4 D)1,3

Answer - C
Solution
- കേരളത്തിലെ മൂന്നാമത്തെ നീളം കൂടിയ നദിയാണ് പമ്പാനദി.
- ദക്ഷിണ ഭഗീരഥിയെന്നറിയപ്പെടുന്നു.
- പമ്പാ നദി പീരുമേടിലെ പുളച്ചിമലയിൽ ഉത്ഭവിച്ച് വേമ്പനാട്ട് കായലിൽ പതിക്കുന്നു.
- കപില എന്നും അറിയപ്പെടുന്ന കബനി നദി കാവേരി നദിയുടെ പോഷക നദിയാണ്.
- കേരളത്തിൽ കിഴക്കോട്ടൊഴുകുന്ന മൂന്ന് നദികളിൽ ഏറ്റവും വടക്കേയറ്റത്തുള്ള നദിയാണ് കബനി.
- കേരളത്തിലെ ഏറ്റവും നീളം കൂടിയ നദിയാണ് പെരിയാർ.
- "കേരളത്തിന്റെ ജീവരേഖ" എന്നറിയപ്പെടുന്ന നദിയാണ് പെരിയാർ.

42. പക്ഷികളുടെ സംരക്ഷണത്തിനായി നീക്കിവച്ചിരിക്കുന്ന പ്രദേശം :
A)സൈലന്റ് വാലി B)തട്ടേക്കാട്
C)ഇരവികുളം D)മുത്തങ്ങ

Answer - B
Solution
- എറണാകുളം ജില്ലയിൽ സ്ഥിതി ചെയ്യുന്ന തട്ടേക്കാട് പക്ഷിസങ്കേതം ഏറെ പ്രശസ്തമായ പക്ഷിസങ്കേതമാണ്.
- പക്ഷിശാസ്ത്രജ്ഞനായ ഡോ. സലിം അലിയോടാണ് ഇത് അതിന്റെ പ്രശസ്തിക്ക് കടപ്പെട്ടിരിക്കുന്നത്.
- കേരളത്തിൽ പാലക്കാട് ജില്ലയിലായി പശ്ചിമഘട്ടത്തിൽ സ്ഥിതി ചെയ്യുന്ന ദേശീയോദ്യാനമാണ് സൈലന്റ്വാലി ദേശീയോദ്യാനം.

•നീലഗിരി കുന്നുകളിൽ സ്ഥിതി ചെയ്യുന്ന ഇതിന് 89.52 km² (34.56 ചതുരശ്ര മൈൽ) വിസ്തീർണ്ണമുണ്ട്.
tഇടുക്കി ജില്ലയിൽ ദേവികുളം താലൂക്കിൽ 1978 ൽ നിലവിൽ വന്ന ദേശീയോദ്യാനമാണ് ഇരവികുളം.

ECONOMY

1. റിസർവ് ബാങ്കിന്റെ ആസ്ഥാനം എവിടെ ?

A)ന്യൂ ഡൽഹി
B)മുംബൈ
C)ഭോപ്പാൽ
D)കൊൽക്കത്ത

Answer - B

Solution

•റിസർവ് ബാങ്ക് ഓഫ് ഇന്ത്യ (RBI) ഇന്ത്യയിലെ സെൻട്രൽ ബാങ്കിംഗ് സ്ഥാപനമാണ്.
•ഇന്ത്യയിൽ പണവ്യാപാരത്തിന്റെ കേന്ദ്രവും ദേശീയ കരുതൽ ധനത്തിന്റെ സൂക്ഷിപ്പുകാരനുമാണ് റിസർവ്വ് ബാങ്ക്.
•റിസർവ് ബാങ്ക് ഓഫ് ഇന്ത്യ ആക്ട്, 1934 അനുസരിച്ച് 1935 ഏപ്രിൽ ഒന്നിന് നിലവിൽ വന്ന ധനകാര്യ സ്ഥാപനമാണ് ഭാരതീയ റിസർവ് ബാങ്ക്.

2. നീതി ആയോഗ് നിലവിൽ വന്നത് എന്ന് ?

A)2014 ജനുവരി 1
B)2015 ജനുവരി 1
C)2015 മെയ് 1
D)2014 മെയ് 1

Answer - B

Solution

പഞ്ചവത്സര പദ്ധതികൾ ഉൾപ്പെടെ രാജ്യത്തിന്റെ വളർച്ചക്കും വികസനത്തിനും ജനങ്ങളുടെ ജീവിതനിലവാരം ഉയർത്തുന്നതിനും ആവശ്യമായ സുപ്രധാന പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിനുള്ള ഭാരത സർക്കാരിന്റെ ഒരു ഉപദേശക സമിതിയായിരുന്ന ആസൂത്രണ കമ്മീഷനു പകരം 2015 ജനുവരി 1 നു നിലവിൽ വന്ന സംവിധാനം ആണ് നീതി ആയോഗ്.
•ദേശീയ, അന്തർദേശീയപ്രാധാന്യമുള്ള സാമ്പത്തിക, നയവിഷയങ്ങളിൽ കേന്ദ്ര, സംസ്ഥാനസർക്കാറുകൾക്ക് സാങ്കേതിക ഉപദേശം നൽകുകയാണ് നീതി ആയോഗിന്റെ ചുമതല.
•പ്രധാനമന്ത്രി അധ്യക്ഷനായ നീതി ആയോഗിന്റെ ഭരണസമിതിയിൽ എല്ലാ മുഖ്യമന്ത്രിമാരും കേന്ദ്രഭരണപ്രദേശങ്ങളിലെ ലഫ്. ഗവർണർമാരും അംഗങ്ങളായിരിക്കും.
•പ്രധാനമന്ത്രി നിയോഗിക്കുന്ന ഉപാധ്യക്ഷനും സ്ഥിരംഅംഗങ്ങളും പരമാവധി രണ്ടു താത്കാലിക അംഗങ്ങളും നാല് അനൗദ്യോഗിക അംഗങ്ങളും ചീഫ് എക്സിക്യൂട്ടീവ് ഓഫീസറും ഉൾപ്പെടുന്നതാണ് നീതി ആയോഗ്. വിവിധ മേഖലകളിൽ നിന്നുള്ള അറിവും പ്രവർത്തനപരിചയവും

ഉള്ള വിദഗ്ധരെ പ്രത്യേക ക്ഷണിതാക്കളാക്കും.

3. റിസർവ്വ് ബാങ്ക് പുറത്തിറക്കിയ പുതിയ 500 രൂപ നോട്ടിൽ കാണുന്ന ചിത്രം ?

A)സാഞ്ചിസ്തൂപം
B)ഹംപി
C)മംഗൾയാൻ
D)ചെങ്കോട്ട

Answer - D

Solution

രൂപയും ചിത്രങ്ങളും

- 10 രൂപ : കൊണാർക്കിലെ സൂര്യക്ഷേത്രം
- 20 രൂപ : എല്ലോറ ഗുഹകൾ
- 50 രൂപ : ഹംപിയിലെ രഥം
- 100 രൂപ : റാണി കി വാവ്
- 200 രൂപ : സാഞ്ചി സ്തൂപം
- 500 രൂപ : ചെങ്കോട്ട
- 2000 രൂപ : മംഗൾയാൻ

4. വ്യാവസായിക മേഖല എന്നറിയപ്പെടുന്ന തൊഴിൽ മേഖല ?

A)പ്രാഥമിക മേഖല
B)ദ്വിതീയ മേഖല
C)തൃതീയ മേഖല
D) A യും B യും

Answer - B

Solution

- പ്രാഥമിക മേഖലയിലെ ഉൽപ്പന്നങ്ങൾ അസംസ്കൃതവസ്തുക്കളായി ഉപയോഗിച്ചു പുതിയ ഉൽപ്പന്നങ്ങൾ ഉണ്ടാക്കുന്ന പ്രവർത്തനങ്ങൾ നടക്കുന്ന മേഖലയാണ് ദ്വിതീയ മേഖല.
- വ്യവസായത്തിന് പ്രാധാന്യമുള്ള ഈ മേഖലയെ വ്യാവസായിക മേഖല എന്ന് വിളിക്കുന്നു.
- വൈദ്യുതി ഉൽപ്പാദനവും കെട്ടിട നിർമ്മാണവും ഇതിൽപ്പെടുന്നു.

5. ഇന്ത്യയിലെ ഏറ്റവും വലിയ രണ്ടാമത്തെ പൊതുമേഖലാ ബാങ്ക്?

A)സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ
B)പഞ്ചാബ് നാഷണൽ ബാങ്ക്
C)കാനറാ ബാങ്ക്
D)യൂണിയൻ ബാങ്ക്

Answer - B

Solution

- 1770ൽ സ്ഥാപിതമായ “ബാങ്ക് ഓഫ് ഹിന്ദുസ്ഥാൻ" ആണ് ഇന്ത്യയിലെ ആദ്യത്തെ ബാങ്ക്. കൊൽക്കത്തയിലാണ് ബാങ്ക് പ്രവർത്തനമാരംഭിച്ചത്.
- തീർത്തും തദ്ദേശീയമായ ഇന്ത്യയിലെ ആദ്യത്തെ ബാങ്ക് - പഞ്ചാബ്

നാഷണൽ ബാങ്ക്.
•ഇന്ത്യയിലെ കേന്ദ്രബാങ്കാണ് റിസർവ് ബാങ്ക്. 1926ലെ ഹിൽട്ടൺ യങ് കമ്മീഷന്റെ ശുപാർശ പ്രകാരം, 1935ലാണ് റിസർവ് ബാങ്ക് നിലവിൽ വന്നത്.
•"ബാങ്കേഴ്സ് ബാങ്ക്" എന്നറിയപ്പെടുന്ന റിസർവ് ബാങ്കിന്റെ സ്ഥാപിത മൂലധനം 5 കോടി രൂപയായിരുന്നു.
•റിസർവ് ബാങ്കിനെ ദേശസാത്കരിച്ചത് 1949, ജനുവരി 1ന് ആണ്.

6. ഇ-ഗവേണൻസ് എന്നത് കൊണ്ട് ഉദ്ദേശിക്കുന്നത് ?
A)ഗവൺമെന്റ് ഓഫീസുകളിൽ ഇന്റർനെറ്റ് ഏർപ്പെടുത്തുന്നത്
B)ഭരണരംഗത്ത് ഇലക്ട്രോണിക് സാങ്കേതിക വിദ്യയുടെ ഉപയോഗം
C)മന്ത്രിമാർ ഇ-മെയിൽ ഉപയോഗിച്ച് ആശയവിനിമയം നടത്തുന്നത്
D)തിരഞ്ഞെടുപ്പിൽ വോട്ടിംഗ് യന്ത്രം ഉപയോഗിക്കുന്നത്

Answer - B
Solution
ഇ-ഗവേണൻസ്
•ഇ-ഭരണനിർവ്വഹണം അഥവാ ഇ-ഗവേണൻസ് – വിവര സാങ്കേതിക സംവിധാനങ്ങളും മാർഗ്ഗങ്ങളും ഉപയോഗിച്ച് ഇൻഫർമേഷൻ കമ്മ്യൂണിക്കേഷൻ ഇടപാടുകളുടെ കൈമാറ്റം, വിവിധ സ്വതന്ത്ര സിസ്റ്റങ്ങളുടെ സംയോജനം, ഗവൺമെന്റ്-ടു-സിറ്റിസൺസ് (ജി 2 സി), ഗവൺമെന്റ് ടു ബിസിനസ് (ജി 2 ബി) , ഗവൺമെന്റ്-ടു-ഗവൺമെന്റ് (ജി 2 ജി) സേവനങ്ങൾ, ബാക്ക് ഓഫീസ് പ്രക്രിയകൾ, മുഴുവൻ സർക്കാർ ചട്ടക്കൂടിനുള്ളിലെ ഇടപെടലുകൾ എന്നിവ നടത്തുന്നതിനായുള്ള ഗവൺമെൻറ് ചുവടുവയ്പ് ആണ്.
•സർക്കാർ സേവനങ്ങൾ പൗരന്മാർക്ക് സൗകര്യപ്രദവും കാര്യക്ഷമവും സുതാര്യവുമായ രീതിയിൽ എത്തിക്കുന്നതിനും ഇ-ഗവേണൻസിലൂടെ സാധ്യമാക്കും.

7. താഴെ പറയുന്നവയിൽ മൂന്നാം പഞ്ചവത്സര പദ്ധതിക്കാലത്തു തുടക്കം കുറിച്ച പ്രവർത്തനം ?
A)ഹരിത വിപ്ലവം
B)ഗരീബി ഹഠാവോ
C)വ്യവസായ വൽക്കരണം
D)പുത്തൻ സാമ്പത്തിക നയം

Answer - A
Solution
പ്രശസ്ത കൃഷി ശാസ്ത്രജ്ഞനായ എം.എസ്.സ്വാമിനാഥൻ എന്ന മങ്കൊമ്പ് സാംബശിവൻ സ്വാമിനാഥൻ. ഇന്ത്യയിലെ ഹരിത വിപ്ലവത്തിന്റെ പിതാവ് എന്നറിയപ്പെടുന്ന ഇദ്ദേഹത്തിന്റെ പരിശ്രമങ്ങളാണ് തെക്കു കിഴക്കേഷ്യയിലെ മിക്ക രാജ്യങ്ങളെയും പട്ടിണിയിൽ നിന്നും കരകയറ്റിയത്.
•ഇന്ത്യൻ പരിസ്ഥിതിക്കിണങ്ങുന്നതും അത്യുല്പാദനശേഷിയുള്ളതുമായ വിത്തുകൾ വികസിപ്പിച്ചെടുക്കുകയും അത് കർഷകർക്കിടയിൽ

പ്രചരിപ്പിക്കുകയും ചെയ്തതാണ് ശ്രീ സ്വാമിനാഥനെ അന്തർദേശീയ തലത്തിൽ പ്രശസ്തനാക്കിയത്.
•1966 ൽ മെക്സിക്കൻ ഗോതമ്പ് ഇനങ്ങൾ ഇന്ത്യൻ സാഹചര്യങ്ങൾക്കുമാറ്റി പഞ്ചാബിലെ പാടശേഖരങ്ങളിൽ അദ്ദേഹം നൂറു മേനി കൊയ്തു.ഇത് അദ്ദേഹത്തെ ഇന്ത്യയിലെ ഹരിത വിപ്ലവത്തിന്റെ പിതാവാക്കി.

8. ഇന്ത്യയിൽ ജി എസ് ടി ബിൽ പാസ്സാക്കിയ ആദ്യ സംസ്ഥാനം ?

A)ബീഹാർ
B)കേരളം
C)ഒഡീഷ
D)ആസാം

Answer - D

Solution

•GST നടപ്പിലാക്കിയ ഇന്ത്യയിലെ ആദ്യത്തെ സംസ്ഥാനം - ആസാം
•GST ബിൽ അംഗീകരിച്ച രണ്ടാമത്തെ സംസ്ഥാനം - ബീഹാർ
•GST നടപ്പിലാക്കിയ ആദ്യ രാജ്യം - ഫ്രാൻസ്
•മൂല്യവർദ്ധിതനികുതിയുടെ പരിഷ്കരിച്ച രൂപമാണിത് .
•GST = (Exercise Tax + Service Tax) + State VAT
•ആപ്തവാക്യം - ഒരു രാജ്യം ഒരു നികുതി
•നിലവിൽ വന്ന ഭരണഘടന ഭേദഗതി - 101-ാം ഭേദഗതി
•നിലവിൽ വന്ന ഭരണഘടന ഭേദഗതി ബിൽ - 122 th
•രാജ്യസഭ അംഗീകരിച്ചത് - 2016 ആഗസ്റ്റ് 3
•ലോക്സഭ അംഗീകരിച്ചത് -2016 ആഗസ്റ്റ് 8
•രാഷ്ട്രപതി ഒപ്പുവച്ചത് - 2016 സെപ്തംബർ 8

9. കാർഷിക കാലങ്ങളെ അടിസ്ഥാനമാക്കിയുള്ള വിളകൾ താഴെ തന്നിരിക്കുന്നു

1 . ഖാരിഫ് - നെല്ല്
2 . റാബി - പരുത്തി
3 . സൈദ് - പഴവർഗങ്ങൾ

ശരിയായ ജോഡി തിരഞ്ഞെടുക്കുക :

A)1
B)1,2
C)1,3
D)2

Answer - C

Solution

•ഇന്ത്യയിലെ കാർഷിക കാലങ്ങൾ - ഖാരിഫ് , റാബി , സയ്യിദ്.
•ഖാരിഫ് വിളയിറക്കൽ- ജൂൺ , വിളവെടുപ്പ് - നവംബർ .
•റാബി വിളയിറക്കൽ - നവംബർ മധ്യം, വിളവെടുപ്പ് - മാർച്ച് .
•സയ്യിദ് വിളയിറക്കൽ - മാർച്ച് , വിളവെടുപ്പ് - ജൂൺ .

10. താഴെ തന്നിട്ടുള്ളവയിൽ വാണിജ്യ ബാങ്കിന്റെ ധർമങ്ങളിൽ ഉൾപ്പെടുന്നത് ഏത്?

A)നോട്ട് അച്ചടിച്ചിറക്കൽ
B)വായ്പ നിയന്ത്രിക്കൽ
C)സർക്കാരിന്റെ ബാങ്ക്
D)നിക്ഷേപങ്ങൾ സ്വീകരിക്കുക

Answer - D

Solution

- വായ്പകളുടെ നിയന്ത്രകൻ- ആർ ബി ഐ .
- ഇന്ത്യയിൽ കറൻസി നോട്ട് അച്ചടിച്ച് വിതരണം ചെയുന്നത് - ആർ ബി ഐ .
- കൃഷിക്കും ഗ്രാമവികസനത്തിനും വായ്പകൾ നൽകുന്ന ദേശീയ ബാങ്ക് - നബാർഡ് .
- വ്യവസായ ആവശ്യങ്ങൾക്ക് വായ്പ നൽകുന്ന ബാങ്ക് - ഇൻഡസ്ട്രിയൽ ഡെവലപ്മെന്റ് ബാങ്ക് .

11. ചുവടെ കൊടുത്തിട്ടുള്ള പ്രസ്താവനകളിൽ ഉദാരവൽക്കരണത്തിന്റെ ഫലമായുള്ള മാറ്റത്തിൽ പെടുന്നവ ഏതൊക്കെ :

1.വ്യവസായങ്ങൾ തുടങ്ങാനുള്ള നിയന്ത്രണങ്ങൾ ലഘൂകരിച്ചു .
2.കമ്പോള നിയന്ത്രണങ്ങൾ പിൻവലിച്ചു .
3.കൂടുതൽ മേഖലകളിൽ വിദേശ നിക്ഷേപം അനുവദിച്ചു .
4.ഇറക്കുമതി ചുങ്കവും നികുതികളും കൂട്ടി .

A)1,2,4
B)1,2,3
C)1,4
D)2,4

Answer - B

Solution

- കമ്പോള നിയന്ത്രണവും വില നിയന്ത്രണവും ഏർപ്പെടുത്തിയ ഡൽഹി സുൽത്താൻ - അലാവുദീൻ ഖിൽജി
- ദേശീയ ആസൂത്രണ കമ്മിറ്റി നിലവിൽ വന്നത് - 1938
- സംസ്ഥാന ആസൂത്രണ കമ്മീഷൻ നിലവിൽ വന്നത് - 1967
- 1950 മുതൽ 1991 വരെ ഇന്ത്യ സ്വീകരിച്ച സാമ്പത്തിക നയം "ലൈസൻസ്, ക്വോട്ട, പെർമിറ്റ് രാജ്" ആയിരുന്നു. പക്ഷേ 1991-ൽ ഒരു പുതിയ സാമ്പത്തിക നയം സ്വീകരിക്കാൻ ഇന്ത്യ നിർബന്ധിതരായി. അതാണ് "ഉദാരവൽക്കരണം, സ്വകാര്യവൽകരണം, ആഗോളവൽകരണം".
- 1990-ൽ ആണ് ഇന്ത്യയിൽ സാമ്പത്തിക പരിഷ്കരണം തുടങ്ങിയത്. നരസിംഹറാവു ആയിരുന്നു അപ്പോൾ പ്രധാനമന്ത്രി, ധനമന്ത്രി മന്മോഹൻ സിംഗ്. ഇന്ത്യയുടെ സാമ്പത്തിക നില വളരെ മോശമായ 1990കളിൽ മൻമോഹൻ സിംഗ് എടുത്ത തീരുമാനമായിരുന്നു സാമ്പത്തിക പരിഷ്കരണം. പ്രധാനമന്ത്രി നരസിംഹ റാവുവിന്റെ മികച്ച പിന്തുണ ഇതിനുണ്ടായിരുന്നു. സാമ്പത്തിക പരിഷ്കരണം വിദേശ കമ്പനികൾക്ക്

ഇന്ത്യയിൽ വ്യവസായം തുടങ്ങുന്നതിനെ സഹായിച്ചു.
•സമ്പദ് വ്യവസ്ഥയുടെ വിവിധ മേഖലകളിൽ ഏർപ്പെടുത്തിയിരുന്ന നിയന്ത്രണങ്ങളിൽ അയവ് വരുത്തുകയെന്നതാണ് ഉദാരവൽക്കരണം എന്നതിനർത്ഥം.
•ഗവൺമെന്റിന്റെ ഉടമസ്ഥതയിലുള്ള ഒരു സ്ഥാപനത്തിന്റെ ഉടമസ്ഥാവകാശമോ മാനേജ്മെന്റോ സ്വകാര്യ വ്യക്തികൾക്ക് വിട്ട് കൊടുക്കുന്ന പ്രക്രിയയ്ക്കാണ് സ്വകാര്യവൽകരണം.
•ആഭ്യന്തര സമ്പദ് വ്യവസ്ഥയെ ലോക സമ്പദ് വ്യസ്ഥയുമായി കൂട്ടിയിണക്കി തുല്യനിലവാരത്തിലാക്കുകയും ലോക രാജ്യങ്ങൾക്കിടയിൽ കൂടുതൽപരസ്പരാശ്രയത്വം സൃഷ്ടിക്കുകയും ചെയ്യുന്ന പ്രക്രിയയെ ആഗോളവൽകരണം എന്ന് വിളിക്കാം.

12. ദേശീയ ആരോഗ്യദൗത്യം (National Health Mission) ആരംഭിച്ചത് ?

A)2015 B)2014
C)2013 D)2018

Answer - C

Solution

പ്രധാനപ്പെട്ട വർഷങ്ങൾ
•ഗാർഹിക പീഡന നിരോധന നിയമം പാസാക്കിയ വർഷം - 2005 സെപ്തംബർ 13
•ഗാർഹിക പീഡന നിരോധന നിയമം നിലവിൽ വന്ന വർഷം - 2006 ഒക്ടോബർ 26
•വിവരാവകാശ നിയമം പാസാക്കിയ വർഷം - 2005 ജൂൺ 15
•വിവരാവകാശ നിയമം നിലവിൽ വന്ന വർഷം - 2005 ഒക്ടോബർ 12
•ദേശീയ തൊഴിലുറപ്പ് പദ്ധതി നിയമം പാസാക്കിയ വർഷം - 2005

13. താഴെ കൊടുത്തിരിക്കുന്നവയിൽ സ്വയം തൊഴിൽ പദ്ധതി ഏത്?

A)ആം ആദ്മി ബീമാ
B)പ്രധാനമന്ത്രി ഗ്രാമ സടക് യോജന
C)പ്രധാനമന്ത്രി ഗ്രാമോദയ യോജന
D)സ്വർണ്ണജയന്തി ഗ്രാം സ്വരോസ്ഗാർ യോജന

Answer - D

Solution

•ഗ്രാമീണ ദാരിദ്ര്യനിർമ്മാർജ്ജനത്തിനായി 1999 ഏപ്രിൽ 1-ന് ഭാരതസർക്കാർ രൂപം കൊടുത്ത സ്വയം തൊഴിൽ പദ്ധതിയാണ് സ്വർണജയന്തി ഗ്രാം സ്വറോസ്ഗാർ യോജന (എസ്.ജി.എസ്.വൈ).
•1978-ലും അതിനു ശേഷം വിവിധ വർഷങ്ങളിലായും നിലവിൽ വന്ന ഐ.

ആർ.ഡി.പി. (സംയോജിത ഗ്രാമവികസന പദ്ധതി), ട്രൈസം, മില്യൺ വെൽ പദ്ധതി. ഗംഗാ കല്യാൺ യോജന, ഡി.ഡബ്ല്യു.സി.ആർ.എ. ഗ്രാമീണ കൈത്തൊഴിലുപകരണ പരിപാടി എന്നീ പദ്ധതികൾ സമന്വയിപ്പിച്ചുകൊണ്ടാണ് ഈ പുതിയ പരിപാടി ആരംഭിച്ചത്.
• ഗ്രാമവികസന ബ്ലോക്കുകളുടെ മേൽനോട്ടത്തിലാണ് ഈ പദ്ധതി നടപ്പാക്കുന്നത്.

14. 2019-2020 വർഷത്തിൽ ഇന്ത്യയിലെ കൂട്ടിച്ചേർത്ത മൊത്തം മൂല്യത്തിലേക്കുള്ള(Gross Value Added) കാർഷിക മേഖലയുടെ സംഭാവന എകദേശം എത്ര ശതമാനം ആയിരുന്നു?

A)24 B)12
C)27 D)18

Answer - D

Solution

• സ്ഥിതിവിവരക്കണക്കുകളിലും (യുണൈറ്റഡ് നേഷൻസ് സിസ്റ്റം ഓഫ് നാഷണൽ അക്കൗണ്ട്സ് (UNSNA) പോലുള്ളവ) കോർപ്പറേറ്റ്, സർക്കാർ അക്കൗണ്ടുകളിലും ഉപയോഗിക്കുന്ന ഒരു അക്കൗണ്ടിംഗ് ആശയമാണ് പ്രവർത്തന മിച്ചം.മൂല്യവർദ്ധിത , ജിഡിപി എന്നിവയുടെ ഒരു ഘടകമാണ് പ്രവർത്തന മിച്ചം.അതിനാൽ പ്രവർത്തന മിച്ചം ഒരു സമ്പദ്വ്യവസ്ഥയിൽ സാക്ഷാത്കരിച്ച എല്ലാ മൊത്ത ലാഭ വരുമാനത്തെയും സൂചിപ്പിക്കണമെന്നില്ല.

15. ഒരു രാജ്യത്തിന്റെ ധനകാര്യ അതോറിറ്റി ആണ് ആ രാജ്യത്തിന്റെ കറൻസിയുടെ വിനിമയ നിരക്ക് നിശ്ചയിക്കുന്നതെങ്കിൽ അതിനു പറയുന്ന പേര്?

A)സ്ഥിര വിനിമയ നിരക്ക് B)അസ്ഥിര വിനിമയ നിരക്ക്
C)നിയന്ത്രിത വിനിമയ നിരക്ക് D)ഇതൊന്നുമല്ല

Answer - A

Solution

• ഒരു കറൻസി നൽകി മറ്റൊന്നു വാങ്ങാനുള്ള നിരക്കിനെയാണ് സാമ്പത്തിക ശാസ്ത്രത്തിൽ, വിനിമയ നിരക്ക് (വിദേശ വിനിമയ നിരക്ക്, ഫോറെക്സ് നിരക്ക് എന്നീ പേരുകളിലും അറിയപ്പെടുന്നുണ്ട്) എന്നു വിളിക്കുന്നത്.
• മറ്റൊരു കറൻസിയെ അപേക്ഷിച്ച് ഒരു കറൻസിക്കുള്ള മൂല്യമാണിത് സൂചിപ്പിക്കുന്നത്.
• ഉദാഹരണത്തിന് 1 അമേരിക്കൻ ഡോളറിന് (യു.എസ്.$) 82.93 ഇന്ത്യൻ രൂപ (ഐ.എൻ.ആർ, ₹) എന്ന വിനിമയ നിരക്കിൽ ഒരു അമേരിക്കൻ ഡോളർ വാങ്ങാൻ 82.93 ഇന്ത്യൻ രൂപ നൽകേണ്ടിവരും.
• നിലവിലുള്ള വിനിമയ നിരക്കിനെ തൽസമയ വിനിമയ നിരക്ക് എന്നാണ്

വിളിക്കുന്നത്.
•ഭാവിയിൽ ഒരു ദിവസം കൈമാറ്റം ചെയ്യാം എന്ന ധാരണയിൽ നടത്തുന്ന വിനിമയക്കരാറിലെ നിരക്ക് ഫോർവേഡ് വിനിമയ നിരക്ക് എന്നാണ് അറിയപ്പെടുന്നത്.

16. ഏത് പഞ്ചവത്സര പദ്ധതിക്കാലത്താണ് ഖാദി ഗ്രാമ വ്യവസായ കമ്മീഷൻ സ്ഥാപിതമായത്?

A)ഒന്നാം പഞ്ചവത്സര പദ്ധതി
B)രണ്ടാം പഞ്ചവത്സര പദ്ധതി
C)മൂന്നാം പഞ്ചവത്സര പദ്ധതി
D)നാലാം പഞ്ചവത്സര പദ്ധതി

Answer - B

Solution

•ഇന്ത്യയിൽ പഞ്ചവൽസര പദ്ധതികൾക്കു തുടക്കം കുറിച്ചത് - ജവഹർലാൽ നെഹ്രുവാണ്.
•ആസൂത്രണ കമ്മീഷനായിരിന്നു പഞ്ചവത്സര പദ്ധതികളുടെ നടത്തിപ്പു ചുമതല.
•ആസൂത്രണ കമ്മീഷന്റെ എക്സ്-ഒഫീഷ്യോ ചെയർമാൻ - പ്രധാനമന്ത്രി
•ക്യാബിനറ്റ് റാങ്കുള്ള ഒരു ഡെപ്യൂട്ടി ചെയർമാനായിരിക്കും കമ്മീഷന്റെ ചുമതല.
•ഇന്ത്യൻ ഭരണഘടന അനുശാസിക്കുന്ന മൗലികാവകാശങ്ങളിൽ സാമ്പത്തികമായും, ക്ഷേമപരമായുള്ളതുമായവ നടപ്പിലാക്കി ജനങ്ങളിലേക്കെത്തിക്കുക എന്ന ലക്ഷ്യത്തോടെയാണ് ആസൂത്രണ കമ്മീഷൻ രൂപീകരിച്ചത്.
•2014 ൽ അധികാരത്തിൽ വന്ന നരേന്ദ്ര മോദി സർക്കാർ ആസൂത്രണ കമ്മീഷൻ നിർത്തലാക്കുകയും പകരം നീതി ആയോഗ് കൊണ്ടുവരികയും ചെയ്തതോടെ ഇന്ത്യയിൽ പഞ്ചവത്സര പദ്ധതികൾക്ക് അന്ത്യം കുറിച്ചു.
•2017 ലാണ് പന്ത്രണ്ടാം പഞ്ചവത്സര പദ്ധതി അവസാനിച്ചത്.

17. 07/12/2022ലെ പണനയ കമ്മിറ്റി തീരുമാന പ്രകാരം താഴെപ്പറയുന്ന പണനയ ഉപാധികളിൽ ഏറ്റവും ഉയർന്ന നിരക്ക് ഏതിനാണ്?

A)ബാങ്ക് നിരക്ക്
B)റിപ്പോ നിരക്ക്
C)റിവേഴ്സ് റിപ്പോ നിരക്ക്
D)സിആർആർ

Answer - A

Solution

•റിസർവ് ബാങ്ക് ഓഫ് ഇന്ത്യ (ആർബിഐ) വാണിജ്യ ബാങ്കുകൾക്ക് യാതൊരു സുരക്ഷിതത്വവും ഇല്ലാതെ വായ്പ നൽകുന്ന നിരക്കാണ് ബാങ്ക് നിരക്ക് .
•ആർബിഐ ഈടിന്റെ സാന്നിധ്യത്തോടെ ഹ്രസ്വകാല വായ്പകൾ അനുവദിക്കുന്നു. റിപ്പോ നിരക്ക് എന്നാണ് ഇത് അറിയപ്പെടുന്നത്.

•ഇന്ത്യയിലെ ബാങ്ക് നിരക്കുകൾ നിർണ്ണയിക്കുന്നത് ആർബിഐയാണ്.
•ലിക്വിഡിറ്റി നിയന്ത്രിക്കാനുള്ള അതിന്റെ കഴിവ് കാരണം ഇത് സാധാരണയായി റിപ്പോ നിരക്കിനേക്കാൾ കൂടുതലാണ്.

18. 1991 ലെ സാമ്പത്തികപരിഷ്കരണവുമായി ബന്ധപ്പെട്ട ശരിയായ പ്രസ്താവനകൾ ഏതെല്ലാം?
പ്രസ്താവന 1 : വിദേശ നിക്ഷേപ സ്ഥാപനങ്ങൾക്ക് ഇന്ത്യൻ ധനകാര്യ വിപണിയിൽ നിക്ഷേപം നടത്താൻ അനുമതി ലഭിച്ചു.
പ്രസ്താവന II : ഇറക്കുമതി നികുതിയിൽ കുറവ് വരുത്തി.
പ്രസ്താവന III : ഇറക്കുമതിക്കുള്ള ലൈസൻസിംഗ് നടപടിക്രമങ്ങൾ ഒഴിവാക്കി.
A)പ്രസ്താവന I, II ശരിയാണ് III ശരിയല്ല
B)പ്രസ്താവന I, III ശരിയാണ് II ശരിയല്ല
C)പ്രസ്താവന II, III ശരിയാണ് I ശരിയല്ല
D)പ്രസ്താവന I, II, III എല്ലാം ശരിയാണ്

Answer - D
Solution
•1991 ലെ സാമ്പത്തികപരിഷ്കരണവുമായി ബന്ധപ്പെട്ട് തന്നിട്ടുള്ള പ്രസ്താവനകൾ എല്ലാം ശരിയാണ് .
•1991 ലെ സാമ്പത്തിക പരിഷ്കരണം നടപ്പിലാക്കുമ്പോൾ പ്രധാനമന്ത്രി പി.വി നരസിംഹ റാവുവും ധനമന്ത്രി ഡോ. മൻമോഹൻ സിംഗും ആയിരുന്നു.
•'ആഗോളവൽകരണ' മേഖലയിലേക്ക് പ്രവേശിച്ച് സമ്പദ്വ്യവസ്ഥയെ കൂടുതൽ വിപണി കേന്ദ്രീകൃതമാക്കുക, സമ്പദ്വ്യവസ്ഥയുടെ വളർച്ചാ നിരക്ക് വർദ്ധിപ്പിക്കുകയും ആവശ്യത്തിന് വിദേശനാണ്യ കരുതൽ ശേഖരം സൃഷ്ടിക്കുക, ചരക്കുകൾ, മൂലധനം, സേവനങ്ങൾ, സാങ്കേതികവിദ്യ, മാനവശേഷി മുതലായവയുടെ അന്തർദേശീയ ഒഴുക്ക് വളരെയധികം നിയന്ത്രണങ്ങളില്ലാതെ അനുവദിക്കുക തുടങ്ങിയവ 1991 ലെ സാമ്പത്തിക പരിഷ്കരണത്തിൻറെ ലക്ഷ്യങ്ങളായിരുന്നു.

19. 2021-22 ലെ സാമ്പത്തിക സർവ്വേ റിപ്പോർട്ട് അനുസരിച്ച് ഇന്ത്യയിൽ ജി ഡി പി യിലേക്ക് വിവിധ മേഖലകൾ നൽകുന്ന സംഭാവനകളെ കുറിച്ചുള്ള പ്രസ്താവനകളിൽ ശരിയായത് ഏത്?
പ്രസ്താവന I : തൃതീയ മേഖല 50 ശതമാനത്തിൽ കൂടുതൽ സംഭാവന നൽകുന്നു.
പ്രസ്താവന II : ദ്വിതീയ മേഖലയുടെ സംഭാവന 30 ശതമാനത്തിൽ കുറവാണ്.
പ്രസ്താവന III : ഏറ്റവും കുറവ് സംഭാവന ചെയ്യുന്നത് പ്രാഥമിക മേഖലയാണ്.
A)പ്രസ്താവന II, III ശരിയാണ്, I ശരിയല്ല
B)പ്രസ്താവന I, III ശരിയാണ്, IIശരിയല്ല
C)പ്രസ്താവന I, II, III ശരിയല്ല
D)പ്രസ്താവന I, II, III എല്ലാം ശരിയാണ്

Answer - D

Solution

- ഒരു നിശ്ചിത പ്രദേശത്ത് നിർണ്ണിത കാലയളവിൽ ഉത്പാദിപ്പിക്കപ്പെടുന്ന മൊത്തം വസ്തുക്കളുടെയും ,സേവനത്തിന്റെയും വിപണിമൂല്യമാണ് മൊത്ത ആഭ്യന്തര ഉത്പാദനം അഥവാ ജി.ഡി.പി. (gross domestic product). ഒരു രാജ്യത്തിന്റെ സാമ്പത്തിക ശേഷി അളക്കുന്നതിനുള്ള സൂചികയാണ് ജി.ഡി.പി. എന്നാൽ മൊത്ത ദേശീയ ഉത്പാദനം(ജി.എൻ.പി.) കണക്കാക്കുന്നത് ഇതിൽ നിന്നും വ്യത്യസ്തമാണ്.
- ജി.ഡി.പി. കണക്കാക്കുന്നത് ഒരു പ്രദേശത്തിന്റെ ഉള്ളിലെ ഉത്പാദനം മാത്രമാണെങ്കിൽ ജി.എൻ.പി. കണക്കാക്കുന്നത് ഒരു രാജ്യത്തെ ജനങ്ങളുടെ സമ്പത്താണ്. ഇതിൽ രാജ്യത്തിന് പുറത്തുള്ള സമ്പാദ്യവും ഉൾപെടും.
- സമ്പദ്വ്യവസ്ഥയുടെ പ്രധാന മേഖലകൾ ഇവയാണ്
- പ്രാഥമിക മേഖല - അസംസ്കൃത വസ്തുക്കളുടെ വേർതിരിച്ചെടുക്കൽ - ഖനനം, മത്സ്യബന്ധനം, കൃഷി.
- ദ്വിതീയ മേഖല - പൂർത്തിയായ സാധനങ്ങൾ ഉൽപ്പാദിപ്പിക്കുന്നതിൽ ബന്ധപ്പെട്ടിരിക്കുന്നു, ഉദാ. നിർമ്മാണ മേഖല, നിർമ്മാണം. ഉദാ. വൈദ്യുതി.
- തൃതീയ മേഖല - ഉപഭോക്താക്കൾക്ക് അദൃശ്യമായ ചരക്കുകളും സേവനങ്ങളും വാഗ്ദാനം ചെയ്യുന്നതുമായി ബന്ധപ്പെട്ടിരിക്കുന്നു. ഇതിൽ റീട്ടെയിൽ, ടൂറിസം, ബാങ്കിംഗ്, വിനോദം, ഐ.ടി. സേവനങ്ങൾ ഉൾപ്പെടുന്നു.

20. പാലുല്പാദനവുമായി ബന്ധപ്പെട്ട രണ്ടു പ്രസ്താവനകൾ താഴെ നൽകുന്നു. ശരിയായ പ്രസ്താവന കണ്ടെത്തുക :

പ്രസ്താവന I : ലോകത്ത് ഏറ്റവും കൂടുതൽ പാലുല്പാദിപ്പിക്കുന്നത് ഇന്ത്യയാണ്.

പ്രസ്താവന II: ഇന്ത്യയിൽ ഏറ്റവും കൂടുതൽ പാലുല്പാദിപ്പിക്കുന്ന സംസ്ഥാനം ആന്ധ്രാപ്രദേശ് ആണ്.

A)പ്രസ്താവന I ശരിയാണ്, II ശരിയല്ല
B)പ്രസ്താവന II ശരിയാണ്, I ശരിയല്ല
C)പ്രസ്താവന I, II ശരിയാണ്
D)പ്രസ്താവന I, II, ശരിയല്ല

Answer - A

Solution

- ലോകത്ത് ഏറ്റവും കൂടുതൽ പാലുല്പാദിപ്പിക്കുന്നത് ഇന്ത്യയാണ്. ഈ പ്രസ്താവന ശരിയാണ്.
- ഇന്ത്യയിൽ ഏറ്റവും കൂടുതൽ പാലുല്പാദിപ്പിക്കുന്ന സംസ്ഥാനം ഉത്തർപ്രദേശ് ആണ്.

21. നീതി ആയോഗിന്റെ ലക്ഷ്യങ്ങളെ കുറിച്ചുള്ള പ്രസ്താവനകളിൽ ശരിയായത് കണ്ടെത്തി എഴുതുക:

പ്രസ്താവന I : സംസ്ഥാനങ്ങളുടെ സജീവ പങ്കാളിത്തത്തോടെ ദേശീയ വികസന മുൻഗണനകൾ, തന്ത്രങ്ങൾ എന്നിവ സംബന്ധിച്ച കാഴ്ചപ്പാടുകൾ

വികസിപ്പിക്കുക.
പ്രസ്താവന II : സംസ്ഥാനങ്ങളുമായുള്ള ഘടനാപരമായ പിന്തുണ സംവിധാനങ്ങളിലൂടെ സഹകരണ ഫെഡറലിസം വളർത്തിയെടുക്കുക.
പ്രസ്താവന III : സാമ്പത്തിക പുരോഗതിയിൽ നിന്ന് വേണ്ടത്ര പ്രയോജനം ലഭിക്കാത്ത സമൂഹത്തിലെ വിഭാഗങ്ങൾക്കു പ്രത്യേക ശ്രദ്ധ നൽകുക.
A)പ്രസ്താവന II, III ശരിയാണ്, I ശരിയല്ല
B)പ്രസ്താവന I, II ശരിയാണ്, III ശരിയല്ല
C)പ്രസ്താവന I, II, III ശരിയല്ല
D)പ്രസ്താവന I, II, III എല്ലാം ശരിയാണ്

Answer - D

Solution

- ഭാരത സർക്കാരിന്റെ ഒരു വിദഗ്ധോപദേശക സമിതിയാണ് നീതി ആയോഗ്.
- പഞ്ചവത്സര പദ്ധതികൾ ഉൾപ്പെട്ട രാജ്യത്തിന്റെ വളർച്ചക്കും വികസനത്തിനും ജനങ്ങളുടെ ജീവിതനിലവാരം ഉയർത്തുന്നതിനും ആവശ്യമായ സുപ്രധാന പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിനുള്ള ഭാരത സർക്കാരിന്റെ ഒരു ഉപദേശക സമിതിയായിരുന്ന ആസൂത്രണ കമ്മീഷനു പകരം 2015 ജനുവരി 1-നു നിലവിൽ വന്ന സംവിധാനം ആണ് നീതി ആയോഗ്.
- ദേശീയ, അന്തർദേശീയപ്രാധാന്യമുള്ള സാമ്പത്തിക, നയവിഷയങ്ങളിൽ കേന്ദ്ര, സംസ്ഥാനസർക്കാറുകൾക്ക് സാങ്കേതിക ഉപദേശം നൽകുകയാണ് നീതി ആയോഗിന്റെ ചുമതല.
- പ്രധാനമന്ത്രി അധ്യക്ഷനായ നീതി ആയോഗിന്റെ ഭരണസമിതിയിൽ എല്ലാ മുഖ്യമന്ത്രിമാരും കേന്ദ്രഭരണപ്രദേശങ്ങളിലെ ലഫ്. ഗവർണർമാരും അംഗങ്ങളായിരിക്കും. പ്രധാനമന്ത്രി നിയോഗിക്കുന്ന ഉപാധ്യക്ഷനും സ്ഥിരംഅംഗങ്ങളും പരമാവധി രണ്ടു താത്കാലിക അംഗങ്ങളും നാല് അനൗദ്യോഗിക അംഗങ്ങളും ചീഫ് എക്സിക്യൂട്ടീവ് ഓഫീസറും ഉൾപ്പെടുന്നതാണ് നീതി ആയോഗ്.

22. ഇന്ത്യൻ ആസൂത്രണ കമ്മീഷനെക്കുറിച്ചു താഴെപ്പറയുന്ന പ്രസ്താവനകളിൽ ശരിയല്ലാത്തവ ഏത്?

A)ഇന്ത്യൻ ആസൂത്രണ കമ്മീഷൻ 1950 മാർച്ച് 15 നു നിലവിൽ വന്നു
B)ഇന്ത്യൻ ആസൂത്രണ കമ്മീഷൻ ഒരു ഭരണഘടനാ സ്ഥാപനമായിരുന്നു
C)1950 മുതൽ 2014 വരെ ഇന്ത്യൻ ആസൂത്രണ കമ്മീഷൻ 12 പഞ്ചവത്സരപദ്ധതികൾ നടപ്പിലാക്കി
D)2014 ൽ ഇന്ത്യൻ ആസൂത്രണ കമ്മീഷന്റെ പ്രവർത്തനം അവസാനിച്ചു

Answer - B

Solution

- ആസൂത്രണ കമ്മീഷൻ നിലവിൽ വന്നത് - 1950 മാർച്ച് 15.
- ആസൂത്രണ കമ്മീഷന് പകരം നിലവിൽ വന്ന ഭരണ സംവിധാനം - നിതി ആയോഗ്.

- നിതി ആയോഗ് ഔദ്യോഗികമായി നിലവിൽ വന്നത് - 2015 ജനുവരി 1.
- നിതി ആയോഗിന്റെ അദ്ധ്യക്ഷൻ - പ്രധാനമന്ത്രി

CONSTITUTION

1. പാർലമെന്റിന്റെ സംയുക്ത സമ്മേളനം നിയന്ത്രിക്കുന്നത് ആര് ?

A)ഉപരാഷ്ട്രപതി
B)രാഷ്ട്രപതി
C)പ്രധാനമന്ത്രി
D)ലോക്സഭാ സ്പീക്കർ

Answer - D

Solution

- ഇന്ത്യൻ പാർലമെന്റിന്റെ അധോസഭയായ ലോക്സഭയുടെ അദ്ധ്യക്ഷൻ- ലോക്സഭാ സ്പീക്കർ.
- ലോക്സഭയുടെ കാലാവധിയായ 5 വർഷം തന്നെയാണ് സ്പീക്കറുടെയും കാലാവധി.
- ലോക്സഭയിലെ എല്ലാ പ്രവർത്തനങ്ങളും നിയന്ത്രിക്കുന്നതും സഭയിലെ ചർച്ചയുടെ കാര്യപരിപാടികൾ തയ്യാറാക്കുന്നതും സ്പീക്കറാണ്.
- സഭയിൽ അച്ചടക്കം ഉറപ്പുവരുത്താനും ഉത്തരവാദിത്തരഹിതമായി പെരുമാറുന്ന അംഗങ്ങളെ താക്കീത് ചെയ്യാനും ആവശ്യമെങ്കിൽ ശിക്ഷിക്കാനും സ്പീക്കർക്ക് അധികാരമുണ്ട്.
- ഒരു ബിൽ ധനബില്ലാണോ അല്ലയോ എന്നു തീരുമാനിക്കുന്നതും സ്പീക്കറാണ് .
- വിശ്വാസ പ്രമേയം, അടിയന്തര പ്രമേയം, അവിശ്വാസ പ്രമേയം, ശ്രദ്ധക്ഷണിക്കൽ പ്രമേയം തുടങ്ങി സഭയിൽ അവതരിപ്പിക്കുന്ന എല്ലാത്തരം പ്രമേയങ്ങൾക്കും സ്പീക്കറുടെ അനുമതി വേണം.

2. 2022 മാർച്ച് പ്രകാരം ആരാണ് ദേശീയ മനുഷ്യാവകാശ കമ്മീഷൻ ചെയർമാൻ ?

A)ജസ്റ്റിസ് എച്ച്.എൽ. ദത്തു
B)ജസ്റ്റിസ് അൽത്തമാസ് കബീർ
C)ജസ്റ്റിസ് കെ.ജി. ബാലകൃഷ്ണൻ
D)ജസ്റ്റിസ് അരുൺ കുമാർ മിശ്ര

Answer - D

Solution

- ഇന്ത്യയിലെ മനുഷ്യാവകാശങ്ങളുടെ കാവൽക്കാരൻ എന്നറിയപ്പെടുന്നത് - ദേശീയ മനുഷ്യാവകാശ കമ്മീഷൻ (സ്റ്റാറ്റ്യൂട്ടറി ബോഡി)
- ആദ്യത്തെ മനുഷ്യാവകാശ കമ്മീഷൻ ചെയർമാൻ - ജസ്റ്റിസ് രംഗ നാഥ മിശ്ര
- രണ്ടാമത്തെ മനുഷ്യാവകാശ കമ്മീഷൻ ചെയർമാൻ - ജസ്റ്റിസ് എം.എൻ. വെങ്കടാചലയ്യ
- ദേശീയ മനുഷ്യാവകാശ നിയമം നിലവിൽ വന്നത് -1993 സെപ്റ്റംബർ 28
- ദേശീയ മനുഷ്യാവകാശ കമ്മീഷൻ സ്ഥാപിതമായത് -1993 ഒക്ടോബർ 12

3. താഴെപ്പറയുന്നവയിൽ ആരാണ് ബിൽ ഒരു 'മണി ബില്ല്' ആണോ എന്ന് തീരുമാനിക്കുന്നത്?

A)ലോക്സഭാ സ്പീക്കർ
B)ധനമന്ത്രി
C)ധനകാര്യ സെക്രട്ടറി
D)പ്രതിപക്ഷ നേതാവ്

Answer - A

Solution

- മണി ബില്ലിനെ കുറിച്ച് പ്രതിപാദിക്കുന്ന ആർട്ടിക്കിൾ - ആർട്ടിക്കിൾ 110
- സാമ്പത്തിക ബില്ലിനെ കുറിച്ച് പ്രതിപാദിക്കുന്ന ആർട്ടിക്കിൾ - ആർട്ടിക്കിൾ 117
- മണി ബില്ല് ലോകസഭയിൽ മാത്രമേ അവതരിപ്പിക്കാൻ സാധിക്കുകയുള്ളു.
- ഇന്ത്യയിൽ മണി ബില്ലും സാമ്പത്തിക ബില്ലും അവതരിപ്പിക്കുന്നതിന് രാഷ്ട്രപതിയുടെ മുൻകൂർ അനുമതി ആവശ്യമാണ്.
- രാജ്യസഭയ്ക്ക് മണി ബിൽ തള്ളാനോ അതിൽ ഭേദഗതി വരുത്താനോ അനുവാദമില്ല.

4. പഞ്ചശീല തത്വങ്ങളിൽ ഒപ്പുവച്ച ഇന്ത്യൻ പ്രധാനമന്ത്രി ?

A)ജവഹർലാൽ നെഹ്റു
B)ഇന്ദിരാഗാന്ധി
C)മൊറാർജി ദേശായി
D)രാജീവ് ഗാന്ധി

Answer - A

Solution

പഞ്ചശീലതത്വങ്ങൾ

1954-ൽ ചൈനയുമായി അതിർത്തിതർക്കം ഉണ്ടായപ്പോൾ ഇന്ത്യ ചൈനയുമായി ഒപ്പിട്ട കരാറാണ് പഞ്ചശീലതത്വങ്ങൾ.ജവഹർലാൽ നെഹ്റുവും ചൈനീസ് പ്രധാനമന്ത്രി ചൗ എൻ ലായുമാണ് സംയുക്ത പ്രസ്താവനയിൽ ഒപ്പുവച്ചത്. 1954 ഏപ്രിൽ 29 നായിരുന്നു പരസ്പരം ഒപ്പു വച്ചത്. ചൈനയുമായി ഒപ്പിട്ട കരാറാണ് പഞ്ചശീലതത്വമെങ്കിലും എല്ലാ രാജ്യങ്ങളോടുമുള്ള ഇന്ത്യയുടെ സമീപനം അതു തന്നെയായിരുന്നു.

- രാഷ്ട്രങ്ങളുടെ അതിരുകളെയും പരമാധികാരത്തെയും പരസ്പരം ബഹുമാനിക്കുക
- ആഭ്യന്തരകാര്യങ്ങളിൽ പരസ്പരം ഇടപെടാതിരിക്കുക
- സമത്വവും പരസ്പരനേട്ടവും ഉറപ്പുവരുത്തുക
- പരസ്പരം ആക്രമിക്കാതിരിക്കുക
- സമാധാനപരമായ സഹവർത്തിത്വവും സാമ്പത്തിക സഹകരണവും ഉറപ്പുവരുത്തുക

ഇവയാണ് പഞ്ചശീലതത്വങ്ങൾ. ഇന്ത്യയും ചൈനയും തമ്മിൽ 1954 ൽ ഒപ്പുവച്ച കരാറാണ് പഞ്ചശീലതത്വങ്ങളിൽ അടിസ്ഥാനമാക്കി ഉണ്ടാക്കിയ ആദ്യത്തെ ഉടമ്പടി .

5. ക്രിമിനൽ നടപടിക്രമത്തിന്റെ കോഡ് 1973 (The Code of Criminal Procedure 1973)പ്രകാരം അറസ്റ്റ് ചെയ്തു കഴിഞ്ഞ ഒരാളിനെ എത്ര മണിക്കൂറിനകം കോടതിയിൽ ഹാജരാക്കണം ?

A)24 മണിക്കൂറിനകം
B)48 മണിക്കൂറിനകം
C)10 മണിക്കൂറിനകം
D)12 മണിക്കൂറിനകം

Answer - A

Solution

- അറസ്റ്റ് ചെയ്താൽ 24 മണിക്കൂറിനകം പ്രതിയെ ഒരു മജിസ്ട്രേറ്റിന്റെ മുന്നിൽ ഹാജരാക്കണം.
- രാജ്യത്തെ നിയമം അനുസരിച്ച് ഏറ്റവും താഴെത്തെ കോടതി മുൻസിഫ് കോടതിയും മജിസ്ട്രേറ്റ് കോടതിയുമാണ്.
- സിവിൽ കേസുകൾ മുൻസിഫ് കോടതികളാണ് പരിഹരിക്കേണ്ടത്.
- ക്രിമിനൽ കേസാണെങ്കിൽ അത് മജിസ്ട്രേറ്റ് കോടതിയിലാണ് വരുന്നത്.

6. ഇന്ത്യൻ ഭരണഘടനയുടെ മൂന്നാം ഭാഗത്തിൽ പ്രതിപാദിച്ചിരിക്കുന്നത് ?

A)മൗലികാവകാശങ്ങൾ
B)ഇന്ത്യയിലെ പ്രദേശങ്ങൾ
C)പൗരത്വം
D)നിർദേശക തത്വം

Answer - A

Solution

ഭരണഘടന ഇന്ത്യൻ പൗരന്മാർക്കു 6 മൗലികാവകാശങ്ങൾ വാഗ്ദാനം ചെയുന്നു.

- ഇന്ത്യൻ ഭരണഘടനയുടെ മൂന്നാം ഭാഗത്ത് 12 മുതൽ 35 വരെയുള്ള വകുപ്പുകളിലാണ് മൗലികാ വകാശങ്ങളെക്കുറിച്ച് പ്രതിപാദിച്ചിരിക്കുന്നത്.
- ഇന്ത്യയുടെ മാഗ്നാകാർട്ടാ, ഭരണഘടനയുടെ ആണിക്കല്ല് എന്നിങ്ങനെ അറിയപ്പെടുന്നത് - മൗലികാവകാശങ്ങൾ
- മൗലികാവകാശങ്ങളുടെ ശില്പി എന്നറിയപ്പെടുന്നത് - സർദാർ വല്ലഭായ് പട്ടേൽ
- ഭരണഘടനയിൽ മൗലികാവകാശങ്ങൾ ഉൾപ്പെടുത്തിയിരിക്കുന്ന ഭാഗം - ഭാഗം III
- മൗലികാവകാശങ്ങൾ എന്ന ആശയം ഇന്ത്യ കടം കൊണ്ടിരിക്കുന്ന രാജ്യം - അമേരിക്ക
- ആറ് മൗലികസ്വാതന്ത്ര്യങ്ങൾ ഉൾക്കൊള്ളിച്ചിരിക്കുന്ന ആർട്ടിക്കിൾ - ആർട്ടിക്കിൾ 19
- സ്വത്തവകാശം മൗലികാവകാശങ്ങളിൽ നിന്നും നീക്കം ചെയ്ത വർഷം - 1978

7. പാർലമെന്റ് വനസംരക്ഷണ നിയമം പാസ്സാക്കിയത് ?

A)1974 B)1981
C)1972 D)1980

Answer - D

Solution

- ഇന്ത്യയിലെ റിസർവ് വനങ്ങളെ സംരക്ഷിക്കുന്നതിന് കേന്ദ്രസർക്കാർ കൊണ്ടുവന്ന നിയമമാണ് 1980 ലെ വനസംരക്ഷണ നിയമം.
- ഇന്ത്യൻ വന നിയമം വന്ന വർഷം - 1927
- ഇൻഡ്യൻ വന സംരക്ഷണ വന്ന നിയമം - 1980
- പരിസ്ഥിതി സംരക്ഷണ നിയമം വന്ന വർഷം - 1986
- പ്രൊജക്റ്റ് ടൈഗർ ഇയർ - 1973

8. ലോകസഭയിലെ സീറോ അവറിന്റെ ദൈർഘ്യം ?

A)1/2 മണിക്കൂർ B)1 മണിക്കൂർ
C)1 1/2മണിക്കൂർ D)കൃത്യമായ സമയം നിശ്ചയിച്ചിട്ടില്ല

Answer - D

Solution

- പാർലമെന്റ് അംഗങ്ങൾക്ക് നോട്ടീസ് ഇല്ലാതെ തന്നെ പ്രശ്നങ്ങൾ ഉന്നയിക്കാനുള്ള അനൗപചാരിക മാർഗമാണ് ശൂന്യവേള.
- പാർലമെന്ററി രംഗത്ത് ഇന്ത്യയുടെ സംഭാവനയാണ്- സീറോ അവർ.
- 1962-ലാണ് സീറോ അവർ ഇന്ത്യയിൽ ആരംഭിക്കുന്നത്.
- ചോദ്യോത്തര വേളയ്ക്കും അജണ്ടയ്ക്കും ഇടയിലുള്ള സമയമാണ് ശൂന്യവേള. ഉച്ചയ്ക്ക് 12 നും 1 നും ഇടയിലാണ് ശൂന്യവേള.ചില സമയങ്ങളിൽ നീണ്ടു പോകാറുണ്ട്.
- 2014 നവംബർ മുതൽ രാജ്യസഭയിൽ 11 മണി മുതലാണ് ശൂന്യവേള. ലോക്സഭയിൽ മാറ്റമില്ല.

9. ഇന്ത്യയുടെ ആദ്യത്തെ ഉപപ്രധാനമന്ത്രി?

A)നെഹ്റു B)സക്കീർ ഹുസൈൻ
C)സർദാർ വല്ലഭായി പട്ടേൽ D)ഡോ രാജേന്ദ്രപ്രസാദ്

Answer - C

Solution

- ഇന്ത്യയുടെ ആദ്യത്തെ ഉപപ്രധാനമന്ത്രി- സർദാർ വല്ലഭായി പട്ടേൽ.
- ഏറ്റവും കൂടുതൽ കാലം ഉപപ്രധാനമന്ത്രി ആയിരുന്നത് - സർദാർ വല്ലഭായി പട്ടേൽ.
- പദവിയിലിരിക്കെ അന്തരിച്ച ആദ്യ ഉപപ്രധാനമന്ത്രി- സർദാർ വല്ലഭായി പട്ടേൽ.

10. ദേശീയ തലത്തിൽ അഴിമതി തടയാൻ സ്ഥാപിച്ച സ്ഥാപനം?

A)ലോകായുക്ത
B)ഓംബുഡ്സ്മാൻ
C)ലോക്പാൽ
D)ഇവയൊന്നുമല്ല

Answer - C

Solution

- ലോക്പാലിൽ അംഗമാകുന്നതിന് വേണ്ട കുറഞ്ഞ പ്രായം - 45 വയസ്സ്
- ലോക്പാൽ ബിൽ രാജ്യസഭ പാസാക്കിയത് - 2013 ഡിസംബർ 17
- ലോക്പാൽ ബിൽ ലോക്സഭ പാസാക്കിയത് - 2013 ഡിസംബർ 18
- ലോക്പാൽ ബില്ലിന് രാഷ്ട്രപതിയുടെ അംഗീകാരം ലഭിച്ചത് - 2014 ജനുവരി 1
- ഇന്ത്യയുടെ ആദ്യ ലോക്പാലിനെ രാഷ്ട്രപതി നിയമിച്ചത് - 2019 മാർച്ച് 19

11. ഗവൺമെന്റിന്റെ സേവനങ്ങൾ ജനങ്ങളിലേക്കെത്തുന്നത് ആരിലൂടെയാണ് ?

A)മന്ത്രിസഭ
B)പഞ്ചായത്ത്
C)കോടതി
D)ഉദ്യോഗസ്ഥ വൃന്ദം

Answer - D

Solution

- ഗവൺമെന്റിന്റെ സേവനങ്ങൾ ജനങ്ങളിലേക്കെത്തുന്നത് ആരിലൂടെയാണ് - ഉദ്യോഗസ്ഥ വൃന്ദം
- വിവരാവകാശ നിയമത്തിന്റെ മാതൃകയിൽ സേവനം പൗരന്റെ അവകാശമാക്കുന്ന ഇന്ത്യയിലെ നിയമമാണ് സേവനാവകാശ നിയമം (Right to Service Act).
- സർക്കാർ വകുപ്പുകളും തദ്ദേശസ്വയംഭരണ വകുപ്പുകളും നടത്തുന്ന എല്ലാവിധ സേവനങ്ങളും ജനങ്ങളുടെ അവകാശമാണെന്ന് പ്രഖ്യാപിക്കുന്ന നിയമമാണ് ഇത്.
- വില്ലേജ് ഓഫീസുകളിലെ എല്ലാ സേവനങ്ങളും സാമൂഹ്യ സുരക്ഷാ സേവനങ്ങൾ, പാസ്പോർട്ട് വെരിഫിക്കേഷൻ തുടങ്ങി ഒരുവിധപ്പെട്ട കാര്യങ്ങളൊക്കെ ഇതിന്റെ പരിധിയിൽ വരും.
- സേവനങ്ങൾക്കായി സാധാരണക്കാർ സർക്കാർ ആഫീസുകളിൽ കയറിയിറങ്ങേണ്ടി വരുന്ന അവസ്ഥയ്ക്ക് ഒരു പരിഹാരം കൂടിയാണ് സേവനാവകാശ നിയമം.

12. ഇന്ത്യൻ വൈസ് പ്രസിഡന്റിനെ തെരഞ്ഞെടുക്കുന്ന സമിതിയിൽ ചുവടെ ചേർത്തിട്ടുള്ള ആരെല്ലാം ഉൾപ്പെടുന്നു ?

A)ലോക്സഭാ, രാജ്യസഭാ അംഗങ്ങൾ
B)ലോക്സഭാ, രാജ്യസഭാ, സംസ്ഥാന നിയമസഭാ അംഗങ്ങൾ
C)പ്രസിഡന്റ്, ലോക്സഭാ, രാജ്യസഭാ അംഗങ്ങൾ
D)ലോക്സഭയിലെയും രാജ്യസഭയിലെയും തെരഞ്ഞെടുക്കപ്പെട്ട അംഗങ്ങൾ

Answer - A

Solution

- ഇന്ത്യാ ഗവൺമെന്റിൽ രാഷ്ട്രപതിക്കുശേഷമുള്ള ഉയർന്ന പദവി - ഇന്ത്യയിലെ രണ്ടാമത്തെ ഉയർന്ന പദവി - ആണ് ഉപരാഷ്ട്രപതിയുടേത്.
- ഇന്ത്യയുടെ പാർലമെന്റിന്റെ ഉപരിസഭയായ രാജ്യസഭയുടെ അദ്ധ്യക്ഷൻ എന്ന നിയമനിർമ്മാണാധികാരവും ഉപരാഷ്ട്രപതിയിൽ നിക്ഷിപ്തമായിരിക്കുന്നു.
- രാഷ്ട്രപതിയുടെ സ്ഥാനത്ത് ഏതെങ്കിലും സാഹചര്യത്തിൽ ഒഴിവുവരുന്ന പക്ഷം താല്കാലികമായി അദ്ദേഹത്തിന്റെ അധികാരങ്ങൾ വിനിയോഗിക്കാനുള്ള ഉത്തരവാദിത്തവും ഇന്ത്യയുടെ ഭരണഘടന പ്രകാരം ഉപരാഷ്ട്രപതിക്കുണ്ട്.
- ഇന്ത്യൻ ഭരണഘടനയുടെ 63 -ാം അനുച്ഛേദം "ഇന്ത്യയ്ക്ക് ഒരു ഉപരാഷ്ട്രപതി ഉണ്ടായിരിക്കണം" എന്ന് നിഷ്കർഷിക്കുന്നു.

13. "സെൻസസ്' ഇന്ത്യൻ ഭരണഘടനയുടെ ഏത് ലിസ്റ്റിൽ ഉൾപ്പെടുന്നു ?

A)യൂണിയൻ ലിസ്റ്റ്
B)കൺകറന്റ് ലിസ്റ്റ്
C)സ്റ്റേറ്റ് ലിസ്റ്റ്
D)ഒരു ലിസ്റ്റിലും ഉൾപ്പെടുന്നില്ല

Answer - A

Solution

- കേന്ദ്രസർക്കാരിന് (പാർലമെൻറിന്) മാത്രം നിയമനിർമ്മാണം നടത്താൻ അധികാരമുള്ള വിഷയങ്ങളുടെ ലിസ്റ്റാണ് യൂണിയൻ ലിസ്റ്റ്.
- അസാധാരാണ സാഹചര്യങ്ങളിലൊഴികെ മറ്റെല്ലായ്പോഴും സംസ്ഥാനസർക്കാറിന് മാത്രം നിയമനിർമ്മാണം നടത്താൻ അധികാരമുള്ള വിഷയങ്ങളുടെ ലിസ്റ്റാണ് സ്റ്റേറ്റ് ലിസ്റ്റ്
- കേന്ദ്ര-സംസ്ഥാന സർക്കാരുകൾ ചേർന്ന് നിയമനിർമ്മാണം നടത്താൻ വ്യവസ്ഥ ചെയ്യുന്ന വിഷയങ്ങളുടെ ലിസ്റ്റാണ് കൺകറൻറ് ലിസ്റ്റ്.

14. 1956-ൽ ഭാഷയുടെ അടിസ്ഥാനത്തിൽ സംസ്ഥാനങ്ങൾ പുനഃസംഘടിപ്പിച്ചത് എത്രാമത്തെ ഭരണഘടനാ ഭേദഗതിയിലൂടെയാണ്?

A)3 -ാം ഭേദഗതി
B)5 -ാം ഭേദഗതി
C)7 -ാം ഭേദഗതി
D)9 -ാം ഭേദഗതി

Answer - C

Solution

- ഇന്ത്യൻ സംസ്ഥാനങ്ങളെയും കേന്ദ്ര ഭരണ പ്രദേശങ്ങളെയും ഭാഷ അടിസ്ഥാനത്തിൽ വേർതിരിക്കാൻ കാരണമായ പ്രധാനപ്പെട്ട ഒരു നവീകരണം ആണ് സംസ്ഥാന പുനഃസംഘടന നിയമം, 1956.
- 1956നു ശേഷവും സംസ്ഥാന അതിർത്തികളിൽ മാറ്റങ്ങൾ

വന്നിട്ടുണ്ടെങ്കിലും 1956ലെ സംസ്ഥാന പുനഃസംഘടന നിയമം ആണ് സ്വാതന്ത്ര്യത്തിനു ശേഷം നടന്ന ഏറ്റവും സമഗ്രമായ മാറ്റങ്ങൾ നടത്തിയ നിയമം.
• ഭരണഘടന (ഏഴാം ഭേദഗതി) നിയമം, 1956 പ്രകാരം ഭരണഘടനയുടെ 3 & 4 ആർട്ടിക്കിൾ ഉപയോഗിച്ച് ആണ് സംസ്ഥാന പുനഃസംഘടന നിയമം നടപ്പിലാക്കിയത്.

15. എത്രാമത് ലോകസഭാ തെരഞ്ഞെടുപ്പാണ് ഇന്ത്യയിൽ 2019-ൽ നടന്നത് ?

A)15 B)16
C)17 D)18

Answer - C

Solution

2019-ലെ ഇന്ത്യയിലെ പൊതുതെരഞ്ഞെടുപ്പ്
• ഇന്ത്യയിലെ പതിനേഴാം ലോക സഭയെ തിരഞ്ഞെടുക്കാനുള്ള പൊതുതിരഞ്ഞെടുപ്പ്2019 ഏപ്രിൽ മെയ് മാസങ്ങളിൽ നടന്നു .
• 543 അംഗങ്ങളെയാണ് 543 ലോകസഭാ മണ്ഡലങ്ങളിൽ നിന്നായി ലോക്സഭയിലേക്ക് വോട്ട് ചെയ്ത തിരഞ്ഞെടുക്കുന്നത്. ഇതിനു പുറമെ രണ്ടു പേരെ രാഷ്ട്രപതി നാമനിർദ്ദേശം ചെയ്യുകയും ചെയ്യുന്നു.

16. ഭാഷയുടെ അടിസ്ഥാനത്തിൽ സംസ്ഥാനങ്ങളെ പുനഃസംഘടിപ്പിക്കണം എന്ന ആശയം മുന്നോട്ട് വെച്ച കമ്മീഷൻ ?

A)ജെ.വി.പി. കമ്മീഷൻ B)എസ് കെ ദാർ കമ്മീഷൻ
C)ഫസൽ അലി കമ്മീഷൻ D)രാധാകൃഷ്ണൻ കമ്മീഷൻ

Answer - C

Solution

• 1953 ൽ ഇന്ത്യയുടെ പ്രധാനമന്ത്രിയായിരുന്ന പണ്ഡിറ്റ് ജവഹർലാൽ നെഹ്റു ഭാഷാടിസ്ഥാനത്തിൽ ഇന്ത്യയിലെ സംസ്ഥാനങ്ങളെ പുനരേകീകരിക്കുന്നതിനെ കുറിച്ച് റിപ്പോർട്ട് തയ്യാറാക്കാനായി നിയമിച്ച കമ്മീഷൻ ആണ് ഫസൽ അലി കമ്മീഷൺ.
• കമ്മീഷന്റെ തലവൻ ഫസൽ അലി ആയിരുന്നു.
• സർദാർ കെ.എം. പണിക്കർ, എച്ച്.എൻ കുൻസ്രു എന്നിവരായിരുന്നു ഈ സമിതിയിലെ മറ്റു അംഗങ്ങൾ.
• ഈ കമ്മീഷൺ റിപ്പോർട്ടു പ്രകാരമാണ് രാജ്യത്തെ സംസ്ഥാനങ്ങളെ ഭാഷാടിസ്ഥാനത്തിൽ പുനരേകീകരിക്കാൻ തീരുമാനമായത്.

17. കേരള സ്റ്റേറ്റ് ഇലക്ഷൻ കമ്മീഷനുമായി ബന്ധപ്പെട്ട ശരിയായ പ്രസ്താവനകൾ ഏവ ?

1.1993 ഡിസംബർ-3 ന് നിലവിൽ വന്നു.

2.ഇന്ത്യൻ ഭരണഘടനയുടെ ആർട്ടിക്കിൾ 243 കെ പ്രകാരമാണ് സ്റ്റേറ്റ് ഇലക്ഷൻ കമ്മീഷൻ സ്ഥാപിതമായത്.
3പഞ്ചായത്ത് , മുനിസിപ്പാലിറ്റി, കോർപ്പറേഷൻ തിരഞ്ഞെടുപ്പുകൾ നടത്തുക എന്നതാണ് കമ്മീഷന്റെ പ്രധാന ചുമതല.
4.പഞ്ചായത്ത് , നിയമസഭാ മണ്ഡലം , കോർപ്പറേഷൻ , മുനിസിപ്പാലിറ്റി എന്നിവയുടെ അതിർത്തി നിർണയം സ്റ്റേറ്റ് ഇലക്ഷൻ കമ്മീഷന്റെ ചുമതലയാണ്.

A)ഒന്നും രണ്ടും
B)ഒന്നും മൂന്നും
C)മൂന്നും നാലും
D)ഒന്നും രണ്ടും മൂന്നും

Answer - D

Solution

- ഇന്ത്യയിലെ ആദ്യത്തെ തിരഞ്ഞെടുപ്പ് കമ്മീഷണർ - സുകുമാർ സെൻ
- കേരളീയനായ ഇന്ത്യൻ തിരഞ്ഞെടുപ്പു കമ്മീഷണർ - ടി.എൻ.ശേഷൻ
- ഇന്ത്യയിലെ തിരഞ്ഞെടുപ്പു കമ്മീഷണറായിരുന്ന ഏക വനിത - വി.എസ്. രമാദേവി
- സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണറെ നിയമിക്കുന്നത് - ഗവർണർ
- ഒരു പോളിങ് ബൂത്തിന്റെ ചുമതലയുള്ള ഉദ്യോഗസ്ഥൻ - പ്രിസൈഡിങ് ഓഫീസർ

18. ഏതു നിയമത്തിലാണ് “സാമൂഹിക ബഹിഷ്ക്കരണം' എന്ന പദം ഉപയോഗിച്ചിരിക്കുന്നത്?

A)ഇന്ത്യൻ ഭരണഘടന, 1950
B)പട്ടികജാതി, പട്ടികവർഗ്ഗ (അതിക്രമങ്ങൾ തടയൽ) നിയമം, 1989
C)സിവിൽ അവകാശ സംരക്ഷണ നിയമം, 1955
D)പട്ടിക വർഗ്ഗക്കാരും മറ്റ് പാരമ്പര്യ വനവാസികളും (വനാവകാശങ്ങൾ) നിയമം, 2006

Answer - B

Solution

- പട്ടികജാതിയിലോ പട്ടികവർഗത്തിലോ പെടുന്ന ഒരാൾക്കെതിരെ നടക്കുന്ന കുറ്റകൃത്യങ്ങളും അതിക്രമങ്ങളും തടയുന്നതിനും അത്തരം കുറ്റകൃത്യങ്ങളുടെ വിചാരണ നടത്തുന്നതിനായി പ്രത്യേക കോടതികൾ സ്ഥാപിക്കുന്നതിനും അത്തരം കുറ്റകൃത്യങ്ങളുടെ ഇരകൾക്ക് ആശ്വാസവും പുനരധിവാസവും നൽകുന്നതിനും അതുമായി ബന്ധപ്പെട്ട അല്ലെങ്കിൽ അതിന് അനുബന്ധമായ കാര്യങ്ങൾ കൈകാര്യം ചെയ്യുന്നതിനുമുള്ള ഒരു നിയമമാണ് - പട്ടികജാതി, പട്ടികവർഗ്ഗ (അതിക്രമങ്ങൾ തടയൽ) നിയമം, 1989.
- പട്ടികജാതി , പട്ടികവർഗം എന്നിവ ഇന്ത്യയിലെ ചരിത്രപരമായി പിന്നാക്കം നിൽക്കുന്നവരുടെ ഗ്രൂപ്പുകളാണ്.
- ഇന്ത്യൻ ഉപഭൂഖണ്ഡത്തിലെ ബ്രിട്ടീഷ് ഭരണത്തിന്റെ ഭൂരിഭാഗം കാലവും

അവരെ അടിച്ചമർത്തപ്പെട്ട വിഭാഗങ്ങൾ എന്നാണ് വിളിച്ചിരുന്നത്.
• പട്ടികജാതിക്കാരും പട്ടികവർഗക്കാരും യഥാക്രമം 16.6%, 8.6% എന്നിങ്ങനെയാണ് ഇന്ത്യയിലെ ജനസംഖ്യയിൽ (2011 ലെ സെൻസസ് അനുസരിച്ച്).

19. ദേശീയ പിന്നോക്കവിഭാഗ കമ്മീഷന് ഭരണഘടനാ പദവി നൽകിയതു ഏതു ഭേദഗതി യിലൂടെയാണ് ?

A) 103-ാം ഭേദഗതി നിയമം, 2019
B) 102-ാം ഭേദഗതി നിയമം, 2018
C) 101-ാം ഭേദഗതി നിയമം, 2016
D) 104-ാം ഭേദഗതി നിയമം, 2020

Answer - B

Solution

• ദേശീയ പിന്നോക്കവിഭാഗ കമ്മീഷൻ നിലവിൽ വന്നത് - 1993 ആഗസ്റ്റ് 14.
• ദേശീയ പിന്നോക്കവിഭാഗ കമ്മീഷനെ പ്രതിപാദിക്കുന്ന ഭരണഘടനാ വകുപ്പ് - 338 B
• ദേശീയ മനുഷ്യാവകാശ കമ്മീഷൻ നിലവിൽ വന്നത് - 1993 ഒക്ടോബർ 12
• സംസ്ഥാന മനുഷ്യവകാശ കമ്മീഷൻ നിലവിൽ വന്നത് - 1998 ഡിസംബർ 11

20. ഇന്ത്യൻ ഭരണഘടന ഉറപ്പു തരുന്ന 'സമത്വത്തിനുള്ള അവകാശം' എന്ന മൗലിക അവകാശത്തിൽ ഉൾക്കൊള്ളിച്ചിരിക്കുന്ന ആശയങ്ങളിൽ പെടാത്തത് ഏത്?

1.മതഭാഷ ന്യൂനപക്ഷങ്ങൾക്ക് സ്വന്തം ഇഷ്ടപ്രകാരം വിദ്യാഭ്യാസ സ്ഥാപനങ്ങൾ ആരംഭിക്കുന്നതിനുള്ള അവകാശം.
2ജാതി , മതം , ലിംഗം എന്നിവയുടെ അടിസ്ഥാനത്തിൽ വിവേചനം നിരോധിക്കൽ.
3.സ്ഥാനപ്പേരുകൾ നിർത്തലാക്കാൻ.
4.പൊതുനിയമനകളിൽ അവസര സമത്വം ഉറപ്പാക്കൽ.

A)1,3
B)1
C)1,2
D)1,2,4

Answer - B

Solution

• മൗലിക അവകാശം ആശയം കടമെടുത്തത് - അമേരിക്ക .
• മൗലിക അവകാശം ഭാഗം 3 , ആർട്ടിക്കിൾ 12 - 35 .
• 'മൗലിക അവകാശങ്ങളുടെ ശില്പി' എന്നറിയപ്പെടുന്നത്? സർദാർ വല്ലഭായ് പട്ടേൽ
• ഭരണഘടനയിലെ മൂന്നാം ഭാഗത്ത് ഏതെല്ലാം അനുച്ഛേദങ്ങളിലായാണ് മൗലികാവകാശങ്ങൾ വരുന്നത്?
അനുച്ഛേദം 12 മുതൽ അനുച്ഛേദം 35 വരെ അതായത് Article 12 മുതൽ Article 35 വരെ)

മൗലിക അവകാശങ്ങൾ
- സമത്വത്തിനുള്ള അവകാശം,
- സ്വാതന്ത്ര്യത്തിനുള്ള അവകാശം
- ചൂഷണത്തിനെതിരെയുള്ള അവകാശം
- മതസ്വാതന്ത്ര്യത്തിനുള്ള അവകാശം
- സാംസ്കാരികവും വിദ്യാഭാസപരവുമായ അവകാശം
- ഭരണഘടനാപരമായ പ്രതിവിധിക്കുള്ള അവകാശം.
- 'മൗലിക അവകാശങ്ങൾ' നിലവിൽ വന്ന സമയത്ത് എത്ര അവകാശങ്ങൾ ഉണ്ടായിരുന്നു?
- ഏഴ് അവകാശങ്ങൾ
- ഇപ്പോൾ എത്ര 'മൗലിക അവകാശങ്ങൾ' ഉണ്ട് ?
- ആറ് മൗലിക അവകാശങ്ങൾ
- ആദ്യകാല 'മൗലിക അവകാശങ്ങളിൽ' നിന്നും എടുത്തുകളയപ്പെട്ട മൗലിക അവകാശമേത്? സ്വത്തവകാശം
- 'മൗലിക അവകാശങ്ങളുടെ' കരട് രൂപം തയ്യാറാക്കിയത്?
- ജവാഹർലാൽ നെഹ്റു
- 'മൗലിക അവകാശങ്ങളുടെ സംരക്ഷകൻ?
- സുപ്രീം കോടതി

21. ഇന്ത്യയുടെ ഭരണഘടന പ്രകാരം മൗലിക കർത്തവ്യങ്ങളുമായി ബന്ധപ്പെട്ട് താഴെപ്പറയുന്നവയിൽ ശരിയായ പ്രസ്താവനകൾ ഏവ ?

1.1976 -ലെ 42-ാം ഭരണഘടനാ ഭേദഗതി പ്രകാരം കൂട്ടിചേർത്തു.
2.1977 ജനുവരി 3 മുതൽ പ്രാബല്യത്തിൽ വന്നു.
3.ഭരണഘടനയുടെ IV A ഭാഗത്ത് ആണ് മൗലിക കർത്തവ്യങ്ങൾ പ്രതിപാദിക്കുന്നത്.
4.നിലവിൽ 10 മൗലിക കർത്തവ്യങ്ങൾ ആണ് ഉള്ളത്.

A)ഒന്നുമാത്രം
B)ഒന്നും മൂന്നും
C)ഒന്നും രണ്ടും മൂന്നും
D)ഒന്നും മൂന്നും നാലും

Answer - C

Solution
- പ്രസ്താവന 4 തെറ്റാണ് കാരണം നിലവിൽ 11 മൗലിക കർത്തവ്യങ്ങൾ ആണ് ഉള്ളത്.
- 1976-ലെ 42-ാം ഭരണഘടനാ ഭേദഗതിയിലൂടെയാണ് 10 മൗലിക കർത്തവ്യങ്ങൾ ഇന്ത്യൻ ഭരണഘടനയുടെ ഭാഗമാകുന്നത്.
- 1977 ജനുവരി 3 മുതൽ പ്രാബല്യത്തിൽ വന്നു.
- ഭരണഘടനയുടെ നാലാം ഭാഗത്തിൽ അനുഛേദം 51-എ യിലാണ് ഈ കർത്തവ്യങ്ങളെക്കുറിച്ച് പ്രതിപാദിച്ചിരിക്കുന്നത്.
- 2002-ലെ 86-ാം ഭരണഘടനാ ഭേദഗതിയിലൂടെ ഒരു മൗലിക കർത്തവ്യം

കൂടി ചേർക്കപ്പെട്ടു.

22. ഇന്ത്യൻ രാഷ്ട്രപതിയെ തിരഞ്ഞെടുക്കുന്നതിനുള്ള യോഗ്യതകൾ വിവരിക്കുന്ന ഭരണഘടന ആർട്ടിക്കിൾ ഏത് ?

A)58
B)57
C)56
D)55

Answer - A

Solution

- രാഷ്ട്രപതി ഉപരാഷ്ട്രപതി തിരഞ്ഞെടുപ്പ് നടത്തുന്നത് - കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മീഷൻ.
- രാഷ്ട്രപതി ഉപരാഷ്ട്രപതി തിരഞ്ഞെടുപ്പ് സംബന്ധിച്ച പ്രശ്നങ്ങൾ പരിഹരിക്കുന്നത് സുപ്രീം കോടതി ആണ്.
- തിരഞ്ഞെടുപ്പ് കമ്മീഷനെ കുറിച്ച് പ്രതിപാദിക്കുന്ന ഭരണഘടന അനുച്ഛേദം - 324.
- ലോകസഭ നിയമസഭ തിരഞ്ഞെടുപ്പുകൾ നടത്തുന്നതും കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മീഷൻ ആണ്.

23. സ്റ്റേറ്റ്, യൂണിയൻ, കൺകറന്റ്റ് ലിസ്റ്റുമായി ബന്ധപ്പെട്ട് താഴെ പറയുന്നവയിൽ ശരിയായ പ്രസ്താവന ഏത് ?

A)സ്റ്റേറ്റ് ലിസ്റ്റ് 97 വിഷയങ്ങൾ, യൂണിയൻ ലിസ്റ്റ് 66 വിഷയങ്ങൾ, കൺകറന്റ്റ് ലിസ്റ്റ് 47 വിഷയങ്ങൾ.
B)സ്റ്റേറ്റ് ലിസ്റ്റ് 47 വിഷയങ്ങൾ, യൂണിയൻ ലിസ്റ്റ് 66 വിഷയങ്ങൾ, കൺകറന്റ്റ് ലിസ്റ്റ് 97 വിഷയങ്ങൾ.
C)സ്റ്റേറ്റ് ലിസ്റ്റ് 66 വിഷയങ്ങൾ, യൂണിയൻ ലിസ്റ്റ് 47 വിഷയങ്ങൾ, കൺകറന്റ്റ് ലിസ്റ്റ് 97 വിഷയങ്ങൾ.
D)സ്റ്റേറ്റ് ലിസ്റ്റ് 66 വിഷയങ്ങൾ, യൂണിയൻ ലിസ്റ്റ് 97 വിഷയങ്ങൾ, കൺകറന്റ്റ് ലിസ്റ്റ് 47 വിഷയങ്ങൾ.

Ans. D

Solution

യൂണിയൻ ലിസ്റ്റ്, സ്റ്റേറ്റ് ലിസ്റ്റ്, കൺകറൻറ്റ് ലിസ്റ്റ് എന്നിവയെ കുറിച്ച് പ്രതിപാദിക്കുന്ന ഷെഡ്യൂൾ - ഏഴാം ഷെഡ്യൂൾ

- യൂണിയൻ ലിസ്റ്റിൽ ഉള്ള വിഷയങ്ങളുടെ കാര്യങ്ങളിൽ നിയമം നിർമ്മിക്കാനുള്ള അധികാരം - പാർലമെന്റ്റിന്
- സ്റ്റേറ്റ് ലിസ്റ്റിൽ ഉള്ള വിഷയങ്ങളുടെ കാര്യങ്ങളിൽ നിയമം നിർമ്മിക്കാനുള്ള അധികാരം - സംസ്ഥാനങ്ങൾക്ക്
- മൂന്നു ലിസ്റ്റിലും ഇല്ലാത്ത വിഷയങ്ങളുടെ കാര്യങ്ങളിൽ നിയമം നിർമ്മിക്കാനുള്ള പാർലമെന്റിന്റെ അധികാരം അറിയപ്പെടുന്നത് - അവശിഷ്ടാധികാരം (Residuary Powers)

24. പ്രധാനമന്ത്രിയുൾപ്പെടെ കേന്ദ്രമന്ത്രി സഭയുടെ ആകെ അംഗങ്ങളുടെ എണ്ണം ലോക്സഭാ മെമ്പർമാരുടെ 15% ആയി നിജപ്പെടുത്തിയ ഭരണഘടനാ ഭേദഗതി ഏത് ?

A) 42-ാം ഭരണഘടനാ ഭേദഗതി
B) 91-ാം ഭരണഘടനാ ഭേദഗതി
C) 44-ാം ഭരണഘടനാ ഭേദഗതി
D) 101-ാം ഭരണഘടനാ ഭേദഗതി

Answer - B

Solution

- ഭരണഘടനയുടെ ഭേദഗതിയുമായി ബന്ധപ്പെട്ട വകുപ്പ് - 368
- "ഭരണഘടന ഭേദഗതി" എന്ന ആശയം ഇന്ത്യ കടമെടുത്തത് - ദക്ഷിണാഫ്രിക്ക
- ഇന്ത്യൻ ഭരണഘടന ആദ്യമായി ഭേദഗതി ചെയ്ത വർഷം - 1951
- കേരളമുൾപ്പെടെയുള്ള പുതിയ സംസ്ഥാനങ്ങൾക്ക് രൂപം നൽകിയ ഭരണഘടന ഭേദഗതി - ഏഴാമത് ഭരണഘടന ഭേദഗതി

25. ഇന്ത്യൻ തിരഞ്ഞെടുപ്പ് കമ്മീഷനുമായി ബന്ധപ്പെട്ട് തെറ്റായ പ്രസ്താവന ഏവ ?

1) ഇന്ത്യൻ തിരഞ്ഞെടുപ്പ് കമ്മീഷൻ ഇപ്പോൾ മൂന്ന് പേർ അടങ്ങുന്ന സമിതിയാണ്.
2) രാഷ്ട്രപതിയാണ് തിരഞ്ഞെടുപ്പ് കമ്മീഷനെ നിയമിക്കുന്നത്.
3) തിരഞ്ഞെടുപ്പ് നടത്താൻ വിപുലമായ ഉദ്യോഗസ്ഥവൃന്ദം തിരഞ്ഞെടുപ്പ് കമ്മീഷനുണ്ട്.
4) രാഷ്ട്രപതി, ഉപരാഷ്ട്രപതി, രാജ്യസഭ, ലോക്സഭ, സംസ്ഥാന നിയമസഭ തിരഞ്ഞെടുപ്പുകൾ നടത്തുന്നത് ഇന്ത്യൻ തെരഞ്ഞെടുപ്പ് കമ്മീഷനാണ്.

A) ഒന്നും രണ്ടും നാലും
B) മൂന്ന് മാത്രം
C) മൂന്നും നാലും
D) ഒന്നും രണ്ടും മൂന്നും

Answer - B

Solution

- ഇന്ത്യയിൽ തിരഞ്ഞെടുപ്പ് കമ്മീഷണറെ നിയമിക്കുന്നത് - രാഷ്ട്രപതി
- ഇന്ത്യയിലെ ആദ്യത്തെ തിരഞ്ഞെടുപ്പ് കമ്മീഷണർ - സുകുമാർ സെൻ
- കേരളീയനായ ഇന്ത്യൻ തിരഞ്ഞെടുപ്പു കമ്മീഷണർ - ടി.എൻ.ശേഷൻ
- രമൺ മാഗ്സസെ പുരസ്കാരം നേടിയിട്ടുള്ള തിരഞ്ഞെടുപ്പ് കമ്മിഷണർ - ടി.എൻ.ശേഷൻ

26. ഇന്ത്യൻ ഭരണഘടനാ അനുച്ഛേദം 25 മുതൽ 28 വരെയുള്ള ഭാഗങ്ങളിൽ ഏത് മൗലികാവകാശത്തെക്കുറിച്ചാണ് പ്രതിപാദിക്കുന്നത്?

A) മതസ്വാതന്ത്ര്യത്തിനുള്ള അവകാശം
B) സമത്വത്തിനുള്ള അവകാശം
C) ഭരണഘടനാപരമായ പരിഹാരം കാണാനുള്ള അവകാശം
D) സാംസ്കാരികവും വിദ്യാഭ്യാസപരവുമായ അവകാശങ്ങൾ

Answer - A

Solution

ജനാധിപത്യരാജ്യത്തിൽ പൗരന് അന്തസ്സും വ്യക്തിത്വവും സ്വാതന്ത്ര്യവും നിലനിർത്തുന്നതിന് ഒഴിവാക്കാൻ പാടില്ലാത്ത ചില പ്രാഥമിക അവകാശങ്ങൾ ഉണ്ടായിരിക്കണം. അതാണ് മൗലികാവകാശങ്ങൾ (Fundamental Rights) എന്നറിയപ്പെടുന്നത്.

- ജീവിക്കുന്നതിനും സഞ്ചരിക്കുന്നതിനും അഭിപ്രായം പ്രകടിപ്പിക്കുന്നതിനുമുള്ള അവകാശങ്ങൾ ഇതിൽ പെടുന്നു.
- മാഗ്നാകാർട്ട, ബിൽ ഒഫ് റൈറ്റ്സ് തുടങ്ങിയവ ഇംഗ്ലീഷ് ജനങ്ങൾ നേടിയ മൗലികാവകാശങ്ങളുടെ അടിസ്ഥാന പ്രമാണങ്ങളാണ്.
- ഇന്ത്യൻ ഭരണഘടനയിലെ മൂന്നാം ഭാഗത്തിൽ 12 മുതൽ 35 വരെയുള്ള അനുഛേദങ്ങളിലാണ് മൗലികവാകാശങ്ങളെ കുറിച്ച് പ്രതിപാദിക്കുന്നത്.
- ചിലപ്രത്യേക സാഹചര്യങ്ങളിലൊഴിച്ച് ഈ മൗലികാവകാശങ്ങൾ നിഷേധിക്കാനുള്ള അധികാരം ഭരണകൂടത്തിന് ഇല്ലായെന്ന് ഇന്ത്യൻ ഭരണഘടന വ്യവസ്ഥ ചെയ്യുന്നു.
- ആർട്ടിക്കിൾ 25 -28 : മതസ്വാതന്ത്ര്യത്തിനുള്ള അവകാശം
- ആർട്ടിക്കിൾ 14 -18 : സമത്വത്തിനുള്ള അവകാശം
- ആർട്ടിക്കിൾ 32 : ഭരണഘടനാപരമായ പരിഹാരം കാണാനുള്ള അവകാശം
- ആർട്ടിക്കിൾ29 -30 : സാംസ്കാരികവും വിദ്യാഭ്യാസപരവുമായ അവകാശങ്ങൾ *

27. സ്റ്റേറ്റ് ഇലക്ഷൻ കമ്മീഷൻ നിയമനവുമായി ബന്ധപ്പെട്ട ശരിയായ പ്രസ്താവനകൾ ഏവ?

1) സ്റ്റേറ്റ് ഇലക്ഷൻ കമ്മീഷണറെ നിയമിക്കുന്നത് ഗവർണർ ആണ്.
2) സ്റ്റേറ്റ് ഇലക്ഷൻ കമ്മീഷണറെ നിയമിക്കുന്നത് രാഷ്ട്രപതിയാണ്.
3) കാലാവധി 65 വയസ്സ് തികയുന്നത് വരെയോ അല്ലെങ്കിൽ പരമാവധി 5 വർഷമോ ആകുന്നു.
4) ഇന്ത്യൻ ഭരണഘടനാ അനുച്ഛേദം 243 k വകുപ്പ് ഒന്ന് പ്രകാരമാണ് സ്റ്റേറ്റ് ഇലക്ഷൻ കമ്മീഷണറെ നിയമിക്കുന്നത്.

A) രണ്ടും മൂന്നും
B) ഒന്നും മൂന്നും നാലും
C) രണ്ടും മൂന്നും നാലും
D) രണ്ടും നാലും

Answer - B

Solution

- ഇലക്ഷൻ കമ്മീഷൻ ഒരു ഭരണഘടനാ സ്ഥാപനമാണ്.
- സംസ്ഥാന നിയമസഭകളിലേക്കും പാലമെന്റിലേക്കും, രാഷ്ട്രപതി,ഉപരാഷ്ട്രപതി തിരഞ്ഞെടുപ്പുകളുടെ നടത്തിപ്പും, നിയന്ത്രണവും ഇന്ത്യൻ തിരഞ്ഞെടുപ്പ് കമ്മീഷന്റെ ചുമതലകളാണ്.
- തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്കുള്ള തിരഞ്ഞെടുപ്പിന്റെ നടത്തിപ്പ് ,മേൽനോട്ടം, നിയന്ത്രണം മുതലായവ സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷന്റെ

ചുമതലകളാണ്.
•1950 ജനുവരി 25-ന് ഇന്ത്യൻ ഭരണഘടനാ അനുഛേദം 324 അനുസരിച്ചാണ് തിരഞ്ഞെടുപ്പ് കമ്മീഷൻ രൂപീകൃതമായത്.
•1993 ഡിസംബർ 3 നാണ് കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ നിലവിൽ വന്നത്.

28. ഇന്ത്യൻ ഭരണഘടനയിൽ പൗരത്വം വിശദീകരിക്കുന്ന ആർട്ടിക്കിൾ ഏത്?

A) 12 മുതൽ 18 വരെ
B) 5 മുതൽ 11 വരെ
C) 1 മുതൽ 4 വരെ
D) ഇവയൊന്നുമല്ല

Answer - B

Solution

•ഇന്ത്യൻ ഭരണഘടനയുടെ രണ്ടാം ഭാഗം (ആർട്ടിക്കിൾ 5-11) ഇന്ത്യൻ പൗരത്വത്തെക്കുറിച്ച് പ്രതിപാദിക്കുന്നു.
•ഭരണഘടനയുടെ ആരംഭത്തിൽ (നവംബർ 26, 1949) ഇന്ത്യയുടെ പൗരത്വത്തെക്കുറിച്ച് ആർട്ടിക്കിൾ 5 പറയുന്നു.
•ആർട്ടിക്കിൾ 11 ഇന്ത്യൻ പാർലമെന്റിന് നിയമപ്രകാരം പൗരത്വാവകാശം നിയന്ത്രിക്കാനുള്ള അധികാരം നൽകി. ഈ വ്യവസ്ഥയുടെ ഫലമായി ഇന്ത്യൻ പാർലമെന്റ് 1955 ലെ പൗരത്വ നിയമം നടപ്പിലാക്കി.

29. താഴെ പറയുന്നവയിൽ ഭരണഘടനാ സ്ഥാപനം അല്ലാത്തത് ഏത്?

1. കേരളാ പബ്ലിക് സർവീസ് കമ്മീഷൻ
2. സംസ്ഥാന ധനകാര്യ കമ്മീഷൻ
3. സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ
4. സംസ്ഥാന വിവരാവകാശ കമ്മീഷൻ

A) രണ്ടും മൂന്നും
B) ഒന്നും രണ്ടും
C) മൂന്നും നാലും
D) ഒന്നും നാലും

Answer - C

Solution

•സ്വയം ഭരണവും സ്വതന്ത്രാധികാരങ്ങളും ഉള്ള ഇന്ത്യൻ ഭരണഘടന പ്രകാരം നിലവിൽ വന്ന സ്ഥാപനങ്ങൾക്കാണ് ഭരണഘടനാ സ്ഥാപനങ്ങൾ എന്നുപറയുന്നത്.
•സർക്കാരുകൾക്കോ കോടതികൾക്കോ ഇവയെ നിയന്ത്രിക്കാൻ അധികാരമില്ല. ഇത്തരം സ്ഥാപനങ്ങളിലെ ആർക്കെങ്കിലും എതിരെ നടപടി എടുക്കാൻ പാർലമെന്റിനു മാത്രമെ അധികാരമുള്ളൂ.
•കേരളത്തിലെ ഭരണഘടനാ സ്ഥാപനങ്ങൾ
•കേരള പബ്ലിക് സർവീസ് കമ്മിഷൻ (315 (1)
•സംസ്ഥാന ഇലക്ഷൻ കമ്മിഷൻ (243(k))
•സംസ്ഥാന ധനകാര്യ കമ്മിഷൻ (243 (I), 243 (Y))
•ജില്ലാ ആസൂത്രണ കമ്മിറ്റി (243ZD)

- അഡ്വക്കേറ്റ് ജനറൽ 165(1)
- ARTICLE 243ZE പ്രകാരം 4 മാസത്തിനകം കേരളത്തിൽ ഒരു മെട്രോപൊളിറ്റൻ പ്ലാനിംഗ് കമ്മിറ്റി രൂപീകരിക്കണമെന്ന് കേരള ഹൈക്കോടതി കേരളഗവണ്മെന്റിന് 2013 മാർച്ചിൽ മാർഗനിർദേശം നൽകിയിട്ടുണ്ട് .

ചില ഭരണഘടനാസ്ഥാപനങ്ങൾ

- തെരഞ്ഞെടുപ്പ് കമ്മീഷൻ
- സി.എ.ജി.
- യൂണിയൻ പബ്ലിക് സർവീസ് കമ്മീഷൻ
- പട്ടികജാതി കമ്മീഷൻ
- പട്ടികവർഗ്ഗ കമ്മീഷൻ

30. ഇന്ത്യയിലെ സംസ്ഥാന ഗവർണ്ണറായി നിയമിക്കപ്പെടുന്നതിനുള്ള യോഗ്യതകൾ വിവരിക്കുന്ന ഭരണഘടനാ ആർട്ടിക്കിൾ ഏത്?

A) 158 B) 157
C) 156 D) 155

Answer - B

Solution

- ഓരോ സംസ്ഥാനത്തിനും ഒരു ഗവർണർ ഉണ്ടായിരിക്കണം എന്ന് പ്രതിപാദിക്കുന്ന ആർട്ടിക്കിൾ - ആർട്ടിക്കിൾ 153
- സംസ്ഥാന ഗവർണ്ണറായി നിയമിക്കപ്പെടുന്നതിനുള്ള യോഗ്യതകൾ വിവരിക്കുന്ന ഭരണഘടനാ ആർട്ടിക്കിൾ - 157
- ആർട്ടിക്കിൾ 158 - ഗവർണർ നിയമസഭയിലോ പാർലമെന്റിലോ അംഗമായിരിക്കരുത്; ലാഭത്തിന്റെ ഒരു ഓഹരിയും വഹിക്കരുത്, ശമ്പളത്തിനും അലവൻസുകൾക്കും അർഹതയുണ്ട്.
- കേരള ഗവർണറുടെ ഔദ്യോഗിക വസതി - കേരള രാജ്ഭവൻ

31. ഇന്ത്യയിലെ സാർവത്രിക പ്രായപൂർത്തി വോട്ടവകാശവുമായി ബന്ധപ്പെട്ട് താഴെ കൊടുത്തവയിൽ ശരിയായ പ്രസ്താവനകൾ ഏവ ?

1.1950 ജനുവരി 26 ന് ഭരണഘടന നിലവിൽ വന്നതുമുതൽ സാർവത്രിക പ്രായപൂർത്തി വോട്ടവകാശം നിലവിൽ വന്നു.
2.ഭരണഘടന അനുച്ഛേദം 327 ൽ സാർവത്രിക പ്രായപൂർത്തി വോട്ടവകാശത്തെ കുറിച്ച് പരാമർശിക്കുന്നു.
3.1989 ലെ 61-ാം ഭരണഘടന ഭേദഗതി പ്രകാരം വോട്ടിങ് പ്രായം 21 ൽ നിന്നും 18 ആയി കുറച്ചു.
4.ജാതി - മത - വർഗ്ഗ - ഭാഷ - ലിംഗ പ്രദേശ വ്യത്യാസങ്ങളില്ലാതെ പ്രായപൂർത്തിയായ എല്ലാവർക്കും തിരഞ്ഞെടുപ്പിൽ വോട്ട് ചെയ്യാനുള്ള

അവകാശമാണ് സാർവത്രിക പ്രായപൂർത്തി വോട്ടവകാശം.
A) 1, 2 & 4 B) 2, 3 & 4
C) 3 & 4 D) 1, 3& 4

Answer - D
Solution
• രണ്ടാമത്തെ പ്രസ്താവന തെറ്റാണ് കാരണം, സാർവത്രിക പ്രായപൂർത്തി വോട്ടവകാശത്തെക്കുറിച്ച് പ്രതിപാദിച്ചിരിക്കുന്നത് ഭരണഘടനയുടെ 326-ാം അനുച്ഛേദത്തിലാണ്.
• 1989 മാർച്ച് 28 ന് ആർട്ടിക്കിൾ 326 പരിഷ്കരിച്ച് വോട്ടിംഗ് പ്രായം 21-ൽ നിന്നും 18 ആയി കുറച്ചു.
• രാജീവ് ഗാന്ധിയായിരുന്നു അന്നു പ്രധാനമന്ത്രി.
• പ്രായപൂർത്തി വോട്ടവകാശത്തിന്റെ അടിസ്ഥാനത്തിൽ തിരഞ്ഞെടുപ്പ് നടത്തിയ ഇന്ത്യയിലെ ആദ്യത്തെ പ്രദേശം - മണിപ്പൂർ.

32. 2007 ലെ മാതാപിതാക്കളുടെയും മുതിർന്ന പൗരന്മാരുടെയും സംരക്ഷണവും ക്ഷേമവും നിയമപ്രകാരം "മുതിർന്ന പൗരൻ " എന്നാൽ :
A) അറുപതു വയസ്സിലോ മുകളിലോ ഉള്ളവർ
B) എഴുപതു വയസ്സിലോ മുകളിലോ ഉള്ളവർ
C) അമ്പതു വയസ്സിലോ മുകളിലോ ഉള്ളവർ
D) അറുപത്തിയഞ്ചു വയസ്സിലോ മുകളിലോ ഉള്ളവർ

Answer - A
Solution
മാതാപിതാക്കളുടെയും മുതിർന്ന പൗരന്മാരുടെയും സംരക്ഷണത്തിനും ക്ഷേമത്തിനുമുള്ള നിയമം.
• നിയമം ലോകസഭ പാസാക്കിയത് - 2007 ഡിസംബർ 5.
• രാജ്യസഭ പാസാക്കിയത് - 2007 ഡിസംബർ 6.
• രാഷ്ട്രപതി ഒപ്പുവച്ചത് - 2007 ഡിസംബർ 29.
• കേരളം ഉൾപ്പെടെ എല്ലാ സംസ്ഥാനങ്ങളിലും കേന്ദ്രഭരണ പ്രദേശങ്ങളിലും ഈ നിയമം നടപ്പിലാക്കിയത്- 2008 സെപ്റ്റംബർ 24.
• ഈ നിയമത്തിൽ 7 അദ്ധ്യായങ്ങൾ ഉണ്ട്.
• 7 അദ്ധ്യായങ്ങളിലായി 32 വകുപ്പുകൾ ഉണ്ട്.

33. കൂറുമാറ്റ നിരോധന നിയമവുമായി ബന്ധപ്പെട്ട ശരിയായ പ്രസ്താവനകൾ ഏവ ?
1.52 ആം ഭരണഘടന ഭേദഗതി പ്രകാരം നിലവിൽ വന്നു
2.1990 ൽ ആണ് നിലവിൽ വന്നത്
3.ഭരണഘടനയുടെ 10 ആം ഷെഡ്യൂളിൽ ഉൾപ്പെടിത്തിയിരിക്കുന്നു
4.107 ആം ഭരണഘടനാ അനുച്ഛേദത്തിൽ കൂറുമാറ്റ നിരോധന

നിയമത്തെപറ്റി പ്രതിപാദിക്കുന്നു
A) 1&3 B) 1,2&3
C) 1,3&4 D) 2,3&4

Answer - A
Solution
•1985-ൽ 52-ാം ഭരണഘടനാ ഭേദഗതിയിലൂടെയാണ് കൂറുമാറ്റ നിരോധന നിയമം പാസാക്കിയത്. ഇതിനു വേണ്ടി ഭരണഘടനയുടെ 102-ാം വകുപ്പിൽ ഭേദഗതി വരുത്തുകയും, 10-ാം പട്ടിക കൂടിച്ചേർക്കുകയും ചെയ്തു.
•കൂറുമാറ്റ നിയമം സംബന്ധിച്ച 2004-ലെ കോടതിവിധി പ്രകാരം ഒരു പാർട്ടി പിളർന്നാൽ മൂന്നിൽ രണ്ടു സഭാംഗങ്ങൾ മറ്റൊരു പാർട്ടിയിൽ ലയിക്കുകയോ മറ്റൊരു പാർട്ടിയുമായി ചേർന്നു മൂന്നാമതൊരു പാർട്ടി ഉണ്ടാക്കുകയോ ചെയ്താൽ കൂറുമാറ്റ നിയമം ബാധകമല്ല.
•കൂറുമാറ്റ നിരോധന നിയമം വഴി പാർലമെൻറിൽ നിന്നും ആദ്യമായി പുറത്താക്കപ്പെട്ടത് ലാൽ ദുഹോമയും, കേരള നിയമസഭയിൽ നിന്നും പുറത്താക്കപ്പെട്ടത് ആർ ബാലകൃഷ്ണപിള്ളയും ആണ്.

34. ശരിയല്ലാത്ത ജോഡികൾ ഏതെല്ലാം ?

1.ഡോ ബി ആർ അംബേദ്കർ - ഭരണഘടന ഡ്രാഫ്റ്റിംഗ് കമ്മറ്റിയുടെ ചെയർമാൻ
2.ജവാഹർലാൽ നെഹ്റു - ഭരണഘടനാ നിർമ്മാണ സഭയുടെ താൽക്കാലിക അധ്യക്ഷൻ
3.ഡോ രാജേന്ദ്രപ്രസാദ് - ഭരണഘടനാ നിർമ്മാണ സഭയുടെ അധ്യക്ഷൻ
4.സച്ചിദാനന്ദ സിൻഹ - ഭരണഘടനയുടെ ആമുഖം എഴുതി
A) 3&4 B) 1&4
C) 2&4 D) 1&2

Answer - C
Solution
•ഭരണഘടനയുടെ ആമുഖം എഴുതിയത് ശ്രീ ജവഹർലാൽ നെഹ്രുവാണ്.
•ഇന്ത്യൻ ഭരണഘടനയുടെ മുഖ്യ ശിൽപി ഡോ.ബി.ആർ.അംബേദ്കർ.
•ഡോ.സച്ചിദാനന്ദ സിൻഹ ആയിരുന്നു ഭരണഘടനാ നിർമ്മാണ സഭയുടെ അന്നത്തെ താത്കാലിക ചെയർമാൻ.
•1946 ഡിസംബർ 11-ന് ഡോ. രാജേന്ദ്രപ്രസാദിനെ സഭയുടെ പ്രസിഡൻറായി തിരഞ്ഞെടുത്തു.
•ഭരണഘടനാ നിർമ്മാണ സഭയുടെ നിയമോപദേഷ്ടാവ് ശ്രീ ബി.എൻ. റാവു ആയിരുന്നു.

35. രാജ്യത്ത് ഒരേ തരത്തിലുള്ള നഗര പാലികാ സംവിധാനങ്ങൾ നടപ്പിൽ വരുത്തിയ ഭരണഘടനാ ഭേദഗതി തെരഞ്ഞെടുക്കുക:

A) നാല്പത്തിനാലാം ഭേദഗതി
B) എഴുപത്തി മൂന്നാം ഭേദഗതി
C) തൊണ്ണൂറ്റി ഒന്നാം ഭേദഗതി
D) എഴുപത്തി നാലാം ഭേദഗതി

Answer - D

Solution

- ഇന്ത്യയിലെ പരമോന്നത നിയമമാണ് ഇന്ത്യയുടെ ഭരണഘടന.
- രാജ്യത്തെ അടിസ്ഥാന രാഷ്ട്രീയ തത്ത്വങ്ങളുടെ നിർവ്വചനം, ഗവൺമെന്റ് സംവിധാനത്തിന്റെ ഘടന, അധികാരങ്ങൾ, നടപടിക്രമങ്ങൾ, കർത്തവ്യങ്ങൾ, പൗരന്റെ മൗലികാവകാശങ്ങൾ, കടമകൾ, രാഷ്ട്രഭരണത്തിനായുള്ള നിർദേശകതത്ത്വങ്ങൾ മുതലായവ ഭരണഘടന മുന്നോട്ടുവയ്ക്കുന്നു.
- പരമാധികാര രാഷ്ട്രങ്ങളിലെ ലിഖിത ഭരണഘടനകളിൽ വെച്ച് ഏറ്റവും വലുതാണ് ഇന്ത്യയുടെ ഭരണഘടന.25 ഭാഗങ്ങളും 395 അനുഛേദങ്ങളും 12 പട്ടികകളുമാണ് ഇന്ത്യൻ ഭരണഘടനയ്ക്കുള്ളത്.(അനുഛേദങ്ങൾ ആകെ ഇതുവരെ യഥാർത്ഥത്തിൽ 470).
- 1949 നവംബർ 26-നാണ് ഭരണഘടനാ നിർമ്മാണസഭ ഇന്ത്യയുടെ ഭരണഘടന അംഗീകരിച്ചത്. 1950 ജനുവരി 26 ന് അത് പ്രാബല്യത്തിൽ വന്നു.

36. ഇന്ത്യയുടെ അമ്പതാമത്തെ സുപ്രീം കോടതി ചീഫ് ജസ്റ്റിസ് ആയി അടുത്തിടെ നിയമിതനായ ജഡ്ജി ആര്?

A) ജസ്റ്റിസ് യു.യു. ലളിത്
B) ജസ്റ്റിസ് എസ്. എ. ബോബ്ഡെ
C) ജസ്റ്റിസ് എൻ.വി. രമണ
D) ജസ്റ്റിസ് ഡി.വൈ.ചന്ദ്രചൂഡ്

Answer - D

Solution

- ചീഫ് ജസ്റ്റിസ് ഓഫ് ഇന്ത്യ ഔദ്യോഗികമായി സുപ്രീം കോടതി ഓഫ് ഇന്ത്യയുടെ ചീഫ് ജഡ്ജിയും, ഇന്ത്യൻ ഫെഡറൽ ജുഡീഷ്യറിയിലെ ഏറ്റവും ഉയർന്ന റാങ്കിലുള്ള ഓഫീസറുമാണ്.
- സ്ഥാനമൊഴിയുന്ന ചീഫ് ജസ്റ്റിസുമായി കൂടിയാലോചിച്ച് അടുത്ത ചീഫ് ജസ്റ്റിസിനെ നിയമിക്കാൻ ഇന്ത്യൻ ഭരണഘടന ഇന്ത്യൻ പ്രസിഡന്റിന് അധികാരം നൽകുന്നു. ഇദ്ദേഹത്തെ അറുപത്തിയഞ്ച് വയസ്സ് തികയുന്നതുവരെയോ അല്ലെങ്കിൽ ഇംപീച്ച്മെന്റ് വഴിയോ പുറത്താക്കപ്പെടാവുന്നതാണ്.
- കൺവെൻഷൻ അനുസരിച്ച്, നിലവിലുള്ള ചീഫ് ജസ്റ്റിസ് നിർദ്ദേശിക്കുന്ന പേര്, മിക്കവാറും എല്ലായ്പ്പോഴും സുപ്രീം കോടതിയിലെ ഏറ്റവും മുതിർന്ന ജഡ്ജിയായിരിക്കും.

37. താഴെ തന്നിരിക്കുന്നതിൽ ഇന്ത്യൻ ഭരണഘടനയുടെ ആമുഖത്തിൽ പരാമർശം ഇല്ലാത്ത ആശയം ഏത്?

A) സമത്വം
B) സാഹോദര്യം
C) ജനാധിപത്യം
D) വോട്ടവകാശം

Answer - D

Solution

•ഇന്ത്യൻ ഭരണഘടനയുടെ ആമുഖം ഭരണഘടനയുടെ തത്വങ്ങൾ അവതരിപ്പിക്കുകയും, അതിന്റെ അധികാരത്തിന്റെ ഉറവിടങ്ങൾ സൂചിപ്പിക്കുകയും ചെയ്യുന്നു.
•1949 നവംബർ 26 ന് ഭരണഘടനാ അസംബ്ലി ഇത് അംഗീകരിക്കുകയും, 1950 ജനുവരി 26 ന് ഇന്ത്യൻ റിപ്പബ്ലിക് ദിനമായി ആഘോഷിക്കുകയും ചെയ്തു.
•1946 ഡിസംബർ 13-ന് ജവഹർലാൽ നെഹ്റു ഭരണഘടനാ അസംബ്ലിയിൽ അവതരിപ്പിച്ചതും 1947 ജനുവരി 22-ന് ഭരണഘടനാ അസംബ്ലി അംഗീകരിച്ചതുമായ ലക്ഷ്യ പ്രമേയത്തെ അടിസ്ഥാനമാക്കിയുള്ളതാണ് ആമുഖം.

38. 'മൗലിക കടമകൾ' ഉൾകൊള്ളുന്ന ഭരണഘടനാ വകുപ്പ് ഏത്?

A) ആർട്ടിക്കിൾ 51 A
B) ആർട്ടിക്കിൾ 32
C) ആർട്ടിക്കിൾ 101 A
D) ആർട്ടിക്കിൾ 256

Answer - A

Solution

976 - ൽ 42-ാം ഭേദഗതി പ്രകാരം ഭരണഘടനയുടെ 4-ാം ഭാഗത്തിന്റെ ആദ്യഖണ്ഡത്തിലെ 51 (a) -മത്തെ ആർട്ടിക്കിളാണ് മൗലിക കർത്തവ്യങ്ങളെന്തെന്ന് വിശദമാക്കുന്നത്.
•ഭരണഘടന അനുശാസിക്കുന്ന ആദർശങ്ങളെയും നിയമങ്ങളെയും ബഹുമാനിക്കുകയും, അനുസരിക്കുകയും ചെയ്യുക.കൂടാതെ നമ്മുടെ ദേശീയ പതാകയെയും ദേശീയ ഗാനത്തെയും ആദരിക്കുക, സ്നേഹിക്കുക.
•ദേശീയ സ്വാതന്ത്ര്യത്തിന്റെ ഉദയത്തിന് കാരണമായ ആദർശപരമായ ആശയങ്ങളെ ഓർമ്മിക്കുക, പിൻതുടരുക.
•ഇന്ത്യയുടെ പരമാധികാരം, ഐക്യം, സമഗ്രത എന്നിവയെ മുറുകെപ്പിടിക്കുകയും സംരക്ഷിക്കുകയും ചെയ്യുക.

39. നമ്മുടെ മൗലികാവകാശങ്ങൾ സംബന്ധിച്ച തെറ്റായ പ്രസ്താവന തിരഞ്ഞെടുക്കുക :

A) മൗലികാവകാശങ്ങൾ ഭരണഘടനയുടെ മൂന്നാം ഭാഗമാണ്
B) മൗലികാവകാശങ്ങൾ നിഷേധിക്കപ്പെട്ടാൽ കോടതിയെ സമീപിക്കാം
C) സ്വത്തവകാശം ഒരു മൗലികാവകാശമാണ്
D) സുപ്രീംകോടതിയെ മൗലികാവകാശങ്ങളുടെ സംരക്ഷകൻ എന്ന് വിശേഷിപ്പിക്കുന്നു.

Answer - C

Solution

•ജനാധിപത്യരാജ്യത്തിൽ പൗരന് അന്തസ്സും വ്യക്തിത്വവും സ്വാതന്ത്ര്യവും

നിലനിർത്തുന്നതിന് ഒഴിവാക്കാൻ പാടില്ലാത്ത ചില പ്രാഥമിക അവകാശങ്ങൾ ഉണ്ടായിരിക്കണം. അതാണ് മൗലികാവകാശങ്ങൾ (Fundamental Rights) എന്നറിയപ്പെടുന്നത്.
- ജീവിക്കുന്നതിനും സഞ്ചരിക്കുന്നതിനും അഭിപ്രായം പ്രകടിപ്പിക്കുന്നതിനുമുള്ള അവകാശങ്ങൾ ഇതിൽ പെടുന്നു. മാഗ്നാകാർട്ട, ബിൽ ഒഫ് റൈറ്റ്സ് തുടങ്ങിയവ ഇംഗ്ലീഷ് ജനങ്ങൾ നേടിയ മൗലികാവകാശങ്ങളുടെ അടിസ്ഥാന പ്രമാണങ്ങളാണ്.
- ഇന്ത്യൻ ഭരണഘടനയിലെ മൂന്നാം ഭാഗത്തിൽ 12 മുതൽ 35 വരെയുള്ള അനുഛേദങ്ങളിലാണ് മൌലികവാകാശങ്ങളെ കുറിച്ച് പ്രതിപാദിക്കുന്നത്.
- സമത്വത്തിനുള്ള അവകാശം, സ്വാതന്ത്ര്യത്തിനുള്ള അവകാശം, ചൂഷണങ്ങൾക്കെതിരെയുള്ള അവകാശം, മത സ്വാതന്ത്ര്യത്തിനുള്ള അവകാശം, സാംസ്കാരികവും വിദ്യാഭ്യാസപരമായ അവകാശങ്ങൾ, ഭരണഘടനാ പരിഹാരങ്ങൾക്കായുള്ള അവകാശം എന്നിവയാണ് മൗലികാവകാശങ്ങളിൽ വരുന്നത്.

40. ഇന്ത്യയുടെ ഭരണഘടനാ നിർമ്മാണ സമിതിയുടെ തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട പ്രസ്താവനകളിൽ ശരിയായത് കണ്ടെത്തുക :

(I). നാട്ടുരാജ്യങ്ങളെ പ്രതിനിധീകരിച്ച് 93 അംഗങ്ങൾ ഉണ്ടായിരുന്നു.
(II) ബ്രിട്ടീഷ് പ്രവശ്യകളിൽ നിന്ന് 296 അംഗങ്ങളെ തെരഞ്ഞെടുത്തു.
(III) ആനുപാതിക പ്രാതിനിധ്യ വ്യവസ്ഥ അടിസ്ഥാനത്തിലാണ് പ്രവശ്യകളിൽ തെരഞ്ഞെടുപ്പ് നടന്നത്.
(IV) ഇന്ത്യ - പാക് വിഭജനത്തിനുശേഷം സമിതിയുടെ അംഗസംഖ്യ 199 ആയി ചുരുങ്ങി.
A) എല്ലാ പ്രസ്താവനകളും ശരിയാണ്
B) I, II, III പ്രസ്താവനകൾ മാത്രം ശരിയാണ്
C) III, IV പ്രസ്താവനകൾ തെറ്റാണ്
D) I, IV പ്രസ്താവനകൾ മാത്രം ശരിയാണ്

Answer - B

Solution
- ഇന്ത്യയുടെ ഭരണഘടനാ തയാറാക്കിയത് : ഭരണഘടനാ നിർമ്മാണ സഭ
- ഭരണഘടനാ നിർമ്മാണ സഭയിൽ നാട്ടു രാജ്യങ്ങളിൽ നിന്നുള്ള അംഗങ്ങളുടെ എണ്ണം : 93
- ഭരണഘടനാ നിർമ്മാണ സഭയിൽ തിരഞ്ഞെടുക്കപ്പെട്ട അംഗങ്ങളുടെ എണ്ണം : 296

41. താഴെ കൊടുത്തിട്ടുള്ള ഏത് മൗലിക വിഭാഗത്തിലാണ് തൊട്ടുകൂടായ്മ നിർമ്മാർജ്ജനം ഉൾപ്പെടുത്തിയിരിക്കുന്നത്?

A) മതസ്വാതന്ത്ര്യത്തിനുള്ള അവകാശം
B) തുല്യതയ്ക്കുള്ള അവകാശം

C) സ്വാതന്ത്ര്യത്തിനുള്ള അവകാശം
D) ചൂഷണത്തിനെതിരായുള്ള അവകാശം

Answer - B

Solution

തുല്യതയ്ക്കുള്ള അവകാശം
1) Article 14 മതം, വംശം, ജാതി, ലിംഗഭേദം അല്ലെങ്കിൽ ജനനസ്ഥലം എന്നിവയുടെ പേരിൽ ഒരു വ്യക്തിക്കും ഇന്ത്യയുടെ പ്രദേശത്തിനുള്ളിൽ നിയമങ്ങളുടെ തുല്യ പരിരക്ഷ ഭരണകൂടം നിഷേധിക്കരുത്.
2) Article 15 മതം, വംശം, ജാതി, ലിംഗം, ജന്മസ്ഥലം എന്നിവയുടെ പേരിൽ ഒരു പൗരനോടും ഭരണകൂടം വിവേചനം കാണിക്കരുത്.
3)Article 16 സംസ്ഥാനത്തിന് കീഴിലുള്ള ഏതെങ്കിലും ഓഫീസിലേക്കുള്ള തൊഴിൽ അല്ലെങ്കിൽ നിയമനവുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ എല്ലാ പൗരന്മാർക്കും തുല്യ അവസരങ്ങൾ ഉണ്ടായിരിക്കും.
4)Article 17 തൊട്ടുകൂടായ്മ നിർമാർജനം.
5)Article 18 സൈനികവും അക്കാദമികവും ഒഴികെയുള്ള എല്ലാ പദവികളും നിർത്തലാക്കൽ.

KERALA ADMINISTRATION

1. കേരളത്തിലെ ആദ്യത്തെ ഇ-സാക്ഷരതാ ജില്ല ?

A) കോട്ടയം B) തൃശ്ശൂർ C) മലപ്പുറം D) പാലക്കാട്

Answer - C

Solution

- കേരളത്തിലെ ആദ്യ ട്രൈബൽ പഞ്ചായത്തായ ഇടമലർക്കുടി ഏതു ജില്ലയിൽ - ഇടുക്കി
- ഇന്ത്യയിൽ ആദ്യമായി സാക്ഷരത നേടിയ ജില്ല - എറണാകുളം
- ഇന്ത്യയിലെ ആദ്യ തീരദേശ പോലീസ് സ്റ്റേഷൻ സ്ഥാപിതമായ ജില്ല - കൊല്ലം (നീണ്ടകര)
- ആദ്യത്തെ പോളിയോ വിമുക്ത ജില്ല - പത്തനംതിട്ട
- പൂജ്യം ജനസംഖ്യ വളർച്ച കൈവരിച്ച ആദ്യ ജില്ല - പത്തനംതിട്ട
- ഇന്ത്യയിലെ ആദ്യത്തെ മാജിക് അക്കാദമി നിലവിൽ വന്ന ജില്ല - തിരുവനന്തപുരം (പൂജപ്പുര)
- കേരളത്തിലെ ആദ്യ ഇക്കോ ടൂറിസം പദ്ധതിയായ തെൻമല ഏതു ജില്ലയിൽ - കൊല്ലം

2. കേരളത്തിൽ തെരഞ്ഞെടുപ്പിലൂടെ അധികാരത്തിലെത്തിയ ആദ്യ കമ്മ്യൂണിസ്റ്റ് മുഖ്യമന്ത്രി ?

A) ഇ. എം. എസ് നമ്പൂതിരിപ്പാട് B) ഇ.കെ. നായനാർ
C) കെ. കരുണാകരൻ D) സി. അച്യുതമേനോൻ

Answer - A

Solution

- കേരളത്തിലെ ആദ്യത്തെ കമ്മ്യൂണിസ്റ്റിതര മുഖ്യമന്ത്രി- പട്ടം താണുപിള്ള
- കേരളത്തിലെ ആദ്യത്തെ കോൺഗ്രസ് മുഖ്യമന്ത്രി-ആർ. ശങ്കർ
- കാലാവധി പൂർത്തിയാക്കിയ ആദ്യ മുഖ്യമന്ത്രി-സി. അച്യുത മേനോൻ
- ഏറ്റവും കുറഞ്ഞ പ്രായത്തിൽ കേരള മുഖ്യമന്ത്രി ആയ വ്യക്തി (37 വയസ്സ്)-ഏ. കെ. ആന്റണി

3. കേരള സാമൂഹ്യ നീതി വകുപ്പിന്റെ കീഴിലുള്ള 'മന്ദഹാസം പദ്ധതി' എന്തുമായി ബന്ധപ്പെട്ടിരിക്കുന്നു ?

A) ഭിന്നശേഷിക്കാരായ അമ്മമാർക്ക് പ്രസവാനന്തരം കുഞ്ഞിനെ പരിപാലിക്കുന്നതിനും അടിസ്ഥാനസൗകര്യം ഒരുക്കുന്നതിനും പ്രതിമാസം 2000 രൂപ ധനസഹായം നൽകുന്ന പദ്ധതി.

B) അന്യസംസ്ഥാനക്കാരായ താമസക്കാരെ സ്വന്തം സംസ്ഥാനത്തേക്ക് എത്തിക്കുന്നതിന് ആവിഷ്കരിച്ച പദ്ധതി.

C) മാനസിക വെല്ലുവിളി നേരിടുന്ന മുതിർന്നവരെ പുനരധിവസിപ്പിക്കുന്നതിനും പരിപാലിക്കുന്നതിനും ഈ മേഖലയിൽ പ്രവർത്തിക്കുന്ന 'എൻ .ജി .ഒ 'കൾക്ക് ഗ്രാൻഡ് അനുവദിക്കുന്ന പദ്ധതി.

D) കൃത്രിമ ദന്തങ്ങളുടെ പൂർണ്ണസെറ്റ് സൗജന്യമായി വച്ചുകൊടുക്കുന്ന പദ്ധതി.

Answer - D

Solution

- ദാരിദ്ര്യ രേഖയ്ക്കു താഴെയുള്ള മുതിർന്ന പൗരന്മാർക്ക് സൗജന്യമായി കൃത്രിമ ദന്തനിര വച്ച് കൊടുക്കുന്ന പദ്ധതി - മന്ദഹാസം
- കോവിഡ് കാലത്ത് കേരള സാമൂഹ്യ സുരക്ഷാ മിഷൻ വയോമിത്രം പദ്ധതിയിലൂടെ വയോജനങ്ങൾക്ക് പ്രത്യേക ശ്രദ്ധ നൽകികൊണ്ടുള്ള പ്രവർത്തങ്ങൾ നടന്നു വരികയാണ്.
- 65 വയസിന് മുകളിൽ പ്രായമുള്ള നഗരപ്രദേശത്ത് വസിക്കുന്ന മുതിർന്ന പൗരന്മാർക്ക് മൊബൈൽ ക്ലിനിക്കിലൂടെ സൗജന്യ ചികിത്സ, സൗജന്യ മരുന്ന്, കൗൺസിലിങ്, പാലിയേറ്റീവ് കെയർ, ഹെൽപ്പ് ഡെസ്ക് എന്നീ സേവനങ്ങൾ നൽകി ആരോഗ്യ സുരക്ഷ നൽകുന്ന പദ്ധതിയാണ് - വയോമിത്രം

4. 15-ആം കേരള നിയമസഭയിലെ ആകെ വനിത എം.എൽ.എ.മാർ എത്ര?

A) 10 B) 12 C) 15 D) 13

Answer - B

Solution

കേരളത്തിലെ നിലവിലെ വനിതാ മന്ത്രിമാർ

- ജെ.ചിഞ്ചുറാണി- ക്ഷീരവികസനം, മൃഗസംരക്ഷണം, ക്ഷീര സഹകരണ

സംഘങ്ങൾ, മൃഗശാല, കേരള വെറ്ററിനറി ആൻഡ് ആനിമൽ സയൻസസ് സർവകലാശാല
- ആർ.ബിന്ദു– ഉന്നത വിദ്യാഭ്യാസം, സാങ്കേതിക വിദ്യാഭ്യാസം, സർവകലാശാലകൾ (കൃഷി, മൃഗസംരക്ഷണം, മെഡിക്കൽ, ഡിജിറ്റൽ സർവകലാശാലകൾ ഇല്ല) പ്രവേശന പരീക്ഷ, എൻസിസി, എഎസ്എപി, സാമൂഹികനീതി
- വീണ ജോർജ്– ആരോഗ്യം, കുടുംബ ക്ഷേമം, മെഡിക്കൽ വിദ്യാഭ്യാസം, മെഡിക്കൽ സർവകലാശാല, ആയുഷ്, ഡ്രഗ്സ് കൺട്രോൾ, വനിതാ ശിശു ക്ഷേമം.
- പതിനഞ്ചാം കേരള നിയമസഭയിലെ പന്ത്രണ്ടാമത്തെ വനിതാ എംഎൽഎ- ഉമാ തോമസ്

5. കേരള സർക്കാരിന്റെ "ദിശ (DISHA)" ഹെൽപ് ലൈൻ നമ്പർ ഏത്?

A) 1066 B) 1076 C) 1058 D) 1056

Answer - D

Solution
- കേരള ആരോഗ്യ വകുപ്പും നാഷണൽ ഹെൽത്ത് മിഷനും ചേർന്നുള്ള സംയുക്ത സംരംഭമാണ് ദിശ.
- 1056, 0471 2552056 എന്നീ നമ്പരുകളിൽ 24 മണിക്കൂറും ദിശയുടെ സേവനം ലഭ്യമാണ്.
- ശാരീരികവും മാനസികവുമായ ആരോഗ്യ പ്രശ്നങ്ങളിൽ മാർഗനിർദേശവും കൗൺസിലിംഗും വിവര സേവനവും നൽകുന്നു.

6. കേരള ഡിജിറ്റർ സർവകലാശാലയുടെ പ്രഥമ വൈസ് ചാൻസലർ?

A) ഡോ. സജി ഗോപിനാഥ് B) ആരിഫ് മുഹമ്മദ് ഖാൻ
C) ഡോ. വി. പി. മഹാദേവൻ പിള്ളെ D) ഡോ. സാബു തോമസ്

Answer - A

Solution
- കേരളത്തിലെ ആദ്യ സ്വശ്രയ സർവ്വകലാശാല - NAULS. NAULS ന്റെ ചാൻസലർ - ഹൈക്കോടതി ചീഫ് ജസ്റ്റിസ്
- മഹാത്മാഗാന്ധി സർവകലാശാലയിലെ ആദ്യവനിതാ വൈസ് ചാൻസലർ - ഡോ. ജാൻസി ജെയിംസ്
- കുസാറ്റിലെ പ്രഥമ വൈസ് ചാൻസലർ - ജോസഫ് മുണ്ടശ്ശേരി
- കാലിക്കറ്റ് സർവകലാശാലയുടെ ആദ്യത്തെ വൈസ് ചാൻസലർ - പ്രൊഫ. എം.എം. ഗിനി
- കേരള സർവകലാശാലയുടെ പ്രഥമ വൈസ് ചാൻസലർ - ഡോ. ജോൺ മത്തായി
-

7. KASP വിപുലീകരിക്കുക?

A) കേരള ആരോഗ്യ സുരക്ഷാ പദ്ധതി
B) കാരുണ്യ ആരോഗ്യ സുരക്ഷ പദ്ധതി
C) കേരളാ ആരോഗ്യ സേവന പദ്ധതി
D) കാരുണ്യ ആരോഗ്യ സേവന പദ്ധതി

Answer - B

Solution

- സർക്കാർ പൊതുജനാരോഗ്യ സംരക്ഷണ പദ്ധതിയിലൊന്നാണ് കാരുണ്യ ആരോഗ്യ സുരക്ഷ പദ്ധതി (കെ എ എസ് പി).
- കേരള ജനസംഖ്യയുടെ ഏറ്റവും താഴെയുള്ള 40% വരുന്ന 42ലക്ഷത്തിലധികം ദരിദ്രരും ദുർബലരുമായ കുടുംബങ്ങൾക്ക് (ഏകദേശം 64 ലക്ഷം ഗുണഭോക്താക്കൾ) ദ്വിതീയ, ത്രിതീയ തലപരിചരണത്തിനും ചികിത്സക്കുമായി ആശുപത്രിയിൽ പ്രവേശിക്കേണ്ടി വന്നാൽ പ്രതിവർഷം 5 ലക്ഷം രൂപ ചികിത്സക്കായി കൊടുക്കുന്ന ആരോഗ്യ സംരക്ഷണ പദ്ധതിയാണ് കാരുണ്യ ആരോഗ്യ സുരക്ഷ പദ്ധതി അഥവാ (കെ എ എസ് പി).
- കേരള സംസ്ഥാനം രൂപീകരിച്ചതിന്റെ വജ്രജൂബിലിയോടനുബന്ധിച്ചു കേരളസർക്കാർ ആരംഭിച്ച പദ്ധതി - നവകേരള മിഷൻ
- സർക്കാർ ആശുപത്രികൾ ജനസൗഹൃദമാക്കാൻ നവകേരള മിഷന്റെ ഭാഗമായി ആരംഭിച്ച പദ്ധതി - ആർദ്രം

8. കേരള സാമൂഹ്യനീതി വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന "ആശാഭവനു'മായി ബന്ധപ്പെട്ട ശരിയായ പ്രസ്താവന/ പ്രസ്താവനകൾ ഏവ?

1) മാനസികരോഗം ഭേദമായിട്ടും ആരും ശുശ്രൂഷിക്കാൻ ഇല്ലാത്ത നിരാലംബരായി കഴിയുന്നവർക്കുള്ള സ്ഥാപനം.

2) വയോജനങ്ങളെ പകൽ സമയങ്ങളിൽ പരിപാലിക്കുന്ന കേന്ദ്രം.

3) വൃദ്ധരും അംഗപരിമിതരുമായ നിരാലംബരെ സംരക്ഷിക്കുന്നതിനുള്ള സ്ഥാപനം.

4) വികലാംഗരെ സംരഷിക്കുന്ന കേന്ദ്രം.

A) ഒന്നും നാലും
B) മൂന്ന് മാത്രം
C) ഒന്ന് മാത്രം
D) രണ്ടും മൂന്നും

Answer - C

Solution

- കേരള സർക്കാരിന്റെ സാമൂഹ്യക്ഷേമ വകുപ്പിന്റെ കീഴിലുള്ള സ്ഥാപനമാണ് ആശാഭവൻ. അവ മാനസിക രോഗം ഭേദമായ സ്ത്രീകളുടെ സംരക്ഷണത്തിനും സുരക്ഷക്കും വേണ്ടിയുള്ളതാണ്.

•കേരളത്തിൽ ഇത്തരം മൂന്ന് സ്ഥാപനങ്ങൾ ഉണ്ട് അതിൽ ഒന്ന് രാമവർമപുരത്താണ്.
•തിരുവനന്തപുരത്തും കോഴിക്കോട്ടും ഉള്ള ആശാഭവനുകളിൽ 13 വയസ്സിന് മുകളിലുള്ള സ്ത്രീകൾക്കും തൃശ്ശൂരിലെ ആശാഭവനിൽ 15 വയസ്സിന് മുകളിലുള്ള സ്ത്രീകളെയും സംരക്ഷിക്കുന്നു.

9.ഇന്ത്യയിലെ ആദ്യത്തെ ടെക്നോളജി പാർക്ക് സ്ഥിതി ചെയ്യുന്നത് എവിടെ?

A) കൊച്ചി
B) ന്യൂഡൽഹി
C) തിരുവനന്തപുരം
D) ബാംഗ്ലൂർ

Answer - C

Solution

•കേരളത്തിന്റെ തലസ്ഥാനമായ തിരുവനന്തപുരത്തു സ്ഥിതി ചെയ്യുന്ന ടെക്നോപാർക്ക്, ഇലക്ട്രോണിക്സ്, വിവരസാങ്കേതിക വിദ്യ രംഗത്ത് ഇൻഡ്യയിലെ തന്നെ ആദ്യത്തെ വ്യാവസായിക പാർക്കാണ്.
•1994ൽ പ്രവർത്തനങ്ങൾ തുടങ്ങി. കേരള സർക്കാരിന്റെ വ്യവസായവകുപ്പിനു കീഴിലുള്ള ഇലക്ട്രോണിക്സ് ടെക്നോളജി പാർക്ക്സ് കേരളയാണ് ടെക്നോപാർക്കിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ നടത്തിയത്.
•കെ.പി.പി. നമ്പ്യാർ എന്ന ഇലക്ട്രോണിക്സ് വിദഗ്ധനാണ് ടെക്നോപാർക്ക് എന്ന ആശയം രൂപപ്പെടുത്തുന്നത്. 1990 ജൂലൈ മാസത്തിൽ മുഖ്യമന്ത്രിയായ ഇ. കെ. നായനാരും വ്യവസായമന്ത്രിയായ കെ.ആർ. ഗൗരിയമ്മയും പിന്തുണ നൽകിയതോടെ ടെക്നോപാർക്ക് എന്ന ആശയം കേരള സർക്കാർ നേതൃത്വത്തിൽ മുന്നോട്ട് പോകുകയാണുണ്ടായത്.

10.കേരളത്തിലെ സ്കൂളുകളുടെ 'മികവിന്റെ കേന്ദ്രങ്ങൾ'ആക്കി മാറ്റുന്ന ഹൈടെക് പദ്ധതി നടപ്പിലാക്കിയ പൊതുമേഖലാ സ്ഥാപനം ഏത്?

A) കേരള സ്റ്റേറ്റ് ഐ ടി മിഷൻ
B) കേരള സ്റ്റേറ്റ് ഇൻഫ്രാസ്ട്രക്ച്ചർ ആൻഡ് ടെക്നോളജി ഫോർ എഡ്യൂക്കേഷൻ
C) കേരള സ്റ്റേറ്റ് ഫൈനാൻഷ്യൻ എന്റർപ്രൈസ് ലിമിറ്റഡ്
D) കേരള ഇൻഡസ്ട്രിയൽ ഇൻഫ്രാസ്ട്രക്ച്ചർ ഡവലപ്മെന്റ് കോർപ്പറേഷൻ

Answer - B

Solution

•സംസ്ഥാനത്തെ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ നവീകരണം പ്രോത്സാഹിപ്പിക്കുന്നതിനും നടപ്പാക്കുന്നതിനുമുള്ള ഒരു സംസ്ഥാന സർക്കാർ സംരംഭമാണ് കേരള ഇൻഫ്രാസ്ട്രക്ചർ ആന്റ് ടെക്നോളജി ഫോർ എഡ്യുക്കേഷൻ (കൈറ്റ്).
•കഴിഞ്ഞ ഒരു ദശാബ്ദത്തിലെ കൈറ്റിന്റെ പരിധിയിലുള്ള പ്രവർത്തനങ്ങളായ ഇൻഫർമേഷൻ ആന്റ് കമ്മ്യൂണിക്കേഷൻ ടെക്നോളജി,

കപ്പാസിറ്റി ബിൽഡിംഗ്, ഉള്ളടക്ക വികസനം, കണക്റ്റിവിറ്റി, ഇ-ലേണിംഗ്, സാറ്റലൈറ്റ് അധിഷ്ഠിത വിദ്യാഭ്യാസം, പിന്തുണയും പരിപാലന സംവിധാനവും, ഇ-ഗവേണൻസ്, സ്ക്കൂളുകളുടെ ഭൗതിക സാഹചര്യ വികസനം എന്നിവയിലൂടെ കൈറ്റ് സംസ്ഥാനത്തിന്റെ വിദ്യാഭ്യാസ സമ്പ്രദായത്തിൽ വിപ്ലവം സൃഷ്ടിച്ചു.

- കൈറ്റിന്റെ പരിശ്രമത്തോടെ, സംസ്ഥാനത്തെ സ്ക്കൂളുകളിൽ ഇപ്പോൾ അതിവേഗ ബ്രോഡ് ബാൻഡ് കണക്റ്റിവിറ്റി, ആവശ്യമായ ഡിജിറ്റൽ റിസോഴ്സ് പോർട്ടലുകൾ, പരിശീലനം ലഭിച്ച അദ്ധ്യാപകർ എന്നിവരുടെ പിന്തുണയുള്ള ഏറ്റവും പുതിയ ഐ.സി.ടി. ഗാഡ്ജെറ്റുകൾ സജ്ജീകരിച്ചിരിക്കുന്നു, അതുവഴി മൊത്തം ഐ.സി.ടി. പ്രാപ്തമായ പ്രവർത്തന സംവിധാനം ഉണ്ട്.

11. എല്ലാവർക്കും പാർപ്പിടം നൽകുക എന്ന ലക്ഷ്യത്തോടെ കേരള സർക്കാർ നടപ്പിലാക്കിവരുന്ന പദ്ധതിയുടെ പേര്

A) ആർദ്രം പദ്ധതി
B) സുഭിക്ഷ കേരളം പദ്ധതി
C) റീബിൽഡ് കേരള ഇനിഷ്യേറ്റീവ്
D) ലൈഫ് മിഷൻ പദ്ധതി

Answer - D

Solution

- കേരള സർക്കാർ എല്ലാവർക്കും പാർപ്പിടം നൽകുക എന്ന ലക്ഷ്യത്തോടെ നടപ്പിലാക്കുന്ന പദ്ധതി 'LIFE Mission' ആണ്.
- ലൈഫ് മിഷൻ പദ്ധതിയുടെ ഗുണഭോക്താക്കൾ ഭൂമി അല്ലെങ്കിൽ വീട് ഇല്ലാത്ത വ്യക്തികൾ ആണ്.
- കേരള സംസ്ഥാനത്തുടനീളം ലൈഫ് മിഷൻ പദ്ധതി മൂന്ന് ഘട്ടങ്ങളിലായാണ് നടപ്പിലാക്കുന്നത്.
- LIFE - Livelihood, Inclusion, Financial Empowerment

LIFE SCIENCE AND PUBLIC HEALTH

1. പേശീകോശത്തിന്റെ അടിസ്ഥാന സങ്കോചയൂണിറ്റുകളാണ് ?

A) ഫാസിക്കിൾ
B) മയോഫൈബ്രിൻ
C) സാർകോമിയർ
D) ആക്ടിൻ

Answer - C

Solution

- ശരീര ഭാഗങ്ങൾ പ്രവർത്തിപ്പിക്കാനും അങ്ങനെ ചിന്തകളെയും വികാരങ്ങളെയും പ്രകടിപ്പിക്കാനും സഹായിക്കുന്നത് ഈ പേശികളാണ്.
- ചെവിയിലെ വളരെ ചെറിയ അസ്ഥികളോടു ബന്ധപ്പെട്ടുള്ള പേശികളാണ് അവയിൽ ഏറ്റവും ചെറിയവ.
- പൃഷ്ഠത്തിലെ ഗ്ളൂട്ടിയസ് പേശികളാണ് ശരീരത്തിലെ ഏറ്റവും വലിയ പേശികൾ. അവയാണു കാലുകളെ ചലിപ്പിക്കുന്നത്.

2. യുവത്വ ഹോർമോൺ എന്നറിയപ്പെടുന്ന ഹോർമോൺ ഏത്?

A) അഡ്രിനാലിൻ B) തൈമോസിൻ C) വാസോപ്രസിൻ D) ഓക്സിൻ

Answer - B

Solution

- യുവത്വ ഹോർമോൺ എന്നറിയപ്പെടുന്ന ഹോർമോൺ - തൈമോസിൻ.
- ഹൃദയ മിടിപ്പ് കൂട്ടുന്ന ഹോർമോൺ - അഡ്രിനാലിൻ.
- സസ്യങ്ങളിൽ ആദ്യമായി കണ്ടെത്തിയ ഹോർമോൺ - ഓക്സിൻ.
- ഹൈപ്പോതലാമസ് ഉത്പാദിപ്പിക്കുന്ന ഹോർമോൺ - വാസോപ്രസിൻ.

3. ഷഡ്പദങ്ങളുടെ വിസർജ്യ വസ്തു ?

A) യൂറിയ B) അമോണിയ

C) ജലം D) യൂറിക് ആസിഡ്

Answer - D

Solution

- ഷഡ്പദങ്ങളുടെ വിസർജ്യ വസ്തു - യൂറിക് ആസിഡ്
- ജൈവവ്യവസ്ഥയുടെ സന്തുലിതാവസ്ഥ നിലനിർത്തുന്നതിന് നിർണായകമായ സ്വാധീനം ഷഡ്പദങ്ങൾക്കുണ്ട്.
- മനുഷ്യവംശത്തെക്കാൾ 17 ഇരട്ടി അധികമാണ് ഇപ്പോൾ ഈ ഷഡ്പദങ്ങളുടെ സംഖ്യ.

4. മസ്തിഷ്കത്തിലേയും സുഷുമ്നയിലേയും മയലിൻഷീത്ത് നിർമിക്കപ്പെട്ടിരിക്കുന്ന സവിശേഷ കോശങ്ങളാണ്

A) അസ്ട്രോസൈറ്റുകൾ B) കഫർ സെല്ലുകൾ

C) ഒളിഗോ ഡെൻട്രോസൈറ്റുകൾ D) ഷ്വാൻ സെല്ലുകൾ

Answer - C

Solution

- മനുഷ്യനുൾപ്പെടെ, നട്ടെല്ലുള്ള ജീവികളിലെ പ്രധാന അംഗവ്യൂഹങ്ങളിൽ ഒന്നാണു് നാഡീ വ്യൂഹം (Nervous system).
- ഉദ്ദീപനങ്ങൾക്കനുസൃതമായാണ് ജീവൽപ്രവർത്തനങ്ങൾ നടക്കുന്നത്, ജീവികളിൽ വിവിധ ജീവൽ പ്രവർത്തനങ്ങളുടെ നിയന്ത്രണവും ഏകോപനവും സാധ്യമാക്കുന്നതിനുള്ള സംവിധാനമാണ് നാഡീവ്യവസ്ഥയും, അന്തഃസ്രാവി വ്യവസ്ഥയും (Endocrine system).
- നാഡീകോശങ്ങൾ അഥവാ ന്യൂറോണുകൾ എന്ന പേരിൽ അറിയപ്പെടുന്ന സവിശേഷ കോശങ്ങളാണ് നാഡീവ്യൂഹത്തിന്റെ അടിസ്ഥാന ഘടകം.

5. മനുഷ്യന്റെ റെറ്റിനയിൽ പതിക്കുന്ന പ്രതിബിംബത്തിന്റെ പ്രത്യേകത എന്ത് ?

A) യാഥാർത്ഥം, തല കീഴായത്

B) യാഥാർത്ഥം, നിവർന്നത്

C) മിഥ്യ, നിവർന്നത്
D) മിഥ്യ, തല തിരിഞ്ഞത്

Answer - A

Solution

•കണ്ണിന്റെ ഉൾഭിത്തിയിൽ പിൻഭാഗത്തായി ഉള്ള അതിലോലമായ പടലമാണ് ദൃഷ്ടിപടലം അഥവാ റെറ്റിന. കാണപ്പെടുന്ന വസ്തുവിന്റെ പ്രതിബിംബം പതിക്കുന്നത് ദൃഷ്ടിപടലത്തിലാണ്.
•രൂപാന്തരം പ്രാപിച്ച നാഡീകോശങ്ങളായ പ്രകാശഗ്രാഹികളാണ് പ്രകാശത്തെ തിരിച്ചറിയാൻ സഹായിക്കുന്നത്. ഇത്തരത്തിലുള്ള രണ്ട് തരം കോശങ്ങളുണ്ട് - റോഡ് കോശങ്ങളും (Rod) കോൺ കോശങ്ങളും (Con). റോഡ് കോശങ്ങൾ വസ്തുക്കളെ മങ്ങിയ വെളിച്ചത്തിൽ കാണാൻ സഹായിക്കുന്നു. നിറങ്ങൾ കാണുന്നതിനു സഹായിക്കുന്ന കോശങ്ങളാണ് കോൺകോശങ്ങൾ.
•ദൃഷ്ടിപടലത്തിന്റെ ഒരു പ്രത്യേക ഭാഗത്ത് കോൺകോശങ്ങൾ ഏറ്റവും കൂടുതൽ കാണുന്നു. ഇവിടെ റോഡ് കോശങ്ങൾ സാധാരണ ഉണ്ടാവാറില്ല. പീതബിന്ദു എന്നു വിളിക്കപ്പെടുന്ന ഇവിടെയാണ് വസ്തുക്കളെ സൂക്ഷിച്ചു നോക്കുമ്പോൾ പ്രതിബിംബം പതിക്കുന്നത്.

6. ആറ്റത്തിന്റെ ന്യൂക്ലിയസിന്റെ വലിപ്പം പറയാൻ ഉപയോഗിക്കുന്ന യൂണിറ്റ് ഏത് ?

A) ആങ്സ്ട്രം B) ന്യൂട്ടൻ C) വെബർ D) ഫെർമി

Answer - D

Solution

•ആറ്റത്തിന്റെ ന്യൂക്ലിയസിന്റെ വലിപ്പം പറയാൻ ഉപയോഗിക്കുന്ന യൂണിറ്റ് - ഫെർമി
•ആറ്റത്തിലെ ന്യൂക്ലിയസിലുള്ള മൗലിക കണങ്ങൾ - പ്രോട്ടോണും ന്യൂട്രോണും.
•ആറ്റത്തിലെ പോസിറ്റീവ് ചാർജുള്ള കണം - പ്രോട്ടോൺ ·
•ആറ്റത്തിലെ നെഗറ്റീവ് ചാർജുള്ള കണം - ഇലക്ട്രോൺ ·
•ആറ്റത്തിലെ ചാർജില്ലാത്ത കണം - ന്യൂട്രോൺ.

7. ഫേനത്തെ (Vacuole) ആവരണം ചെയ്ത് കാണുന്ന സ്തരം?

A) പ്ലാസ്മാസ്തരം B) കോശഭിത്തി
C) ടോണോപ്ലാസ്റ്റ് D) ഇവയൊന്നുമല്ല

Answer - C

Solution

•ടോണോപ്ലാസ്റ്റ് എന്ന സവിശേഷ സ്തരത്താൽ ആവരണം ചെയ്യപ്പെട്ടിരിക്കുന്ന കോശാംഗം ആണ് ഫേനം.

- ജലം, ലവണങ്ങൾ, വിസർജ്യ വസ്തുക്കൾ എന്നിവ സംഭരിക്കുക എന്നതാണ് ഇവയുടെ പ്രധാന ധർമ്മം
- ഫേനങ്ങളിൽ കാർബണികമോ അകാർബണികമോ ആയ പദാർഥങ്ങൾ ജലത്തിൽ ലയിച്ച രീതിയിൽ കാണപ്പെടുന്നു.
- ഈ കോശാംഗത്തിനു പ്രത്യേകമായ രൂപമോ വലിപ്പമോ ഉണ്ടാകാറില്ല. കോശത്തിന്റെ ആവശ്യത്തിനനുസരിച്ച് വലിപ്പവും രൂപവും മാറിക്കൊണ്ടിരിക്കും.

8. 'ക്രഷിങ്ങ് ദി കർവ്' താഴെ പറയുന്നവയിൽ ഏത് അസുഖവുമായി ബന്ധപ്പെട്ടിരിക്കുന്നു?

A) സിക്ക വൈറസ്
B) നിപ്പ വൈറസ്
C) എബോള വൈറസ്
D) കൊറോണ വൈറസ്

Answer - D

Solution

- കേരളത്തിൽ കോവിഡ് രൂക്ഷമായ സാഹചര്യത്തിൽ തുടങ്ങിയ മാസ്സ് വാക്സിനേഷൻ കർമ്മ പദ്ധതിയാണ് 'ക്രഷിങ്ങ് ദി കർവ് '.
- കൊറോണ വാക്സിനേഷൻ വ്യാപമാക്കുക ആയിരുന്നു പ്രധാന ലക്ഷ്യം.
- കേരളത്തിലെ കോവിഡ്-19 പകർച്ചവ്യാധിയുടെ ആദ്യ കേസ് (ഇത് ഇന്ത്യയിലെ ആദ്യത്തേതും കൂടിയാണ്) 2020 ജനുവരി 30-ന് തൃശൂരിൽ സ്ഥിരീകരിച്ചു.

9. ശരാശരി ബ്ലഡ് പ്രഷർ (Normal Blood Pressure) എത്രയാണ് ?

A) 120/80 mm of Hg
B) 140/80 mm of Hg
C) 120/100 mm of Hg
D) 140/90 mm of Hg

Answer - A

Solution

- രക്തധമനികളിലൂടെ ഒഴുകുന്ന രക്തം ധമനികളുടെ ഭിത്തിയിൽ ലംബമായി ചെലുത്തുന്ന മർദ്ദമാണ് രക്തസമ്മർദ്ദം (ധമനീ രക്തസമ്മർദ്ദം) അഥവാ ബ്ലഡ്പ്രഷർ(Blood Pressure).
- ഇത് രക്തത്തിന്റെ സുഗമമായ പ്രവാഹം ഉറപ്പുവരുത്തുന്നു.
- ഹൃദയത്തിന്റെ ഇടത്തേ വെൻട്രിക്കിൾ അറ സങ്കോചിച്ച് രക്തത്തെ ധമനിയിലേയ്ക്ക് തള്ളിവിടുമ്പോഴുണ്ടാകുന്ന രക്തസമ്മർദ്ദത്തെ സിസ്റ്റോളിക് രക്തസമ്മർദ്ദം എന്നും ഹൃദയം വികസിച്ച് രക്തം നിറയുമ്പോൾ ഉണ്ടാകുന്ന ധമനീമർദ്ദത്തെ ഡയസ്റ്റോളിക് മർദ്ദം എന്നും വിളിക്കുന്നു.
- രക്തസമ്മർദ്ദം പൊതുവേ സ്ഫിഗ്മോമാനോമീറ്റർ എന്ന ഉപകരണത്തിന്റെ സഹായത്താലാണ് അളക്കുന്നത്.

10. താഴെ പറയുന്ന അസുഖങ്ങളിൽ “സൂണോറ്റിക്ക് (Zoonotic)" വിഭാഗത്തിൽപ്പെടുന്ന അസുഖമേത് ?

A) വില്ലൻചുമ B) പോളിയോ C) എലിപ്പനി D) മലമ്പനി

Answer - C

Solution

- ലെപ്ടോസ്പൈറ (Leptospira) ജീനസ്സിൽപ്പെട്ട ഒരിനം സ്പൈറോകീറ്റ (Spirocheta), മനുഷ്യരിൽ ഉണ്ടാക്കുന്ന ഒരു ജന്തുജന്യരോഗമാണ് (Zoonosis) 'എലിപ്പനി'.
- പ്രധാന രോഗവാഹകർ എലി, കന്നുകാലികൾ, നായ , പന്നി, കുറുക്കൻ , ചിലയിനം പക്ഷികൾ എന്നിവയാണ്.
- ലെപ്ടോസ്പൈറ ഇന്റെറോഗാൻസ് (Leptospira interrogans) ആണ് രോഗകാരി(Agent).
- എലിപ്പനി രോഗത്തിനു കാരണമായ വന്യമൃഗങ്ങളും വളർത്തുമൃഗങ്ങളും രോഗപ്പകർച്ചയുണ്ടാക്കുന്നു.
- പ്രധാനമായും രോഗപ്പകർച്ചയുണ്ടാക്കുന്നത് കരണ്ടുതിന്നുന്ന ജീവികളാണ് (Rodents)
- മൃഗമൂത്രത്തിലൂടെയാണ് രോഗാണുക്കൾ പുറത്തുവരുന്നത്.
- മൃഗമൂത്രമോ, മൃഗമൂത്രം കലർന്ന വെള്ളത്തിലൂടെയോ അസുഖം പകരുന്നതാണ്.

11. ചിക്കൻ പോക്സ് (chicken pox) പകർത്തുന്ന സൂക്ഷ്മാണു ജീവി ഏത് ?

A) വാരിയോള വൈറസ് (Variola) B) വാരിസെല്ല വൈറസ് (Varicella)
C) റൂബിയോള വൈറസ് (Rubeola) D) റുബെല്ല വൈറസ് (Rubella)

Answer - B

Solution

- വേഗത്തിൽ പകരുന്ന ഒരു വൈറസ് രോഗമാണ് ചിക്കൻപോക്സ്.
- ചില ഭാഗങ്ങളിൽ ചൊള്ള എന്നും പൊട്ടി എന്നും ഇത് അറിയപ്പെടുന്നു.
- വാരിസെല്ല സോസ്റ്റർ എന്ന വൈറസാണ് ഈ രോഗം പരത്തുന്നത്.
- എസിക്ലോവിർ സാധാരണ ചിക്കൻപോക്സിന് ഉപയോഗിക്കുന്ന ആന്റി വൈറസ് മരുന്നുകളിലൊന്നാണ്. രോഗബാധിതമായ ശരീര കലകളിൽ ചെന്ന് പ്രവർത്തിച്ച് അവയുടെ വളർച്ചയും വ്യാപനവും നിർത്തുകയാണ് ഈ മരുന്ന് ചെയ്യുന്നത്.

12. പ്രമുഖ പ്രകൃതി ശാസ്ത്രജ്ഞനായ ജോൺ റേയുടെ സംഭാവനകളിൽ ശരിയായവ ഏതെല്ലാം ?

1) സസ്യങ്ങളെ ഏക വർഷികൾ, ദ്വിവർഷികൾ, ബഹുവർഷികൾ എന്ന് തരം തിരിച്ചു.

2) സ്പീഷീസ് എന്ന പദം ആദ്യമായി ഉപയോഗിച്ചു.

3) 18000-ത്തിലധികം സസ്യങ്ങളെ ഉൾക്കൊള്ളിച്ച് ഹിസ്റ്റോറിയ പ്ലാന്റേറം എന്ന പുസ്തകം പുറത്തിറക്കി.

4) ജീവികളെ ചുവന്ന രക്തമുള്ളവ അല്ലാത്തവ എന്നിങ്ങനെ തരംതിരിച്ചു.

A) ഒന്നും മൂന്നും ശരിയാണ്
B) രണ്ടും മൂന്നും ശരിയാണ്
C) മൂന്നും നാലും ശരിയാണ്
D) രണ്ടും നാലും ശരിയാണ്

Answer - B

Solution

- ജീവികളെ ചുവന്ന രക്തമുള്ളവ, അല്ലാത്തവ എന്ന് ആദ്യമായി വേർതിരിച്ചത് അരിസ്റ്റോട്ടിലാണ്.
- സസ്യങ്ങളെ ഏക വർഷികൾ; ദ്വിവർഷികൾ; ബഹുവർഷികൾ എന്നിങ്ങനെ തരം തിരിച്ചത് - തിയോഫ്രാസ്റ്റസ്
- വർഗീകരിച്ച ജീവികൾക്ക് ശാസ്ത്രീയനാമം നൽകുന്ന ദ്വിനാമ പദ്ധതി ആവിഷ്കരിച്ചത് കാൾ ലിനേയസാണ്.
- സസ്യശാസ്ത്രത്തിന്റെ പിതാവ്- തിയോ ഫ്രാസ്റ്റസ്

13. സർക്കാരിന്റെ രോഗപ്രതിരോധവൽക്കരണ പ്രക്രിയയിൽ ജീവകം A ഉൾപ്പെടുത്തിയതിന്റെ ഉദ്ദേശ്യങ്ങൾ ഏവ ?

1.കോർണിയ വരൾച്ച തടയുന്നതിന്.
2.തിമിരബാധ തടയുന്നതിന്.
3.ഗ്ലോക്കോമ തടയുന്നതിന്.
4.നിശാന്ധത തടയുന്നതിന്.

A) 1 ഉം 4 ഉം
B) 2 ഉം 4 ഉം
C) 3 ഉം 4 ഉം
D) ഇവയൊന്നുമല്ല

Answer - A

Solution

- കണ്ണിന്റെ ശരിയായ പ്രവർത്തനത്തിന് ആവശ്യമായ വിറ്റാമിൻ - ജീവകം എ
- രോഗപ്രതിരോധത്തിനാവശ്യമായ വിറ്റാമിൻ - ജീവകം സി
- കരളിൽ സംഭരിച്ചിരിക്കാവുന്ന വിറ്റാമിൻ - ജീവകം എ
- ഫ്രെഷ്ഫുഡ് വിറ്റാമിൻ എന്നറിയപ്പെടുന്നത് - ജീവകം സി
- വിറ്റാമിൻ സി യുടെ രാസനാമം - അസ്കോർബിക് ആസിഡ്

14. ബി ലിംഫോസൈറ്റുകളെ സംബന്ധിച്ച് താഴെ കൊടുത്ത പ്രസ്താവനകളിൽ തെറ്റായവ തെരഞ്ഞെടുക്കുക.

1) വൈറസ് ബാധിച്ച കോശങ്ങളെ നശിപ്പിക്കുന്നു.
2) ബാക്ടീരിയയെ നശിപ്പിക്കുന്നു.
3) ആന്റിജനുകളുടെ വിഷാംശത്തെ നിർവ്വീര്യമാക്കുന്നു.
4) കാൻസർ കോശങ്ങളെ നശിപ്പിക്കുന്നു.

A) ഒന്നും രണ്ടും തെറ്റ്
B) രണ്ടും മൂന്നും തെറ്റ്
C) മൂന്നും നാലും തെറ്റ്
D) ഒന്നും നാലും തെറ്റ്

Answer - D

Solution

- ലിംഫോസൈറ്റ് കശേരുകികളുടെ പ്രതിരോധസംവിധാനത്തിന്റെ ഭാഗമായ ശ്വേതരക്താണുക്കളിലെ ഉപവിഭാഗമാണ്.
- മൂന്നു തരം ലിംഫോസൈറ്റുകൾ ഉണ്ട്. ടി കോശങ്ങൾ, ബി കോശങ്ങൾ, എൻ കെ കോശങ്ങൾ.
- ലിംഫോസൈറ്റിനു വളരെ വലിയ മർമ്മമാണുള്ളത് ഈ വലിയ മർമ്മമാണിവയെ തിരിച്ചറിയാനുള്ള മാർഗ്ഗം.
- ബി ലിംഫോസൈറ്റുകൾ ആന്റിജനുകളുടെ വിഷാംശത്തെ നിർവ്വീര്യമാക്കാൻ സഹായിക്കുന്നു.

15.താഴെ പറയുന്നവയിൽ ദഹനത്തിന് വിധേയമാകാത്ത പോഷകഘടകം ഏത് ?

A) പ്രോട്ടീൻ B) കൊഴുപ്പ് C) ധാതുക്കൾ D) ധാന്യകം

Answer - C

Solution

- ദഹനത്തിന് വിധേയമാകാത്ത പോഷകഘടകം : ധാതുക്കൾ
- ധാന്യകം,മാംസ്യം,കൊഴുപ്പ് എന്നിവയുടെ പൂർണമായ ദഹനം നടക്കുന്നത് - ചെറുകുടലിൽ വച്ച്
- ആഹാര പദാർത്ഥങ്ങളുടെ ദഹനം ആരംഭിക്കുന്നത് - വായിൽ വച്ച്
- ആമാശയത്തിലെ അമ്ലം - ഹൈഡ്രോക്ലോറിക്ക് അമ്ലം

16. താഴെ തന്നിരിക്കുന്ന പ്രസ്താവനകളിൽ നിന്നും ശരിയുത്തരം തെരഞ്ഞെടുക്കുക.

1) ക്രമഭംഗത്തിൽ മാതൃകോശം വിഭജിച്ച് രണ്ടു പുത്രികാകോശങ്ങൾ രൂപപ്പെടുന്നു.
2) ക്രമഭംഗം ശരീരകോശങ്ങളിൽ വെച്ചു നടക്കുന്നു.
3) ഊനഭംഗത്തിൽ മാതൃകോശം വിഭജിച്ച് രണ്ടു പുത്രികാകോശങ്ങൾ രൂപപ്പെടുന്നു.

4) ഊനഭംഗം ബീജകോശങ്ങളിൽ വെച്ച് നടക്കുന്നു.

A) 1,2,3,4 ശരി B) 1,2,3 ശരി C) 2,3,4 ശരി D) 1,2,4 ശരി

Answer - D

Solution

തന്നിരിക്കുന്ന പ്രസ്താവനകളിൽ ശരിയായവ
1) ക്രമഭംഗത്തിൽ മാതൃകോശം വിഭജിച്ച് രണ്ടു പുത്രികാകോശങ്ങൾ രൂപപ്പെടുന്നു.
2) ക്രമഭംഗം ശരീരകോശങ്ങളിൽ വെച്ചു നടക്കുന്നു.
4) ഊനഭംഗം ബീജകോശങ്ങളിൽ വെച്ച് നടക്കുന്നു.

17. പാപ് സ്മിയർ ടെസ്റ്റ്(Pap Smear Test) താഴെ പറയുന്നവയിൽ ഏത് ക്യാൻസർ തിരിച്ചറിയാനുള്ള പരിശോധന ആണ്

A) ശ്വാസ കോശാർബുദം
B) സ്തനാർബുദം
C) ഗർഭാശയമുഖ അർബുദം
D) വായിൽ ഉണ്ടാകുന്ന അർബുദം

Answer - C

Solution

- ഗർഭപാത്രത്തിന്റെ ഏറ്റവും താഴെയുള്ള ഭാഗമായ ഗർഭാശയഗളത്തിൽ നിന്നാണ് ഗർഭാശയഗള ക്യാൻസർ (സെർവിക്കൽ ക്യാൻസർ) തുടങ്ങുന്നത്.
- ഗർഭാശയത്തെ യോനിയുമായി ബന്ധിപ്പിക്കുന്ന ഭാഗമാണ് (ബെർത്ത് കനാൽ) ഗർഭാശയഗളം.
- ഗർഭാശയഗളത്തിന്റെ മുകൾ ഭാഗമായ എൻഡൊസെർവിക്സിൽ മാംസഗ്രന്ഥികളുടെ (ഗ്ലാൻഡുലാർ) കോശങ്ങൾ കാണപ്പെടുന്നു.
- എക്റ്റോസെർവിക്സ് എന്ന് അറിയപ്പെടുന്ന അടിഭാഗത്ത് സ്ക്വാമസ് കോശങ്ങൾ കാണപ്പെടുന്നു.

18. വിഷൻ 2020 (Vision 2020) താഴെ പറയുന്നവയിൽ ഏത് അസുഖവുമായി ബന്ധപ്പെട്ടിരിക്കുന്നു?

A) Blindness
B) Deafness
C) Mental illness
D) Covid 19

Answer - A

Solution

- വിഷൻ 2020: ലോകാരോഗ്യ സംഘടനയും അന്ധത തടയുന്നതിനുള്ള അന്താരാഷ്ട്ര ഏജൻസിയും ചേർന്ന് 1999-ൽ ആരംഭിച്ചതാണിത്.
- കണ്ണിനെ ബാധിക്കുന്ന രോഗങ്ങളേവ - തിമിരം, ട്രക്കോമ, കൺജംഗ്റ്റി വൈറ്റിസ്
- കൊറോണ വൈറസ് രോഗത്തിന് ലോകാരോഗ്യ സംഘടന പ്രഖ്യാപിച്ച ഔദ്യോഗിക നാമം - കോവിഡ് 19
- രണ്ടോ അതിലധികമോ രാജ്യങ്ങളിലെ ജനങ്ങളെ ബാധിക്കുന്ന രോഗങ്ങൾ - പാൻഡമിക് രോഗങ്ങൾ

19. മലമ്പനിക്ക് കാരണമാകുന്ന സൂക്ഷ്മാണു ജീവി ?

A) വൈറസ്
B) ബാക്റ്റീരിയ
C) പ്രോട്ടോസോവ
D) അമീബ

Answer - C

Solution

- മനുഷ്യരിലും മൃഗങ്ങളിലും കൊതുക് പരത്തുന്ന ഒരു സാംക്രമിക രോഗമാണ് മലമ്പനി അഥവാ മലേറിയ(Malaria).
- ചതുപ്പു പനി(Marsh Fever) എന്നും ഈ രോഗം അറിയപ്പെട്ടിരുന്നു.. ഏകകോശ ജീവികൾ ഉൾക്കൊള്ളുന്ന ഫൈലം പ്രോട്ടോസോവ വിഭാഗത്തിൽ പ്ലാസ്മോഡിയം ജനുസ്സിൽ പെട്ട പരാദങ്ങളാണ് ഈ രോഗമുണ്ടാക്കുന്നത്.
- ഇവ അരുണ രക്താണുക്കളിൽ ഗുണീഭവിയ്ക്കുമ്പോഴാണ് മലമ്പനി

ലക്ഷണങ്ങൾ പ്രകടമാകുന്നത്.
• അനോഫിലിസ് ജെനുസ്സിൽ പെടുന്ന ചില ഇനം പെൺകൊതുകുകളാണ് രോഗം പരത്തുന്നത്.

20. ശരിയായ ജോഡി തിരഞ്ഞെടുക്കുക :

1.ഏത്തവാഴ ഗവേഷണ കേന്ദ്രം - കണ്ണാറ
2.കുരുമുളക് ഗവേഷണ കേന്ദ്രം - പന്നിയൂർ
3.കേന്ദ്ര തോട്ടവിള ഗവേഷണ കേന്ദ്രം - ശ്രീകാര്യം
4.ഇഞ്ചി ഗവേഷണ കേന്ദ്രം - അമ്പലവയൽ

A) (1),(2),(3) B) 2),(3),(4) C) (1),(2),(4) D) (1),(3),(4)

Answer - C

Solution

• ഏത്തവാഴ ഗവേഷണ കേന്ദ്രം - കണ്ണാറ
• കുരുമുളക് ഗവേഷണ കേന്ദ്രം - പന്നിയൂർ
• കേന്ദ്ര തോട്ടവിള ഗവേഷണ കേന്ദ്രം - കാസർഗോഡ്
• ഇഞ്ചി ഗവേഷണ കേന്ദ്രം - അമ്പലവയൽ
• കശുവണ്ടി ഗവേഷണ കേന്ദ്രം - ആനക്കയം
• വനം ഗവേഷണ കേന്ദ്രം - പീച്ചി

21. മനുഷ്യശരീരത്തിൽ തരുണാസ്ഥികൾ കാണപ്പെടുന്നത് :

(i) ചെവിക്കുടയിൽ
(ii) കശേരുകൾക്കിടയിൽ
(iii) രണ്ട് അസ്ഥികൾ ചേരുന്ന ഭാഗത്ത്
(iv) നേസൽ സെപ്റ്റത്തിൽ

A) (i), (ii), (iii) B) (i), (iii), (iv) C) (ii), (iii), (iv) D) (i), (ii), (iii), (iv)

Answer - D

Solution

• മനുഷ്യശരീരത്തിൽ പലയിടത്തും തരുണാസ്ഥികൾ കാണപ്പെടുന്നു.
• തലയോട്ടിയിലും കശേരുക്കൾക്കിടയിലും രണ്ട് അസ്ഥികൾ കൂടിച്ചേരുന്ന സ്ഥലത്തും നാസൽ സെപ്റ്റത്തിലും ഇവ കാണപ്പെടുന്നു.
• മനുഷ്യശരീരത്തിൽ കാണപ്പെടുന്ന ഒരു തരം നാരുകളുള്ള സംയുക്തമാണ് സ്യൂച്ചറുകൾ.
• നേരിയ ചലനം അനുവദിക്കുമ്പോൾ അസ്ഥികളെ ഒരുമിച്ച് പിടിക്കുക എന്നതാണ് അവരുടെ പ്രാഥമിക പ്രവർത്തനം.

22. എല്ലുകളുടേയും പല്ലുകളുടേയും വളർച്ചയ്ക്ക് ആവശ്യമില്ലാത്ത ഘടകമേത്?

A) ഇരുമ്പ് B) കാൽസ്യം C) മഗ്നീഷ്യം D) ഫോസ്ഫറസ്

Answer - A

Solution

- ഇരുമ്പ് എല്ലുകളുടേയും പല്ലുകളുടേയും വളർച്ചയ്ക്ക് ആവശ്യമില്ല.
- എല്ലുകളുടെ വളർച്ചയിലും വികാസത്തിലും കാൽസ്യം നിർണായക പങ്ക് വഹിക്കുന്നു.
- എല്ലുകളുടെയും പല്ലുകളുടെയും ഘടന ഉണ്ടാക്കുന്ന പ്രാഥമിക ധാതുവാണ് കാൽത്സ്യം.
- ശൈശവത്തിലും, കൗമാരത്തിലും ശരീരം ശക്തമായ അസ്ഥികൾ നിർമ്മിക്കാൻ കാൽസ്യം ഉപയോഗിക്കുന്നു.
- ജീവകോശങ്ങളിലെ ഡി.എൻ.എ., ആർ.എൻ.എ. എന്നിവയിലെ സുപ്രധാന ഘടകമാണ് ഫോസ്ഫറസ്.

23. കോവിഡ് -19 ന് കാരണമായ സൂക്ഷ്മജീവി :

A) ബാക്ടീരിയ B) ഫംഗസ്
C) വൈറസ് D) ഫൈലേറിയൽ വിര

Answer - C

Solution

- SARS-CoV-2 എന്ന വൈറസ് മൂലമാണ് കോവിഡ്-19 ഉണ്ടാകുന്നത്.
- 2019 ൽ ചൈനയിലെ വുഹാനിൽ ആദ്യമായി തിരിച്ചറിഞ്ഞ ഒരു തരം കൊറോണ വൈറസാണിത്.
- COVID-19 - (Corona Virus Disease -2019)
- ലോകാരോഗ്യ സംഘടന കോവിഡ്-19 നെ ഒരു എപ്പിഡെമിക് (Epidemic) ആയി പ്രഖ്യാപിച്ചു. ഒരു രോഗം എല്ലാവിധത്തിലും സാമ്യത്തോടെ സമൂഹത്തിൽ സാധാരണ നിലവാരത്തിലും കവിഞ്ഞു വ്യാപിക്കുമ്പോൾ ആ രോഗാവസ്ഥയെയാണ് എപ്പിഡെമിക് എന്നു വിശേഷിപ്പിക്കുന്നത്.

24.ജന്തുകോശങ്ങളിൽ കൂടുതലായി ഉൽപ്പാദിപ്പിക്കപ്പെടുന്ന വാതകം :

A) കാർബൺ ഡൈ ഓക്സൈഡ് B) ഓക്സിജൻ
C) നൈട്രജൻ D) അമോണിയ

Answer - A

Solution

- കാർബൺ ഡൈ ഓക്സൈഡ് (CO2) മൃഗകോശങ്ങൾ ഏറ്റവും കൂടുതൽ ഉൽപ്പാദിപ്പിക്കുന്ന വാതകമാണ്.
- ഇത് സെല്ലുലാർ ശ്വസനത്തിന്റെ ഒരു മാലിന്യ ഉൽപ്പന്നമാണ്, കോശങ്ങൾ ഭക്ഷണത്തിൽ നിന്ന് ഊർജ്ജം ഉത്പാദിപ്പിക്കുന്ന പ്രക്രിയയാണ്.
- സെല്ലുലാർ ശ്വസന സമയത്ത്, ഓക്സിജൻ ഭക്ഷണ തന്മാത്രകളെ

തകർക്കാനും ഊർജ്ജം പുറത്തുവിടാനും ഉപയോഗിക്കുന്നു.
• കാർബൺ ഡൈ ഓക്സൈഡ് ഒരു ഉപോൽപ്പന്നമായി ഉൽപ്പാദിപ്പിക്കപ്പെടുകയും ശ്വസനവ്യവസ്ഥയിലൂടെ ശരീരത്തിൽ നിന്ന് നീക്കം ചെയ്യുകയും ചെയ്യുന്നു.

25. കേന്ദ്ര സുഗന്ധവിള ഗവേഷണ കേന്ദ്രം സ്ഥിതിചെയ്യുന്ന ജില്ല(കൾ) :

(i) കോഴിക്കോട്
(ii) തിരുവനന്തപുരം
(iii) ഇടുക്കി
(iv) കാസർഗോഡ്
A) (i), (ii) മാത്രം B) (iii), (iv) C) (i) മാത്രം D) (i), (iv)

Answer - C
Solution
• സാമ്പത്തികമായി പ്രാധാന്യമുള്ള മാപ്പുകളുടെ ജനിതക മെച്ചപ്പെടുത്തൽ, കൃഷി, ഉത്പാദനം, രാസ സംസ്കരണം എന്നിവ ഗവേഷണ പ്രവർത്തനങ്ങളിൽ ഉൾപ്പെടുന്നു.
• വിവിധ ജൈവ പ്രവർത്തനങ്ങൾ, ഉപാപചയ പാത പഠനങ്ങൾ, ഔഷധ ഉൽപ്പന്നങ്ങളുടെ വികസനം, മെച്ചപ്പെട്ട ജീവിതത്തിനായുള്ള ഫോർമുലേഷനുകൾ എന്നിവയ്ക്കായി ബയോപ്രോസ്പെക്റ്റിംഗ് സസ്യങ്ങളും അവയുടെ ഘടകങ്ങളും ഗവേഷണത്തിൽ ഉൾപ്പെടുന്നു.
• R&D മെച്ചപ്പെടുത്തുന്നതിനും പ്രചരിപ്പിക്കുന്നതിനുമുള്ള വിജ്ഞാന മാനേജ്മെന്റിലും, MAP-കളുടെ അടിസ്ഥാനപരവും പ്രായോഗികവുമായ മേഖലകളിലെ R&D-യുടെ മാനവ വിഭവശേഷി വികസനത്തിലും ഗവേഷണം ശ്രദ്ധ കേന്ദ്രീകരിക്കുന്നു.

26. എബി (AB) രക്ത ഗ്രൂപ്പുള്ള ഒരാൾക്ക് ഏതൊക്കെ ഗ്രൂപ്പുകാർക്ക് രക്തം ദാനം ചെയ്യാൻ സാധിക്കും?
A) രക്തഗ്രൂപ്പ് എ (A) B) രക്തഗ്രൂപ്പ് ബി (B)
C) രക്തഗ്രൂപ്പ് ഒ (O) D) രക്തഗ്രൂപ്പ് എബി (AB)

Answer - D
Solution
• ഒരു വ്യക്തിയുടെ രക്തഗ്രൂപ്പ് AB ആണെങ്കിൽ, അവർ രക്തം ദാനം ചെയ്യാൻ കഴിയും റീസിപ്പിയെന്റ് രക്ത ഗ്രൂപ്പ് AB ഉള്ള വ്യക്തി.
• ഏതെങ്കിലും രക്തഗ്രൂപ്പിലെ ഏതൊരു സ്വീകർത്താവിനും രക്തം ദാനം ചെയ്യാൻ കഴിയുന്ന വ്യക്തിയാണ് സാർവത്രിക ദാതാവ്.
• ചില അടിയന്തിര സാഹചര്യങ്ങളിൽ, രോഗിയുടെ അതേ രക്തഗ്രൂപ്പുള്ള ദാതാക്കളെ ലഭ്യമല്ല, അത്തരം സന്ദർഭങ്ങളിൽ, ഗ്രൂപ്പ് O ഉള്ള ഒരു വ്യക്തിക്ക്,

പ്രത്യേകിച്ച് O നെഗറ്റീവ്, രോഗിക്ക് രക്തം ദാനം ചെയ്യാൻ കഴിയും.

PHYSICS

1. ചന്ദ്രയാൻ 2 വിക്ഷേപണ ദൗത്യത്തിൽ ഉപയോഗിച്ച ലാൻഡറിന് ഐ.എസ്.ആർ.ഒ നൽകിയ പേര്?

A) വിക്രം B) ആര്യ C) ആദിത്യ D) രവി

Answer - A

Solution

ചന്ദ്രയാൻ 2 വിക്ഷേപിച്ചത് - 22 ജൂലൈ 2019
ചന്ദ്രയാൻ 2 ന്റെ വിക്ഷേപണ വാഹനം-ജി.എസ്.എൽ.വി

മാർക്ക് 3

പ്രോജക്ട് ഡയറക്ടർ - മുത്തയ്യ വനിത
മിഷൻ ഡയറക്ടർ - റിതു കരിധാൾ
റോവർ - പ്രഗ്യാൻ
ലാൻഡർ - വിക്രം *

2.ISRO സ്ഥാപിതമായത് ഏതു വർഷം ആണ്?

A) 1965 B) 1969 C) 1971 D) 1975

Answer - B

Solution

- 1969-ലാണ് ഇന്ത്യൻ ബഹിരാകാശ പര്യവേക്ഷണ സ്ഥാപനം (ISRO-Indian Space Research Organisation) സ്ഥാപിതമായത്.
- ബാംഗ്ലൂരിലെ അന്തരീക്ഷ് ഭവനാണ് ഐ.എസ്. ആർ.ഒ.യുടെ ആസ്ഥാന മന്ദിരം.
- ഐ എസ് ആർ ഒ യുടെ ആദ്യ ചെയർമാൻ വിക്രം സാരാഭായ്
- ഐ എസ് ആർ ഒ യുടെ ചെയർമാൻ ആയ ആദ്യ മലയാളി- എം ജി കെ മേനോൻ
- നിലവിൽ ഐ എസ് ആർ ഒ ചെയർമാൻ - ഡോ. എസ് സോമനാഥ്

3. PSLV -37, 104 ഉപഗ്രഹങ്ങളുമായി ബഹിരാകാശത്തേക്ക് കുതിച്ചത് ?

A) 2017 ഫെബ്രുവരി 15 B) 2017 ഫെബ്രുവരി 13
C) 2016 ഫെബ്രുവരി 13 D) 2017 മാർച്ച് 5

Answer - A

Solution

- പിഎസ്എൽവി-സി 37 ഇന്ത്യൻ പോളാർ സാറ്റലൈറ്റ് ലോഞ്ച് വെഹിക്കിൾ (പിഎസ്എൽവി) പ്രോഗ്രാമിന്റെ 39-ാമത് ദൗത്യവും XL കോൺഫിഗറേഷന്റെ പതിനാറാമത്തെ ദൗത്യവുമായിരുന്നു.

•പി.എസ്.എൽ.വി സി -37 104 ഉപഗ്രഹങ്ങളെ വിജയകരമായി വിന്യസിച്ചു.
•ആന്ധ്രാപ്രദേശിലെ ശ്രീഹരിക്കോട്ടയിലെ സതീഷ് ധവാൻ സ്പേസ് സെന്ററിൽ നിന്നാണ് , ഇന്ത്യൻ സ്പേസ് റിസർച്ച് ഓർഗനൈസേഷൻ (ഐ.എസ്.ആർ.ഒ) 2017 ഫെബ്രുവരി 15 ന് ഈ ദൗത്യം ആരംഭിച്ചത് .

4. ഹൈഡ്രോളിക് പ്രസിന്റെ പ്രവർത്തനതത്വം ഏത് ?

A) ചാൾസ് നിയമം
B) ആർക്കമെഡീസ് തത്വം
C) പാസ്കൽ നിയമം
D) ചലന നിയമം

Answer - C

Solution

പാസ്കൽ നിയമം
•ഒരു അടച്ചുവച്ച ദ്രാവകത്തിൽ പുറത്ത് നിന്നും ഏതെങ്കിലും പോയിൻറിൽ ഒരു മർദ്ദം പ്രയോഗിച്ചാൽ അത് എല്ലാ പോയിൻറിലേക്കും എല്ലാ ദിശയിലേക്കും തുല്യമായി വ്യാപിക്കും
•പാസ്കൽ നിയമത്തിൻറെ സാധ്യതകൾ പ്രയോജനപ്പെടുത്തി പ്രവർത്തിക്കുന്നതാണ് ഹൈഡ്രോളിക് ബ്രേക്കും ഹൈഡ്രോളിക് ലിഫ്റ്റും
•ഹൈഡ്രോളിക് പ്രസിന്റെ പ്രവർത്തനതത്വം - പാസ്കൽ നിയമം
•പാസ്കൽ നിയമം ആവിഷ്ക്കരിച്ചത് : ബ്ലൈയിസ് പാസ്കൽ

5. സൂര്യനും നക്ഷത്രങ്ങൾക്കും വികിരണോർജം കിട്ടുന്നതിന് കാരണമായ പ്രവർത്തനം ഏത്?

A) ഫോട്ടോ ഇലക്ട്രിക് പ്രവർത്തനം
B) ഫ്യൂഷൻ പ്രവർത്തനം
C) ഫിഷൻ പ്രവർത്തനം
D) ഡോപ്ലർ എഫക്ട്

Answer - B

Solution

•ഭാരം കുറഞ്ഞ രണ്ടോ അതിലധികമോ ന്യൂക്ലിയസുകൾ തമ്മിൽ സംയോജിച്ച് ഒരു ഭാരം കൂടിയ ന്യക്ലിയസുണ്ടാകുന്ന പ്രവർത്തനത്തിനു പറയുന്നത് - ന്യൂക്ലിയർ ഫ്യൂഷൻ.
•അണുകേന്ദ്രമായ ന്യക്ലിയസിനെ, ചാർജില്ലാത്ത കണമായ ന്യൂട്രോൺകൊണ്ട് പിളർന്ന് ഊർജം സ്വതന്ത്രമാക്കുന്ന പ്രക്രിയ - ന്യൂക്ലിയർ ഫിഷൻ.

6. അഗ്നിപുത്രി എന്നറിയപ്പെടുന്ന വനിത?

A) ടെസ്സി തോമസ്
B) പി ടി ഉഷ
C) ഡോ. ജാൻസി ജെയിംസ്
D) ജെനി ജെറോം

Answer - A

Solution

•അഗ്നി - അഞ്ച് ഭൂഖണ്ഡാന്തര മിസൈലിന്റെ മുഖ്യശില്പിയും പ്രോജക്ട്

മേധാവിയുമാണ് ടെസ്സി തോമസ്.
• അഗ്നിപുത്രി എന്നും ഇന്ത്യയുടെ മിസൈൽ വനിത എന്നും മാധ്യമങ്ങൾ വിശേഷിപ്പിക്കുന്ന ടെസ്സി തോമസ് പ്രതിരോധ ഗവേഷണ-വികസന സംഘടന (ഡി.ആർ.ഡി.ഒ.)യിലെ മുഖ്യശാസ്ത്രജ്ഞയാണ്.
• ഒരു മിസൈൽ പദ്ധതിയ്ക്കു നേതൃത്വം നൽകുന്ന ഇൻഡ്യയിലെ ആദ്യത്തെ വനിതയാണ് ടെസ്സി തോമസ്.

7. മനുഷ്യനെ ബഹിരാകാശത്ത് എത്തിക്കാനുള്ള ഇന്ത്യയുടെ ദൗത്യം ഏത് ?

A) മംഗൾയാൻ
B) ചന്ദ്രയാൻ
C) ആദിത്യ എൻ 1
D) ഗഗൻയാൻ

Answer - D

Solution

• മനുഷ്യനെ ബഹിരാകാശത്ത് എത്തിക്കുന്ന ഇന്ത്യയുടെ ദൗത്യമാണ് ഗഗൻയാൻ.
• 2020ലും 2021ലും മനുഷ്യരില്ലാത്ത പേടകങ്ങൾ ബഹിരാകാശത്ത് എത്തിച്ച ശേഷം 2021 അവസാനത്തോടെ മനുഷ്യരെ ഉൾപ്പെടുത്തി പേടകങ്ങൾ ബഹിരാകാശത്ത് എത്തിക്കാനാണ് പദ്ധതി.
• ഇന്ത്യൻ സ്പേസ് റിസർച്ച് ഓർഗനൈസേഷനും ഹിന്ദുസ്ഥാൻ എയ്റോനോട്ടിക്സ് ലിമിറ്റഡും റഷ്യയുടെ ഫെഡറൽ സ്പേസ് ഏജൻസിയായ റോസ്കോസ്മോസ് സ്റ്റെയ്റ്റ് കോർപ്പറേഷൻ ഫോർ സ്പേസ് ആക്ടിവിറ്റീസും ഒരുമിച്ചാണ് ഗഗൻയാൻ പദ്ധതിക്ക് വേണ്ടി പ്രവർത്തിക്കുക.

8. വീർപ്പിച്ച ഒരു ബലൂൺ വെള്ളത്തിന് അടിയിലേക്ക് താഴ്ത്തുമ്പോൾ അതിന്റെ വലുപ്പം കുറയുന്നു. ഇത് താഴെ തന്നിരിക്കുന്ന ഏത് നിയമവുമായി ബന്ധപ്പെട്ടിരിക്കുന്നു?

A) ചാൾസ് നിയമം
B) ബോയിൽ നിയമം
C) പാസ്കൽ നിയമം
D) അവോഗാഡ്രോ നിയമം

Answer - B

Solution

• ബോയിൽ നിയമം - താപനില സ്ഥിരമായിരിക്കുമ്പോൾ ഒരു നിശ്ചിതമാസ് വാതകത്തിന്റെ വ്യാപ്തം, മർദ്ദത്തിന് വിപരീത അനുപാതത്തിൽ ആയിരിക്കും.
• റോബർട്ട് ബോയിൽ ആവിഷ്ക്കരിച്ച നിയമം- ബോയിൽ നിയമം.

ബോയിൽ നിയമത്തിന്റെ ഗണിത രൂപം

V 1/P
PV = സ്ഥിര സംഖ്യ

9. ഒരു കോൺകേവ് ദർപ്പണത്തിന്റെ പോളിൽ നിന്നും മുഖ്യഫോക്കസിലേക്കുള്ള ദൂരം 12 cm ആണെങ്കിൽ അതിന്റെ വക്രതാരം എത്ര?

A) 6 cm B) 12 cm C) 24 cm D) 36 cm

Answer - C

Solution

- ഒരു കോൺകേവ് ദർപ്പണത്തിന്റെ പോളിൽ നിന്നും മുഖ്യഫോക്കസിലേക്കുള്ള ദൂരം 12 cm ആണെങ്കിൽ അതിന്റെ വക്രതാരം 24 cm.
- f = R/2

10. ഒരു വസ്തുവിനെ ഭൂമിയുടെ ധ്രുവപ്രദേശത്തു നിന്നും ഭൂമധ്യരേഖാ പ്രദേശത്തേക്ക് കൊണ്ട് പോകുമ്പോൾ അതിന്റെ പിണ്ഡവും ഭാരവുമായി ബന്ധപ്പെട്ട ശരിയായ പ്രസ്താവന തിരഞ്ഞെടുക്കുക?

A) പിണ്ഡവും ഭാരവും കുറയുന്നു.
B പിണ്ഡം മാറുന്നില്ല, ഭാരം കുറയുന്നു.
C) പിണ്ഡവും ഭാരവും കൂടുന്നു.
D) പിണ്ഡം മാറുന്നില്ല, ഭാരം കൂടുന്നു.

Answer - B

Solution

- ഒരു വസ്തുവിനെ ഭൂമിയുടെ ധ്രുവപ്രദേശത്തു നിന്നും ഭൂമധ്യരേഖാ പ്രദേശത്തേക്ക് കൊണ്ട് പോകുമ്പോൾ അതിന്റെ പിണ്ഡം മാറുന്നില്ല, ഭാരം കുറയുന്നു.
- പിണ്ഡവും ഭാരവും വ്യത്യസ്തമാണ്, ഗുരുത്വാകർഷണം ഒരു വസ്തുവിൽ ചെലുത്തുന്ന സ്വാധീനമാണ് ഭാരം എന്നത്.
- ഒരു വസ്തു ഭൂമിയിൽ നിന്നും ചന്ദ്രനിലെത്തുമ്പോൾ അതിന്റെ ഭാരം കുറയുന്നെങ്കിലും പിണ്ഡത്തിന് മാറ്റം വരുന്നില്ല.

11. പ്രസ്താവന (S)- ചലിക്കുന്ന യന്ത്രഭാഗങ്ങളുടെ സമ്പർക്കത്തിൽ വരുന്ന പ്രതലങ്ങൾക്കിടയ്ക്കു ഘർഷണം കുറയ്ക്കുന്നതിനുവേണ്ടി ബെയറിങ്ങുകൾ ഉപയോഗിക്കുന്നു.

കാരണം (R)- ഉരുളൽ ഘർഷണം നിരങ്ങൽ ഘർഷണത്തെക്കാൾ കുറവാണ്.

A) S ഉം R ഉം ശരിയാണ്, Sനു ഉള്ള ശരിയായ വിശദീകരണമാണ് R.
B) S ഉം R ഉം ശരിയാണ്, Sനു ഉള്ള ശരിയായ വിശദീകരണമല്ല R.
C) S ശരിയാണ്, R തെറ്റാണ്.
D) S തെറ്റാണ്, R ശരിയാണ്.

Answer - A

Solution

- പരസ്പരം സ്പർശിച്ചു നിൽക്കുന്ന രണ്ടു വസ്തുക്കൾ തമ്മിലുള്ള ആപേക്ഷിക ചലനത്തെ പ്രതിരോധിക്കുന്ന ബലമാണ് ഘർഷണം എന്ന് അറിയപ്പെടുന്നത്.
- വസ്തുക്കൾക്കിടയിലുള്ള സ്പർശനതലങ്ങൾക്കിടയിൽ സമാന്തരമായാണ് ഘർഷണം അനുഭവപ്പെടുന്നത്. സ്വയം ക്രമീകരിക്കുന്ന ഒരു ബലം കൂടിയാണ് ഘർഷണം.
- വൈദ്യുതകാന്തിക ബലമാണ് ഘർഷണത്തിന്റെ അടിസ്ഥാനം. ഘർഷണം മൂലം വസ്തുക്കളുടെ ഗതികോർജ്ജത്തിന്റെ ഒരു ഭാഗം താപോർജ്ജമായി മാറ്റപ്പെടുന്നു.

12. ഇന്ത്യയുടെ ഭൗമനിരീക്ഷണ ഉപഗ്രഹമായ ഇ ഒ എസ് 3 വിക്ഷേപിക്കാൻ ഉപയോഗിച്ച വിക്ഷേപണവാഹനം ഏത് ?

A) GSLV-F10 B) GSLV-F09 C) GSLV-F11 D) GSLV-F08

Answer - A

Solution

- പ്രകൃതി ദുരന്തങ്ങളെക്കുറിച്ച് പഠിക്കാനുള്ള ഉപഗ്രഹമായിരുന്നു ഇ.ഒ.എസ് 03.
- സതീഷ് ധവാൻ സ്പേസ് സെന്ററിലായിരുന്നു വിക്ഷേപണം നടന്നത്.
- ജി.എസ്.എൽ.വി എഫ് 10 ആയിരുന്നു വിക്ഷേപണ വാഹനം.

13. ചുവടെ കൊടുത്തിരിക്കുന്നവയിൽ ഏതിനൊക്കെയാണ് മനുഷ്യന്റെ ശ്രവണ പരിധിയേക്കാൾ താഴ്ന്ന ആവൃത്തിയിലുള്ള ശബ്ദം ശ്രവിക്കാൻ കഴിയുക ?

1.നായ
2.പ്രാവ്
3.ആന
4.വവ്വാൽ

A) 2 & 4 B) 2 & 3 C) 2 , 3 & 4 D) 1 & 4

Answer - B

Solution

മനുഷ്യന്റെ ശ്രവണ പരിധി -20 HZ- 20000 Hz

- ആനയുടെ ശ്രവണ പരിധി 16 Hz - 12000 Hz
- പ്രാവിന്റെ ശ്രവണ പരിധി 4 Hz - 6 Hz
- നായയുട ശ്രവണ പരിധി 67 Hz -45000 Hz
- വവ്വാലിന്റെ ശ്രവണ പരിധി 2000 Hz-123000 Hz

14. ഒരു റിയർ വ്യൂ മിററിന്റെ (Rearview Mirror) വക്രതാ ആരം 12 മീറ്റർ ആണെങ്കിൽ അതിന്റെ ഫോക്കസ് ദൂരം എത്ര ?

A) 6 മീറ്റർ B) 24 മീറ്റർ C) 3 മീറ്റർ D) 9 മീറ്റർ

Answer - A

Solution

R/2= f

f = R/2 = 12/2 = 6 മീറ്റർ

15. ഒരു വസ്തുവിന്റെ താപനിലയുമായി ബന്ധപ്പെട്ട ചില പ്രസ്താവനകൾ നൽകിയിരിക്കുന്നു. ഇവയിൽ ശരിയായവ ഏവ ?

1.ഒരു വസ്തുവിലെ തന്മാത്രകളുടെ ആകെ ഗതികോർജ്ജത്തിന്റെ അളവാണ് താപനില.

2.ഒരു വസ്തുവിലെ തന്മാത്രകളുടെ ശരാശരി ഗതികോർജ്ജത്തിന്റെ അളവ് സൂചിപ്പിക്കുന്ന ആനുപാതിക സംഖ്യയാണ് അതിന്റെ താപനില.

3.താപനിലയുടെ SI യൂണിറ്റ് ജൂൾ ആണ്.

4.താപനിലകളിലെ വ്യത്യാസം മൂലമാണ് ഒരിടത്ത് നിന്ന് മറ്റൊരിടത്തേക്ക് താപോർജ്ജം ഒഴുകുന്നത്.

A1 & 4 B2 , 3 & 4 C1 , 3 & 4 D2 & 4

Answer - D

Solution

ഒന്നാമത്തെ പ്രസ്താവന തെറ്റാണ് ഒരു വസ്തുവിലെ തന്മാത്രകളുടെ ആകെ ഗതികോർജ്ജത്തിന്റെ അളവാണ് താപം.

മൂന്നാമത്തെ പ്രസ്താവന തെറ്റാണ് കാരണം താപനിലയുടെ SI യൂണിറ്റ് കെൽവിൻ ആണ്

- ഭൗതികശാസ്ത്രത്തിൽ പദാർത്ഥങ്ങളുടെ ഒരു ഭൗതിക ഗുണമായി കണക്കാക്കുന്ന ഒന്നാണ് ഊഷ്മാവ് അഥവാ താപനില (Temperature)
- ചൂടും തണുപ്പും സൂചിപ്പിക്കുവാൻ ഇതുപയോഗിക്കുന്നു.

താപഗതികത്തിലെ ഒരു അടിസ്ഥാന ഘടകമാണ് ഇത്. ബഹുതല വീക്ഷണത്തിൽ ഊഷമാവ് എന്നാൽ താപസമ്പർക്കത്തിലിരിക്കുന്ന രണ്ട് വസ്തുക്കളിൽ താപത്തിന്റെ ഒഴുക്കിനെ നിർണ്ണയിക്കുന്ന ഒരു ഭൗതിക ഗുണമാണ്.

- അവയ്ക്കിടയിൽ താപക്കൈമാറ്റം നടക്കുന്നില്ലെങ്കിൽ രണ്ട് വസ്തുക്കൾക്കും ഒരേ താപനിലയാണ്; അങ്ങനെയല്ലെങ്കിൽ കൂടുതൽ താപനിലയുള്ള വസ്തുവിൽ നിന്നും താപനില കുറഞ്ഞ വസ്തുവിലേക്ക് താപം ഒഴുകുന്നു. ഇതാണ് പൂജ്യാമത്തെ (zeroth Law) താപഗതികനിയമത്തിന്റെ ഉള്ളടക്കം.

16. സൂര്യതാപം ഭൂമിയിലെത്തുന്ന രീതിയേത്?

A) അഭിവഹനം B) വികിരണം C) സംവഹനം D) ചാലനം

Answer - B

Solution

- വികിരണത്തിലൂടെയാണ് സൂര്യന്റെ ഊർജ്ജം ഭൂമിയിലെത്തുന്നത്.
- സൂര്യനിൽ നിന്നുള്ള താപം ഭൂമിയുടെ ഉപരിതലത്തിൽ എത്താൻ ഒരു മാധ്യമവുമില്ല. ഇത് വികിരണത്തിന്റെ സ്വഭാവമാണ്.
- സൂര്യനിൽ നിന്ന് പ്രകാശവേഗതയിൽ ശൂന്യതയിലൂടെ ഊർജം പ്രസരിക്കുന്നു. ഈ ഊർജ്ജം ഭൂമിയിൽ എത്തുമ്പോൾ, അതിൽ ചിലത് നമ്മുടെ അന്തരീക്ഷത്തിലെ വാതകങ്ങളിലേക്ക് കൈമാറ്റം ചെയ്യപ്പെടുന്നു.
- സൂര്യനിൽ നിന്നും ഭൂമിയുടെ ഉപരിതലത്തിൽ എത്തുന്ന UV വികിരണം കൂടുതലും UVA ഉം ചിലത് UVB ഉം ആണ്.
- കൂടുതൽ ഹാനികരമായ UVB റേഡിയേഷന്റെ പകൽ സമയത്തിന്റെ പകുതിയോളം ലഭിക്കുന്നത് 10 മണിക്കും 4 മണിക്കും ഇടയിലാണ്.

17. ഭൂഗുരുത്വത്വരണം g യെ സംബന്ധിക്കുന്ന ശരിയായ പ്രസ്താവനകൾ ഏത്?

(1) g യുടെ മൂല്യം ഭൂമിയുടെ മാസ്സിനേയും ആരത്തേയും ആശ്രയിച്ചിരിക്കുന്നു

(2) ധ്രുവപ്രദേശങ്ങളിലെ g യുടെ മൂല്യം ഭൂമദ്ധ്യരേഖാപ്രദേശത്തേക്കാൾ കൂടുതലായിരിക്കും

(3) ഒരു വസ്തുവിന്റെ ഭാരം തീരുമാനിക്കുന്നത് g യുടെ മൂല്യം കണക്കിലെടുത്തുകൊണ്ടാണ്

(4) ഒരു ആനയും ഒരു ഉറുമ്പും നിർബാധം താഴേക്കു പതിക്കുമ്പോൾ g യുടെ മൂല്യം രണ്ടു പേർക്കും തുല്യമായിരിക്കും

A) 1, 2 & 3 B) 2 & 3 C) 1 & 3 D) എല്ലാം ശരിയാണ്

Answer - D

Solution

- ഭീമാകാരമായ ശരീരത്തിന്റെ ഗുരുത്വാകർഷണബലം മൂലം സ്വതന്ത്രമായി വീഴുന്ന ഒരു വസ്തുവിന് അനുഭവപ്പെടുന്ന ത്വരണം ഗുരുത്വാകർഷണം മൂലമുള്ള ത്വരണം എന്ന് വിളിക്കുന്നു,
- ഇത് SI യൂണിറ്റ് m/s2ഉപയോഗിച്ച് അളക്കുന്ന g ആണ് പ്രതിനിധീകരിക്കുന്നത് .
- g യുടെ മൂല്യം ഭീമാകാരമായ ശരീരത്തിന്റെ പിണ്ഡത്തെയും അതിന്റെ ആരത്തെയും ആശ്രയിച്ചിരിക്കുന്നു, g മൂല്യത്തിന്റെ മൂല്യം ഒരു ബോഡിയിൽ നിന്ന് മറ്റൊന്നിലേക്ക് വ്യത്യാസപ്പെടുന്നു.

18. ഒരു ഗോളീയ ദർപ്പണത്തിന്റെ വക്രതാ ആരം 40 cm ആണ്. ഈ ദർപ്പണത്തിന്റെ ഫോക്കസ് ദൂരം എത്ര?

A) 80c.m B) 20m C) 200 c.m D) 20cm

Answer - D

Solution

- വക്രതാ ആരം (R)=ഫോക്കസ് ദൂരം (F) × 2
- R=F×2
- 40=F×2
- $F=\frac{40}{2}$= 20CM.

19. താഴെ തന്നിരിക്കുന്ന പ്രസ്താവനകളിൽ തെറ്റായ പ്രസ്താവന / നകൾ ഏത്?

(1) ഒരു ദ്രാവകത്തിൽ ഒരു വസ്തുവിന് അനുഭവപ്പെടുന്ന പ്ലവക്ഷമബലം വസ്തുവിന്റെ സാന്ദ്രതയെ മാത്രം ആശ്രയിച്ചിരിക്കുന്നു.
(2)ഒരു വസ്തു ഭാഗികമായോ പൂർണ്ണമായോ ഒരു ദ്രവത്തിൽ മുങ്ങിയിരിക്കുമ്പോൾ അതിൽ അനുഭവപ്പെടുന്ന പ്ലവക്ഷമബലം വസ്തു ആദേശം ചെയ്ത ദ്രവത്തിന്റെ ഭാരത്തിനു തുല്യമായിരിക്കും.
(3) ഒരു കല്ല് ജലത്തിൽ മുങ്ങിയിരിക്കുമ്പോൾ കല്ലിനുണ്ടായ ഭാരക്കുറവ് അതിന് അനുഭവപ്പെടുന്ന പ്ലവക്ഷമ ബലത്തിന് തുല്യമായിരിക്കും.
(4) കടലിൽ നിന്ന് ശുദ്ധജലതടാകത്തിലേക്കു കടക്കുന്ന കപ്പൽ കൂടുതൽ താഴുന്നത് കടൽജലത്തിന്റേയും ശുദ്ധജലത്തിന്റേയും സാന്ദ്രതാ വ്യത്യാസം കൊണ്ടാണ്.

A) 1 B) 1 &4 C) 2 & 3 D) 4

Answer - A

Solution

- മുങ്ങിയിരിക്കുന്ന ഒരു വസ്തുവിൽ ഒരു ദ്രാവകം മുകളിലേക്ക് പ്രയോഗിക്കുന്ന ബലത്തെ പ്ലവക്ഷമബലം എന്നു പറയുന്നു.
- ചില വസ്തുക്കൾ ദ്രാവകങ്ങളിൽ പൊങ്ങിക്കിടക്കുന്നത് ഈ ബലം മൂലമാണ്.
- ഒരു ദ്രാവകത്തിൽ പൊങ്ങിക്കിടക്കുന്ന ഒരു വസ്തു ആദേശം ചെയ്യുന്ന ദ്രവത്തിന്റെ ഭാരം ആ വസ്തുവിന്റെ ഭാരത്തിനോട് തുല്യമായിരിക്കും.

പ്ലവക്ഷമ ബലത്തെ സ്വാധീനിക്കുന്ന ഘടകങ്ങൾ
1) ദ്രാവകത്തിൻറെ സാന്ദ്രത.
2) വസ്തുവിന്റെ വ്യാപ്തം

20. ദ്രവ്യത്തിന്റെ ഒമ്പതാമത്തെ അവസ്ഥ ഏത്?

A) ക്വാർക്-ഗ്ലൂവൻ പ്ലാസ്മ B) റൈഡ്ബെർഗ്
C) ജാൻ- ടെല്ലർ മെറ്റൽ D) ബോസ്-ഐൻസ്റ്റീൻ കണ്ടൻസേറ്റ്

Answer - C

Solution

- പദാർഥത്തിന് കൈക്കൊള്ളാനാവുന്ന വ്യത്യസ്ത ഭൗതികരൂപങ്ങളാണ് ദ്രവ്യത്തിന്റെ അവസ്ഥകൾ.

• ദ്രവ്യത്തിന്റെ അവസ്ഥകൾ

1.ഖരം
2.ദ്രാവകം
3.വാതകം
4.പ്ലാസ്മ
5.ബോസ് ഐൻസ്റ്റീൻ കണ്ടൻസേറ്റ്
6.ഫെർമിയോണിക് കണ്ടൻസേറ്റ്
7.ക്വാർക്-ഗ്ലൂവൻ പ്ലാസ്മ
8.റൈഡ്ബെർഗ് മാറ്റർ
9.ജാൻ ടെല്ലർ മെറ്റൽ

CHEMISTRY

1. ഹരിതഗൃഹ വാതകങ്ങളിൽ പെടാത്ത വാതകമേത് ?

A) മീഥേൻ
B) നൈട്രസ് ഓക്സൈഡ്
C) കാർബൺ ഡയോക്സൈഡ്
D) ഹൈഡ്രജൻ

Answer - D

Solution

• പെട്രോളിയം, കൽക്കരി തുടങ്ങിയ ഫോസിൽ ഇന്ധന (fossil fuels)ങ്ങളുടെ ഉപയോഗമാണ് അന്തരീക്ഷത്തിൽ ഹരിതഗൃഹവാതകങ്ങൾ വ്യാപിപ്പിക്കുന്നതിൽ പ്രധാന കാരണം.
• CO2 മാത്രല്ല, മീഥെയ്ൻ, നൈട്രസ് ഓക്സൈഡ് എന്നിവയും ഹരിതഗൃഹവാതകങ്ങൾ ആണ്.
• വ്യവസായം, ഓട്ടോമൊബൈയിൽ, ഊർജ്ജോത്പാദനം തുടങ്ങിയ മേഖലകളിൽ നിന്നാണ് അന്തരീക്ഷത്തിൽ ഇത്തരം വാതകങ്ങൾ വ്യാപിക്കുന്നത്.

2. താഴെ പറയുന്നവയിൽ ലോഹങ്ങളുടെ സവിശേഷത അല്ലാത്തത് ഏത് ?

1.ലോഹങ്ങൾക്ക് ഇലക്ട്രോനെഗറ്റിവിറ്റി കൂടുതൽ ആണ്.
2.രാസപ്രവർത്തനത്തിൽ പങ്കെടുക്കുമ്പോൾ ലോഹങ്ങൾ ഇലക്ട്രോണുകളെ വിട്ടുകൊടുക്കുന്നു.
3.ലോഹങ്ങളുടെ അയോണീകരണ ഊർജം കുറവാണ്.
ശരിയായ ഉത്തരം തിരഞ്ഞെടുക്കുക.

A) 1 മാത്രം
B) 3 മാത്രം
C) 2 ഉം 3 ഉം
D) 2 മാത്രം

Answer - A

Solution

• 1913 ൽ ഇംഗ്ലീഷ് ഭൗതികശാസ്ത്രജ്ഞനായ ഹെൻറി മോസ്ലി തയ്യാറാക്കിയ ആധുനിക പീരിയോഡിക് ടേബിൾ അറ്റോമിക നമ്പറിനെ അടിസ്ഥാനമാക്കി തയ്യാറാക്കിയിരിക്കുന്നു. 18 ഗ്രൂപ്പുകളും 7 പീരിയഡുകളുമാണ് ആധുനിക

ആവർത്തനപ്പട്ടികയിലുള്ളത്.
- ഒരു ഗ്രൂപ്പിൽ മുകളിൽ നിന്ന് താഴേയ്ക്ക് വരുമ്പോൾ മൂലക ആറ്റങ്ങളുടെ വലിപ്പം വർധിക്കുന്നു. അയോണീകരണ ഊർജ്ജം കുറയുന്നതിനാൽ പോസിറ്റീവ് അയോണുകൾ രൂപപ്പെടാനുള്ള സാധ്യതകൾ കൂടുന്നു. ലോഹസ്വഭാവം കൂടിവരികയും ഇലക്ട്രോനെഗറ്റിവറ്റി കുറയുകയും ചെയ്യുന്നു.
- പീരിയഡിൽ ഇടത്തുനിന്ന് വലത്തേയ്ക്ക് പോകുന്നതിനനുസരിച്ച് മൂലകങ്ങളുടെ ആറ്റങ്ങളുടെ വലിപ്പം കുറഞ്ഞുവരുന്നു. അയോണീകരണ ഊർജ്ജം കൂടുന്നതിനാൽ പോസിറ്റീവ് അയോൺ രൂപപ്പെടുന്നതിനുള്ള പ്രവണത കൂടുന്നു. മൂലകങ്ങളുടെ ഇലക്ട്രോനെഗറ്റിവിറ്റി കൂടിവരികയും ലോഹസ്വഭാവം കുറയുകയും ചെയ്യുന്നു.

3. യഥാർത്ഥ ലായനിയുമായി ബന്ധപ്പെട്ട പ്രസ്താവന തിരഞ്ഞെടുക്കുക?

A) തീവ്രമായ പ്രകാശം കടത്തി വിടുമ്പോൾ പ്രകാശപാത കാണാൻ കഴിയുന്നു.
B) ഫിൽറ്റർ പേപ്പർ ഉപയോഗിച്ച് കണികകളെ അരിച്ചു മാറ്റാൻ കഴിയില്ല.
C) അനക്കാതെ വെയ്ക്കുമ്പോൾ കണികകൾ അടിയുന്നു.
D) ഫിൽറ്റർ പേപ്പർ ഉപയോഗിച്ച് കണികകളെ അരിച്ചു മാറ്റാൻ കഴിയും.

Answer - B

Solution
- രസതന്ത്രത്തിൽ, രണ്ടോ അതിലധികമോ ഘടകപദാർത്ഥങ്ങൾ ചേർന്നുണ്ടാകുന്ന ഒരു ഏകാത്മക മിശ്രിതമാണ് ലായനി (Solution). ലായനി ഖരമോ,വാതകമോ,ദ്രാവകമോ ആവാം. വെങ്കലവും, ഓടും ഖരലായനിക്ക് ഉദാഹരണമാണ്. വായു പലവാതകങ്ങളുടെ ഒരു ലായനിയാണ്.
- ഒരു ലായനിക്ക് ലീനം, ലായകം എന്നീ രണ്ട് ഘടകങ്ങളുണ്ട്. ലയിക്കുന്ന ഘടകത്തെ ലീനം എന്നും ലയിച്ചു ചേരുന്ന ഘടകത്തെ ലായകം എന്നും പറയുന്നു.
- ലായിനിയുടെ സവിശേഷതകൾ - ഒരു ഏകാത്മക മിശ്രിതമാണ്.
- ലീനത്തിലെ തന്മാത്രകളെ നഗ്നനേത്രങ്ങൾ കൊണ്ട് നിരീക്ഷിക്കുവാൻ കഴിയുകയില്ല.
- ലായനി പെട്ടെന്ന് അസ്ഥിരമാവില്ല.
- ലീനത്തെ ലായനിയിൽ നിന്നും സാധാരണ അരിപ്പ ഉപയോഗിച്ച് അരിച്ചെടുക്കാൻ കഴിയുകയില്ല.

4. ലോഹങ്ങളുടെ ക്രിയാശീലശ്രേണിയുമായി ബന്ധപ്പെട്ട ചുവടെ കൊടുത്തിരിക്കുന്ന പ്രസ്താവനകളിൽ തെറ്റായ പ്രസ്താവന ഏതാണ് ?

A.ക്രിയാശീല ശ്രേണിയിൽ മുകളിൽ നിന്ന് താഴേക്ക് വരുന്തോറും ലോഹങ്ങളുടെ ക്രിയാശീലം കൂടിവരുന്നു
B.ക്രിയാശീലം കൂടിയ ലോഹങ്ങൾക്ക് ക്രിയാശീലം കുറഞ്ഞ ലോഹങ്ങളെ

അവയുടെ ലവണ ലായനിയിൽ നിന്ന് ആദേശം ചെയ്യാൻ കഴിയും
C.ക്രിയാശീല ശ്രേണിയിൽ ഹൈഡ്രജന് മുകളിലായി വരുന്ന ലോഹങ്ങൾ നേർപ്പിച്ച ആസിഡുമായി പ്രവർത്തിച്ച് ഹൈഡ്രജനെ ആദേശം ചെയ്യുന്നവയാണ്
D.ക്രിയാശീല ശ്രേണിയിൽ ഹൈഡ്രജന് താഴെയായി വരുന്ന ലോഹങ്ങൾ നേർപ്പിച്ച ആസിഡുമായി പ്രവർത്തിക്കാത്തവയുമാണ്

Answer - A

Solution

- ലോഹങ്ങളെ അവയുടെ രാസപ്രവർത്തന ശേഷിയുടെ അടിസ്ഥാനത്തിൽ ക്രമീകരിച്ചിരിക്കുന്നതാണ് ക്രിയാശീലശ്രേണി.
- മുകളിൽ നിന്ന് താഴേക്ക് വരുംതോറും ക്രിയാശീലം കുറഞ്ഞ് വരുന്ന ക്രമത്തിലാണ് ഇവയിൽ ലോഹങ്ങളെ ഉൾപ്പെടുത്തിയിരിക്കുന്നത്.
- ക്രിയാശീലം കൂടിയ ലോഹങ്ങൾക്ക് ക്രിയാശീലം കുറഞ്ഞ ലോഹങ്ങളെ അവയുടെ ലവണ ലായനിയിൽ നിന്ന് ആദേശം ചെയ്യാൻ കഴിയും.
- മുകളിൽ നിന്ന് താഴേക്ക് വരുംതോറും ഇലക്ട്രോപോസിറ്റീവിറ്റി കുറയുന്നു

5. വജ്രത്തെ കുറിച്ച് ചുവടെ കൊടുത്തിരിക്കുന്ന പ്രസ്താവനകളിൽ ശരിയായവ ഏവ ?

1.കാർബണിൻറെ ഏറ്റവും കാഠിന്യമുള്ള രൂപാന്തരമാണ് വജ്രം
2.വജ്രം വൈദ്യുത ചാലകമാണ്
3.വജ്രത്തിന് ഉയർന്ന താപചാലകതയുണ്ട്
4.വജ്രത്തിന് താഴ്ന്ന അപവാർത്താനാങ്കമാണ് ഉള്ളത്

A) 1 & 2 B) 1 & 3 C) 2 & 3 D) 2 & 4

Answer - B

Solution

- രണ്ടാമത്തെ പ്രസ്താവന തെറ്റാണ് കാരണം, വജ്രം താപവാഹിയാണ്, വൈദ്യുതവാഹിയല്ല.
- നാലാമത്തെ പ്രസ്താവന തെറ്റാണ് കാരണം, വജ്രത്തിന് ഉയർന്ന അപവാർത്താനാങ്കമാണ് ഉള്ളത്.
- ഏറ്റവും കാഠിന്യമേറിയ പ്രകൃതിജന്യമായ വസ്തുവായി വജ്രം കണക്കാക്കപ്പെടുന്നു.
- 900 ഡിഗ്രി സെൽഷ്യസിൽ വജ്രം പതുക്കെ കത്താൻ തുടങ്ങുന്നു. ഓക്സിജനുമായി യോജിച്ച് കാർബൺ ഡയോക്സൈഡ് ഉണ്ടാകുന്നു.
- താപനില കൂടിയാൽ വേഗം ഗ്രാഫൈറ്റായി തീരും. വജ്രം താപവാഹിയാണ്, വൈദ്യുതവാഹിയല്ല. ചെമ്പിനെക്കാൾ അഞ്ചിരട്ടി കൂടുതലാണിതിന്റെ താപ ചാലകത.

6. മൂലകങ്ങളുടെ ആവർത്തന പട്ടികയും ഇലക്ട്രോൺ വിന്യാസവുമായി ബന്ധപ്പെട്ട് താഴെ കൊടുത്തിരിക്കുന്ന

പ്രസ്താവനകളിൽ ശരിയായവ ഏവ ?
1.d സബ്ഷെല്ലിൽ പരമാവധി ഉൾകൊള്ളുന്ന ഇലക്ട്രോണുകളുടെ എണ്ണം 10 ആണ്.
2.എല്ലാ s ബ്ലോക്ക് മൂലകങ്ങളും ലോഹങ്ങളാണ്.
3.d ബ്ലോക്ക് മൂലകങ്ങളെ സംക്രമണ മൂലകങ്ങൾ എന്ന് വിളിക്കുന്നു.
4.ന്യൂക്ലിയസ്സിൽ നിന്നുള്ള അകലം കൂടുന്തോറും ഇലക്ട്രോണുകളുടെ ഊർജ്ജം കുറഞ്ഞുവരുന്നു.
A) 2&3 B) 1&3 C) 1, 2 & 3 D) 2&4

Answer - B
Solution
- ആവർത്തനപ്പട്ടികയിലെ ഡി-ബ്ലോക്കിലുള്ള , സിങ്ക്, കാഡ്മിയം, മെർക്കുറി എന്നിവയുൾപ്പെടെയുള്ള മൂലകങ്ങൾ സംക്രമണ മൂലകങ്ങൾ എന്ന് അറിയപ്പെടുന്നു. ഇത് ആവർത്തനപ്പട്ടികയിൽ 3 മുതൽ 12 വരെയുള്ള ഗ്രൂപ്പുകളാണ്.
- ലോഹങ്ങളിൽനിന്നും അലോഹങ്ങളിലേക്കുള്ള സംക്രമണം വ്യക്തമാക്കുന്നവയാണ് മധ്യഭാഗത്തായി കാണപ്പെടുന്ന സംക്രമണ മൂലകങ്ങൾ.
- ഹൈഡ്രജനും ഹീലിയവും ഒഴികെ എസ്-ബ്ലോക്ക് മൂലകങ്ങളെല്ലാം ലോഹങ്ങളാണ്. പൊതുവേ, അവ തിളങ്ങുന്ന, വെള്ളി നിറമുള്ള, താപത്തിന്റെയും വൈദ്യുതിയുടെയും നല്ല ചാലകങ്ങളാണ്, മാത്രമല്ല അവയുടെ വാലൻസ് ഇലക്ട്രോണുകൾ എളുപ്പത്തിൽ നഷ്ടപ്പെടുകയും ചെയ്യുന്നു.

7. താഴെ തന്നിരിക്കുന്നവയിൽ ബ്രൗൺ എനർജി ഏത്?
A) ബയോഗ്യാസ് B) ന്യൂക്ലിയർ ഊർജ്ജം
C) സൗരോർജ്ജം D) കാറ്റിൽ നിന്നുള്ള ഊർജ്ജം

Answer - B
Solution
- തവിട്ട് ഊർജ്ജം, ബ്രൗൺ പവർ എന്നും അറിയപ്പെടുന്നു. മലിനീകരണ സ്രോതസ്സുകളിൽ നിന്ന് ഉത്പാദിപ്പിക്കുന്ന ഊർജ്ജത്തെ സൂചിപ്പിക്കുന്നു.
- ബ്രൗൺ എനർജി പലപ്പോഴും ഗ്രീൻ എനർജിയുമായി വ്യത്യാസപ്പെട്ടിരിക്കുന്നു. അത് പുനരുപയോഗിക്കാവുന്നതും മലിനീകരണമില്ലാത്തതുമായ സ്രോതസ്സുകളിൽ നിന്നാണ്.
- കൽക്കരി, എണ്ണ, പ്രകൃതിവാതകം തുടങ്ങിയ ഫോസിൽ ഇന്ധനങ്ങൾ ബ്രൗൺ ഊർജത്തിന്റെ പൊതു സ്രോതസ്സുകളിൽ ഉൾപ്പെടുന്നു.
- തവിട്ട് ഊർജത്തിന്റെ ഉപയോഗം അന്തരീക്ഷ മലിനീകരണത്തിനും കാലാവസ്ഥാ വ്യതിയാനത്തിനും കാരണമാകുന്നു.

8. കേരളത്തിൽ പ്രളയമുണ്ടായപ്പോൾ അണുനാശിനി എന്ന

നിലയിൽ ബ്ലീച്ചിങ് പൗഡർ വ്യാപകമായി ശുചീകരണ പ്രവർത്തനങ്ങളിൽ ഉപയോഗിച്ചു. അതിനു കാരണം ബ്ലീച്ചിങ് പൗഡർ ജലവുമായി പ്രവർത്തിച്ച് ഏതു വാതകം ഉണ്ടാകുന്നതുകൊണ്ടാണ്?

A) ഓക്സിജൻ B) ഹൈഡ്രജൻ C) നൈട്രജൻ D) ക്ലോറിൻ

Answer - D

Solution

- കാൽസ്യം ഹൈപ്പോക്ലോറൈറ്റ് എന്നും അറിയപ്പെടുന്ന ബ്ലീച്ചിംഗ് പൗഡർ വെള്ളവുമായി പ്രതിപ്രവർത്തിച്ച് കാൽസ്യം ഹൈഡ്രോക്സൈഡും ക്ലോറിൻ വാതകവും ഉത്പാദിപ്പിക്കുന്നു.
- ഉത്പാദിപ്പിക്കുന്ന ക്ലോറിൻ വാതകം ശക്തമായ ഓക്സിഡൈസിംഗ് ഏജന്റാണ്. അണുനാശിനി ആവശ്യങ്ങൾക്കായി ഇത് ഉപയോഗിക്കാവുന്നതാണ്.
- ബ്ലീച്ചിംഗ് പൗഡർ സാധാരണയായി ജലശുദ്ധീകരണത്തിലും നീന്തൽക്കുളങ്ങളിലും ഭക്ഷ്യ വ്യവസായത്തിലും അണുനാശിനിയായും സാനിറ്റൈസറായും ഉപയോഗിക്കുന്നു.
- അണുനാശിനി ഗുണങ്ങൾക്ക് പുറമേ ബ്ലീച്ചിംഗ് പൗഡർ ടെക്സ്റ്റൽ, പേപ്പർ വ്യവസായങ്ങളിൽ ബ്ലീച്ചിംഗ് ഏജന്റായും ഉപയോഗിക്കുന്നു.

9. താഴെ തന്നിരിക്കുന്ന ലായനിയെ സംബന്ധിച്ച പ്രസ്താവനകളിൽ ശരിയായവ തിരഞ്ഞെടുക്കുക :

(1) ലീനത്തിന്റെ സ്വഭാവം ലേയത്വത്തെ സ്വാധീനിക്കുന്ന ഒരു ഘടകമാണ്

(2) പൂരിതലായനി ഉണ്ടാകുന്നതിനുമുമ്പുള്ള അവസ്ഥയിൽ ലായനിയെ അതിപൂരിതലായനി എന്ന് വിളിക്കുന്നു

(3) ഒരു നിശ്ചിത താപനിലയിൽ പരമാവധി ലീനം ലയിച്ചു ചേർന്നു കിട്ടുന്ന ലായനിയാണ് പൂരിതലായനി

(4) എല്ലാ ലവണങ്ങളുടെയും ലേയത്വം താപനില കൂടുമ്പോൾ കൂടുന്നു

A) (1) & (3) B) (2) & (4) C) (1), (3) & (4) D) (1), (2), (3) & (4)

Answer - A

Solution

- കാൽസ്യം ഹൈപ്പോക്ലോറൈറ്റ് എന്നും അറിയപ്പെടുന്ന ബ്ലീച്ചിംഗ് പൗഡർ വെള്ളവുമായി പ്രതിപ്രവർത്തിച്ച് കാൽസ്യം ഹൈഡ്രോക്സൈഡും ക്ലോറിൻ വാതകവും ഉത്പാദിപ്പിക്കുന്നു.
- ഉത്പാദിപ്പിക്കുന്ന ക്ലോറിൻ വാതകം ശക്തമായ ഓക്സിഡൈസിംഗ് ഏജന്റാണ്, അണുനാശിനി ആവശ്യങ്ങൾക്കായി ഇത് ഉപയോഗിക്കാം.
- ബ്ലീച്ചിംഗ് പൗഡർ സാധാരണയായി ജലശുദ്ധീകരണത്തിലും നീന്തൽക്കുളങ്ങളിലും ഭക്ഷ്യ വ്യവസായത്തിലും അണുനാശിനിയായും സാനിറ്റൈസറായും ഉപയോഗിക്കുന്നു.
- അണുനാശിനി ഗുണങ്ങൾക്ക് പുറമേ, ബ്ലീച്ചിംഗ് പൗഡർ ടെക്സ്റ്റൽ,

പേപ്പർ വ്യവസായങ്ങളിൽ ബ്ലീച്ചിംഗ് ഏജന്റായും ഉപയോഗിക്കുന്നു.

10. ആറ്റം മാതൃകയുമായി ബന്ധമുള്ള ഏതാനും ചില പ്രസ്താവനകൾ താഴെ തന്നിരിക്കുന്നു. അതിൽ ശരിയായ പ്രസ്താവനകൾ ഏതാണ്?

(1) റൂഥർഫോർഡിന്റെ സൗരയൂഥമാതൃകയിൽ ഇലക്ട്രോണുകൾ ന്യൂക്ലിയസിനു ചുറ്റും സഞ്ചരിക്കുമ്പോൾ ഊർജ്ജം നഷ്ടമാവുകയും ക്രമേണ അത് ന്യൂക്ലിയസിൽ പതിക്കുകയും ചെയ്യുന്നു

(2) ബോർ മാതൃകയിൽ ഒരു നിശ്ചിത ഷെല്ലിൽ പ്രദക്ഷിണം ചെയ്യുന്നിടത്തോളം കാലം ഇലക്ട്രോണുകൾക്ക് ഊർജ്ജം കൂടുകയോ കുറയുകയോ ചെയ്യുന്നില്ല

(3) ബോർ മാതൃക പ്രകാരം ന്യൂക്ലിയസിൽ നിന്നുള്ള അകലം കൂടുന്തോറും ഷെല്ലുകളുടെ ഊർജ്ജം കൂടി വരുന്നു

(4) തോംസൺ മാതൃകയിൽ തണ്ണിമത്തന്റെ ഭക്ഷ്യയോഗ്യമായ ഭാഗത്തിലുടനീളം പോസിറ്റീവ് ചാർജ്ജും വിത്ത് പോലെ ഇലക്ട്രോണുകളും വിതരണം ചെയ്യുന്ന ഒരു തണ്ണിമത്തനുമായി ആറ്റത്തെ ഉപമിച്ചിരിക്കുന്നു

A) (2) & (3) B) (1), (2) & (4) C) (1), (2) & (3) D) (1), (2), (3) & (4)

Answer - D

Solution

- റൂഥർഫോർഡ് മാതൃകയിൽ ഇലക്ട്രോണുകൾ ന്യൂക്ലിയസിനു ചുറ്റും കറങ്ങുന്നു, എന്നാൽ ഇലക്ട്രോണുകൾക്ക് ഊർജം നഷ്ടപ്പെടാത്തതും ന്യൂക്ലിയസിലേക്ക് വീഴുന്നതും എന്തുകൊണ്ടാണെന്ന് മാതൃക വിശദീകരിക്കുന്നില്ല.
- ബോർ മാതൃകയിൽ, ഇലക്ട്രോണുകൾ ഒരു നിശ്ചിത ഭ്രമണപഥത്തിലോ ഷെല്ലിലോ നിലനിൽക്കുന്നിടത്തോളം കാലം ഊർജ്ജം നഷ്ടപ്പെടുകയോ നേടുകയോ ചെയ്യുന്നില്ല.
- ബോർ മാതൃക അനുസരിച്ച്, ന്യൂക്ലിയസിൽ നിന്നുള്ള ദൂരം കൂടുന്നതിനനുസരിച്ച് ഷെല്ലുകളുടെ ഊർജ്ജം വർദ്ധിക്കുന്നു.
- തോംസൺ മാതൃകയിൽ, തണ്ണിമത്തനിലെ വിത്തുകൾ പോലെ ഇലക്ട്രോണുകൾ ഉൾച്ചേർത്ത ഒരു പോസിറ്റീവ് ചാർജുള്ള ഗോളമായാണ് ആറ്റത്തെ വിവരിക്കുന്നത്.

11.ലിക്വിഫൈഡ് നാച്വറൽ ഗ്യാസുമായി (LNG) ബന്ധപ്പെട്ട പ്രസ്താവനകൾ താഴെ തന്നിരിക്കുന്നു. അതിൽ നിന്നും ശരിയായവ കണ്ടെത്തുക :

(1) വാഹനങ്ങളിലും വ്യവസായ ശാലകളിലും തെർമൽ പവർ സ്റ്റേഷനുകളിലും ഇന്ധനമായി ലിക്വിഫൈഡ് നാച്വറൽ ഗ്യാസ് ഉപയോഗിക്കുന്നു.

(2) പ്രകൃതിവാതകത്തെ ദ്രവീകരിച്ച് ദൂരസ്ഥലങ്ങളിലേക്ക് കൊണ്ടുപോകാൻ സാധിക്കും.

(3) അന്തരീക്ഷ താപനിലയിൽ വീണ്ടും വാതകമാക്കി പൈപ്പ് ലൈനുകളിലൂടെ വിതരണം ചെയ്യാനും കഴിയും.
(4) ലിക്വിഫൈഡ് നാച്വറൽ ഗ്യാസിലെ പ്രധാന ഘടകം ബ്യൂട്ടെയ്ൻ ആണ്.

A) 1 , 3 & 4 B) 1, 2 & 4
C) 1, 2 & 3 D) എല്ലാം ശരിയാണ്

Answer - C

Solution

- ലിക്വിഫൈഡ് നാച്വറൽ ഗ്യാസിലെ പ്രധാന ഘടകം മീഥെയ്ൻ ആണ്.
- വാഹനങ്ങളിലും വ്യവസായ ശാലകളിലും തെർമൽ പവർ സ്റ്റേഷനുകളിലും ഇന്ധനമായി ലിക്വിഫൈഡ് നാച്വറൽ ഗ്യാസ് ഉപയോഗിക്കുന്നു.
- പ്രകൃതിവാതകത്തെ ദ്രവീകരിച്ച് ദൂരസ്ഥലങ്ങളിലേക്ക് കൊണ്ടുപോകാൻ സാധിക്കും.
- അന്തരീക്ഷ താപനിലയിൽ വീണ്ടും വാതകമാക്കി പൈപ്പ് ലൈനുകളിലൂടെ വിതരണം ചെയ്യാനും കഴിയും.

12. ഇന്ത്യയിലെ വലിയ നഗരങ്ങളിലെ വായു മലിനീകരണത്തിന് കാരണമാകുന്നത് ഏത് ലോഹത്തിന്റെ സാന്നിധ്യമാണ് ?

A) അമോണിയ B) ലെഡ് C) മഗ്നീഷ്യം D) ഓസോൺ

Answer - B

Solution

- ദേശീയ തലത്തിൽ, വായുവിലെ ഈയത്തിന്റെ പ്രധാന സ്രോതസ്സുകൾ അയിര്, ലോഹങ്ങൾ എന്നിവയുടെ സംസ്കരണവും, ലെഡ് എയർ ഇന്ധനത്തിൽ പ്രവർത്തിക്കുന്ന പിസ്റ്റൺ എഞ്ചിൻ വിമാനവുമാണ്.
- വേസ്റ്റ് ഇൻസിനറേറ്ററുകൾ, യൂട്ടിലിറ്റികൾ, ലെഡ്-ആസിഡ് ബാറ്ററി നിർമ്മാതാക്കൾ എന്നിവയാണ് മറ്റ് ഉറവിടങ്ങൾ.
- ലെഡിന്റെ ഏറ്റവും ഉയർന്ന വായു സാന്ദ്രത സാധാരണയായി ലെഡ് സ്മെൽറ്ററുകൾക്ക് സമീപമാണ് കാണപ്പെടുന്നത്.

CULTURE,ARTS,SPORTS,LITERATURE

1. ബംഗ്ലാദേശിന്റെ ദേശീയ കായിക വിനോദം എത്?

A) ഹോക്കി B) ക്രിക്കറ്റ് C) കബഡി D) അമ്പെയ്ത്ത്

Answer - C

Solution

ദേശീയ കായിക വിനോദങ്ങൾ

- അമ്പെയ്ത്ത് = ഭുട്ടാൻ
- ഐസ് ഹോക്കി = കാനഡ
- ഹോക്കി = ഇന്ത്യ, പാക്കിസ്ഥാൻ
- ബേസ്ബോൾ = അമേരിക്ക

- ക്രിക്കറ്റ് = ഓസ്ട്രേലിയ, ഇംഗ്ലണ്ട്
- ബാഡ്മിന്റൺ = ഇൻഡോനീഷ്യ
- ടേബിൾ ടെന്നിസ് = ചൈന
- റഗ്ബി = സ്കോട്ട്ലാന്റ്
- കാളപ്പോര് = സ്പെയിൻ
- ഫുട്ബോൾ = ബ്രസീൽ, പെറു, പരാഗ്വെ, ചിലി, അർജന്റീന
- ടോക്കിയോ ഒളിമ്പിക് കമ്മിറ്റി 2020 മാർച്ച് 24 ന് ആരംഭിക്കുന്നതിന് രണ്ട് ദിവസം പരിപാടി മുമ്പ് റദ്ദാക്കി.

2. "ഇന്ത്യ വിൻസ് ഫ്രീഡം" എന്ന ആത്മകഥ രചിച്ചത് ?

A) ഗാന്ധിജി
B) മൗലാനാ അബുൽകലാം ആസാദ്
C) ജവഹർ ലാൽ നെഹ്റു
D) സുഭാഷ് ചന്ദ്ര ബോസ്

Answer - B

Solution

- ഇന്ത്യൻ സ്വാതന്ത്ര്യ സമര ചരിത്രത്തിലെ ശ്രദ്ധേയമായ വ്യക്തിത്വമാണ് അബുൽകലാം ആസാദ് അഥവാ മൗലാന അബുൽകലാം മൊഹിയുദ്ദീൻ അഹമ്മദ് .
- മൗലാന ആസാദ് എന്ന പേരിലാണ് അദ്ദേഹം അറിയപ്പെട്ടിരുന്നത്. വിഭജനത്തെ എതിർത്ത അബുൽകലാം ആസാദ്, സ്വതന്ത്ര ഇന്ത്യയിലെ ആദ്യത്തെ വിദ്യാഭ്യാസ മന്ത്രിയായിരുന്നു.
- ഇദ്ദേഹത്തിന്റെ ജന്മദിനം ദേശീയ വിദ്യാഭ്യാസ ദിനമായി കൊണ്ടാടുന്നു. ഹിന്ദു-മുസ്ലിം സാഹോദര്യത്തിനായി നിലകൊണ്ട ശക്തനായ നേതാവായിരുന്നു മൗലാനാ ആസാദ്.
- ഭാരത സർക്കാർ അദ്ദേഹത്തെ ഭാരത രത്ന നൽകി ആദരിച്ചിട്ടുണ്ട്.
- കൃതികൾ: തർജുമാനുൽ ഖുർആൻ (ഖുർആൻ വിവർത്തനം), "ഗുബാർ ഇ-ഖാത്തിർ" (ഉർദു കത്തുകളുടെ സമാഹാരം), "ഇന്ത്യ വിൻസ് ഫ്രീഡം" (ആത്മകഥ)

3. 'നന്തനാർ' എന്നത് ആരുടെ തൂലികാനാമമാണ്?

A) കെ.സുരേന്ദ്രൻ
B) എം.കെ. മേനോൻ
C) പി.സി. ഗോപാലൻ
D) വി.വി. അയ്യപ്പൻ

Answer - C

Solution

- കുഞ്ഞൻ തമ്പുരാൻ - കുഞ്ഞിക്കുട്ടൻ തമ്പുരാൻ.
- കപിലൻ - കെ.പത്മനാഭൻ നായർ.
- കടമ്മനിട്ട - രാമകൃഷ്ണൻ.
- കണ്ണൻ ജനാർദ്ദനൻ - കുന്നത്ത് ജനാർദ്ദനമേനോൻ.
- കുട്ടേട്ടൻ - വി.പുരുഷോത്തമൻ നായർ.
- കുറ്റിപ്പുഴ - കുറ്റിപ്പുഴ കൃഷ്ണപിള്ള.

- കൃഷ്ണചൈതന്യ - കെ.കെ.നായർ.
- കെ.പ്യാർ - കെ.പി.രാഘവൻ.
- കുസുമം - ആൻറണി.വി.വി.
- കോഴിക്കോടൻ - അപ്പുക്കുട്ടൻ നായർ.
- കൊടുപുന്ന - ഗോവിന്ദ ഗണകൻ.

4.ഭാരതരത്ന ലഭിക്കുന്ന ആദ്യ കായികതാരം?

A) സുനിൽ ഗവാസ്കർ
B) സച്ചിൻ ടെൻടുൽക്കർ
C) കപിൽ ദേവ്
D) സന്ദീപ് സിംഗ്

Answer - B

Solution

- ഇന്ത്യയിലെ പരമോന്നത സിവിലിയൻ ബഹുമതി - ഭാരതരത്നം
- ഭാരതരത്ന പുരസ്കാരത്തിന് രാഷ്ട്രപതിയോട് ശിപാർശ ചെയ്യുന്നതാര് - പ്രധാനമന്ത്രി
- ഒരു വർഷം പരമാവധി എത്ര പേർക്ക് ഭാരതരത്ന സമ്മാനിക്കും - മൂന്ന് പേർക്ക്
- ഭാരതരത്ന മെഡലിന്റെ ആകൃതി - ആലിലയുടെ
- ഭാരതരത്നം ഏർപ്പെടുത്തിയ രാഷ്ട്രപതി - ഡോ. രാജേന്ദ്രപ്രസാദ്
- ഭാരതരത്നം നൽകി തുടങ്ങിയ വർഷം - 1954
- പ്രഥമ ഭാരതരത്ന പുരസ്കാരം നേടിയവർ - സി.രാജഗോപാലാചാരി, ഡോ.എസ്.രാധാകൃഷ്ണൻ, സി.വി.രാമൻ
- ഭാരതരത്നം കൈപ്പറ്റിയ ആദ്യ വ്യക്തി - സി. രാജഗോപാലാചാരി (1954)
- ഭാരതരത്നം നേടിയ ആദ്യ വനിത - ഇന്ദിരാഗാന്ധി.

5. സാക്ഷി മാലിക്കിന് പത്മശ്രീ അവാർഡ് നേടിക്കൊടുത്ത ഇനം?

A) ജിംനാസ്റ്റിക്
B) ഹോക്കി
C) ഗുസ്തി
D) ഡിസ്കസ് ത്രോ

Answer - C

Solution

- ഒരു ഇന്ത്യൻ ഫ്രീസ്റ്റൈൽ ഗുസ്തിക്കാരിയാണ് സാക്ഷി മാലിക്. 2016 റിയോ ഒളിമ്പിക്സിൽ വനിതാ ഗുസ്തി 58 കിലോഗ്രാം ഫ്രീ സ്റ്റൈലിൽ വെങ്കലം നേടി. ഗുസ്തിയിൽ മെഡൽ നേടുന്ന ആദ്യ വനിതാ ഇന്ത്യൻ താരവും ഒളിമ്പിക്സിൽ മെഡൽ നേടുന്ന നാലാമത്തെ ഇന്ത്യൻ വനിതയുമാണ്.
- ആദ്യമായി ഒളിമ്പിക്സ് മെഡൽ നേടിയ ഇന്ത്യൻ വനിത - കർണംമല്ലേശ്വരി

6. സാറ തോമസിന്റെ ഏതു നോവലിനാണ് കേരള സാഹിത്യ അക്കാദമി പുരസ്കാരം ലഭിച്ചത്?

A) ജീവിതം എന്ന നദി
B) അഗ്നിശുദ്ധി
C) നാർമടിപ്പുടവ
D) പവിഴമുത്തു

Answer - C

Solution

- സാറ തോമസിന് നാർമടിപ്പുടവ(1979)എന്ന നോവലിനാണ് കേരള സാഹിത്യ അക്കാദമി പുരസ്കാരം ലഭിച്ചത്.
- പ്രധാന കൃതികളും കർത്താക്കളും
- വി ടി ഭട്ടതിരിപ്പാട് - അടുക്കളയിൽ നിന്ന് അരങ്ങത്തേക്ക്, കണ്ണീരും കിനാവും.
- എം ടി വാസുദേവൻ നായർ - നാലുകെട്ട്, പാതിരാവും പകൽവെളിച്ചവും, അറബി പൊന്ന്, അസുരവിത്ത്, മഞ്ഞ്, കാലം, വിലാപയാത്ര, രണ്ടാമൂഴം, വാരാണസി.
- എം മുകുന്ദൻ - ആകാശത്തിനു ചുവട്ടിൽ, ആവിലയിലെ സൂര്യോദയം, മയ്യഴിപ്പുഴയുടെ തീരങ്ങളിൽ, കൂട്ടം തെറ്റി മേയുന്നവർ, സീത, കിളി വന്നു വിളിച്ചപ്പോൾ, ദൈവത്തിന്റെ വികൃതികൾ, ആദിത്യനും രാധയും പിന്നെ മറ്റു ചിലരും, കേശവന്റെ വിലാപങ്ങൾ.
- ആനന്ദ് - ആൾക്കൂട്ടം, ജൈവമനുഷ്യൻ, മരുഭൂമികൾ ഉണ്ടാകുന്നത്, ഗോവർധന്റെ യാത്രകൾ.

7. 'ഗദ്ദിക' എന്ന പ്രശസ്ത ആദിവാസികലയെ പരിപോഷിപ്പിക്കുന്നതിൽ മുഖ്യ പങ്കു വഹിച്ച വ്യക്തി ആര് ?

A) ഊരാളി B) കെ. കുമാരൻ
C) പി. കെ. കറുപ്പൻ D) പി കെ കാളൻ

Answer - D

Solution

- പട്ടികവർഗ്ഗ വിഭാഗങ്ങളിൽ വളരെയേറെ പിന്നാക്കം നിൽക്കുന്ന അടിയ ഗോത്ര വിഭാഗത്തിന്റെ അനുഷ്ഠാന കലാരൂപമാണ് ഗദ്ദിക. നന്മയുടെ വരവിന് സ്വാഗതം പറയുന്ന നൃത്തരൂപമാണിത്.
- ഗദ്ദിക രണ്ട് തരമുണ്ട്. 'നാട്ടുഗദ്ദികയും' 'പൂജാ ഗദ്ദിക'യും.
- ഗോത്ര കലാരൂപമായ ഗദ്ദികയുടെ കുലപതി പി.കെ കാളനാണ്.
- പി.കെ കാളന്റെ മരണ ശേഷം പി.കെ. കരിയൻ മൂപ്പനാണ് ഈ കലാരൂപം അവതരിപ്പിച്ചു വരുന്നത്.

8. താഴെ കൊടുത്തവയിൽ ഏത് സിനിമയാണ് ജി. അരവിന്ദൻ സംവിധാനം ചെയ്യാത്തത് ?

A) ഉത്തരായനം B) എലിപ്പത്തായം C) കാഞ്ചൻ സീത D) തമ്പ്

Answer - B

Solution

- അടൂർ ഗോപാലകൃഷ്ണൻ രചനയും സംവിധാനവും നിർവഹിച്ച് 1981-ൽ പുറത്തിറങ്ങിയ മലയാളചലച്ചിത്രമാണ് എലിപ്പത്തായം.
- നിരവധി ദേശീയ അന്തർദേശീയപുരസ്കാരങ്ങൾ കരസ്ഥമാക്കിയ ഈ

ചലച്ചിത്രം അടൂർ ഗോപാലകൃഷ്ണന്റെ ഏറ്റവും മികച്ച സൃഷ്ടിയായി വിലയിരുത്തപ്പെടുന്നു.
•1982-ലെ കാൻസ് അന്താരാഷ്ട്ര ചലച്ചിത്ര മേളയിൽ Un Certain Regard വിഭാഗത്തിൽ എലിപ്പത്തായം പ്രദർശിപ്പിച്ചിരുന്നു.

9. 1990-ൽ വിംബിൾഡൺ ജൂനിയർ ചാമ്പ്യനായ ഇന്ത്യൻ ടെന്നീസ് കളിക്കാരൻ?

A) രമേശ് കൃഷ്ണൻ
B) മഹേഷ് ഭൂപതി
C) രാമനാഥൻ കൃഷ്ണൻ
D) ലിയാൻഡർ പേസ്

Answer - D

Solution

•ലിയാണ്ടർ അഡ്രിയൻ പേസ് ഒരു ഇന്ത്യൻ ടെന്നീസ് കളിക്കാരനാണ്.1973 ജൂൺ 17 നായിരുന്നു ജനനം.
•എക്കാലത്തെയും ഏറ്റവും മികച്ച ഇന്ത്യൻ ടെന്നീസ് താരങ്ങളിലൊരാളായ ഇദ്ദേഹം ഇന്ത്യൻ ടീമിന്റെ മുൻ ക്യാപ്റ്റനാണ്.
•1996–1997 വർഷത്തിൽ ഇന്ത്യയിലെ ഏറ്റവും ഉന്നത കായിക ബഹുമതിയായ രാജീവ് ഗാന്ധി ഖേൽ രത്ന പുരസ്കാരത്തിന് ഇദ്ദേഹം അർഹനായി.
•2001 -ൽ പത്മശ്രീ പുരസ്കാരവും ഇദ്ദേഹത്തിന് നൽകപ്പെട്ടു

10. 1998 -ലെ ഏറ്റവും മികച്ച നടനുള്ള ദേശീയ അവാർഡ് മമ്മൂട്ടിക്കൊപ്പം പങ്കിട്ട സിനിമ നടൻ ആര് ?

A) മിഥുൻ ചക്രവർത്തി
B) അജയ് ദേവ്ഗൺ
C) കമലഹാസൻ
D) റിഥി സെൻ

Answer - B

Solution

•ഇന്ത്യയിലെ ഏറ്റവും ഉന്നതമായ ചലച്ചിത്രപുരസ്കാരമാണ് ദേശീയ ചലച്ചിത്രപുരസ്കാരം. ഫിലിംഫെയർ പുരസ്കാരത്തോളം തന്നെ ഇന്ത്യയിലെ ഏറ്റവും പഴക്കം ചെന്ന ഈ പുരസ്കാരം ആരംഭിച്ചത് 1954-ൽ ആണ്.
•1973 മുതൽ ഇത് ഭാരത സർക്കാറിന്റെ, ഡയറക്ടറേറ്റ് ഓഫ് ഫിലിം ഫെസ്റ്റിവലിന്റെ (Directorate of Film Festival) നിയന്ത്രണാധികാരത്തിലാണ്.
•1998 -ലെ ഏറ്റവും മികച്ച നടനുള്ള ദേശീയ അവാർഡ് മമ്മൂട്ടിക്കൊപ്പം പങ്കിട്ട സിനിമ നടൻ അജയ് ദേവ്ഗൺ ആണ്.

11. 2020 ഒളിമ്പിക്സ് ഫുട്ബോൾ സ്വർണ്ണം നേടിയ ബ്രസീലിനു വേണ്ടി ഫൈനലിൽ ഗോൾ നേടിയ കളിക്കാരൻ ആര് ?

A) നെയ്മർ
B) ഒയർസബാൾ
C) ആൽവസ്
D) മാൽക്കം

Answer - D

Solution

- ഒളിംപിക്സ് പുരുഷ വിഭാഗം ഫുട്ബോളിൽ ബ്രസീൽ സ്വർണ മെഡൽ നിലനിർത്തി.
- അധിക സമയത്തേക്കു നീണ്ട ഫൈനലിൽ റഷ്യൻ ക്ലബ് സെനിത് സെന്റ് പീറ്റേഴ്സ്ബർഗ് താരം മാൽക്കം നേടിയ ഗോളിൽ സ്പെയിനെ 2–1നാണു ബ്രസീൽ കീഴടക്കിയത്.
- 2016 റിയോ ഒളിംപിക്സിലും ബ്രസീലിനായിരുന്നു സ്വർണം.
- 13.

12. ഒന്നു മുതൽ പന്ത്രണ്ട് വരെയുള്ള ക്ലാസ്സുകൾക്കാവശ്യമായ ഡിജിറ്റൽ പഠന വിഭവങ്ങൾ സമാഹരിച്ചിട്ടുള്ള KITE പോർട്ടൽ?

A) സമേതം B) സമ്പൂർണ്ണ
C) സമഗ്ര D) കൂൾ

Answer - C

Solution

- ഒന്നു മുതൽ പന്ത്രണ്ട് വരെയുള്ള ക്ലാസ്സുകൾക്കാവശ്യമായ ഡിജിറ്റൽ പഠന വിഭവങ്ങൾ സമാഹരിച്ചിട്ടുള്ള KITE പോർട്ടൽ : സമഗ്ര
- ഇന്ത്യയുടെ ഉന്നത വിദ്യാഭ്യാസ രംഗത്തെ പരിപോഷിപ്പിക്കുന്നതിനായി കേന്ദ്ര ഗവണ്മെന്റ് ആരംഭിച്ച പദ്ധതി -ഗ്ലോബൽ ഇനിഷേറ്റീവ് ഓഫ് അക്കാഡമിക് നെറ്റ് വർക്ക്സ് (GIAN)
- പെൺകുട്ടികൾക്ക് ലഭിയ്ക്കുന്ന ഗ്രാന്റ്/വാർഷിക സ്കോഷർഷിപ് നിക്ഷേപിക്കുന്നത് ഏത് പദ്ധതിയുടെ കീഴിലുള്ള ഇൻഷുറൻസ് പോളിസിയിലാണ് - ഭാഗ്യശ്രീ ബാലിക കല്ല്യാൺ ബീമ യോജന
- 2020-ഓടുകൂടി എല്ലാ കുട്ടികൾക്കും രോഗപ്രതിരോധശേഷി പ്രദാനം ചെയ്യുക എന്ന ലക്ഷ്യത്തോടെ കേന്ദ്ര സർക്കാർ ആരംഭിച്ച പദ്ധതി - മിഷൻ ഇന്ദ്രധനുഷ്

13. ആദ്യത്തെ ജ്ഞാനപീഠ പുരസ്കാരം നേടിയ കൃതി?

A) ഉമ്മാച്ചു B) ഖസാക്കിന്റെ ഇതിഹാസം
C) ഓടക്കുഴൽ D) അഗ്നിസാക്ഷി

Answer - C

Solution

ജ്ഞാനപീഠം

- ജ്ഞാനപീഠം ട്രസ്റ്റിന്റെ സ്ഥാപകൻ - ശാന്തി പ്രസാദ് ജെയിൻ
- ആദ്യത്തെ ജ്ഞാനപീഠ ജേതാവ് - ജി. ശങ്കരകുറുപ്പ്
- ജ്ഞാനപീഠം നേടിയ ആദ്യ നോവലിസ്റ്റ് - താരാശങ്കർ ബന്ദോപാദ്യായ്
- ജ്ഞാനപീഠം അവാർഡ് ലഭിച്ച ആദ്യ വനിത - ആശാ പൂർണ്ണാ ദേവി

ജ്ഞാനപീഠ പുരസ്കാരം നേടിയ മലയാളികൾ

- ജി. ശങ്കരകുറുപ്പ് - 1965

- എസ്.കെ.പൊറ്റക്കാട് - 1980
- തകഴി ശിവശങ്കര പിള്ള - 1984
- എം. ഡി. വാസുദേവൻ നായർ - 1995
- ഒ.എൻ. വി. കുറുപ്പ് - 2007
- അക്കിത്തം അച്യുതൻ നമ്പൂതിരി - 2019

14. താഴെ നൽകിയ പ്രസ്താവനകളിൽ ദ്രോണാചാര്യ അവാർഡിനെ സംബന്ധിച്ച് തെറ്റായതേത്?

A) ഒ എം നമ്പ്യാർക്ക് 1985 ലാണ് ദ്രോണാചാര്യ അവാർഡ് ലഭിച്ചത്
B) ക്രിക്കറ്റിൽ ആദ്യമായി ദ്രോണാചാര്യ ലഭിച്ചത് രമാകാന്ത് അച്‌രേക്കർക്കാണ്
C) ഫുട്ബാളിൽ ദ്രോണാചാര്യ ലഭിച്ചത് സയ്യിദ് നസീമുദ്ദിനാണ്
D) ആദ്യമായി ഹോക്കിയിൽ ദ്രോണാചാര്യ അവാർഡ് ലഭിക്കുന്നത് 2000 ലാണ്

Answer - B

Solution

- മികച്ച കായിക പരിശീലകർക്ക് ഇന്ത്യാ ഗവണ്മെൻറ് നൽകി വരുന്ന പുരസ്കാരമാണ് ദ്രോണാചാര്യ പുരസ്കാരം.
- പാണ്ഡവരുടെയും കൗരവരുടെയും ഗുരുനാഥനായ ദ്രോണരുടെ സ്മരണയ്ക്കായി ഏർപ്പെടുത്തിയിരിക്കുന്ന പുരസ്കാരം മികച്ച കായികാധ്യാപനത്തിനായി 1985 മുതലാണ് നൽകിത്തുടങ്ങിയത്.
- ദ്രോണാചാര്യരുടെ ഒരു വെങ്കല പ്രതിമയും പ്രശസ്തിപത്രവും 15 ലക്ഷം രൂപയും അടങ്ങുന്നതാണ് പുരസ്കാരം.
- ഒ. എം നമ്പ്യാരാണ് ആദ്യ അവാർഡ് ജേതാവ്(1985).
- 1986ൽ ക്രിക്കറ്റിൽ ആദ്യമായി ദ്രോണാചാര്യ ലഭിച്ചത് ദേശ്പ്രേം ആസാദിനാണ്.

15. മലയാളത്തിലെ ആദ്യത്തെ പ്രശസ്ത നിഘണ്ടുവായ സമസ്ത വിജ്ഞാന ഗ്രന്ഥാവലി എഴുതിയതാരാണ് ?

A) ജി പദ്മനാഭപിള്ള
B) മാത്യു എം കുഴിവേലി
C) ആർ ഈശ്വരപിള്ള
D) വെട്ടം മാണി

Answer - C

Solution

- മലയാള ഭാഷയിലെ ആദ്യത്തെ വിജ്ഞാനകോശം എന്ന ബഹുമതിയുള്ള ഗ്രന്ഥമാണ് ആർ. ഈശ്വരപിള്ള തയ്യാറാക്കിയ 'സമസ്ത വിജ്ഞാന ഗ്രന്ഥാവലി'. 1937 ലാണ് ഇത് പുറത്തുവന്നത്.
- മലയാളത്തിലെ ആദ്യ വ്യാകരണഗ്രന്ഥം - മലയാള ഭാഷാവ്യാകരണം (ഹെർമൻ ഗുണ്ടർട്ട്)
- മലയാളത്തിലെ ആദ്യത്തെ ആധികാരിക വ്യാകരണഗ്രന്ഥം -

കേരളപാണിനീയം (എ.ആർ.രാജരാജവർമ്മ)
•മലയാളത്തിലെ ആദ്യ സമഗ്രവും ആധികാരികവുമായ മലയാളം - മലയാളം നിഘണ്ടു - ശബ്ദതാരാവലി (ശ്രീകണ്ഠേശ്വരം പത്മനാഭപിള്ള)

16. താഴെ കൊടുത്ത പ്രസ്താവനകളിൽ ഏതാണ് കവി ഒ എൻ വി കുറുപ്പിനെ സംബന്ധിച്ച് ശരിയല്ലാത്തത് ?
A) അദ്ദേഹത്തിന് ജ്ഞാനപീഠം അവാർഡ് ലഭിച്ചത് 2008 ലാണ്
B) അദ്ദേഹത്തിന് പദ്മശ്രീ അവാർഡ് ലഭിച്ചത് 1998 ലാണ്
C) അദ്ദേഹത്തിന് പദ്മവിഭൂഷൺ അവാർഡ് ലഭിച്ചത് 2011 ലാണ്
D) അദ്ദേഹത്തിന് എഴുത്തച്ഛൻ പുരസ്കാരം ലഭിച്ചത് 2007 ലാണ്

Answer - A
Solution
•മലയാളത്തിലെ പ്രശസ്തകവിയായിരുന്നു ഒ. എൻ. വി. കുറുപ്പ് (ജനനം: 27 മെയ് 1931, മരണം: 13 ഫെബ്രുവരി 2016).
•ഒ.എൻ.വി. എന്ന ചുരുക്കപേരിലുമറിയപ്പെടുന്നു.
•ഒറ്റപ്ലാക്കൽ നീലകണ്ഠൻ വേലു കുറുപ്പ് എന്നാണു പൂർണ്ണനാമം.
•1982മുതൽ 1987വരെ കേന്ദ്രസാഹിത്യഅക്കാദമിയംഗമായിരുന്നു.
•കേരള കലാമണ്ഡലത്തിന്റെ ചെയർമാൻ സ്ഥാനവും ഒ.എൻ.വി. വഹിച്ചിട്ടുണ്ട്.
•സാഹിത്യരംഗത്തെ സംഭാവനകൾ പരിഗണിച്ച്, 2007-ലെ ജ്ഞാനപീഠ പുരസ്കാരം ഇദ്ദേഹത്തിനു 2010-ൽ ലഭിച്ചു.

17. കേരള കലാമണ്ഡലത്തിൽ നിന്നും തുള്ളൽ കലാരൂപം പഠിച്ചിറങ്ങിയ ആദ്യ വനിത ആര്
A) കലാമണ്ഡലം പത്മാവതി
B) കലാമണ്ഡലം രേവതി
C) കലാമണ്ഡലം പത്മ
D) കലാമണ്ഡലം ദേവകി

Answer - D
Solution
•ഓട്ടൻ തുള്ളലിന്റെ ഉപജ്ഞാതാവ് - കുഞ്ചൻ നമ്പ്യാർ
•തുള്ളൽ സാഹിത്യം ആവിർഭവിച്ചപ്പോൾ തിരുവിതാംകൂറിലെ ഭരണാധികാരി - മാർത്താണ്ഡവർമ്മ
•കുഞ്ചൻനമ്പ്യാർ ആദ്യം രചിച്ച തുള്ളൽ കൃതി - കല്യാണസൗഗന്ധികം
•കേരളീയയായ ഒരു ഓട്ടൻ തുള്ളൽ കലാകാരിയാണ് കലാമണ്ഡലം ദേവകി.
•തുഞ്ചൻ പറമ്പ്, കേരള കലാമണ്ഡലം, തുഞ്ചൻ സ്മാരകം, കേരള സംഗീത നാടക അക്കാദമി (2007) എന്നിവയിൽ നിന്നുള്ള പുരസ്കാരങ്ങൾ അവർക്ക് ലഭിച്ചിട്ടുണ്ട്

18. താഴെ നൽകിയ പ്രസ്താവനകളിൽ 2020 ടോക്യോ ഒളിമ്പിക്സിനെ സംബന്ധിച്ച് ശരിയല്ലാത്തതേത് ?

A) പുരുഷ ഹോക്കിയിൽ സ്വർണ്ണം നേടിയത് ബൽജിയം ആണ്
B) വനിതാ ഫുട്ബാളിൽ സ്വർണ്ണം നേടിയത് ക്യാനഡയാണ്
C) പുരുഷ വോളിബാളിൽ സ്വർണ്ണം നേടിയത് അമേരിക്കയാണ്
D) വനിതാ ഹോക്കിയിൽ സ്വർണ്ണം നേടിയത് നെതർലാൻഡാണ്

Answer - C

Solution

- 2020 ടോക്യോ ഒളിമ്പിക്സിൽ പുരുഷ വോളിബാളിൽ സ്വർണ്ണം നേടിയത് ഫ്രാൻസാണ്.
- 2020 ടോക്യോ ഒളിമ്പിക്സിൽ വനിതാ വോളിബാളിൽ സ്വർണ്ണം നേടിയത് അമേരിക്കയാണ്.
- മീരാഭായ് ചാനു ടോക്കിയോ 2020 ഒളിമ്പിക്സിൽ വനിതകളുടെ 49 കിലോഗ്രാം വിഭാഗത്തിൽ വെള്ളി നേടി ഇന്ത്യയുടെ മെഡൽ അക്കൗണ്ട് തുറന്നു.

19. 2020 ലെ ഭൗതിക ശാസ്ത്രത്തിനുള്ള നൊബേൽ സമ്മാനത്തിന് മൂന്നുപേരാണ് അർഹരായത്. ഇവരിലൊരാളായ റോജർ പെൻറോസിൻറെ ഏത് കണ്ടുപിടിത്തമാണ് അദ്ദേഹത്തെ ഇതിനർഹനാക്കിയത് ?

A) ആപേക്ഷിക സിദ്ധാന്തം തമോഗർത്തങ്ങളുടെ രൂപീകരണത്തെ സഹായിക്കുന്നുവെന്ന് തെളിയിച്ചതിന്
B) പ്രപഞ്ച മധ്യത്തിൽ നക്ഷത്രങ്ങളുടെ ഭ്രമണ പഥങ്ങളെ നിയന്ത്രിക്കുന്ന അദൃശ്യമായ സൂപ്പർമാസീവ് എന്ന കൂറ്റൻ തമോഗർത്തങ്ങളെ തിരിച്ചറിഞ്ഞതിന്
C) ലേസർ ഫിസിക്സിലെ കണ്ടുപിടിത്തത്തിന്
D) ഇതൊന്നുമല്ല

Answer - A

Solution

- ബ്രിട്ടീഷ് ശാസ്ത്രജ്ഞനായ റോജർ പെൻറോസിനും ജർമ്മൻ ജ്യോതിശ്ശാസ്ത്രജ്ഞൻ റെയ്ൻഹാർഡ് ഗെൻസൽ, അമേരിക്കൻ ജ്യോതിശ്ശാസ്ത്രജ്ഞ ആൻഡ്രിയ ഗേസ് എന്നിവർക്കാണ് 2020ലെ ഭൗതിക ശാസ്ത്ര നോബേൽ ലഭിച്ചത്.
- തമോഗർത്തങ്ങളെ കുറിച്ചുള്ള പഠനത്തിനാണ് 2020 ലെ ഭൗതിക ശാസ്ത്രത്തിനുള്ള നോബൽ പുരസ്കാരത്തിനർഹനായത് .

1988 ലെ ഭൗതികത്തിലെ വുൾഫ് പ്രൈസ് ഉൾപ്പെടെ അനേകം പുരസ്കാരങ്ങൾ അദ്ദേഹത്തിന് ലഭിച്ചിട്ടുണ്ട്.

COMPUTER SCIENCE

1. ഓപ്പറേറ്റിംഗ് സിസ്റ്റം എന്തിന്റെ ഉദാഹരണം ആണ് ?

A) ആപ്ലിക്കേഷൻ സോഫ്റ്റ് വെയർ
B) സിസ്റ്റം സോഫ്റ്റ് വെയർ
C) യൂട്ടിലിറ്റി സോഫ്റ്റ് വെയർ
D) ഇതൊന്നുമല്ല

Answer - B

Solution

- ഒരു കമ്പ്യൂട്ടർ പ്രവർത്തിക്കുമ്പോൾ ആദ്യം ലോഡ് ചെയ്യപ്പെടുന്ന പ്രോഗ്രാമുകളാണ് ഓപ്പറേറ്റിംഗ് സിസ്റ്റം.
- ഒരു കമ്പ്യൂട്ടറിന്റെ എല്ലാ പ്രവർത്തനങ്ങളെയും നിയന്ത്രിക്കുന്നത് ഓപ്പറേറ്റിംഗ് സിസ്റ്റം ആണ്. Eg: വിൻഡോസ് ,ആൻഡ്രോയിഡ്,മാക് ഓപ്പറേറ്റിംഗ് സിസ്റ്റം
- മറ്റ് സോഫ്റ്റ്വെയറുകൾക്ക് ഒരു പ്ലാറ്റ്ഫോം നൽകുന്നതിനായി രൂപകൽപ്പന ചെയ്ത കമ്പ്യൂട്ടർ സോഫ്റ്റ്വെയറാണ് സിസ്റ്റം സോഫ്റ്റ്വെയർ.

2. URL എന്നതിന്റെ പൂർണ്ണരൂപം എന്ത് ?

A) യൂണിഫോം റിസോഴ്സ് ലൊക്കേറ്റർ
B) യൂണിഫോം റിസോഴ്സ് ലിങ്ക്
C) യൂണിഫോം രജിസ്റ്റേർഡ് ലിങ്ക്
D) യൂണിഫൈഡ് റിസോഴ്സ് ലിങ്ക്

Answer - A

Solution

- URL എന്നതിന്റെ പൂർണ്ണരൂപം - യൂണിഫോം റിസോഴ്സ് ലൊക്കേറ്റർ.
- ഇന്റർനെറ്റിൽ ഏകീകൃത സ്വഭാവമുള്ള വിലാസങ്ങളെ സൂചിപ്പിക്കാനുള്ള വിലാസമാണ് യൂണിഫോം റിസോഴ്സ് ലൊക്കേറ്റർ (മുമ്പ് യൂനിവേഴ്സൽ റിസോഴ്സ് ലൊക്കേറ്റർ) അഥവാ യു.ആർഎൽ.

3. ഏറ്റവും വലിയ നെറ്റ്‌വർക്ക് ?

A) ഇന്റർനെറ്റ്
B) ഇൻട്രാനെറ്
C) ഗൂഗിൾ
D) വൈഫൈ

Answer - A

Solution

- ഇന്റർനെറ്റ് എന്നാൽ പരസ്പരം ബന്ധപ്പെടുത്തിയിരിക്കുന്ന കമ്പ്യൂട്ടർ ശൃംഖലകളുടെ ഒരു കൂട്ടമാണ്.
- ഇന്റർനെറ്റിനെ വിജ്ഞാന സൂപ്പർഹൈവേ എന്നു വിളിക്കുന്നു.
- ഇന്റർനെറ്റിന്റെ ഉപജ്ഞാതാവ് : വിൻഡ് സർഫ്
- 1995 ഓഗസ്റ്റ് 15നാണ് ഇന്ത്യയിൽ ഇന്റർനെറ്റ് പൊതുജനങ്ങൾക്കായി ലഭ്യമാക്കുന്നത്.

4. ആൽഫന്യൂമെറിക് ഡാറ്റാ എൻട്രിയ്ക്ക് ഉപയോഗിക്കുന്ന ഇൻപുട്ട് ഡിവൈസ് ഏത് ?

A) മൗസ് B) ജോയ് സ്റ്റിക്
C) കീബോർഡ് D) ലൈറ്റ് പെൻ

Answer - C

Solution

- കമ്പ്യൂട്ടറിലേക്ക് വിവരങ്ങൾ കൈമാറുവാനായി ബന്ധിപ്പിക്കുന്ന ഉപകരണങ്ങളേയാണ് പൊതുവെ ഇൻപുട്ട് ഉപകരണങ്ങൾ അഥവാ നിവേശന ഉപകരണങ്ങൾ എന്ന് വിളിക്കുന്നത്.
- കീബോർഡ് - അക്ഷരം നൽകാൻ
- മൗസ് വിവരങ്ങൾ തിരഞ്ഞെടുക്കാൻ
- മൈക്രോ ഫോൺ - ശബ്ദം നൽകാൻ
- വെബ് ക്യാമറ -ചിത്രം,വീഡിയോ എന്നിവ നൽകാൻ
- We often use them with the past continuous to refer to background events.

- Since the first part of the sentence contains "was/were+ing", then the second part will be in 'v2 form".
- For Example:
- While John was driving home, he saw a great accident.
- When the doorbell rang, the old man was having a nap in the living room.

58. In the question given below there is a sentence of which some parts have been jumbled up. Rearrange these parts which are labelled PQR and S to produce the correct sentence.Choose the proper sequence and mark your response in the sheet.

P.Because they had so little
Q.Thousands of years ago
R.Our ancestors had to save and store
S.Whatever they could save

A) QRSP B) RSQP C) QPRS D) RSQP

Answer - A

Solution

- Option A is the right answer.
- The correct sentence is:
- Thousands of years ago, our ancestors had to save and store whatever they could save because they had so little.

59. What are the _____ to become a college principal ?

A) Criterion B) Criteria C) Criterias D) Criterium

Answer - B

Solution

- Option B is the right answer.
- Criteria : A principle or standard by which something may be judged or decided.
- Criterion is the singular form.
- Criteria is the plural form.
- Sentence Examples:
- Unending sadness is a major criterion for a diagnosis of depression.
- The human resources department will judge the applicants on a wide range of criteria.

60. Meera's parents helped her to do her homework,_____ ?

A) Don't they B) Does she C) Didn't they D) Didn't she

Answer - C

Solution

- The sentence and the question tag must be in the same tense.
- If the sentence is positive ,the question tag must be negative.
- For Example:
- There is no water,is there?
- He went to the party last night, didn't he?

61. We have moved _____ from that location.

A) themselves B) himself C) ourselves D) itself

Answer - C

Solution

- Here, 'we' is used therefore, 'ourselves' is the answer.
- If its is 'they' it would be 'themselves'.
- If its is 'he' it would be 'himself'.
- If its is 'it' it would be 'itself'.

62. The cat was sleeping _____ the tree.

A) under B) for C) from D) about

Answer - A

Solution

- Under is a preposition.
- When we use under as a preposition, it is similar to below.
- We use under to talk about something that is below or lower than something else.

63. By the time it started raining, we _____ home.

A) has reached B) had reached C) reached D) reach

Answer - B

Solution

- The action that took place before is indicated by past perfect tense.
- The second act takes a simple past tense.
- In the given sentence, the reached home earlier. Thus, it takes a past perfect tense(had reached).

64. I _____ play violin when I was a child.

A) shall B) will C) must D) could

Answer - D

Solution

- 'could' is the past tense of can, but it is an auxiliary verb with a few uses, not all of which are in the past tense.
- Here, the sentence is saying about the past.
- Therefore, could is used.

65. Identify the correct indirect / reported speech of the given sentence: " I am waiting for meenu", she said .

A) she said (that) she is waiting for Meenu.
B) she said (that) she was waiting for Meenu.
C) she said (that) she had been waiting for Meenu.
D) she said (that) she has been waiting for Meenu.

Answer - B

Solution

- When the sentence is converted into indirect speech the changes will be as follows:
- She said at the last will be written first.
- ' I am ' becomes 'she '.
- ' waiting' becomes 'was waiting'.
- 'Foe Meenu' will be same as it is.

66. I _____ my friend's pet dog when he is away.

A) look through B) look around C) look after D) look ahead

Answer - C

Solution

- Meaning of 'Look after' : to take care of someone or something and make certain that they have everything they need.
- Look through : quickly read through a book or other written material, ignore someone by pretending not to see them.
- Look around : to go through a place in order to see what is there.
- Look ahead : to think about what is going to happen in the future.

67. The king's eldest son is the _____ to the throne.

A) heir B) hare C) hire D) hair

Answer - A

Solution

- heir : a person who inherits and continues the work of a predecessor, a person

legally entitled to the property or rank of another on that person's death.
•hare : a fast-running, long-eared mammal that resembles a large rabbit, having very long hind legs and typically found in grassland or open woodland.
•hire : obtain the temporary use of (something) for an agreed payment, employ (someone) for wages.

68. One who is engaged in charitable works ?
A) Anthropologist B) Philanthropist C) Philosopher D) Ambidexter

Answer - B
Solution
•Philanthropist : a person who seeks to promote the welfare of others, especially by the generous donation of money to good causes.
•Anthropologist : Anthropologists are people that practice anthropology, which is the study of humanity.
•Philosopher : a person engaged or learned in philosophy, especially as an academic discipline.
•Ambidexter : one that uses both hands with equal facility.

69. Synonym of the word 'betray' is ?
A) seize B) rectify
C) deceive D) admit

Answer - C
Solution
•synonyms for deceive : be dishonest, betray, cheat, circumvent, defraud, delude,etc.
•Eg: Her parents punished her for trying to deceive them.
•Eg : He was accused of deceiving the customer about the condition of the car.

70. Identify the meaning of the idiom 'to cry over spilt milk'?
A) to solve two problems at once
B) to do something badly or cheaply
C) to take advantage of a good situation
D) to feel sorry or sad about something that has already happened

Anwer - D
Solution
•Synonyms of 'to cry over spilt milk' : deplore, lament, mourn, regret, etc.
•Eg: I know you wish that you'd handled the project more efficiently, but there's no use crying over spilt milk.

- Eg: His decision to resign was disappointing, but it's no use crying over spilt milk.

MALAYALAM

1. 'കൈകാലുകൾ' ഏത് സമാസത്തിൽ ഉൾപ്പെടുന്നു?
A) തൽപുരുഷൻ B) കർമ്മധാരയാൻ
C) അവ്യയീഭാവൻ D) ദ്വന്ദ്വ സമാസം
Answer - D
Solution
സമാസം
- വിഭക്തി പ്രത്യയങ്ങളുടെ സഹായമില്ലാതെ രണ്ട് പദങ്ങളെ ചേർത്ത് എഴുതുന്നതിനെ സമാസം എന്ന് പറയുന്നു.
- ആദ്യ പദത്തെ പൂർവ്വപദം എന്നും രണ്ടാമത്തെ പദത്തെ ഉത്തരപദം എന്നും പറയുന്നു.
- സമാസത്തെ നാലായി തിരിച്ചിരിക്കുന്നു.
- അവ്യയീഭാവൻ: പൂർവ്വ പദത്തിന്റെ അർത്ഥത്തിന് പ്രാധാന്യം വരുന്ന സമാസം.

ഉദാ: പ്രതിമാസം

2. തത്പുരുഷൻ: ഉത്തരപദത്തിന്റെ അർത്ഥത്തിന് പ്രാധാന്യം.
ഉദാ: തലവേദന
- തത്പുരുഷ സമാസത്തിൽ ഉൾപ്പെടുന്ന ഒന്നാണ് കർമ്മധാരയൻ.
- കർമ്മധാരയൻ: വിഗ്രഹിക്കുമ്പോൾ 'ആയ' എന്ന ഇടനില വരുന്ന തത്പുരുഷ സമാസം.

ഉദാ: നീലാകാശം (നീലയായ ആകാശം)

3. ബഹുവ്രീഹി: ഉത്തര പൂർവ്വ പദങ്ങൾ അല്ലാതെ ഒരു അന്യപദത്തെ അർത്ഥമാക്കുന്ന സമാസം.
ഉദാ: അംബുജാക്ഷൻ (അംബുജം പോലെ മിഴികൾ ഉള്ളവൻ ആരോ അവൻ)

4. ദ്വന്ദ്വസമാസം: പൂർവ്വ ഉത്തര പദങ്ങൾക്ക് തുല്യ പ്രാധാന്യം.
ഉദാ: അച്ഛനമ്മമാർ
2. കേരള കാളിദാസൻ എന്നറിയപ്പെടുന്നത് ആര്?
A) കുഞ്ഞിക്കുട്ടൻ തമ്പുരാൻ
B) എ. ആർ. രാജരാജവർമ്മ
C) വേങ്ങയിൽ കുഞ്ഞിരാമൻ നായർ
D) കേരളവർമ്മ വലിയ കോയിത്തമ്പുരാൻ

Answer - D
Solution

- മലയാളഭാഷയിലെ പ്രശസ്തനായ കവിയും ഉപന്യാസകാരനുമായിരുന്നു കേരളകാളിദാസൻ എന്ന അപരനാമധേയത്തിൽ അറിയപ്പെട്ടിരുന്ന കേരളവർമ്മ വലിയ കോയിത്തമ്പുരാൻ.
- കേരളത്തിലെ ചങ്ങനാശ്ശേരി ലക്ഷ്മീപുരം കൊട്ടാരത്തിലാണ് അദ്ദേഹം ജനിച്ചത്.
- തിരുവിതാംകൂറിന്റെ മാതൃസ്ഥാനമായി കരുതിയിരുന്ന ആറ്റിങ്ങൽ മഹാറാണി ഭരണി തിരുനാൾ ലക്ഷ്മി ബായിയെ 1859-ൽ വിവാഹം ചെയ്യുകയും വലിയ കോയിത്തമ്പുരാനാവുകയും ചെയ്തു.
- വളരെക്കാലം തിരുവിതാംകൂറിലെ പാഠപുസ്തകസമിതിയുടെ അദ്ധ്യക്ഷനുമായിരുന്നു അദ്ദേഹം.

3. "വന്ദേ മാതരം" എന്ന ഗാനം എടുത്തിട്ടുള്ളത് ഏതു കൃതിയിൽ നിന്നാണ് ?

A) ഗീതാഞ്ജലി B) ആനന്ദമഠം C) പ്രഭാതഗീതം D) തിരുക്കുറൽ

Answer - B

Solution

- ബംഗാളി നോവലിസ്റ്റായ ബങ്കിം ചന്ദ്ര ചാറ്റർജി എഴുതി 1882-ൽ പ്രസിദ്ധീകരിച്ച പ്രഖ്യാത നോവലാണ് ആനന്ദമഠം.
- സ്വതന്ത്ര ഇന്ത്യയുടെ ദേശീയഗീതമായ വന്ദേമാതരം ആദ്യം വെളിച്ചം കണ്ടത് ഈ നോവലിലാണ്.
- പതിനെട്ടാം നൂറ്റാണ്ടിന്റെ ഒടുവിൽ നടന്ന സന്ന്യാസി കലാപത്തിന്റെ പശ്ചാത്തലത്തിൽ എഴുതപ്പെട്ട ഈ കൃതി, ബംഗാളി സാഹിത്യത്തിലേയും ഭാരതീയ സാഹിത്യത്തിലെ തന്നെയും ഒരു പ്രധാന രചനയായി പരിഗണിക്കപ്പെടുന്നു.

4. ഋഷിയെ സംബന്ധിച്ച് എന്നർത്ഥം വരുന്ന പദം?

A) ഋഷ്യം B) ആർഷം C) ആർഷതം D) ഋഷ്യകം

Answer - B

Solution

ഒറ്റപ്പദങ്ങൾ

- ഉയർച്ച ആഗ്രഹിക്കുന്നവൻ- അഭ്യുദയകാംക്ഷി
- കാണാൻ ആഗ്രഹിക്കുന്ന ആൾ- ദിദൃക്ഷു
- ചിരകാലം ജീവിച്ചിരിക്കുന്നവൻ-ചിരഞ്ജീവി
- പഠിക്കുന്ന ആൾ-പഠിതാവ്
- ഭക്ഷിക്കാൻ ആഗ്രഹിക്കുന്ന ആൾ- ബുഭുക്ഷു
- യദുവംശത്തിൽ ജനിച്ചവൻ- യാദവൻ
- രഘുവംശത്തിൽ ജനിച്ചവൻ-രാഘവൻ
- വിഷാദമുള്ളവൻ- വിഷാദി
- ശ്രദ്ധയുള്ളവൻ-ശ്രദ്ധാലു

5. വെള്ളായിയപ്പൻ ഏത് കൃതിയിലെ കഥാപാത്രം ആണ് ?

A) ഓടയിൽ നിന്ന് B) കടൽത്തീരത്ത്

C) അസുരവിത്ത് D) ഏണിപ്പടികൾ

Answer - B

Solution

•'കടൽത്തീരത്ത് ' ഒ . വി . വിജയൻ എഴുതിയ കഥയാണ്.

കഥാപാത്രം	കൃതി	രചയിതാവ്
ഭീമൻ	രണ്ടാമൂഴം	എം ടി
ചെമ്പൻകുഞ്ഞ്	ചെമ്മീൻ	തകഴി
മദനൻ	രമണൻ	ചങ്ങമ്പുഴ
ചെല്ലപ്പൻ	അനുഭവങ്ങൾ പാളിച്ചകൾ	തകഴി
അമർസിങ്	മഞ്ഞ്	എം ടി
ഓമഞ്ചി	ഒരു തെരുവിൻറെ കഥ	എസ് കെ പൊറ്റക്കാട്
സേതു	കാലം	എം ടി

6. ശ്ലോകത്തിൽ കഴിക്കുക - ഈ ശൈലിയുടെ അർത്ഥം ?

A) വളരെ സംഗ്രഹിക്കുക

B) ശ്ലോകം പാടുക

C) ശ്ലോകം തീർക്കുക

D) വളരെ വിപുലമായി കാര്യങ്ങൾ ചെയ്യുക

Answer - A

Solution

പ്രധാന ശൈലികൾ

•ഊഴിയം നടത്തുക : ആത്മാർത്ഥതയില്ലാതെ പ്രവർത്തിക്കുക

•മൊന്തൻപഴം : കൊള്ളാത്തവൻ

•കാടു കയറുക : വേണ്ടാത്തരം കാണിക്കുക

•ചർവിതചർവണം : പറഞ്ഞതുതന്നെ പറയുക

7. 'ആത്മകഥയ്ക്കൊരാമുഖം' ആരുടെ ആത്മകഥയാണ്?

A) കെ.പി.കേശവമേനോൻ B) കെ.കേളപ്പൻ

C) മന്നത്ത് പത്മനാഭൻ D) ലളിതാംബിക അന്തർജ്ജനം

Answer - D

Solution

ലളിതാംബിക അന്തർജ്ജനം

•1909 മാർച്ച് 30 നു പൂനലൂർ(കൊല്ലം) ൽ ജനനം.

•ആദ്യ കവിതാസമാഹാരം - ലളിതാഞ്ജലി (1936)

- വിധവാ വിവാഹം പ്രമേയമാക്കി ലളിതാംബിക അന്തർജ്ജനം രചിച്ച നാടകം- പുനർജന്മം (1935)
- ലളിതാംബിക അന്തർജ്ജനം എഴുതിയ ഏക നോവൽ - അഗ്നിസാക്ഷി (1976)
- അഗ്നിസാക്ഷിയ്ക്ക് കേന്ദ്ര, കേരള സാഹിത്യ അക്കാദമി അവാർഡുകൾ ലഭിച്ചത്-1977
- ആദ്യ വയലാർ അവാർഡ് ജേതാവ്- (അഗ്നിസാക്ഷി-1977)**

8. ആഷാമേനോൻ എന്ന തൂലികാനാമത്തിൽ അറിയപ്പെടുന്നത്?

A) പി.സി.ഗോപാലൻ
B) കെ.ശ്രീകുമാർ
C) എം.ടി. വാസുദേവൻ നായർ
D) പി.സി. കുട്ടികൃഷ്ണൻ

Answer - B

Solution

തൂലികാനാമങ്ങൾ
- വി.വി. അയ്യപ്പൻ - കോവിലകൻ
- ഒ.എൻ. വേലുകുറുപ്പ് - ഒ.എൻ.വി
- പി.കെ നായർ - മാലി
- പി.സി. ഗോപാലൻ - നന്തനാർ
- കെ.കെ. നീലകണ്ൻ - ഇന്ദുചൂടൻ
- കെ.എം. മാത്യൂസ് - ഏകലവ്യൻ

9. കണ്ണ് വെട്ടിച്ചു രക്ഷപ്പെടുക

A) Give quarter
B) Give the go by
C) Give the slip
D) Give into

Answer - C

Solution

ശൈലികളും അർത്ഥങ്ങളും
- Give the slip - കണ്ണ് വെട്ടിച്ചു രക്ഷപ്പെടുക
- Break a leg - ആശംസകൾ നേരുക
- Cut to the chase - പ്രധാന കാര്യത്തിലേക്ക് വരിക
- Cold feet - ആത്മവിശ്വാസം നഷ്ടപ്പെടുക

10. ഭരതവാക്യം :

A) The beginning
B) The end
C) Excellent verse
D) Best comments

Answer - B

Solution

ശൈലികളും അർത്ഥങ്ങളും

- ഭരതവാക്യം : - അവസാനച്ചടങ്ങ്
- ഭരതവാക്യം ചൊല്ലുക = അവസാനിപ്പിക്കുക
- അരയും തലയും മുറുക്കുക - തയ്യാറാക്കുക
- കച്ചകെട്ടുക - തയ്യാറാവുക

11. രാമനാൽ എന്നത് ഏതുവിഭക്തിക്കു ഉദാഹരണമാണ് ?

A) നിർദേശിക B) സംയോജിക C) പ്രയോജിക D) ആധാരിക

Answer - C

Solution

- പ്രയോജിക (Instrumental): നാമത്തിനോട് 'ആൽ' എന്ന പ്രത്യയം ചേർക്കുന്നത്.
- ഉദാഹരണം: രാമനാൽ.
- നിർദ്ദേശിക - രാമൻ ,
- സംയോജിക-രാമനോട് ,
- ആധാരിക - രാമനിൽ

12. വില് + തു = വിറ്റു , ഏതു സന്ധിക്ക് ഉദാഹരണമാണ് ?

A) ദിത്വസന്ധി B) ആഗമസന്ധി
C) ആദേശസന്ധി D) ലോപസന്ധി

Answer - C

Solution

- സന്ധിക്കുന്ന വർണ്ണങ്ങളിൽ ഒന്നിന് സവർണ്ണനം വഴി മറ്റൊരു വർണ്ണം പകരംവരുന്നതാണ് ആദേശസന്ധി.

അവൻ + ഓടി = അവനോടി (/ൻ/ > /ന/)
വില് + തു = വിറ്റു (/ ല് / > / റ്റു)
വിൺ + തലം = വിണ്ടലം (/ത/ > /ട/)
നെൽ + മണി = നെന്മണി (/ല/ > /ന/)

13. മലയാളത്തിലെ ആദ്യത്തെ സൈബർ നോവലായ നൃത്തം ആരുടേതാണ് ?

A) എം മുകുന്ദൻ B) ആനന്ദ്
C) N S മാധവൻ D) C രാധാകൃഷ്ണൻ

Answer - A

Solution

- മലയാളത്തിലെ ആദ്യ കാവ്യം - രാമചരിതം (ചീരാമകവി)
- മലയാളത്തിലെ അച്ചടിച്ച ആദ്യ കേരള ചരിത്രഗ്രന്ഥം - കേരളോൽപത്തി (ഹെർമൻ ഗുണ്ടർട്ട്)
- മലയാളത്തിലെ ആദ്യത്തെ നോവൽ - കുന്ദലത (അപ്പു നെടുങ്ങാടി)

- മലയാളത്തിലെ ലക്ഷണമൊത്ത ആദ്യ നോവൽ - ഇന്ദുലേഖ (ഒ. ചന്തുമേനോൻ)
- മലയാളത്തിലെ ആദ്യ ചെറുകഥ - വാസനാവികൃതി (വേങ്ങയിൽ കുഞ്ഞിരാമൻ നായനാർ)
- മലയാളത്തിലെ ആദ്യ ഓഡിയോ നോവൽ - ഇതാണെന്റെ പേര് (സക്കറിയാ)

14. ശരിയായ പദം ഏത് ?

A) അനർക്കം B) അനർഘം C) അനർഗം D) അനർഖം

Answer - B

Solution

തെറ്റും ശരിയും
- ആകർഷണീയം - ആകർഷകം
- ആകസ്മീകം - ആകസ്മികം
- ആചാരനിഷ്ട - ആചാരനിഷ്ഠ
- ആച്ചാദനം - ആച്ഛാദനം

15. ഉടജം എന്നർത്ഥം വരുന്ന പദം ഏത് ?

A) ഉദ്യാനം B)ആശ്രമം C) കൊട്ടാരം D) മാളിക

Answer - B

Solution
- ഉടജം - ഇലകൾകൊണ്ടു നിർമിച്ച കുടിൽ, ആശ്രമം
- വാടി - ഉദ്യാനം
- ഹർമ്യം - കൊട്ടാരം
- പ്രാസാദം - മാളിക

16. ഭാഷ പ്രയോഗത്തിലെ വൈകല്യങ്ങൾ

A) അവർ തമ്മിൽ അജഗജാന്തര വ്യത്യാസമുണ്ട്
B) അപകടത്തിൽ ഏകദേശം നാല്പതോളം പേർക്ക് പരിക്കേറ്റു
C) പെണ്കുട്ടികളായ അഞ്ചു വിദ്യാര്ഥിനികളാണ് മത്സരത്തിൽ വിജയിച്ചത്
D) ഇവയെല്ലാം

Answer - D

Solution
- പറഞ്ഞ കാര്യം തന്നെ മറ്റുവാക്കുകളിൽ ആവർത്തിക്കപ്പെടുന്നതുമൂലമുണ്ടാകുന്ന വാക്യദോഷമാണ് പൗനരുക്ത്യം. 'പുനരുക്തി' എന്ന വാക്കിനർഥം 'വീണ്ടും പറച്ചിൽ' എന്നാണ്. അതു ദോഷമാകുമ്പോൾ 'പുനരുക്തിദോഷം' അഥവാ 'പൗനരുക്ത്യം' എന്നു പറയുന്നു.
- ഉദാഹരണങ്ങൾ: നടുമധ്യം, അർധപകുതി, ധൂളിപ്പൊടി, അഷ്ടചൂർണപ്പൊടി,

സുകുമാരഘൃതം നെയ്യ്, സ്വയം ആത്മഹത്യ ചെയ്തു, അറിയാനുള്ള ജിജ്ഞാസ, വിജയാശംസ നേരുക, ഗേറ്റുവാതിൽ, പോസ്റ്റുതൂണ്, ലൈറ്റുവെട്ടം, ഡബിൾകോട്ടുകട്ടിൽ, ട്രങ്കുപെട്ടി, ബ്രിൽ ഇങ്കുമഷി, ക്യാച്ച് പിടിക്കുക, സദാസമയം, ചൊല്പടിക്കനുസരിച്ച്, പണ്ടുകാലത്ത്

17. "സൈക്കോ' എന്ന തൂലികാനാമം ഏത് എഴുത്ത്കാരന്റെതാണ് ?

A) കെ. പദ്മനാഭൻ
B) ഇ. മുഹമ്മദ്
C) ഡൊമനിക്ക് ചാക്കോ കിഴക്കേമുറി
D) എൻ. വാസുദേവൻ നായർ

Answer - B

Solution

തൂലികാനാമങ്ങൾ
- സൈക്കോ _ ഇ.മുഹമ്മദ്
- സത്യനാഥൻ _ എം.ശ്രീധരമേനോൻ
- സി.ജെ.മണ്ണുംമൂട് _ കെ.സി ജോസഫ്
- സീരി _ രവിവർമ്മതമ്പുരാൻ
- സാഹിത്യപഞ്ചാനനൻ _ പി.കെ.നാരായണപിള്ള
- സിനിക് _ എം.വാസുദേവൻനായർ

18. "ഇങ്കുലാബിന്റെ മക്കൾ' എന്ന നാടകം രചിച്ചത് ആര് ?

A) സച്ചിദാനന്ദൻ
B) പൊൻകുന്നം വർക്കി
C) സി.എൻ. ശ്രീകണ്ഠൻ നായർ
D) പി.ജെ. ആന്റണി

Answer - D

Solution

പി.ജെ. ആന്റണി
- മലയാളചലച്ചിത്ര - നാടക രംഗത്തെ ഒരു അതുല്യ നടൻ ആയിരുന്നു പി. ജെ. ആന്റണി.
- 1973-ൽ രാഷ്ട്രപതിയുടെ സ്വർണ്ണമെഡലിന് അർഹമായ നിർമ്മാല്യം എന്ന ചിത്രത്തിലെ വെളിച്ചപ്പാടിനെ അവതരിപ്പിച്ച് ഭരത് അവാർഡുനേടിയ പി. ജെ. ആന്റണി അഭിനയ രംഗത്ത് തന്റേതായ സവിശേഷ വ്യക്തിത്വം പുലർത്തിയിരുന്ന ഒരു മഹാ പ്രതിഭയായിരുന്നു.
- പ്രധാന നാടകങ്ങൾ - ചക്രവാളം, വേഴാമ്പൽ, മൂഷികസ്ത്രീ , പൊതുശത്രുക്കൾ, ഇങ്ക്വിലാബിന്റെ മക്കൾ, ദീപ്തി, തീരം , മണ്ണ്, ഇത് പൊളിറ്റിക്സ്.

19. ബഷീറിനെ കൂടാതെ പൂവൻപഴം എന്ന പേരിൽ കഥയെഴുതിയ കഥാകൃത്ത് ?

A) എസ്.കെ. പൊറ്റക്കാട്
B) ടി. പത്മനാഭൻ
C) പൊൻകുന്നം വർക്കി
D) കാരൂർ നീലകണ്ഠപ്പിള്ള

Answer - D

Solution

- മലയാളത്തിലെ പ്രശസ്തനായ ചെറുകഥാകൃത്തായിരുന്നു കാരൂർ എന്ന് അറിയപ്പെട്ടിരുന്ന കാരൂർ നീലകണ്ഠപ്പിള്ള. (ജനനം - ഫെബ്രുവരി 22 1898, മരണം -സെപ്റ്റംബർ 30 1975)
- ഇദ്ദേഹം സാഹിത്യ പ്രസാധക സഹകരണ സംഘത്തിന്റെ സ്ഥാപക സെക്രട്ടറി ആയിരുന്നു. ഒരു അദ്ധ്യാപകനുമായിരുന്നു ഇദ്ദേഹം.
- ഇദ്ദേഹത്തിന്റെ അഞ്ചുകടലാസ് എന്ന കൃതി സിനിമയാക്കിയിട്ടുണ്ട്
- കൃതികൾ ഉതുപ്പാന്റെ കിണർ, കാരൂരിന്റെ ബാലകഥകൾ (വാല്യം.1. - 1945), മേൽവിലാസം 1946, കൊച്ചനുജത്തി (1946) ഇരുട്ടിൽ 1948, തൂപ്പുകാരൻ (1948), ആസ്ട്രോളജർ 1948, ഗൃഹനായിക 1948, പൂവൻപഴം (1949), മീൻകാരി 1950, തേക്കുപാട്ട് 1951

20. നായ കഥാപാത്രമായ ഒരു കഥ ?

A) ശബ്ദിക്കുന്ന കലപ്പ
B) വെള്ളപ്പൊക്കത്തിൽ
C) കടൽത്തീരത്ത്
D) നെയ്പ്പായസം

Answer - B

Solution

- തകഴിശിവശങ്കരപ്പിള്ളയുടെ പ്രശസ്തമായ കഥയാണ് 'വെള്ളപ്പൊക്കത്തിൽ'.
- നാട്ടിലെ ഏറ്റവും പൊക്കം കൂടിയ സ്ഥലത്തുള്ള ദേവവിഗ്രഹത്തെപ്പോലും മുക്കിയ വെള്ളപ്പൊക്കത്തിന്റെ രൂക്ഷത, അതിനിരയാകേണ്ടിവന്ന ഒരു പട്ടിയുടെ അനുഭവങ്ങൾ, യജമാനഭക്തി, മരണം എന്നിവയാണ് കഥാവിഷയം.

21. ആദ്യമായി എഴുത്തച്ഛൻ പുരസ്കാരം നേടിയതാര് ?

A) തകഴി
B) ബാലാമണിയമ്മ
C) കെ.എം. ജോർജ്
D) ശൂരനാട് കുഞ്ഞൻപിള്ള

Answer - D

Solution

എഴുത്തച്ഛൻ പുരസ്കാരം

- ഒരു സാഹിത്യകാരന്റെയോ സാഹിത്യകാരിയുടേയോ സമഗ്രസംഭാവന

വിലയിരുത്തി ബഹുമതി അർപ്പിക്കാനായി കേരള സർക്കാർ ഏർപ്പെടുത്തിയ പരമോന്നത സാഹിത്യപുരസ്കാരമാണ് എഴുത്തച്ഛൻ പുരസ്കാരം.
- അഞ്ച് ലക്ഷം രൂപയും പ്രശസ്തിപത്രവും ശില്പവുമാണ് അവാർഡ്.
- ആദ്യം നൽകിയത് 1993ൽ - ലഭിച്ചത് ശൂരനാട് കുഞ്ഞൻപിള്ളയ്ക്കാണ്

22. അർത്ഥം എഴുതുക - ഇനൻ ?

A) ചന്ദ്രൻ B) സൂര്യൻ C) നക്ഷത്രം D) രാത്രി

Answer - B

Solution
- ഇനൻ - സൂര്യൻ
- ഭൂമി - ധര , ക്ഷോണി , ക്ഷിതി
- കാരവം - കാക്ക

23. ശരിയായ രൂപമേത് ?

A) അഭ്യസ്ത വിദ്യൻ
B) അഭ്യസ്ഥ വിദ്യൻ
C) അഭ്യസ്ത്ത വിദ്യൻ
D) അഭ്യസ്ഥ വിധ്യൻ

Answer - A

Solution
- ശരിയായ രൂപമേത് - അഭ്യസ്ത വിദ്യൻ
- തെറ്റായ രൂപം - ശരിയായ രൂപം
- അംഗവീരൻ- അങ്കവീരൻ
- അങ്ങിനെ - അങ്ങനെ
- അടിമത്വം - അടിമത്തം
- അടിയന്തിര - അടിയന്തര

24. തൻമാത്രാ തദ്ധിതത്തിന് ഉദാഹരണം ?

A) ഒന്നാം
B) കണ്ടവൻ
C) മൂപ്പൻ
D) വെൺമ

Answer - D

Solution
- നാമങ്ങളിൽ നിന്നോ ഭേദകങ്ങളിൽ നിന്നോ ഉണ്ടാകുന്ന നാമശബ്ദങ്ങളാണ് തദ്ധിതം.
- അനേകം ധർമ്മങ്ങളുള്ള ഒരു ധർമ്മിയിൽ നിന്ന് ഒരു ധർമ്മത്തെ മാത്രം വേർതിരിച്ചു കാണിക്കുന്നതാണ് തന്മാത്രതദ്ധിതം. പ്രത്യേക ധർമ്മങ്ങളെ സൂചിപ്പിക്കുന്ന ഭേദകങ്ങളിൽ നിന്നും ഉണ്ടായ നാമരൂപങ്ങളാണിവ. മ, ത്തം,

തനം, തരം മുതലായ പ്രത്യയങ്ങൾ ചേർത്ത് തന്മാത്രതദ്ധിതം ഉണ്ടാക്കാം.
- പുതുമ, വെണ്മ, തിന്മ, നീലിമ, മധുരിമ തുടങ്ങിയവ ഉദാഹരണം.

25. ധനാശി പാടുക എന്ന ശൈലിയുടെ ശരിയായ അർത്ഥം?

A) ആരംഭിക്കുക
B) പെട്ടെന്ന് ഭയപ്പെടുത്തുക
C) അപൂർണ്ണമായി നിർത്തുക
D) അവസാനിപ്പിക്കുക

Answer - D

Solution
- താളം ചവിട്ടുക - വിഷമിക്കുക
- ഉമ്മാക്കി കാട്ടുക -ഭയപെടുത്തുക
- കാൽനീട്ടുക - പ്രവേശിക്കുക

26. നീതിയെ സംബന്ധിക്കുന്നത് എന്നർത്ഥം വരുന്ന പദമേത്?

A) നൈതികം
B) നിയാമകം
C) നിയുക്തം
D) നിയമം

Answer - A

Solution
- ഇലിയം - എലി
- ഇന്ദൂരം - ചുണ്ടെലി
- അർധം - പകുതി
- രദനം - പല്ല്

27. ചുവടെ കൊടുത്തിരിക്കുന്നവയിൽ നിന്ന് ശരിയായ വാക്യം തിരഞ്ഞെടുത്തെഴുതുക?

A) എനിക്ക് പത്തു തേങ്ങകൾ വേണം
B) എനിക്ക് പത്തു തേങ്ങ വേണം
C) എനിക്ക് പത്തു തേങ്ങകളാണ് വേണ്ടത്
D) എനിക്ക് പത്തു തേങ്ങകളോളം വേണം

Answer - B

Solution

തെറ്റായ വാക്യം	ശരിയായ വാക്യം
അവരെ ഹാർദവമായി സ്വാഗതം ചെയ്തു	അവരെ ഹാർദ്ദമായി സ്വാഗതം ചെയ്തു
മഴയത്ത് കരിഞ്ഞു നിന്ന സസ്യങ്ങൾ തളിരിട്ടു	കരിഞ്ഞു നിന്ന സസ്യങ്ങൾ മഴയത്ത് തളിരിട്ടു
വളഞ്ഞ കാലുള്ള കുറുപ്പിന്റെ കുട കാണാനില്ല	കുറുപ്പിന്റെ വളഞ്ഞ കാലുള്ള കുട കാണാനില്ല

28. ഉന്നമ്രം എന്ന പദം ശരിയായി പിരിച്ചെഴുതുന്നതെങ്ങനെ?

A) ഉൻ + നമ്രം B) ഉൽ + നമ്രം C) ഉത്+ നമ്രം D) ഉൻ + അമ്രം

Answer - C

Solution

- വാഗ്ദേവി - വാക് + ദേവി
- ഒരു + ആണ്ട് - ഒരാണ്ട്
- രണ്ടിടങ്ങഴി - രണ്ട് + ഇടങ്ങഴി

29. താഴെ തന്നിരിക്കുന്നവയിൽ ആമയുടെ പര്യായമായി വരുന്ന പദമേത്?

A) മേഷം B) കച്ഛപം C) മരാളം D) മണ്ഡൂകം

Answer - B

Solution

- മുറ്റം -അങ്കണം , ചത്വരം , അജിരം
- മകൻ - പുത്രൻ , തനയൻ
- തീ - അഗ്നി, വഹ്നി, അനലൻ

30. " If you want to shine like a sun first burn like a sun " എന്നതിന്റെ യഥാർത്ഥ പരിഭാഷ എന്താണ്?

A) നിങ്ങൾക്ക് സൂര്യനാകണമെങ്കിൽ നിങ്ങൾ സ്വയം കത്തിജ്വലിക്കണം
B) നിങ്ങൾ സൂര്യനാകാൻ ആഗ്രഹിക്കുന്നുവെങ്കിൽ
C) നിങ്ങൾക്ക് സൂര്യനാവാനും കത്തിജ്വലിക്കാനും കഴിയും
D) നിങ്ങൾക്ക് ഒരു സൂര്യനെപ്പോലെ തിളങ്ങണമെങ്കിൽ ആദ്യം സൂര്യനെപ്പോലെ കത്തി ജ്വലിക്കുക

Answer - D

Solution

- Bark up the wrong tree - തെറ്റിദ്ധരിക്കപ്പെടുക
- Naked Truth - നഗ്ന സത്യം
- Complement - പ്രശംസ

31. താഴെ കൊടുത്തിരിക്കുന്നവയിൽ ബഹുവചനത്തെ സൂചിപ്പിക്കാത്ത പദം ഏത് ?

A) അധ്യാപകർ B) കവികൾ C) സ്വാമികൾ D) ശിഷ്യൻമാർ

Answer - C

Solution

- ഏതെങ്കിലും ഒരു വസ്തുവിനെ കുറിച്ച് പറയുമ്പോൾ അപ്പോൾ അത് ഒന്നോ അതിലധികമോ എന്ന് സൂചിപ്പിക്കാൻ നാമപദത്തിൽ ചില രൂപ

മാറ്റങ്ങൾ വരുത്താറുണ്ട് ഉണ്ട് . ഈ മാറ്റത്തിന് വചനം എന്ന് പറയുന്നു
- ഒന്നിലധികം ഉണ്ടെന്ന് കാണിക്കുന്നതാണ് ബഹുവചനം

ഉദാ :
അമ്മ - അമ്മമാർ
പൂച്ച - പൂച്ചകൾ

32. അവരജൻ എന്ന പദത്തിന്റെ വിപരീതം ഏത് ?
A) അഗ്രജൻ B) ആത്മജൻ C) അനുജൻ D) അന്തണൻ

Answer - A
Solution
- രഹസ്യം X പരസ്യം
- അദയം X സദയം
- ഉത്തരം Xപൂർവ്വം

33. ചുവടെ കൊടുത്തിരിക്കുന്നവയിൽ ശരിയായ പദം ഏത് ?
A) ഉദ്ഗ്രഥിതം B) ഉദ്ഗ്രതിതം C) ഉദ്ഗ്രധിതം D) ഉദ്ഗ്രദിതം

Answer - A
Solution

തെറ്റായ പദം	ശരിയായ പദം
കൃസ്തു	ക്രിസ്തു
ഗ്രന്ധം	ഗ്രന്ഥം
കഡിനം	കഠിനം

34. ഭഗിനി എന്ന പദത്തിന്റെ പുല്ലിംഗരൂപമാണ്?
A) സ്വസ്താവ് B) ജാമാതാവ് C) ഭാഗിനേയൻ D) ഭ്രാതാവ്

Answer - C
Solution
- പുരുഷ ജാതിയെ കുറിക്കുന്ന നാമം - പുല്ലിംഗം
- പുല്ലിംഗത്തിന്റെ പ്രത്യയം ' അൻ' ആണ്.
- ഉദാ : മിടുക്കൻ, കള്ളൻ, വലിയവൻ

35. താഴെ കൊടുത്തവയിൽ ഏത് കൃതിയാണ് വൈക്കം മുഹമ്മദ് ബഷീറിന്റെ ചെറുകഥകളിൽ ഉൾപ്പെടുത്താത്തത്?
A) വിഡ്ഢികളുടെ സ്വർഗം B) ഭൂമിയുടെ അവകാശികൾ
C) ഏകാന്ത പഥികൻ D) ഓർമക്കുറുപ്പ്

Answer - C
Solution

വൈക്കം മുഹമ്മദ് ബഷീർ
- ബേപ്പൂർ സുൽത്താൻ.
- വൈക്കം മുഹമ്മദ് ബഷീർ ജനിച്ച വർഷം-1908 ജനുവരി 21.
- വൈക്കം മുഹമ്മദ് ബഷീറിന്റെ യഥാർത്ഥ പേര്-കൊച്ചുമുഹമ്മദ്.
- ബഷീറിന്റെ ആദ്യ കൃതി-പ്രേമലേഖനം - 1942.

36. കണ്ടു എന്നത് പിരിച്ചെഴുതുക

A) കൺ + ടു B) കൻ + ടു C) കൺ + തു D) ക + ണ്ടു

Answer - C

Solution
- തെറ്റില്ല = തെറ്റ് + ഇല്ല
- ഇമ്മാതിരി = ഇ + മാതിരി
- ഒരടി = ഒരു + അടി

37. സൂര്യന്റെ പര്യായ പദമല്ലാത്തതേത് ?

A) ആദിത്യൻ B) അരുണൻ C) സോമൻ D) ആര്യമാവ്

Answer - C

Solution
- അച്ഛൻ - ജനകൻ, ജനയിതാവ്, ജനിതാവ്, താതൻ
- അജം - ആട്, ഛഗം, ഛാഗം, ഛാഗലം, ബാസ്തം
- അജൻ - ബ്രഹ്മാവ്, ധാതാവ്,

38. പൂരണി തദ്ധിതത്തിനൊരുദാഹരണം?

A) കള്ളത്തരം B) ഒന്നാമൻ C) മിടുക്കി D) നല്ലവൻ

Answer - B

Solution
- പൂരണി തദ്ധിതം

പൂരണി എന്ന പദത്തിന് പൂരിപ്പിക്കുന്നത് എന്നർഥം. സംഖ്യാവാചികളായ നാമങ്ങളോട് 'ആം' എന്ന പ്രത്യയം. ചേർത്ത് പൂരണി തദ്ധിതം ഉണ്ടാക്കാം. പുല്ലിംഗ വിവക്ഷയിൽ 'അൻ' എന്ന പ്രത്യയം ചേർത്ത് പൂരണി തദ്ധിതം ഉണ്ടാക്കാം.
- ഒന്ന് - ഒന്നാം - ഒന്നാമൻ
- രണ്ട് - രണ്ടാം - രണ്ടാമൻ

39. താമര + കുളം - ഇവ ചേർത്തെഴുതുമ്പോൾ ഏതു സന്ധിയിൽ വരുന്നു?

A) ദ്വിത്വസന്ധി B) ലോപസന്ധി C) ആഗമസന്ധി D) ആദേശസസന്ധി

Answer - A

Solution

രണ്ടു വർണങ്ങൾ തമ്മിൽ ചേരുമ്പോൾ ഒന്നു ഇരട്ടിക്കുന്നതാണ് ദിത്വസന്ധി.
ഉദാഹണങ്ങൾ

- തീ+കനൽ = തീക്കനൽ
- പച്ച+കപ്പ =പച്ചക്കപ്പ
- തല+കെട്ട് =തലക്കെട്ട്

40. മുതലക്കണ്ണീർ എന്ന ശൈലിയുടെ ഏറ്റവും അനുയോജ്യമായ ഇംഗ്ലീഷ് വിവർത്തനം?

A) Crocodile tears B) Crocodile tales C) Crocodile tails D) Crocodile teeth

Answer - A

Solution

- Naked truth = നഗ്ന സത്യം
- Cut the mustard = വിജയിക്കുക
- Gordian Knot = ഊരാക്കുടുക്ക്

41. അക്കിലസ്സിന്റെ ഉപ്പൂറ്റി എന്ന ശൈലിയുടെ ശരിയായ ഇംഗ്ലീഷ് വിവർത്തനം?

A) Achilles' knees
B) Achilles' footprint
C) Achilles' toes
D) Achilles' heel

Answer - D

Solution

- Things fall apart - സർവവും ശിഥിലമാകുന്നു
- Your application is rejected- താങ്കളുടെ അപേക്ഷ നിരസിച്ചിരുന്നു
- Crying child gets milk - കരയുന്ന കുഞ്ഞിനേ പാലുള്ളൂ

42. ശരിയായ ഭാഷാ പ്രയോഗം തെരഞ്ഞെടുക്കുക.

A) പ്രളയ ബാധിതരായിട്ട് ഏകദേശം അമ്പതോളം പേർ ക്യാമ്പുകളിൽ കഴിയുന്നുണ്ട്
B) ഏകദേശം അമ്പതോളം പ്രളയബാധിതർ ക്യാമ്പുകളിലായി കഴിയുന്നുണ്ട്
C) ക്യാമ്പുകളിലെ പ്രളയബാധിതരായി ഏകദേശം അമ്പതോളം പേർ കഴിയുന്നുണ്ട്
D) ക്യാമ്പുകളിൽ അമ്പതോളം പ്രളയബാധിതർ കഴിയുന്നുണ്ട്.

Answer - D

Solution

ശരിയായ ഭാഷാപ്രയോഗം

- ക്യാമ്പുകളിൽ അമ്പതോളം പ്രളയബാധിതർ കഴിയുന്നുണ്ട്.
- കൃഷിരീതികളെ ആധുനികീകരിക്കേണ്ടതാണ്
- അതാണ് ഞാൻ ഇങ്ങനെ അഭിപ്രായപ്പെടുന്നത്
- അയാൾ അലക്കിതേച്ച വെളുത്ത വസ്ത്രമാണ് ധരിച്ചിരുന്നത്

43. അ + അൻ > അവൻ ഇവിടെ സന്ധിയേത് ?

A) ദ്വിത്വം B) ആദേശം C) ആഗമം D) ലോപം

Answer - C

Solution

- രണ്ടു പദങ്ങൾ തമ്മിൽ ചേരുമ്പോൾ പൂർവ്വ പദത്തിന്റെ അന്ത്യവർണ്ണത്തിനോ ഉത്തരപദത്തിന്റെ ആദ്യവർണ്ണത്തിനോ അവയ്ക്കിടയിലോ ഉണ്ടാകുന്ന രൂപഭേദത്തെയാണ് ഭാഷയിൽ സന്ധി എന്ന പദംകൊണ്ട് കുറിക്കുന്നത്.
- അതായത്, സന്ധി എന്നാൽ "ചേർച്ച" എന്നർത്ഥം.
- സന്ധിക്കുന്ന വർണ്ണത്തിനുണ്ടാകുന്ന മാറ്റത്തെ അടിസ്ഥാനമാക്കി സന്ധികൾ നാലുവിധമുണ്ട്.
- ലോപസന്ധി, ആഗമസന്ധി, ദ്വിത്വസന്ധി, ആദേശസന്ധി

ആഗമസന്ധി :

- രണ്ടു വർണ്ണങ്ങൾ ചേരുമ്പോൾ അവയിക്കിടയിൽ ഒരു വർണ്ണം കൂടുതലായി വരുന്നത് ആഗമസന്ധി.
- വഴി + അമ്പലം = വഴിയമ്പലം
- തിരു + ആഭരണം = തിരുവാഭരണം
- അ + അൾ = അവൾ

44. _____ ആണ് ഉൻമീലനത്തിന്റെ വിപരീത രൂപം ?

A) അനുക്രമം B) നിമീലനം C) ലോചനം D) ഉല്ലേഖം

Answer - B

Solution

- സരളം X പ്രൗഢം
- വിരസം X സരസം
- വിഷമം X സമം

45. കൂട്ടത്തിൽ പെടാത്തത് ഏത് ?

A) ആദർശം B) ദർപ്പണം C) കണ്ണാടി D) കൈതവം

Answer - D

Solution

- കൈതവം എന്നാൽ വഞ്ചന എന്നർത്ഥം.
- ബാക്കി ഉത്തരങ്ങളെല്ലാം കണ്ണാടിയുടെ പര്യായപദങ്ങളാണ്.

- കണ്ണാടി - ആദർശം, മുകുരം, ദർപ്പണം, ദർശനം.
- കുയിൽ - പികം, പരഭൃതം .

46. ' Apple of the eye ' എന്ന ഇംഗ്ലീഷ് പദത്തിന്റ വിവർത്തനം ഏത് ?

A) ആപ്പിൾക്കണ്ണുകൾ
B) വലിയ കണ്ണുകൾ
C) കണ്ണിലുണ്ണി
D) കൺകുരു

Answer - C

Solution

- All that glitters is not gold-മിന്നുന്നതെല്ലാം പൊന്നല്ല.
- New bride sweep clean-പുത്തനച്ചി പുരപ്പുറം തൂക്കും.
- Look before you leap - ഇരുന്നിട്ടേ കാലു നീട്ടാവൂ.

47. ' കൊച്ചി കണ്ടവന് അച്ചി വേണ്ട ' എന്ന ചൊല്ലിന്റെ അർത്ഥം?

A) കൊച്ചിയുടെ മാഹാത്മ്യം
B) കൊല്ലത്തിന്റെ വൈശിഷ്ട്യം
C) സമയദോഷം
D) കാഴ്ചയുടെ കുറവ്

Answer - A

Solution

- നേരു പറഞ്ഞാൽ നേരത്തെ പോകാം - വളച്ചുകെട്ടില്ലാത്ത പ്രവൃത്തിക്ക് ഫലം എളുപ്പം ലഭിക്കും.
- എല്ലുമുറിയെ പണിതാൽ പല്ലുമുറിയെ തിന്നാം - അധ്വാനിക്കാൻ മനസ്സുണ്ടെങ്കിൽ സമ്പത്ത് ധാരാളം ഉണ്ടാകും.
- വായറിയാതെ പറഞ്ഞാൽ ചെവി അറിയാതെ കൊള്ളും - വാക്കുകൾ സൂക്ഷിച്ചുപയോഗിക്കുക.

48. മടി + ശീല ചേർത്തെഴുതിയ രൂപമാണ് ?

A) മടിശീല
B) മടിച്ചീല
C) മടിശ്ചീല
D) മടിശ്ശീല

Answer - D

Solution

- സത് + ജനം - സജ്ജനം.
- മഹത് + ചരിതം - മഹച്ചരിതം.
- സത്+ ഭാവം - സദ്ഭാവം

49. ശരിയായ രൂപം കണ്ടെത്തി എഴുതുക ?

A) യാദൃശ്ചികം
B) യാദൃശ്ശികം
C) യാദൃച്ഛികം
D) യാദൃച്ചികം

Answer - C

Solution

- ജീവത്+ ശവം - ജീവച്ഛവം.

- മഹത് + ശക്തി - മഹച്ഛക്തി .
- ഉത് + ശിഷ്ടം - ഉച്ഛിഷ്ടം.

50. കുടിക്കുവാൻ ആഗ്രഹിക്കുന്ന ആൾ -ഒറ്റപ്പദമാക്കുക

A) പിപഠിഷു B) ബുഭുക്ഷു C) പിപാസു D) ദിദൃക്ഷു

Answer - C

Solution

- പഠിക്കാൻ ആഗ്രഹിക്കുന്നയാൾ - പിപഠിഷു .
- ഭക്ഷിക്കാൻ ആഗ്രഹിക്കുന്നയാൾ - ബുഭുക്ഷു .

കാണാൻ ആഗ്രഹിക്കുന്നയാൾ - ദിദൃക്ഷു .

QUANTITATIVE APTITUDE

1. (89×108×124)/11 -ൻറെ ശിഷ്ടം ?

A) 1

B) 3

C) 9

D) 5

Answer - D

Solution

$\frac{89\times108\times124}{11}$ -ന്റെ ശിഷ്ടം

89=11×8+1 => ശിഷ്ടം =1

108=11×9+9 => ശിഷ്ടം =9

124=11×11+3 => ശിഷ്ടം = 3

i.e, 1×9×3=27

1×9×3=27

അതായത്, $\frac{27}{11}$ ശിഷ്ടം 5

27 നെ 11 കൊണ്ട് ഹരിക്കുമ്പോൾ ശിഷ്ടം 5

2. 129-ന്റെ $5\frac{1}{3}$ + 18.5+?= 1052.46

A) 149.96

B) 388.96

C) 345.96

D) 302.96

Answer - C

Solution

? = 1052.46 -(129-ന്റെ $5\frac{1}{3}$ + 18.5)

= 1052.46 -(43 x 16 +18.5)

= 1052.46 -(706.50)

= 345.96

3. 180 ന്റെ എത്ര ശതമാനം ആണ് 45?

A) 25

B) 75

C) $12\frac{1}{2}$

D) $66\frac{2}{3}$

Answer - A

Solution

$$180 \times \frac{x}{100} = 45$$

$$x = 45 \times \frac{100}{180}$$

$$x = \frac{100}{4}$$

$$x = 25\%$$

4. ഒരു ക്ലാസ്സിലെ 30 കുട്ടികളുടെശരാശരി പ്രായം 14 വയസ്സാണ്. ക്ലാസ്സധ്യാപകൻറെ പ്രായവും കൂടി ഉൾപ്പെടുത്തിയപ്പോൾ ശരാശരി പ്രായം 15 ആയാൽ ക്ലാസ് അധ്യാപകൻറെ പ്രായം എത്ര ?

A) 44 B) 30 C) 45 D) 29

Answer - C

Solution

നമുക്ക് അറിയാം ആകെ = ശരാശരി × എണ്ണം

30 കുട്ടികളുടെ ആകെ വയസ്സ് = 30×14 = 420
ക്ലാസ്സധ്യാപകൻറെ വയസ്സ് = x

30 കുട്ടികളുടെയും ക്ലാസ്സധ്യാപകന്റെയും ആകെ വയസ്സ് = 420+x
ക്ലാസിലെ ആകെ അംഗങ്ങളുടെ എണ്ണം ഇപ്പോൾ 31 ആണ്

420+x = 31×15
420+x=465
x=45
ക്ലാസ്സധ്യാപകൻറെ വയസ്സ് = 45

5. ഒരേ ഇനത്തിൽപ്പെട്ട 44 സാധനങ്ങൾ വിറ്റപ്പോൾ ലാഭമായി കിട്ടിയത് 11 സാധനങ്ങളുടെ മുടക്കു മുതലാണ്. എങ്കിൽ ലാഭ ശതമാനം എത്ര ?

A) 33 1/3 % B) 20 % C) 25% D) 40%

Answer - C

Solution

ഒരു സാധനത്തിൻറെ മുടക്കുമുതൽ 1 രൂപ എടുക്കാം.
അപ്പോൾ 11 സാധനങ്ങളുടെ മുടക്കു മുതൽ = 11 രൂപ
44 സാധനങ്ങളുടെ മുടക്കു മുതൽ 44 രൂപ.
44 സാധനങ്ങളുടെ വിറ്റ വില 'x ' എടുക്കാം.
44 സാധനങ്ങൾ വിറ്റപ്പോൾ ഉള്ള ലാഭം = വിറ്റ വില - വാങ്ങിയ വില = x - 44 .
x - 44 = 11,അതായത് x = 55
ലാഭ ശതമാനം = (11)/44 ×100 = 25%

6. 58 രൂപ A,B,C എന്നിവർക്ക് വീതിച്ചത് ഇപ്രകാരമാണ് .A -ക്കു B -യെക്കാൾ 7 കൂടുതലും B -ക്കു C -യെക്കാൾ 6 കൂടുതലും. അവർക്കു ലഭിച്ച തുകയുടെ അംശബന്ധം ?

A) 13:26:19 B) 26:19:13 C) 19:13:26 D) 28:18:12

Answer - B

Solution

C -യ്ക്ക് ലഭിച്ച തുക 'x' എന്ന് എടുക്കാം.
B -യ്ക്ക് ലഭിച്ച തുക = x +6
A -യ്ക്ക് ലഭിച്ച തുക = x +6+7 = x +13
അതായതു , x +x +6 +x +13 = 58
3x +19 =58
3x = 39
x =13
A:B:C = 13 +13 :13 +6 :13 = 26 :19 :13

7. 220 മീറ്റർ നീളമുള്ള ഒരു തീവണ്ടിയുടെ വേഗത 36 കി.മീ / മണിക്കൂർ ആകുന്നു. ഒരു ടെലിഫോൺ തൂൺ കടക്കുന്നതിനു ഈ തീവണ്ടി എടുക്കുന്ന സമയം ?

A) 6 സെക്കൻഡ് B) 20 സെക്കൻഡ്
C) 22 സെക്കൻഡ് D) 6 (1)/(9) സെക്കൻഡ്

Answer - C

Solution

ദൂരം = തീവണ്ടിയുടെ നീളം = 220 മീറ്റർ
വേഗം = 36 കിമീ /മണിക്കൂർ = 36×5/18 = 10 മീറ്റർ /സെക്കൻഡ്
സമയം = ദൂരം/വേഗം = (220)/10 = 22 സെക്കൻഡ് .

8. രണ്ടു അർദ്ധഗോളങ്ങളുടെ ആരങ്ങൾ തമ്മിലുള്ള അശബസം 2:3 ആയാൽ അവയുടെ വ്യാപ്തങ്ങൾ തമ്മിലുള്ള അംശബന്ധം എത്ര?

A) 4:9 B) 8:27 C) 2:3 D) 27:8

Answer - B

Solution

$$r_1 : r_2 = 2:3$$

അർദ്ധഗോളങ്ങളുടെ വ്യാപ്തങ്ങൾ തമ്മിലുള്ള അംശബന്ധം

$$= \frac{2}{3}\pi\, r_1^3 : \frac{2}{3}\pi\, r_2^3$$

$$= r_1^3 : r_2^3$$

$$= 2^3 : 3^3$$

$$= 8:27$$

9. 12 1/2%വാർഷിക നിരക്കിൽ ഒരു തുകയ്ക്ക് 2 വർഷത്തേക്കുള്ള കൂട്ടുപലിശയും സാധാരണ പലിശയും തമ്മിലുള്ള വ്യത്യാസം 200 രൂപ ആയാൽ മുതൽ ?

A) 12800 രൂപ B) 12000 രൂപ C) 12700 രൂപ D)12500 രൂപ

Answer - A

Solution

R= 121/2 % = 25/2 %

N = 2 വർഷം

I = PNR

= P×2× 25/2 = 1/4 P

$$A = P(1+\frac{R}{100})^N$$

$$= P(1+\frac{25}{200})^2$$

$$= \frac{81}{64} P$$

$$I = A-P = \frac{81}{64} P - P$$

$$\frac{81}{64} P - P - \frac{1}{4} P = 200$$

$$P\left(\frac{81}{64} - 1 - \frac{1}{4}\right) = 200$$

$$P \times \frac{1}{64} = 200$$

$$P = 200 \times 64 = 12800/-$$

10. ഒരു സംഖ്യയുടെ വർഗ്ഗത്തോടു കൂടി 51 ചേർത്താൽ 676 കിട്ടും. സംഖ്യയേത് ?

A) 525 B) 625 C) 25 D) 26

Answer - C

Solution

സംഖ്യ x

$$x^2 + 51 = 676$$

$$x^2 = 676-51 = 625$$

$$x = 25$$

11. 20 - ഇൽ താഴെയുള്ള ഒറ്റസംഖ്യകളുടെ തുകയെത്ര ?

A) 100 B) 96 C) 98 D) 20

Answer - A

Solution

ഒറ്റസംഖ്യകളുടെ തുക = n^2

20 - ഇൽ താഴെയുള്ള ഒറ്റസംഖ്യകളുടെ തുക = 1+3+.....+19

n= 10

20 - ഇൽ താഴെയുള്ള ഒറ്റസംഖ്യകളുടെ തുക = $n^2 = 10^2$

= 100

12. 5 1/3 + 31/3 −21/3 = ?

A) 101/3 B) 41/3 C) 61/3 D) 51/3

Answer - C

Solution

5 1/3 + 31/3 −21/3 = ?

5 + 3 - 2 + 1/3 + 1/3 − 6 1/3 1/3 = 61/3

13. 1/2 + 1/4 + 1/8 + 1/16 + X = 1

A) 1/2 B) 1/4 C) 1/8 D) 1/16

Answer - D

Solution

1/2 + 1/4 + 1/8 + 1/16 + X = 1

15/16 + X = 1

X = 1 - 15/16

= 1/(16)

14. രണ്ട് സംഖ്യകൾ തമ്മിലുള്ള അംശബന്ധം 3 : 4 , അവയുടെ വ്യത്യാസം 24 എങ്കിൽ ചെറിയ സംഖ്യ എത്ര ?

A) 72 B) 96 C) 36 D) 24

Answer - A

Solution

രണ്ട് സംഖ്യകൾ = 3x,4x

അവയുടെ വ്യത്യാസം 24

4x−3x=24
x=24
ചെറിയ സംഖ്യ = 3×24
= 72

15. $X-\frac{1}{x}=7$ ആയാൽ $X^2+\frac{1}{X^2}$ എത്ര ?

A) 51

B) 47

C) 49

D) 15

Answer - A
Solution

$X-\frac{1}{x}=7$

$(X-\frac{1}{X})^2 = X^2 - 2\times\frac{1}{X}\times\frac{1}{X}+\frac{1}{X^2}=49$

$X^2-2+\frac{1}{x^2}=49$

$X^2+\frac{1}{x^2}=49+2=51$

16. $(\sqrt{3}+1)(\sqrt{3}-1)=$?

A) 4

B) $2\sqrt{3}$

C 2

D) $\sqrt{8}$

Answer - C
Solution
(a+b)(a−b)= $a^2 - b^2$

$(\sqrt{3}+1)(\sqrt{3}-1)=(\sqrt{3})^2-1^2$
a

= 3-1 = 2

17. 10 cm, 8 cm, 6 cm വശങ്ങളുള്ള ത്രികോണത്തിന്റെ മധ്യബിന്ദുക്കൾ യോജിപ്പിച്ചു കിട്ടുന്ന ത്രികോണത്തിന്റെ ചുറ്റളവെത്ര?

A) 24 cm B) 12 cm C) 18 cm D) 16 cm

Answer - B

Solution

10 cm, 8 cm, 6 cm വശങ്ങളുള്ള ത്രികോണം മട്ടത്രികോണമാണ്.

$$6^2 + 8^2 = 10^2$$

മധ്യബിന്ദുക്കൾ യോജിപ്പിച്ചു കിട്ടുന്ന ത്രികോണത്തിന്റെ വശങ്ങൾ 3,4,5 (ആദ്യ ത്രികോണത്തിന്റെ വശങ്ങളുടെ പകുതി)

ചുറ്റളവ് = 3+4+5 = 12

18. അമ്മുവിന്റെ വയസ്സ് 10 ന്റെ ഗുണിതമാണ് കഴിഞ്ഞ വർഷം അവളുടെ വയസ്സ് 13 ന്റെ ഗുണിതമായിരുന്നു അമ്മുവിന്റെ വയസ്സെത്ര ?

A) 30 B) 39 C) 40 D) 52

Answer - C

Solution

ഓപ്ഷൻ പരിശോധിച്ചാൽ 10 ൻറെ ഗുണിതങ്ങൾ 30 ,40

കഴിഞ്ഞ വർഷം അവളുടെ വയസ്സ് 30-1,40-1 = 29,39

ഇതിൽ 13 ൻറെ ഗുണിതം 39

അതിനാൽ അമ്മുവിൻറെ വയസ്സ് = 40

19. X ന്റെ Y% 30 ആയാൽ Y യുടെ X% എത്ര ?

A) 60 B) 30 C) 40 D) 10

Answer - B

Solution

X ൻറെ Y% = X × Y/100 = 30

XY/100 = 30

Y യുടെ X% = Y × X/100

XY/100 = 30

20. 20 ആളുകൾ 6 ദിവസം കൊണ്ട് ചെയ്തു തീർക്കുന്ന ഒരു ജോലി 8 ആളുകൾ എത്ര ദിവസം കൊണ്ട് ചെയ്തു തീർക്കും ?

A) 40 B) 30 C) 15 D) 48

Answer - C

Solution

M1D1 = M2D2

20×6 = 8×D

120 = 8D

D = 120/8 = 15

21. 9 x 36 ÷ 4 + 9 - 9 = ?

A) 84 B) 85 C) 81 D) 80

Answer - C

Solution

BODMAS rule

ഹരണം , ഗുണനം , സങ്കലനം , വ്യവകലനം എന്ന ക്രമത്തിൽ ചെയ്യുക.

9 x 36 ÷ 4 + 9 - 9 = 9 x 9 +9 -9

= 81 + 9 - 9 = 81

22. 5000 രൂപ 8% നിരക്കിൽ 2 വർഷത്തേയ്ക്ക് സാധാരണപലിശയ്ക്ക് നിക്ഷേപിച്ചാൽ തിരികെ ലഭിക്കാവുന്ന തുകയെത്ര ?

A) 800 B) 5800 C) 6800 D) 4300

Answer - B

Solution

പലിശ = $\frac{PNR}{100}$

P = മുതൽ, N= കാലയളവ്, R = പലിശ നിരക്ക്

$I = \frac{5000 \times 2 \times 8}{100} \times 800$

തിരികെ ലഭിക്കാവുന്ന തുക = 5000 + 800 = 5800

23. പാർക്കിങ്ങ് ഏരിയായിൽ നിന്നും രണ്ട് കാറുകൾ ഒരേ സമയം പുറപ്പെടുന്നു. ഒന്ന് 6 km വടക്കോട്ടും മറ്റൊരു കാർ 8 km പടിഞ്ഞാറോട്ടും യാത്ര തിരിച്ചു. കാറുകൾ തമ്മിലുള്ള ഇപ്പോഴത്തെ അകലമെത്ര ?

A) 14 B) 2 C) 10 D) 7

Answer - C

Solution

ഒന്ന് 6 km വടക്കോട്ടും മറ്റൊരു കാർ 8 km പടിഞ്ഞാറോട്ടും,

കാറുകൾ തമ്മിലുള്ള ഇപ്പോഴത്തെ അകലം = $\sqrt{6^2 + 8^2}$

$= \sqrt{36 + 64}$

$= \sqrt{100} = 10$

24. വർഷത്തിൽ കൂട്ടുപലിശ കണക്കാക്കുന്ന ഒരു ബാങ്കിൽ ഒരാൾ 2000 രൂപ നിക്ഷേപിച്ചു. രണ്ടു വർഷം കഴിഞ്ഞപ്പോൾ തുക 2205 ആയി എങ്കിൽ പലിശ നിരക്ക് എത്ര?

A) 8% B) 2% C) 5% D) 7%

Answer - C

Solution

$$2000\,(1+\frac{R}{100})^2 = 2205$$

$$(1+\frac{R}{100})^2 = \frac{2205}{2000}$$

$$(1+\frac{R}{100})^2 = \frac{441}{200}$$

1+R/100 = 21/20
R/100 = 21/20 -1 = 1/20
R/100 = 1/20
R = 100/20 = 5%

25. ഒരു സമചതുരത്തിന്റെ വികർണ്ണം 12 cm ആണെങ്കിൽ, സമചതുരത്തിന്റെ പരപ്പളവ് (വിസ്തീർണ്ണം) ?

A) 32 B) 36 C) 58 D) 72

Answer - D

Solution

a വശമുള്ള ഒരു ചതുരത്തിന്റെ വികർണ്ണം D = $\sqrt{2a}$

$\sqrt{2a} = 12$

$a = \frac{12}{\sqrt{2}}$

വിസ്തീർണ്ണം = a × a

$= \frac{12}{\sqrt{2}} \times \frac{12}{\sqrt{2}}$

$= \frac{144}{2} = 72\ cm^2$

26. ഒരു പരീക്ഷയ്ക്ക് ഹാജരായവരിൽ 49.3% കുട്ടികൾ വിജയിച്ചു. ജയിച്ചവരുടെ എണ്ണം 23128 ആയാൽ ഏകദേശം എത്ര കുട്ടികൾ പരീക്ഷ എഴുതി?

A) 46913 B) 45913 C) 47913 D) 46000

Answer - A

Solution

പരീക്ഷ എഴുതിയവരുടെ എണ്ണം 100% ആയിട്ട് എടുത്താൽ ,
49.3% = 23128
100% = x
49.3 × x = 100 × 23128

$$x = \frac{2312800}{49.3} = 46912.77 \approx 46913.$$

27. 150 മീറ്റർ നീളമുള്ള ഒരു ട്രെയിൻ 2 കി.മീ / മണിക്കൂർ വേഗതയിൽ എതിർ ദിശയിൽ സഞ്ചരിക്കുന്ന ഒരാളെ കടന്നുപോകുവാൻ 10 സെക്കൻഡ് എടുത്തു എങ്കിൽ ട്രയിനിന്റെ വേഗത എത്ര?

A) 52 കി . മീ / മണിക്കൂർ B) 58 കി . മീ / മണിക്കൂർ
C) 84 കി . മീ / മണിക്കൂർ D) 53 കി . മീ / മണിക്കൂർ

Answer - A

Solution

ട്രയിനിൻറെ വേഗത x ആയിട്ട് എടുത്താൽ
150/(x+2×5/18) = 10
x + 5/9 = 15

x = 15 - 5/9 = (15×9-5)/9 = 130/9 m/s
130/9 m/s = 130/9 ×18/5
= 52 കി. മീ / മണിക്കൂർ.

28. ഒരു ടാങ്ക് അതിൻറെ 3/4ഭാഗം വെള്ളം നിറച്ചിരിക്കുന്നു. 5 ലിറ്റർ വെള്ളം കൂടി ഒഴിച്ചാൽ അതിൻറെ (4)/(5) ഭാഗം നിറയുമെങ്കിൽ ടാങ്കിൻറെ ശേഷി എത്ര?

A) 100 ലിറ്റർ B) 120 ലിറ്റർ C) 50 ലിറ്റർ D) 110 ലിറ്റർ

Answer - A

Solution

20x ടാങ്കിന്റെ കപ്പാസിറ്റി ആയി എടുത്താൽ .
3/4×20x +5 = (4)/(5)×20x
15 x + 5 = 16 x
x = 5
ടാങ്കിന്റെ കപ്പാസിറ്റി = 20x
= 20 ×5 = 100 ലിറ്റർ .

29. ഒറ്റയാനെ കണ്ടെത്തുക?

A) 7 B) 9 C) 11 D) 13

Answer - B

Solution

9 ഒഴികെ മറ്റെല്ലാ സംഖ്യകളും അഭാജ്യ സംഖ്യകൾ ആണ് .

30. + = ÷, ÷ = –, – = ×, × = + ആയാൽ 48 + 16 ÷4 - 2×8 = ?

A) 3 B) 6 C) -28 D) 112

Answer -A

Solution

48+16÷4−2×8 = 48÷16−4×2+8
48÷16−4×2+8 = 3 - 8 + 8 = 3.

31. P (x) =2x^2+ 4x - 5 എന്ന ബഹുപദത്തെ സംബന്ധിച്ച് താഴെ തന്നിരിക്കുന്ന പ്രസ്താവനകളിൽ ശരിയായത് എഴുതുക .

1. P (-1) = 7 ആണ്
2. ഈ ബഹുപദത്തെ 2 കൊണ്ട് ഹരിച്ചാൽ ശിഷ്ടം 1 ആണ്.

A) 1 ഉം 2 ഉം ശരിയാണ്
B) 1 ശരിയും 2 തെറ്റുമാണ്
C) 1 ഉം 2 ഉം തെറ്റാണ്
D) 1 തെറ്റും 2 ശരിയുമാണ്

Answer - D

Solution

$$P(x) = 2x^2 + 4x - 5$$

$$P(-1) = 2\times -1^2 + 4\times -1 - 5$$

$$= 2 - 4 - 5 = 2 - 9 = -7$$

$$2x^2 + 4x^{\blacksquare} - 5 = 2x^2 + 4x^{\blacksquare} - 6 + 1$$



ശിഷ്ടം 1

32. -4, -7, -10..... എന്ന സമാന്തര ശ്രേണിയെ സംബന്ധിച്ച് രണ്ട് പ്രസ്താവനകൾ തന്നിരിക്കുന്നു. ശരിയായ പ്രസ്താവന/ പ്രസ്താവനകൾ ഏത് ?

1.പൊതുവ്യത്യാസം -3 ആണ്
2.ബീജഗണിത രൂപം \(-3n+1\)

A) 1ഉം 2ഉം ശരിയാണ്
B) 1 ശരിയും 2 തെറ്റുമാണ്
C) 1ഉം 2ഉം തെറ്റാണ്
D) 1 തെറ്റും 2 ശരിയുമാണ്

Answer - B

Solution

-4, -7, -10.....
പൊതുവ്യത്യാസം = -10- - 7 = -10 + 7 = -3
1 ശരിയാണ്
ബീജഗണിത രൂപം = -3n+1
n = 1 −3×1+1 = -3+1 = -2
2 തെറ്റാണ്
ഉത്തരം : 1 ശരിയും 2 തെറ്റുമാണ്

33. താഴെ തന്നിരിക്കുന്നവയിൽ ഗുണനഫലം എണ്ണൽ സംഖ്യകൾ വരുന്ന ജോഡികൾ ഏതൊക്കെ ?

1. $\sqrt{0.8}, \sqrt{20}$
2. $\sqrt{0.8}, \sqrt{0.2}$
3. $\sqrt{30}, \sqrt{1.2}$
4. $\sqrt{0.08}, \sqrt{0.02}$

A) 1 ഉം 2 ഉം ശരിയാണ്
B) 3 ഉം 4 ഉം ശരിയാണ്
C) 1ഉം 3ഉം ശരിയാണ്
D) 3 ഉം 2 ഉം ശരിയാണ്

Answer - C
Solution
ഉത്തരം : 1ഉം 3ഉം ശരിയാണ്

$$\sqrt{0.8} \times \sqrt{20} = \sqrt{16} = 4$$

$$\sqrt{30} \times \sqrt{1.2} = \sqrt{36} = 6$$

34. 4,8,12,16,.....
10,14,18,22.... ഈ രണ്ട് സമാന്തര ശ്രേണികളുടെ 20 പദങ്ങളുടെ തുകകളുടെ വ്യത്യാസം കാണുക.

A) 100
B) 130
C) 120
D) 124

Answer - C
Solution
- രണ്ട് ശ്രേണികളുടെയും പൊതുവ്യത്യാസം തുല്യമായതിനാൽ രണ്ട് ശ്രേണിയിലെയും സമാനസ്ഥാനത്തെ സംഖ്യകൾ തമ്മിലുള്ള വ്യത്യാസം 6.
- അതുകൊണ്ട് തുകയുടെ വ്യത്യാസം = 20×6 = 120

ഉത്തരം : 120

35. |x-2| + |x-6|= 10 ആണെങ്കിൽ x ന്റെ വിലകൾ ഏവ ?

A) 9,-9 B) 9,1 C) 1,-9 D) -1,9

Answer - D

Solution

x = -1 എന്ന വില നല്കിയാൽ

|-1-2| + |-1-6|

= |-3| + |-7|

= 3 + 7 = 10

x = 9 ആയാൽ

|9-2| + |9-6| = 7 + 3 = 10

ഉത്തരം : -1,9

36. $\frac{1}{9}$= 0.1111... ആണ് ,എങ്കിൽ $\sqrt{0.44444.....}$ ഭിന്ന സംഖ്യ രൂപം ഏത് ?

A) $\frac{2}{3}$

B) $\frac{4}{3}$

C) $\frac{2}{9}$

D) $\frac{4}{9}$

Answer - A

Solution

1/9= 0.1111...

4/9 = 0.4444....

$$\sqrt{0.44444.....} = \sqrt{\frac{4}{9}} = \frac{2}{3}$$

37. 10 നും 100 നും ഇടയിൽ 3 കൊണ്ട് നിശ്ശേഷം ഹരിക്കാവുന്ന എത്ര സംഖ്യകൾ ഉണ്ട്?

A) 30 B) 28 C) 32 D) 26

Answer - A

Solution

$a_1 = 12$; $a_n = 99$, d = 3

$a_n = a_1 + (n-1)d$

$99 - 12 = 3n - 3 \Rightarrow 87+3 = 3n \Rightarrow 90 = 3n$

$\therefore n = 30$

38. 4000 രൂപ 10% പലിശ നിരക്കിൽ ഇരട്ടിക്കാൻ എത്ര വർഷം കഴിയണം?

A) 8 B) 10 C) 12 D) 6

Answer - B

Solution

4000 രൂപയ്ക്കു 10 % പലിശ നിരക്കിൽ ഒരു വർഷം കഴിയുമ്പോൾ ഉള്ള പലിശ = 4000 ×10/100= 400

4000 രൂപയുടെ ഇരട്ടി = 8000

അതായത് , 10 വർഷം കഴിയുമ്പോൾ പലിശ 4000 ആകും.

അപ്പോൾ ആകെ മുതൽ 4000 ത്തിന്റെ ഇരട്ടിയായ 8000 ആകും.

39. 500 രൂപയുടെ ഹെഡ് സെറ്റ് 15% വില കൂട്ടിയശേഷം 15% വില കുറയ്ക്കുന്നുവെങ്കിൽ ലാഭമോ നഷ്ടമോ? എത്ര രൂപ ?

A) നഷ്ടം, 11.20 രൂപ B) ലാഭം, 11.15 രൂപ

C) ലാഭം, 11.35 രൂപ D) നഷ്ടം, 11.25 രൂപ

Answer - D

Solution

500 രൂപയുടെ ഹെഡ് സെറ്റ് 15% വില കൂട്ടിയശേഷം വില

= 500 ×115/100 =575

15% വില കുറയ്ക്കുമ്പോൾ പുതിയ വില = 575×85/100 = 488.75

40. $4^x = \frac{4}{2^x}$ ആയാൽ x ന്റെ വിലയെന്ത് ?

A) 3/4 B) 2/3 C) 1/4 D) 4/3

Answer - B

Solution

$$4^x = \frac{4}{2^x} \Rightarrow 4^x \times 2^x = 4$$

$$\Rightarrow (4 \times 2)^x = 4$$

$$\Rightarrow 8^x = 4$$

$$(\sqrt[3]{8})^2 = 2^2 = 4 \Rightarrow x = \frac{2}{3}$$

GENERAL INTELLIGENCE & REASONING

1. ഒരാൾ നേരെ കിഴക്കോട്ടു 6 മീറ്ററും അവിടെ നിന്നും ഇടത്തോട്ട് 4 മീറ്ററും വീണ്ടും വലത്തോട്ട് 2 മീറ്ററും സഞ്ചരിക്കുന്നു . ഇപ്പോൾ അയാൾ ഏത് ദിശയിലാണ് ?

A) കിഴക്ക് B) വടക്ക് C) തെക്ക് D) പടിഞ്ഞാറ്

Answer - A

Solution



ഈ ചിത്രത്തിൽ നിന്നും അയാളുടെ ദിശ ഇപ്പോൾ കിഴക്കു എന്ന് മനസിലാക്കാം .

2. KUMAR എന്നത് 64 ആയാൽ KUMARI എന്നത് ?

A) 65 B) 73 C) 69 D) 74

Answer - B

Solution

K= 11,U= 21,M=13,A=1,R=18,I = 9

KUMAR = 11+21+13+1+18 = 64

KUMARI = 11+21+13+1+18 = 64+9 = 73

3. B -യുടെ അമ്മ A-യുടെ അമ്മയുടെ മകൾ ആണെങ്കിൽ A എങ്ങനെ B-യോട് ബന്ധപ്പെട്ടിരിക്കുന്നു ?

A) അച്ഛൻ
B) സഹോദരൻ
C) അമ്മ വഴിയുള്ള അമ്മാവൻ
D) അച്ഛൻ വഴിയുള്ള അമ്മാവൻ

Answer - C

Solution

- B -യുടെ അമ്മ A-യുടെ അമ്മയുടെ മകൾ ആണ്.
- അപ്പോൾ A -യും B -യുടെ അമ്മയും സഹോദരങ്ങളാണ് .
- തന്നിരിക്കുന്ന ഒപ്റേൻസ് പ്രകാരം A , B -യുടെ അമ്മവഴിയുള്ള അമ്മാവൻ ആയിരിക്കും.

4. 2017 ജനുവരി 26 വ്യാഴാഴ്ച ആയാൽ 2018 ജനുവരി 26 ഏതു ദിവസം ആണ് ?

A) വ്യാഴം
B) വെള്ളി
C) ശനി
D) ബുധൻ

Answer - B

Solution

സാധാരണയായി വർഷങ്ങളുടെ കാര്യത്തിൽ തൊട്ടടുത്ത വർഷങ്ങളിലെ ഒരേ തീയതി വരുന്നത് ഏത് ദിവസമാണെന്ന് കണ്ടെത്താൻ തൊട്ടടുത്ത ദിവസം കണ്ടെത്തിയാൽ മതിയാകും.
എന്നാൽ അധിവർഷങ്ങൾ വന്നാൽ ഒരു ദിവസം കൂടി മുന്നോട്ട് പോകും.
2018 ഒരു അധിവർഷം അല്ല, അത് കൊണ്ട് തന്നെ
വ്യാഴം + 1 = വെള്ളി ആണ് ഉത്തരം.

5. കൃത്യം 8 .20 -നു ക്ലോക്കിലെ മണിക്കൂർ സൂചിക്കും മിനിറ്റ് സൂചിക്കും ഇടയിലുള്ള കോണളവ് എത്ര?

A) 130 °
B) 20 °
C) 240 °
D) 120°

Answer - A

Solution

ഇത്തരം ചോദ്യങ്ങൾ ചെയ്യാൻ നമുക്ക് ഒരു ഫോർമുല ഉപയോഗിക്കാം
(H - minute/5)30+ minute/2 ഇവിടെ H എന്നത് മണിക്കൂർ സൂചിയുടെ സ്ഥാനം ആണ്.
8.20 ആണ് ചോദ്യത്തിൽ തന്നിട്ടുള്ള സമയം
ഇവിടെ H=8, മിനിറ്റ് = 20

$(H - \frac{minute}{5})30 + \frac{minute}{2}$

$(8 - \frac{20}{5})30 + \frac{20}{2}$

$(8-4)30+10$

$120+10=130°$

6. ഒരു സമാന്തര ശ്രേണിയിൽ 3 -ആം പദം 120 ;7 -ആം പദം 144 എങ്കിൽ 5 -ആം പദം ?

A) 130 B) 132 C) 134 D) 124

Answer - B

Solution

3ആം പദം = $a+2d=120 \rightarrow (1)$

7 ആം പദം = $a+6d=144 \rightarrow (2)$

(2) - (1)

$4d=24$

$d=6$

$a+12=120$

$a=108$

5ആം പദം $=a+4d=108+24=132$

7. 1, 4, 9, 16 ..... എന്ന ശ്രേണിയിലെ അടുത്ത സംഖ്യ ?

A) 27 B) 25 C) 52 D) 24

Answer - B

Solution

വർഗ്ഗങ്ങൾ എഴുതി മുന്നോട്ടു പോകുന്ന ശ്രേണി.

1 ൻറെ വർഗ്ഗം 1 തന്നെ, 2 ൻറെ വർഗ്ഗം 4, 3 ൻറെ വർഗ്ഗം 9, 4 ൻറെ വർഗ്ഗം 16

•5 ൻറെ വർഗ്ഗമാണ് അടുത്ത സംഖ്യ 25.

8. – എന്നത് ഗുണനത്തെയും * എന്നത് സങ്കലനത്തെയും + എന്നത് ഹരണത്തെയും ÷ എന്നത് വ്യവകലനത്തെയും സൂചിപ്പിച്ചാൽ 14-10*4÷16+8= ?

A) 6 B) 134 C) 142 D) -2

Answer - C

Solution

– എന്നത് ഗുണനത്തെയും * എന്നത് സങ്കലനത്തെയും + എന്നത് ഹരണത്തെയും ÷ എന്നത് വ്യവകലനത്തെയും സൂചിപ്പിച്ചാൽ ഇവിടുത്തെ ക്രിയകൾ മാറും

14 ×10 + 4 - 16 ÷ 8 = 140 + 4 - 2 = 142

9. ഒരു പരീക്ഷയിൽ രാമുവിന്റെ റാങ്ക് മുന്നിൽ നിന്നും എട്ടാമതും പുറകിൽ നിന്നും പതിനാറാമതും ആയാൽ ആകെ കുട്ടികളുടെ എണ്ണം എത്ര?

A) 25 B) 24 C) 23 D) 22

Answer - C

Solution

ആകെ കുട്ടികളുടെ എണ്ണം = (8+16)-1

= 23

10. വിട്ടുപോയത് കണ്ടെത്തുക 36 :4 ::

A) 3 : 27 B) 9 : 1 C) 16: 4 D) 12 : 4

Answer - B

Solution

36 :4 ---> 36 = 4 x 9

9 : 1 ---> 9 = 1 x 9

11. ഒരു ക്ലോക്കിലെ സമയം 8:00 മണി കാണിച്ചിരിക്കുന്നു. മണിക്കുർ സൂചിയും മിനിറ്റ് സൂചിയും തമ്മിലുള്ള കോണളവെത്ര?

A) 150 °　　B) 100°　　C) 90°　　D) 120°

Answer - D

Solution

ക്ലോക്കിലെ സമയം 8:00 മണി
മണിക്കുർ സൂചിയും മിനിറ്റ് സൂചിയും തമ്മിലുള്ള കോണളവ്
= 30H- 11/2 × 0
= 30 x 8 - 11/2 × 0
= 240
= 360-240 = 120

12. അനു ഒരു വരിയിൽ മുൻപിൽ നിന്ന് 25 മതും പുറകിൽ നിന്ന് 25 മതും മായി നിൽക്കുന്നു എങ്കിൽ ആ വരിയിൽ എത്ര പേർ ഉണ്ട് ?

A) 50　　B) 48　　C) 51　　D) 49

Answer - D

Solution

മുൻപിൽ നിന്ന് അനുവടക്കം 25 പേർ
പുറകിൽ നിന്ന് അനു വരെ 24 പേർ
ആ വരിയിൽ എത്ര പേർ = 25 + 24 = 49

13. 2021 ആഗസ്റ്റ് 15 ഞായർ ആയാൽ ആ വർഷം ക്രിസ്തുമസ് ഏതു ദിവസമാകും ?

A) ശനി　　B) ഞായർ　　C) തിങ്കൾ　　D) ചൊവ്വ

Answer - A

Solution

ആഗസ്റ്റ് - 16 ദിവസം ബാക്കി
സെപ്റ്റംബർ - 30 ദിവസം, ഒക്ടോബർ - 31 ദിവസം
നവംബർ - 30 ദിവസം, ഡിസംബർ - 25 ദിവസം
ആകെ ദിവസങ്ങൾ = 16 + 30+ 31+ 30 + 25 = 132
ഒറ്റ ദിവസങ്ങൾ കണ്ടെത്താൻ 132 നെ 7 കൊണ്ട് ഹരിക്കുമ്പോൾ ശിഷ്ടം 6
ആഗസ്റ്റ് 15 ഞായർ
ക്രിസ്തുമസ് - ഞായർ + 6 = ശനി

14. 7 സംഖ്യകൾ സമാന്തരശ്രേണിയിൽ ക്രമീകരിച്ചിരിക്കുന്നു. മധ്യപദം 15 ആയാൽ - പദങ്ങളുടെ തുകയെത്ര ?

A) 105　　B) 49　　C) 100　　D) 75

Answer - A

Solution

മധ്യപദം സമാന്തരശ്രേണിയിലെ സംഖ്യകളുടെ ശരാശരി ആണ്.
ശരാശരി = 15

സംഖ്യകൾ = 7
പദങ്ങളുടെ തുക = ശരാശരി x സംഖ്യകൾ = 15 x 7 = 105

15. H, E, S മൂന്നക്കങ്ങളാണ് . HE * HE = SHE ആയാൽ S + H + E എത്ര ?
A) 12 B) 25 C) 625 D) 13

Answer - D
Solution
It is to be learned that only the square of 25 satisfy the given condition
S=6 ; H = 2 ; E= 5
HE * HE = SHE
25 x 25 = 625
S + H + E = 13

16. പേനയെ പെൻസിൽ എന്നും പെൻസിലിനെ ചോക്ക് എന്നും ചോക്കിനെ സ്ലേറ്റ് എന്നും സ്ലേറ്റ് നെ പേപ്പർ എന്നും എഴുതിയാൽ നിങ്ങൾ ഏറ്റവും കൂടുതൽ എഴുതാൻ ഉപയോഗിക്കുന്നത് ?
A) പേന B) പെൻസിൽ C) ചോക്ക് D) സ്ലേറ്റ്

Answer - B
Solution
- ഏറ്റവും കൂടുതൽ എഴുതാൻ ഉപയോഗിക്കുന്നത് = പേന
- ചോദ്യത്തിൽ പേനയെ പെൻസിൽ ആയിട്ട് എഴുതുന്നു . അതുകൊണ്ട്

ഉത്തരം = പെൻസിൽ .

17. 0, 7, 26, 63, 124, 215, ?
A) 305 B) 295 C) 342 D) 293

Answer - C
Solution
0 = 1^3 - 1
7 = 2^3 - 1
26 = 3^3- 1.....
ഉത്തരം = 7^3−1 = 343 - 1 = 342.

18. A, B, C, D, E, F എന്ന ഈ 6 പേർ പരസ്പരം അഭിമുഖമായി വട്ടത്തിൽ ഇരിക്കുന്നു .F എന്നയാൾ B യുടെ ഇടത്ത് നിന്ന് മൂന്നാമതാണ് . A എന്നയാൾ C യുടെ ഇടത്ത് നിന്ന് നാലാമതാണ്. D എന്നയാൾ C ക്കും F നും ഇടയിലാണ്. E എന്നയാൾ A ക്കും F നും ഇടയിലാണ്.എങ്കിൽ E യുടെ എതിർവശം ഇരിക്കുന്നതാര് ?

A) A B) B C) C D) E

Answer - C

Solution



E യുടെ എതിർവശം ഇരിക്കുന്നത് = C

19. ഒരു പ്രത്യേകതരം കോഡ് ഉപയോഗിച്ച് POLICE എന്നതിനെ 763935 എന്നെഴുതുന്നു. എന്നാൽ ഇതേ കോഡ് ഉപയോഗിച്ച് CAT, DOG ഇവയെ എഴുതിയിരിക്കുന്നു

1.CAT 321

2.DOG 467

താഴെ തന്നിരിക്കുന്നവയിൽ ശരി ഏത് ?

A) 1 ഉം 2 ഉം ശരിയാണ്

B) 1 ശരിയും 2 തെറ്റുമാണ്

C) 1 ഉം 2 ഉം തെറ്റാണ്

D) 1 തെറ്റും 2 ശരിയുമാണ്

Answer - D

Solution

അക്ഷരമാല ക്രമത്തിൽ

P→16, O→15, L→12, I→9, C→3, E→5.

POLICE → 1+6,1+5,1+2,9,3,5→ 763935

CAT→3,1,20 →3,1,2+0 → 312

DOG→4,15,7→4,1+5,7→467

1 തെറ്റും 2 ശരിയുമാണ്

20. 5 പേരെ ഒരു വൃത്തത്തിന് ചുറ്റും വിവിധ രീതിയിൽ ക്രമീകരിക്കുന്നു. ഇങ്ങനെ എത്ര വിധത്തിൽ ക്രമീകരിക്കാം ?

A) 25 B) 24 C) 10 D) 20

Answer - B

Solution

n പേരെ ഒരു വൃത്തത്തിന് ചുറ്റും ((n-1))! രീതിയിൽ ക്രമീകരിക്കാം.5 പേരെ (5-1)! = 4! = 4×3×2×1= 24 രീതിയിൽ ക്രമീകരിക്കാം.

21. ഒരാൾ സർക്കാർ സർവീസിൽ നിന്ന് 31/03/2021 ൽ വിരമിച്ചു . അയാളുടെ സർവീസ് 25/09/2000 ൽ ആരംഭിച്ചു എങ്കിൽ ആകെ സർവീസ് എത്ര വർഷം എത്ര മാസം എത്ര ദിവസം ആയിരിക്കും?

A) 20 വർഷം 6 മാസം 6 ദിവസം
B) 20 വർഷം 5 മാസം 7 ദിവസം
C) 20 വർഷം 5 മാസം 6 ദിവസം
D) 20 വർഷം 6 മാസം 7 ദിവസം

Answer - A

Solution

20 വർഷം 6 മാസം 6 ദിവസം
2000 തൊട്ട് 2021 വരെ 20 വർഷം
2000ത്തിലെ 3 മാസവും 2021ലെ 3 മാസവും കൂടെ ചേരുമ്പോൾ 6 മാസം .

22. ശങ്കുവിന്റെ വീട്ടിൽ കുറച്ചുപേരുണ്ട്. അവരുടെ എണ്ണത്തിന്റെ വർഗ്ഗത്തിൽ നിന്ന് 63 കുറച്ച് കിട്ടുന്ന സംഖ്യയുടെ വർഗ്ഗമൂലം കണ്ടാൽ സ്ത്രീകളുടെ എണ്ണം കിട്ടും. അത് 9 ആണ്. എന്നാൽ ആകെ ആൾക്കാരുടെ എണ്ണവും പുരുഷന്മാരുടെ എണ്ണവും എത്ര ആയിരിക്കും ?

A) 11, 2 B) 10, 1 C) 13, 4 D) 12, 3

Answer - D

Solution

ആകെ ആളുകൾ x ആയാൽ

$\sqrt{x^2 - 63} = 9$

$x^2 - 63 = 81$

$x^2 = 81 + 63 = 144$

$x = \sqrt{144} = 12$

ആകെ ആളുകൾ = 12
പുരുഷന്മാർ = 12 - 9 = 3
ഉത്തരം : 12, 3

23. 10, 11, 16, 15, 22, 20, 28, 23, 24 എന്ന ശ്രേണിയിലെ തെറ്റായ പദം ഏത്?

A) 20 B) 15 C) 23 D) 11

Answer - A

Solution

രണ്ടു ശ്രേണികൾ ചേരുന്നതാണ് തന്നിട്ടുള്ള സംഖ്യാശ്രേണി.
ശ്രേണി 1 - 10, 16, 22, 28,....
ശ്രേണി 2 - 11, 15, 20, 23 ...

- ശ്രേണി 2 11 +4 = 15; 15+4= 19; 19+4 = 23
- തെറ്റായ പദം = 20

24. ഒരു ക്ലോക്കിലെ സമയം 8 മണി 10 മിനിറ്റ് എങ്കിൽ മിനിറ്റ് സൂചിക്കും മണിക്കൂർ സൂചിക്കും ഇടയിലുള്ള കോണളവ് എത്ര?

A) 175 ° B) 180° C) 178° D) 185°

Answer - A

Solution

ഒരു ക്ലോക്കിലെ മിനിറ്റ് മണിക്കൂർ സൂചികൾക്കിടയിലെ കോണളവ് = H × 30 - M × 5.5
ഇവിടെ H എന്നത് മണിക്കൂറുകളെയും M മിനിറ്റുകളെയും സൂചിപ്പിക്കുന്നു
അതിനാൽ H = 8, M = 10
ആയതിനാൽ,
= 8 × 30−10 × 5.5
= 240- 55 = 185 ഡിഗ്രി
കോണളവ് 180° ൽ കൂടുതൽ ആയതിനാൽ 360 - 185 = 175°

•ഉത്തരം = 175°

25. ÷ എന്നാൽ - ഉം, + എന്നാൽ ÷ ഉം, × എന്നാൽ + ഉം, - എന്നാൽ × ഉം ആണെങ്കിൽ 15 + 3÷ 7×3 - 4 എത്ര ?

A) 24 B) -4 C) 12 D) 10

Answer - D

Solution

•15 + 3÷ 7×3 - 4 = 15 ÷3-7+3×4 5 -7+12 = -2+12 = 10

26. ഒരു ക്ലോക്കിലെ സമയം 1 മണി 10 മിനിറ്റ് കാണിക്കുന്നു എങ്കിൽ അതിന്റെ പ്രതിബിംബത്തിലെ സമയം എത്രയായിരിക്കും ?

A) 10 മണി 50 മിനിറ്റ്
B) 10 മണി 40 മിനിറ്റ്
C) 11 മണി 05 മിനിറ്റ്
D) 12 മണി 05 മിനിറ്റ്

Answer - A

Solution

11:60 - 1:10 = 10 :50

27. 'ഫ്രെയിമിനു ' ചിത്രം 'എങ്ങനെയോ അങ്ങനെയാണ് :

A) മേശയ്ക്കു നിലം
B) കപ്പിന് സോസർ
C) പുറംചട്ടയ്ക്ക് പുസ്തകം
D) ഇതൊന്നുമല്ല

Answer - C

Solution

ഒരു ഫ്രെയിം ഒരു ചിത്രത്തെ പൊതിഞ്ഞു സംരക്ഷിക്കുന്നത് പോലെ , ഒരു പുറംചട്ട പുസ്തകത്തെ പൊതിഞ്ഞു സംരക്ഷിക്കുന്നു.

THANK YOU

GET IT ON
Google Play